
വാല്യം – 7
ലക്കം – 2/3

# ക്ഷാത്രസ്പന്ദനം

ക്ഷത്രിയ ക്ഷേമസഭയുടെ ത്രൈമാസ വാർത്താപത്രിക
ഏപ്രിൽ– ജൂലൈ 2021
1196 മേടം–കർക്കിടകം



' കർമ്മയോഗി '

# വിവാഹ മംഗളാശംസകൾ



തിരുവനന്തപുരം കരുമം 'അംബ'യിൽ ജയാ വർമ്മയുടെയും (തുണ്ടത്തിൽ കോയിക്കൽ, പന്തളം കൊട്ടാരം) ഡോ. മനോജ് രാമവർമ്മയുടെയും (പാലിയേക്കര കൊട്ടാരം, തിരുവല്ല) മകൾ **അപർണ്ണയും** എറണാകുളം കിഴില്ലം 'നാരായണീയ'ത്തിൽ സുനിതയുടെയും ശിവരാജിന്റെയും മകൻ **രാഹുലും** തമ്മിലുള്ള വിവാഹം 25 ജനുവരി 2021 ന് എറണാകുളം വിനായക കല്യാണമണ്ഡപത്തിൽ വച്ച് സമംഗളം നടന്നു.









Kshatraspandanam
Quarterly News Magazine of
Kshatriya Kshema Sabha
April - July 2021
M.E.1196 Medam - Karkkidakam
Volume 7 Issue 2/3

ക്ഷാത്രസ്പന്ദനം
ക്ഷത്രിയ ക്ഷേമസഭയുടെ
ത്രൈമാസ വാർത്താപത്രിക
ഏപ്രിൽ – ജൂലൈ 2021
1196 മേടം– കർക്കിടകം
വാല്യം 7 ലക്കം 2/3

**ക്ഷതാൽ ത്രായതേ ഇതി ക്ഷത്രിയഃ**
**(നാശത്തിൽ നിന്ന് രക്ഷിക്കുന്നവൻ ക്ഷത്രിയൻ)**

# വിഷയവിവരം

**REACT** 4
**പത്രാധിപക്കുറിപ്പ്** 5
**പ്രസിഡന്റിന്റെ കത്ത്** 7
**കേന്ദ്രസഭാ വാർത്തകൾ** 9
**A. RAMA VARMA VAIDYAN KOIL THAMPURAN** 10
Brig. R.R.V.Nandakumara Varma (Retd)
**സുകൃത ജന്മം** 13
രാജേശ്വരി വർമ്മ/ഹരികുമാർ വർമ്മ
**പ്രിയ സഹോദരി വിട** 17
ടി.എം. ശ്രീകുമാർ
**മരണമില്ലാത്ത വീഥികളിലൂടെ** 18
ആർ. രാമവർമ്മ
**ചിത്രശലഭങ്ങളും എന്റെ പാട്ടു പഠിത്തവും** 20
സി.കെ. രവീന്ദ്രവർമ്മ വലിയ രാജ
**ശ്രീ നാരായണഗുരുവിന്റെ ബ്രഹ്മവിദ്യാപഞ്ചകം** 21
കെ.സി. രാമവർമ്മ രാജ
**നേതാജി സുഭാഷ് ചന്ദ്രബോസ്** 22
കെ.എൽ. ശ്രീകൃഷ്ണദാസ്
**ക്ഷത്രിയർ – അന്നും ഇന്നും** 23
ഗായത്രി വർമ്മ
**സപ്തപദി** 25
താരാശങ്കർ ബന്ദ്യോപാധ്യായ (വിവ. കെ. സി.എം. രാജ)
**വിദ്യാധനം സർവ്വധനാത് പ്രധാനം** 28
ചന്ദ്രാവലി തമ്പുരാൻ
**ചിത്രം** 29
ആദിത്യ വർമ്മ ടി.എൻ
**Democracy Vs. Autocracy and Bureaucracy** 30
E. Ramavarma Raja
**കോയിയ്ക്കലിൽ നിന്നുമൊരു ക്രോസ്ബെൽറ്റുകാരൻ** 31
റ്റി.ആർ. രാമവർമ്മ രാജ
**ശ്രീ പൂർണ്ണത്രയീശൻ** 32
സുധീർ ചെറുതാഴം
**ഡോ. ആർ. കൃഷ്ണപ്രസാദ്** 33
മാവേലിക്കര രഘുനാഥ വർമ്മ
**സരസ്വതീവാരിയം** 35
രാമവർമ്മ തിരുമുല്പ്പാട്
**ഉപ്പോളം സ്നേഹം** 36
ദേവനന്ദൻ (ധനഞ്ജയ വർമ്മ)
**ഗണപതി പ്രാതലിന്റെ സന്ദേശം** 38
കെ. ഗോദവർമ്മ, കുറ്റിലഞ്ഞി
**പ്രായശ്ചിത്തം** 42
യു. അപർണ മുള്ളത്ത്
**ത്രിശങ്കു സ്വർഗം** 48
രാധാമണി തമ്പുരാട്ടി
**ഞങ്ങളുടെ മണിയൻ** 50
രമേശ് ചന്ദ്രവർമ്മ
**എന്റെ ഹൈദരാബാദ് യാത്ര** 52
ഗൗരി വർമ്മ ആർ
**യുദ്ധാനന്തരം** 54
ശരണ്യ
**രണ്ടുപദേശങ്ങൾ** 54
കെ. മോഹൻദാസ് വാഴുന്നവർ
**നയിക്കട്ടെ ദേശാഭിമാനം** 55
പ്രൊഫ. രാമചന്ദ്രവർമ്മ
**പരപ്പൂർ സ്വരൂപം** 58
മാവേലിക്കര ആർ. ശശിധര വർമ്മ
**ഉജ്ജയിനി** 61
കെ. ഹരികൃഷ്ണവർമ്മ
**നെപ്പോളിയന്റെ നാട്ടിൽ – 3** 64
ശ്രീപ്രസാദ്
**ശാന്തി മന്ത്രം** 66
അംബിക വർമ്മ
**കുട്ടിക്കവിതകൾ** 67
കുട്ടി അനുജൻ രാജ, ചെർപ്പുളശ്ശേരി
**പുസ്തകജാലകം** 68
റിവ്യൂവേഴ്സ്: പി.കെ. രഘുവർമ്മ, സൂര്യകുമാർ വർമ്മ
യദു മേക്കാട്
**ബാലവേദി/വളരുന്ന പ്രതിഭകൾ** 71
മാളവിക, തന്വി, മീനാക്ഷി, സഞ്ജന, ശ്രീഭദ്ര
**യൂണിറ്റ് വാർത്തകൾ – വിശേഷങ്ങൾ** 75
**വൈവാഹികം** 86

**മുഖചിത്രം: രാമവർമ്മ വൈദ്യൻ കോയിത്തമ്പുരാൻ**

*മുഖ്യ പത്രാധിപർ:* ഡോ. എം. ലളിതാംബിക
*എഡിറ്റോറിയൽ അഡ്വൈസർമാർ :* കെ.എൽ. ശ്രീകൃഷ്ണദാസ്, പി.ജി. ശശികുമാർ വർമ്മ
അസ്സോസിയേറ്റ് എഡിറ്റർ: അജയകുമാർ വർമ്മ. എസ്
*പത്രാധിപസമിതി:* റ്റി. എൻ. ആദിത്യവർമ്മ, ആർ. രാമവർമ്മ
പി.കെ. ജയചന്ദ്രവർമ്മ, കെ. രാഘവവർമ്മ
*എക്സ്. ഒഫിഷ്യോ അംഗങ്ങൾ :* പ്രസിഡന്റ്/ജനറൽ സെക്രട്ടറി/ട്രഷറർ: *ക്ഷത്രിയക്ഷേമസഭ*

ഇതിൽവരുന്ന വാർത്തകൾ ക്ഷത്രിയക്ഷേമസഭയുടേതോ ക്ഷാത്രസ്പന്ദനം പത്രാധിപസമിതിയുടെയോ ആയിക്കൊള്ളണമെന്നില്ല. - ചീഫ് എഡിറ്റർ

# റോയൽ എഡ്യൂക്കേഷണൽ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റ് (REACT)

2008ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ച 'റിയാക്ട്' ഇന്നും നല്ല രീതിയിൽ തന്നെ പ്രവർത്തനം കാഴ്ച വയ്ക്കുന്നു എന്നു പറയുവാൻ സന്തോഷമുണ്ട്. ക്ഷതത്തിൽ നിന്ന് ത്രാണനം ചെയ്യുന്നവരാണല്ലോ ക്ഷത്രിയർ. അതുകൊണ്ടുതന്നെ ക്ഷത്രിയരിൽ സന്മനസ്സുള്ളവരുടെ എണ്ണവും കുറവല്ല. അങ്ങനെയുള്ളവരുടെ സഹായം കൊണ്ടാണ് റിയാക്ട് കാലിടറി വീഴാതെ മുമ്പോട്ട് പോകുന്നത്. സ്വന്തം ഗൃഹത്തിൽ സന്തോഷമുള്ള കാര്യങ്ങൾ നടക്കുമ്പോൾ ഒരു നിമിഷം 'റിയാക്ടി' നെപ്പറ്റിയും ആലോചിയ്ക്കുക. ചെറിയ സംഭാവനകളിലൂടെ അതിനെ ശക്തിപ്പെടുത്തുക.

2021 ജനുവരി മുതൽ ജൂൺ വരെ റിയാക്ടിനു ലഭിച്ച സംഭാവനകളുടെ വിശദവിവരം താഴെ ചേർക്കുന്നു.

| സംഭാവന തന്നവരുടെ പേര് | ₹ |
|---|---|
| പി.ഇ.എസ്. യൂണിവേഴ്സിറ്റി, ബാംഗ്ലൂർ | 5,00,000 |
| സിന്തറ്റിക് ഇൻഡസ്ട്രീസ് ലിമിറ്റഡ്, കൊച്ചി | 5,00,000 |
| ഒരു അഭ്യുദയകാംക്ഷി | 1,50,000 |
| ഇൻഡ്യൻ അസ്സോസിയേഷൻ, ജനീവ | 1,20,000 |
| ഗൗതം രാജരാജ വർമ്മ, തിരുവനന്തപുരം | 1,00,000 |
| മറ്റൊരു അഭ്യുദയകാംക്ഷി | 1,00,000 |
| കരൂർ വൈശ്യ ബാങ്ക്, കരൂർ | 50,000 |
| ആർ. ശശികുമാർ വർമ്മ, തിരുവനന്തപുരം | 50,000 |
| ഗോകുൽ, ജനീവ | 30,000 |
| മിനി വി & രവി വർമ്മ തമ്പുരാൻ വി.കെ. | 15,000 |
| അഭ്യുദയകാംക്ഷികൾ | 13,000 |
| വൃന്ദ വർമ്മ പി.ബി. തിരുവനന്തപുരം | 11,000 |
| ശോഭ വർമ്മ, എറണാകുളം | 10,000 |
| ഹരി വർമ്മ, തൃശ്ശൂർ | 10,000 |
| സുമ വർമ്മ, തിരുവനന്തപുരം | 10,000 |
| കുഞ്ഞി മാധവൻ | 10,000 |
| എം. അരവിന്ദ വർമ്മ, കോട്ടയം | 10,000 |
| അനുജ വർമ്മ എ.ആർ. , പൂഞ്ഞാർ | 10,000 |
| പ്രമോദ് കെ, ഇരിങ്ങാലക്കുട | 10,000 |
| കേരള വർമ്മ & ഫാമിലി, ചെന്നിത്തല | 10,000 |
| ക്ഷത്രിയക്ഷേമ സഭ, തിരുവല്ല | 10,000 |
| പി.കെ. ജയകുമാര വർമ്മ, തിരുവല്ല | 10,000 |
| സി.കെ. കൃഷ്ണദാസൻ, തിരുവനന്തപുരം | 6,000 |
| കെ. രാമവർമ്മ രാജ, മാവേലിക്കര | 5,343 |
| സുരേന്ദ്രവർമ്മ, തൃപ്പൂണിത്തുറ | 5,001 |
| രഘു ടി.കെ. വർമ്മ | 5,001 |
| ഉദയവർമ്മ, മാവേലിക്കര | 5,000 |
| മുരളി ഗോപാൽ പണ്ടാല | 5,000 |
| എ.കെ. ഉദയവർമ്മ, മാവേലിക്കര | 5,000 |
| രവീന്ദ്രവർമ്മ രാജ, മാവേലിക്കര | 5,000 |
| ശ്രീനാഥ് എം.കെ. പിലാത്തറ | 5,000 |
| ചന്ദ്രാവലി തമ്പുരാൻ, തിരുവനന്തപുരം | 5,000 |
| എം. നന്ദകുമാർ, ഇരിങ്ങാലക്കുട | 5,000 |
| ജയകുമാര വർമ്മ പി.കെ, തിരുവല്ല | 5,000 |
| സൂര്യകുമാർ, തിരുവല്ല | 3,000 |
| പി.എൻ. മനോരമ, ചെന്നൈ | 3,000 |
| രാധാമണി തമ്പുരാട്ടി, കൊച്ചി | 3,000 |
| എ.സി. ഗോദവർമ്മ, തിരുവനന്തപുരം | 2,500 |
| കെ. നാരായണൻ പണ്ടാല, മാവേലിക്കര | 2,000 |
| പ്രേംകുമാർ | 2,000 |
| ശ്രീദേവി എം, ഇരിങ്ങാലക്കുട | 2,000 |
| ഗാഥ വർമ്മ, എറണാകുളം | 2,000 |
| ജയശീല വർമ്മ, തിരുവല്ല | 1,001 |
| ജയകുമാർ എം.കെ. തിരുവനന്തപുരം | 1,000 |
| പ്രതാപവർമ്മ, ഇരിങ്ങാലക്കുട | 1,000 |
| മാർത്താണ്ഡവർമ്മ | 1,000 |
| കെ. ജയൻ തമ്പാൻ, ഇരിങ്ങാലക്കുട | 500 |
| നിധീഷ് | 500 |

**എല്ലാവർക്കും REACT ന്റെ നന്ദി രേഖപ്പെടുത്തുന്നു. ചികിത്സാചിലവിനും വിദ്യാഭ്യാസചിലവിനും വേണ്ടിയാണ് പ്രധാനമായും REACT ന്റെ സഹായം എത്തിക്കുന്നത്. വീടിന്റെ പുനരുദ്ധാരണവും REACT ന്റെ പരിധിയിൽപെടുന്നുണ്ട്. കോട്ടയം പാമ്പാടിയിലുള്ള ഒരു ക്ഷത്രിയ കുടുംബത്തിന്റെ വീട് പുതുക്കി കൊടുത്തത് നേരത്തെ റിപ്പോർട്ട് ചെയ്തിരുന്നല്ലോ.**

**പണം അടയ്ക്കേണ്ട അക്കൗണ്ട് വിവരങ്ങൾ**

A/c No: 40052210014950
IFS Code CNRB 0014005 Canara Bank,
Fort Branch, Thiruvananthapuram - 695023

ഇതുവരെ റിയാക്ടിൽ നിന്ന് സഹായം എത്തിക്കാൻ കഴിഞ്ഞവരുടെ എണ്ണം 537. തുടക്കം മുതൽ ആകെ കൊടുക്കാൻ കഴിഞ്ഞ തുക രൂ **8037500/-**

(എൺപതു ലക്ഷത്തി മുപ്പത്തേഴായിരത്തി അഞ്ഞൂറു രൂപ)

## അറിയിപ്പ്

**Those who wish to donate to REACT may please send the following details also.**

**Name in Full, Full address, PAN or Aadhaar No.**

**This is required as per amendment to Income Tax Act, 1961 with effect from 01.04.2021.**

*(റിയാക്ട് സഹായത്തിന്റെ ചിത്രങ്ങൾക്ക് പേജ് 15 കാണുക)*



## പത്രാധിപക്കുറിപ്പ്



# കർഷകസമരം ഇനി എങ്ങോട്ട് ?

2020–ൽ പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിൽ കേന്ദ്രസർക്കാർ പാസ്സാക്കിയ 3 കാർഷിക നിയമങ്ങൾക്കെതിരെയാണ് കർഷകസമൂഹം സമരരംഗത്തിറങ്ങിയത്. ഈ നിയമങ്ങൾ ഏതൊക്കെയെന്നു നോക്കാം.

- കാർഷിക ഉല്പന്നങ്ങളുടെ വ്യാപാരവും വാണിജ്യവും. അതായത് ഇവയെ പ്രോത്സാഹിപ്പിക്കുകയും ഇവയ്ക്കു കൂടുതൽ സൗകര്യമൊരുക്കുകയും ചെയ്യുക.
- കാർഷിക ഉല്പന്നങ്ങളുടെ വിലയുറപ്പും, കാർഷിക സേവനങ്ങളും സംബന്ധിച്ച് കർഷകരുമായുള്ള കരാർ. ഇതിൽ കർഷകരെ ശാക്തീകരിക്കുക, സംരക്ഷിക്കുക എന്നീ ഘടകങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.
- മൂന്നാമത് അവശ്യ സാധനഭേദഗതി നിയമം. കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവയ്ക്കെതിരെയുള്ള നിയമമാണിത്.

ഈ മൂന്നു നിയമങ്ങളും കർഷകർക്ക് വളരെ പ്രയോജനം ചെയ്യുന്നതും അവരുടെ നില മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ളതുമാണല്ലോ.

എന്നിട്ടും എന്തിന് കർഷകർ ബില്ലിനെ എതിർക്കുന്നു? കർഷകരുടെ ഭാഗത്തുനിന്ന് നമുക്കിതിനെ നോക്കിക്കാണാൻ ശ്രമിയ്ക്കാം.

പുതിയ ബില്ലനുസരിച്ച് കർഷകരുടെ ഉല്പന്നം എവിടെ വേണമെങ്കിലും വിറ്റഴിയ്ക്കാം. സാധാരണ വിറ്റുകൊണ്ടിരിക്കുന്ന മണ്ഡി (ചന്ത) കളിൽ കൂടി മാത്രം വേണമെന്നില്ല. ഇതോടെ പരമ്പരാഗത മണ്ഡികൾ ഒഴിവാക്കപ്പെടുമെന്നുള്ള ഭീതി കർഷകർക്കുണ്ട്. ഈ മാറ്റം വരുത്തൽ വൻകിട കമ്പനികൾക്ക് റീട്ടെയിൽ ശൃംഖല തുടങ്ങാനാണെന്നാണ് കർഷകർ ചിന്തിക്കുന്നത്. കൂടാതെ പഴയ നിയമപ്രകാരം Agricultural Produce Market Committee അഥവാ എ.പി.എം.സി. യിൽ നിന്ന് ലൈസൻസ് വാങ്ങുന്നവർ മാത്രമാണ് വ്യാപാരികൾ. പക്ഷെ പുതിയ വ്യവസ്ഥയനുസരിച്ച് ഉൽപാദകർ, കയറ്റുമതിക്കാർ, മില്ലുടമകൾ, ചെറുകിട വ്യാപാരികൾ തുടങ്ങിയവരെല്ലാം വ്യാപാരി എന്ന നിർവചനത്തിൽ വരുന്നു. നേരത്തെ ലൈസൻസിയ്ക്കും കർഷകനുമിടയിൽ ഏജന്റുമാർ ഉണ്ടായിരുന്നു. പുതിയ നിയമമനുസരിച്ച് ഇടനിലക്കാരില്ല. ഈ ഇടനിലക്കാരാണ് കർഷകർക്ക് കൃഷിയിറക്കാനും മറ്റുമുള്ള കൈവായ്പയും കൊടുത്തിരുന്നത്. ഏജന്റുമാർ ഇല്ലാതായാൽ കൈവായ്പയും നിലയ്ക്കും. കർഷകർക്ക് ബാങ്കു വായ്പയെടുക്കാൻ കാലതാമസം ഉണ്ടാകും. ചിലപ്പോൾ കിട്ടിയെന്നും വരില്ല. ഈ അവസ്ഥ കർഷകരെ ഭയപ്പെടുത്തുന്നു.

എ.പി.എം.സി. നിയമപ്രകാരം വ്യാപാരികൾ 'മാർക്കറ്റ് ഫീസ്' കൊടുക്കണം. ഇതുംകൂടി കണക്കിലെടുത്താണ് മണ്ഡിയിൽ വില്ക്കുന്ന സാധനങ്ങളുടെ വില നിശ്ചയിക്കുന്നത്. പുതിയ നിയമത്തിൽ മാർക്കറ്റ് ഫീസ് ഒഴിവാക്കി. ഇതു സാധനങ്ങളുടെ വില കുറയ്ക്കാനും വൻകിട കമ്പനികളെ സഹായിക്കാനുമാണെന്ന് കർഷകർ കരുതുന്നു.

ഇതൊന്നും കൂടാതെ ഇപ്പോഴുള്ള താങ്ങുവില സമ്പ്രദായം (Minimum Support Price (MSP) നിന്നു പോകുമെന്നും കർഷകർ ആശങ്കപ്പെടുന്നു.

ഏതാണ്ട് പത്തോളം ഒത്തുതീർപ്പു ചർച്ചകൾ ഇതിനോടകം നടന്നുകഴിഞ്ഞു. താങ്ങുവിലയും വിള ഇൻഷ്വറൻസും മറ്റും ഒരു മാറ്റവുമില്ലാതെ തുടരുമെന്നു കേന്ദ്രം ആവർത്തിയ്ക്കുമ്പോഴും ഗവൺമെന്റ് നേരിട്ടു സാധനങ്ങൾ വാങ്ങുന്നതിനുപകരം പ്രൈവറ്റ് ട്രെയ്ഡേഴ്സ് നേരിട്ടു വാങ്ങുമ്പോൾ കാലക്രമേണ താങ്ങുവില ഇല്ലാതാകാനിടയുണ്ടെന്നു കർഷകർ ചിന്തിക്കുന്നു. അതായത് ഗവൺമെന്റ് പറയുന്നത് അതുപടി കർഷകർ വിശ്വസിക്കുന്നില്ല. ഫലമോ?

ഗവൺമെന്റ് പാസ്സാക്കിയ നിയമങ്ങൾ പിൻവലിയ്ക്കാതെ ചർച്ചയ്ക്കില്ലെന്നു കർഷകരും സമരം നിർത്തിയാൽ ചർച്ച ചെയ്ത് കർഷകരുടെ എല്ലാ സംശയങ്ങളും ദൂരീകരിക്കാമെന്ന് കേന്ദ്രവും മുറുകെ പിടിക്കുന്നു. ആരു വേണം വീട്ടുവീഴ്ച ചെയ്യാൻ? കർഷകരോ? ഗവൺമെന്റോ? കർഷകർക്ക് അതിജീവനത്തിന്റെ പ്രശ്നം, സർക്കാരിന് അഭിമാനത്തിന്റെ പ്രശ്നം.

ഒരു സർക്കാരും സ്വന്തം ജനതയെ ദോഷകരമായി ബാധിക്കുന്ന ഒരു നിയമവും അടിച്ചേല്പിക്കുകയില്ല. പ്രത്യേകിച്ച് അന്നദാതാക്കളായ കർഷകർക്കെതിരെ. പക്ഷേ കർഷകർക്ക് വിശ്വാസം വരുന്നില്ല. പിന്നെ എന്താണ് പോംവഴി. പരീക്ഷണാർത്ഥം തത്ക്കാലം ഒന്നോ രണ്ടോ സംസ്ഥാനങ്ങളിൽ ഈ നിയമങ്ങൾ പ്രാബല്യത്തിലാക്കി അതിന്റെ കുറ്റവും കുറവും പരിശോധിച്ചിട്ട് വ്യാപകമാക്കാൻ ശ്രമിച്ചാൽ തത്ക്കാലത്തേക്ക് ആശ്വാസമാകുമായിരുന്നു. ഇതു വെറും യൂട്ടോപ്പിയൻ ആശയമാകാം. അപ്പോൾ സാധാരണക്കാർ എന്തു ചെയ്യും. സമരം എങ്ങനെ അവസാനിക്കുമെന്നു കാണാൻ ക്ഷമയോടെ കാത്തിരിക്കാം. ●

# ഓർമ്മകൾക്ക് അര നൂറ്റാണ്ട്



**കേ**രള കായികരംഗത്തിന്റെ കുലപതിയും കേരള സ്പോർട്സ് കൗൺസിലിന്റെ സ്ഥാപകപ്രഡിഡന്റും വിവിധതുറകളിൽ തന്റെ ദീർഘദർശനത്തോടെയുള്ള നൈപുണ്യം തെളിയിച്ച ഭരണാധിപനും ആയിരുന്ന കേണൽ ജി. വി. രാജാ ഹിമാചൽപ്രദേശിലെ കുളു താഴ്‌വരയിലുണ്ടായ വിമാനാപകടത്തിൽ മരണമടഞ്ഞിട്ട് ഏപ്രിൽ 30ന് 50 വർഷം തികഞ്ഞു.

പുതുശ്ശേരി മനയ്ക്കൽ നാരായണൻ നമ്പൂതിരിയുടെയും പൂഞ്ഞാർ കാഞ്ഞിരമറ്റം കൊട്ടാരത്തിൽ കാർത്തികനാൾ അംബ തമ്പുരാട്ടിയുടെയും ദ്വിതീയ പുത്രനായി 1908 ഒക്ടോബർ 13 ന് ഭൂജാതനായി. മദിരാശിയിൽ എം ബി ബി എസ്സ് പഠനം മുഴുമിപ്പിക്കാതെ ഒരു നിയോഗം പോലെ ശ്രീചിത്തിരതിരുനാൾ മഹാരാജാവിന്റ സഹോദരി കാർത്തികതിരുനാൾ ലക്ഷ്മി ബായി തമ്പുരാട്ടിയെ പള്ളിക്കെട്ടു കഴിച്ചതിനെ തുടർന്ന് ഭാരതത്തിന്റെ, വിശിഷ്യാ കേരളത്തിന്റെ കായിക , ടൂറിസം രംഗത്തെ ഒരു പുതിയ യുഗത്തിലേക്കു നയിക്കുവാനുള്ള യത്നത്തിന് ചുക്കാൻ പിടിക്കുവാൻ സാധിച്ചു. ഒരു പക്ഷെ കുറേക്കാലം കൂടി ജീവിച്ചിരുന്നെങ്കിൽ ലോകത്തിന്റെ വിനോദ സഞ്ചാര-വ്യോമയാന ഭൂപടത്തിൽ കേരളത്തിന് വളരെ ഉയർന്ന ഒരു സ്ഥാനം ലഭിക്കുമായിരുന്നു എന്ന് നിസ്സംശയം പറയുവാൻ സാധിക്കും. യുഗപ്രഭാവന്റെ ദീപ്തസ്മരണയ്ക്ക് മുന്നിൽ ക്ഷത്രിയ ക്ഷേമസഭയുടെ പ്രണാമം



പ്രസിഡന്റിന്റെ കത്ത്

# ജീവിതം പ്രതീക്ഷയാൽ നിറയ്ക്കുക

**പി.കെ.രഘുവർമ്മ**



നമ്മുടെ ജീവിതങ്ങളെ പ്രതീക്ഷ, ആത്മവിശ്വാസം, കർമ്മകുശലത എന്നിവകൊണ്ട് നിറയ്ക്കുന്നതെങ്ങനെ? കേരളത്തിൽ ജീവിക്കുന്ന ഒരു സാധാരണ ക്ഷത്രിയൻ എന്ന നിലയിലും ഇപ്പോൾ സഭയുടെ പ്രസിഡന്റ് എന്ന നിലയിലും എപ്പോഴും ആലോചിക്കാറുള്ള സംഗതിയാണിത്. സംസാരമദ്ധ്യേ പലരും പറയാറുണ്ട്, നമ്മൾ ഒരു പ്രസക്തിയുമില്ലാത്ത ന്യൂനപക്ഷമാണ്; നമ്മൾ വിചാരിച്ചാൽ ഒന്നും നടക്കില്ല എന്നൊക്കെ. ക്ഷത്രിയർ കാലഹരണപ്പെട്ടതുകൊണ്ട് നമുക്കിപ്പോൾ സാമൂഹിക പ്രസക്തിയില്ലെന്നു ചിന്തിക്കുന്നവരുമുണ്ട്.

ഈ രണ്ടു ധാരണകളും തിരുത്തേണ്ട സമയമായെന്നാണ് എനിക്കു തോന്നുന്നത്. വിശ്വകർമ്മ സഭയെപ്പോലെ ന്യൂനപക്ഷങ്ങളിൽ ന്യൂനപക്ഷം എന്നു വിശേഷിപ്പിക്കാവുന്ന സമുദായങ്ങളുടെ പോലും ശബ്ദം ഇന്നു സർക്കാരും മറ്റ് അധികാരികളും ശ്രദ്ധിക്കുന്നുണ്ടെങ്കിൽ അതിനു കാരണം അവരുടെ സംഘടിതശക്തിതന്നെ. അവർക്കിടയിൽ അഭിപ്രായവ്യത്യാസങ്ങളുണ്ടാകാം. പക്ഷേ, സംഘടനയുടെ കീഴിൽ അവർ ഒറ്റക്കെട്ടാണ്. തങ്ങൾ ഒറ്റക്കെട്ടാണെന്ന് പൊതുസമൂഹത്തിനു തോന്നാൻ പാകത്തിലാണ് അവരുടെ പ്രവർത്തനങ്ങൾ. അതേപോലെ, ക്ഷത്രിയസഭ ശക്തമാകുകയും കേരളത്തിലെ ക്ഷത്രിയർ സഭയ്ക്കു കീഴിൽ കെട്ടുറപ്പോടെ നിൽക്കുകയും ക്ഷത്രിയർ സംഘടിതരാണെന്ന് മറ്റുള്ളവർക്ക് തോന്നുകയും ചെയ്താൽ നമുക്കും ബലമുള്ള ഒരു സമുദായമെന്ന നിലയിൽ വളരാനാകുമെന്നുറപ്പ്.

സംഘടനകൊണ്ടു ശക്തരാകുക എന്നു പറഞ്ഞ ശ്രീനാരായണഗുരു വിദ്യകൊണ്ട് പ്രബുദ്ധരാകുക എന്നു കൂടി പറഞ്ഞു. കേരള നവോത്ഥാനത്തിലെ ശ്രദ്ധേയമായ വ്യക്തിത്വമാണ് അദ്ദേഹത്തിന്റേത്. സമൂഹത്തിലെ പിന്നോക്കമെന്ന് കരുതപ്പെട്ടിരുന്ന ഈഴവർ സംഘടിതശക്തിയെന്ന നിലയിലും രാഷ്ട്രീയ ശക്തി എന്ന നിലയിലും ഇന്നു കേരളത്തിലെ ഏറ്റവും സ്വാധീനമുള്ള സമൂഹമാണ്. അവരെ പരിഗണിക്കാതെ ആർക്കും മുന്നോട്ടു പോകാനാവില്ല. ശ്രീനാരായണഗുരുവിന്റെ ദർശനങ്ങൾക്കൊത്ത് അവർ സംഘടിച്ചതാണ് അവർ സമൂഹത്തിന്റെ മുന്നിലെത്താൻ കാരണം.

സമൂഹത്തിന്റെ ഇച്ഛകളും ആവശ്യങ്ങളും മനസ്സിലാക്കി നമ്മൾ നമ്മളെ പുനർനിർമ്മിക്കാമെങ്കിൽ നമുക്കും അത്ഭുതങ്ങൾ സാധിക്കാമെന്നും സമൂഹത്തിന്റെ നേതൃത്വത്തിലേക്കു തിരിച്ചുവരാമെന്നും തെളിയിച്ച സംഭവമാണ് അടുത്തകാലത്തുണ്ടായ ശബരിമല പ്രക്ഷോഭം. യഥാർത്ഥത്തിൽ പന്തളം കൊട്ടാരം മുന്നോട്ടു വച്ച ആശയങ്ങൾക്കൊത്ത് കേരളത്തിലെ അയ്യപ്പവിശ്വാസികൾ ഒത്തുകൂടുകയും ജനലക്ഷങ്ങൾ മാസങ്ങൾ നീണ്ട പ്രക്ഷോഭത്തിൽ കൊട്ടാരത്തിനൊപ്പം ചേരുകയും ചെയ്തത് ശരിയായൊരു കാര്യത്തിന് ഉദ്ദേശ്യശുദ്ധിയോടെയും നിശ്ചയദാർഢ്യത്തോടെയും തുനിഞ്ഞിറങ്ങിയാൽ ആളുകൾ നമുക്കൊപ്പം വരും എന്നതിനു തെളിവാണ്. പത്മനാഭസ്വാമി ക്ഷേത്രവിഷയത്തിൽ കേരളത്തിലെ വിശ്വാസികൾ തിരുവിതാംകൂർ രാജകുടുംബത്തിനൊപ്പം നിന്നതും മറ്റൊരു ദൃഷ്ടാന്തമാണ്. ഇത്തരം സംഭവങ്ങൾ നമുക്കു തരുന്ന തിരിച്ചറിവെന്താണ്. സമൂഹത്തിൽ നമ്മുടെ ശബ്ദത്തിനു പ്രസക്തിയുണ്ട് എന്നല്ലേ, നമ്മുടെ നേതൃത്വം ജനങ്ങൾ ആഗ്രഹിക്കുന്നു എന്നല്ലേ. പക്ഷേ, നമ്മൾ പാരമ്പര്യത്തിൽ നിന്നു വഴുതിമാറി ഉത്തരവാദിത്തങ്ങളിൽ നിന്ന് ഒളിച്ചോടി ജീവിച്ചാൽ ജനങ്ങൾ നമുക്ക് തരുന്നത് പുല്ലുവിലയായിരിക്കും എന്നതിനും ഒട്ടേറെ ഉദാഹരണങ്ങളുണ്ട്. തീർത്തും സസ്യാഹാരികളായിരുന്ന നമ്മുടെ സമുദായത്തിലേക്ക് മൽസ്യഭക്ഷണവും മാംസഭക്ഷണവും തീർത്തും സാധാരണമെന്നതുപോലെ അങ്ങിങ്ങ് വന്നുകയറിത്തുടങ്ങിയിട്ടുണ്ട്. അത്തരം ജീവിതശൈലിയിലേക്കു പോകുന്നത് സമൂഹത്തിൽ നമുക്കുള്ള ബഹുമാനം കുറയാനേ ഉതകൂ എന്നു ഞാൻ കരുതുന്നു.

ലോകമൊട്ടാകെ ആളുകൾ വെജിറ്റേറിയനിസത്തിലേക്കു മാറുന്ന കാലത്ത്, 'ദി വെജിറ്റേറിയൻ' എന്ന പേരിൽ കൊറിയൻ എഴുത്തുകാരി ഹാൻകാങ് എഴുതിയ നോവലിന് രാജ്യാന്തര പ്രശസ്തി കിട്ടിവരുന്ന കാലത്ത് ജന്മനാലും പരമ്പരാഗതമായും വെജിറ്റേറിയന്മാരായ ഒരു സമു

ദായം അതിൽ നിന്നു മാറുന്നത് എത്രമാത്രം അഭിലഷണീയമാണെന്നു ചിന്തിക്കണം.

വിദ്യകൊണ്ടു പ്രബുദ്ധരാകണം എന്നു പറഞ്ഞു. ഏറ്റവും കുറഞ്ഞത് ബിരുദപ്പരീക്ഷയെങ്കിലും പാസായവരായിരിക്കണം എല്ലാ ക്ഷത്രിയയുവാക്കളും. പി.ജി കൂടിയായാൽ നന്ന്. സിവിൽ സർവീസ്, എംബിബിഎസ്, എൻജീനീയറിങ്, സിഎ തുടങ്ങി സമൂഹത്തിലെ മുൻനിര ജോലികളിൽ പ്രവേശിക്കാൻ പാകത്തിലുള്ള പഠനത്തിനുള്ള സമർപ്പണവും കഠിനാധ്വാനവും നമ്മുടെ കുട്ടികൾ നടത്തണം. സർക്കാർ ഉദ്യോഗം ലഭിക്കാൻ തന്നെയാവട്ടെ എല്ലാവരുടെയും പരിശ്രമം. പക്ഷേ, എല്ലാവർക്കും സർക്കാർ ഉദ്യോഗം കിട്ടുന്നതായി കാണുന്നില്ല. അങ്ങനെയുള്ളവർ ജോലി കിട്ടിയില്ല എന്നു സങ്കടപ്പെട്ട് അലസരായോ നിരാശരായോ കഴിഞ്ഞുകൂടാനിടയാവരുത്. എന്തുകൊണ്ട് നമുക്ക് ബിസിനസുകളിലേക്ക് ഇറങ്ങിക്കൂടാ. സഭയുടെ വിവിധ ഘടകങ്ങൾ അതതു മേഖലകളിൽ യുവാക്കൾക്കു വേണ്ടി കരിയർ ഗൈഡൻസ് ക്ലാസുകളും സമാന്തരമായി സംരംഭകത്വപരിശീലനക്ലാസുകളും നടത്തുകയും സന്നദ്ധരായ യുവാക്കൾക്ക് വ്യവസായവും കച്ചവടവും തുടങ്ങാൻ പ്രചോദനമാവുകയും വേണം.

ജീവകാരുണ്യപ്രവർത്തനമാണ് ക്ഷത്രിയർ ശ്രദ്ധ വയ്ക്കേണ്ട മറ്റൊരു മേഖല. മാനവ സേവ തന്നെ മാധവസേവ. ദശാംശം സൂക്ഷിച്ചുവച്ച് ജീവകാരുണ്യ പ്രവർത്തനത്തിനു നേരിട്ടുപയോഗിക്കുകയോ സഭയെ ഏൽപ്പിക്കുകയോ ചെയ്യുന്ന പതിവ് ക്രിസ്ത്യാനികൾക്കുണ്ട്. അതിന്റെ പുണ്യം അവർക്കു കിട്ടുന്നുമുണ്ട്. നമ്മുടെ ആളുകളും ദശാംശം സൂക്ഷിക്കുന്ന ശീലം തുടങ്ങണം. അങ്ങനെ സംഭരിക്കുന്ന തുക നിങ്ങൾക്ക് ക്ഷത്രിയസഭയുടെ ജീവകാരുണ്യ പ്രസ്ഥാനമായ റിയാക്ടിനെ ഏൽപിക്കാവുന്നതാണ്. അർഹതയുള്ള കൈകളിലാണ് ഓരോ രൂപയും ചെന്നെത്തുന്നതെന്ന് റിയാക്ടിന്റെ പ്രവർത്തകനെന്ന നിലയിൽ എനിക്ക് ഉറപ്പു തരാനാവും.

ക്ഷത്രിയ സമുദായം സാംസ്കാരികമായും മൂല്യവത്തായും വളരെ ഉയരത്തിൽ നിൽക്കുന്ന സമൂഹമാണ്. തങ്കലിപികളിൽ രേഖപ്പെടുത്താവുന്ന ഒരു പാരമ്പര്യവും നമുക്കൊക്കെയുണ്ട്. ഇവയൊക്കെ സംരക്ഷിച്ചും ഇവയുടെ ബലത്തിൽ അഭിമാനിച്ചും പുതിയ കാലത്തിന്റെ പുതിയ ആവശ്യങ്ങൾക്കനുസരിച്ച് നമ്മൾ സ്വയമൊന്ന് പരിഷ്കരിക്കപ്പെടാൻ തയ്യാറായാൽ വർത്തമാനകാലത്തിലും ഭാവിയിലും നമുക്ക് പ്രതീക്ഷിക്കാൻ ഏറെയുണ്ട്. അല്ലാതായാൽ നാം അതിവേഗം തകർന്നു തരിപ്പണമാകും. വിജയത്തിനും നേട്ടങ്ങൾക്കും സമൂഹത്തിൽ പ്രസക്തി നിലനിർത്തുന്നതിനും നമുക്ക് ഒന്നിച്ചു നിൽക്കാം. ദീർഘവീക്ഷണത്തോടെ ചിന്തിക്കാം. പ്രകാശം പരത്തിക്കൊണ്ട് ജീവിക്കാം. ആശംസകളോടെ..... ●

## ആതുരസേവനത്തിന് അംഗീകാരം



ആസ്റ്റർ DM ഹെൽത്ത് കെയർ ഗ്രൂപ്പിന്റെ കീഴിൽ വിവിധ രാജ്യങ്ങളിലുള്ള ആസ്റ്റർ ഹോസ്പിറ്റലുകളിലെ തെരെഞ്ഞെടുത്ത ഡോക്ടർമാർക്കായുള്ള CLINICIAN EXCELLENCE അവാർഡിന് **ഡോ. ഗിരീഷ്കുമാർ ഭരതൻ** അർഹനായി. ആസ്റ്ററിന്റെ മൂല്യങ്ങളായ excellence, compassion, passion, respect, integrtiy,untiy എന്നിവയിലൂന്നിയ നിസ്തുലമായ സേവനങ്ങളേയും കോവിഡ് മഹാമാരിയുടെ വെല്ലുവിളികൾ നിറഞ്ഞ കാലത്തെ പ്രവർത്തനങ്ങളേയും വിലയിരുത്തിയാണ് അവാർഡ്. വേൾഡ് ഡോക്ടേഴ്സ് ദിനമായ ജൂലായ് ഒന്നിന് നടന്ന ഗൂഗിൾ മീറ്റിൽ ആസ്റ്റർ ചെയർമാൻ ഡോ.ആസാദ് മൂപ്പന്റെ സാന്നിധ്യത്തിൽ നടന്ന ചടങ്ങിൽ ഡോ. ഗിരീഷ് അവാർഡ് ഏറ്റുവാങ്ങി.

കേന്ദ്ര ക്ഷത്രിയ ക്ഷേമസഭ 1998ൽ ഏർപ്പെടുത്തിയ പ്രഥമ മഹാറാണി സേതുപാർവതീഭായി സ്മാരക സ്കോളർഷിപ്പ് (മെഡിസിൻ വിഭാഗത്തിൽ) ഗിരീഷിന് ലഭിക്കുകയുണ്ടായി.

പന്തളം ശ്രാമ്പിക്കൽ കൊട്ടാരത്തിൽ വിജയലക്ഷ്മി തമ്പുരാട്ടിയുടേയും തൃപ്പൂണിത്തുറ മംഗളമഠത്തിൽ പരേതനായ ഭരതവർമ്മയുടേയും മകനാണ്. ഭാര്യ: സരിത വർമ്മ (ഇടപ്പള്ളി ലക്ഷ്മീവിലാസം - കോശ്ശേരിമഠം) കുടുംബാംഗമാണ്. മക്കൾ: ഗൗതമി, പൗർണമി.

കഴിഞ്ഞ 5 വർഷമായി ഖത്തറിൽ ആസ്റ്റർ ഹോസ്പിറ്റലിലെ മെഡിസിൻ വിഭാഗത്തിൽ ജോലി ചെയ്തു വരുന്നു.

# കേന്ദ്ര സഭാ വാർത്തകൾ

ജൂൺ 27 ന് ക്ഷത്രിയ ക്ഷേമ സഭയുടെ ആഭിമുഖ്യത്തിൽ ക്ഷത്രിയം ഫേസ് ബുക്ക്, യൂട്യൂബ്, ക്ഷാത്രജാലകം വഴി ഉച്ചയ്ക്ക് 3 മണിയ്ക്ക് കുട്ടികൾക്കായി ഒരുക്കിയ കലാകായിക വിരുന്ന് അരങ്ങേറുകയുണ്ടായി. ഇതിൽ ലോകത്തിന്റെ വിവിധ ഭാഗത്തു നിന്നുമുള്ള ക്ഷത്രിയാംഗങ്ങളുടെ കുട്ടികൾ പങ്കെടുത്തു. 3 മണിയ്ക്ക് ആരംഭിച്ച് 7 മണി വരെ നീണ്ടു നിന്ന സ്കൂൾ കോളേജ് കുട്ടികളുടെ കലാകായിക സംഗമം കോവിഡ് ലോക്ഡൗൺ കാലത്ത് നമ്മുടെ മനസ്സിൽ അവാച്യമായ അനുഭൂതി ഉളവാക്കി. ഇതിൽ കുട്ടികഥകൾ, കവിതകൾ, നാടൻ പാട്ടുകൾ, സിനിമാഗാനങ്ങൾ, ലളിത ഗാനങ്ങൾ, കഥകളി പദം, അഷ്ടപദി, ഭരതനാട്യം, സിനിമാറ്റിക്ക് നൃത്ത രൂപം കീ ബോർഡ് വാദനം, താളവാദ്യ പ്രകടനം മുതലായവ അരങ്ങേറി.

ലോകത്തിൽ എവിടെയാണെങ്കിലും നമ്മുടെ സംസ്കാരം കുട്ടികളിലേയ്ക്ക് പകരുവാൻ അവരുടെ രക്ഷിതാക്കൾക്ക് സാധിച്ചിട്ടുണ്ട് എന്ന വസ്തുത വളരെ സന്തോഷമുളവാക്കുന്നതാണ്. ഇത്തരം കൂട്ടായ്മകൾ തീർച്ചയായും നമ്മുടെ പൈതൃക വാസനകളെ നിലനിർത്താൻ സാധിക്കും. ഇതിന്റെ പുറകിൽ പ്രവർത്തിച്ചത് കൺവീനർ സതീഷ് വർമ്മയും (യൂണിറ്റ് സെക്രട്ടറി, എറണാകുളം), മകൻ ജയന്ത് രാമവർമ്മ (സാങ്കേതിക സഹായം) യുമാണ്.

ക്ഷാത്ര ജാലകത്തിലും, ഫേസ് ബുക്ക് പേജിലുമുള്ള live stream co-ordination ശൈലേന്ദ്ര വർമ്മ, മഹേഷ് രാമവർമ്മ എന്നിവർ നിർവ്വഹിച്ചു.

**പങ്കെടുത്ത കുട്ടികൾ :**

1. വർഷ വർമ്മ പി.കെ തൃപ്പൂണിത്തുറ
2. വിശ്വനാഥ്, കോഴിക്കോട്
3. വർമ്മ, ബംഗളൂരു
4. വേദിക രാജ. പി.,തിരുവനന്തപുരം
5. പ്രണവ് വർമ്മ, ഹൈദരാബാദ്
6. അക്ഷജ് ശ്യാം വർമ്മ, തൃപ്പൂണിത്തുറ
7 ശബരീനാഥ് വർമ്മ, ഷാർജ
8. വൈഗ വർമ്മ , ബംഗളൂരു
9 ആത്മജ വർമ്മ, കുറ്റിലഞ്ഞി
10. ദ്രുതി വർമ്മ, മണിപ്പാൽ .
11. ഭദ്ര. എസ്., ഭരത്ത്. എസ്. തിരുവനന്തപുരം
12. നയന വർമ്മ, തിരുവല്ല
13. മഹീധർ വർമ്മ, ബംഗളൂരു
14. അനിക വർമ്മ, ദിവിത്ത് വർമ്മ, ബംഗളൂരു
15 അക്ഷജ് വർമ്മ, ബംഗളൂരു
16 ദേവിക വർമ്മ, ഇടപ്പള്ളി
17. ശിശിര.പി.വർമ്മ, പന്തളം
18. അനഘ.എം, കോട്ടക്കൽ
19. ശ്രീഭദ്ര വർമ്മ, ചിറക്കൽ
20. ഹൃദ്യ എം. വർമ്മ, ഗുരുവായൂർ
21. മാധവ് ജി വർമ്മ, ജനീവ
22. കാഞ്ചന. കെ.വർമ്മ, പന്തളം.
23. ശ്രീരഞ്ജിനി.കെ.ആർ, പിലാത്തറ
24. മാളവിക ഗോപാൽ, ചിക്കാഗൊ
25. ഗോവിന്ദ്. ജി. വർമ്മ, വൈക്കം
26. സൗരവ്. പി.വർമ്മ, പന്തളം.
27. ആർദ്ര രാജ , ചിറയ്ക്കൽ
28. ശ്രേയ വർമ്മ, ഇടപ്പള്ളി .
29. അനികേത് രാജ, ചിറക്കൽ
30. അഭിരാം വർമ്മ, ബംഗളൂരു
31. ഗോപിക വർമ്മ, ഇടപ്പള്ളി.
32. നവനീത് കൃഷ്ണൻ, ഒറ്റപ്പാലം.
33. നകുൽ. ജി. വർമ്മ, ജനീവ
34. വിനായക് വർമ്മ, കുവൈറ്റ്,
35. ചിത്ര. എസ്. വർമ്മ,
36. ശ്രീലക്ഷ്മി എസ്.വർമ്മ, ചേർത്തല
37. വർഷ വർമ്മ പി., തിരുവനന്തപുരം
38. അനന്യ. എം, കോട്ടക്കൽ
39. അദ്രിജ വർമ്മ, കുറ്റിലഞ്ഞി
40. ഗൗരി വർമ്മ, തൃപ്പൂണിത്തുറ
41. പാർവ്വതി കൃഷ്ണൻ.കെ.സി, കോഴിക്കോട്
42. ഭദ്ര. എസ്.വർമ്മ, ചെന്നിത്തല
43. ലക്ഷ്മി കൃഷ്ണൻ കെ.സി, കോഴിക്കോട്
44. കാവ്യ വർമ്മ. പി.കെ, തൃപ്പൂണിത്തുറ
45. മീനാക്ഷി എസ്.വർമ്മ, എറണാകുളം.
46. അവന്തിക വർമ്മ, ദുബായ്

**മുതിർന്ന സഭാംഗങ്ങളുടെ ഓൺലൈൻ കലാകായിക പരിപാടികൾ**

ക്ഷത്രിയ ക്ഷേമസഭ കേന്ദ്ര കമ്മിറ്റി ജൂലൈ മാസം 11 ന് മുതിർന്ന ക്ഷത്രിയ അംഗങ്ങൾക്കായി കലാകായിക പരിപാടി ഓൺലൈനായി സംഘടിപ്പിക്കുകയുണ്ടായി. ഉച്ചയ്ക്ക് 3 മണിയ്ക്ക് ക്ഷത്രിയം യൂട്യൂബിലൂടെയും ഫേസ് ബുക്കിലൂടെയും ക്ഷാത്രജാലകത്തിലൂടെയുമായിരുന്നു സംപേക്ഷണം.

കവിതകൾ, സിനിമാ ഗാനങ്ങൾ, ലളിത ഗാനങ്ങൾ, നൃത്തരൂപങ്ങൾ, നാടൻ പാട്ടുകൾ, പുരാണങ്ങളെ ആസ്പദമാക്കിയുള്ള സാരകഥകൾ, യോഗ എന്നിവ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള അംഗങ്ങൾ അവതരിപ്പിക്കുകയുണ്ടായി. വൈകീട്ട് 6.45 വരെ നീണ്ടുനിന്ന പരിപാടി അവതരണം മികവുറ്റതായിരുന്നു. അൻപതോളം അംഗങ്ങൾ പങ്കെടുത്ത ഈ പരിപാടി അനുവാചകരിൽ അതീവ കുടുംബാതുരത അനുഭവപ്പെട്ടും. പരിപാടിയുടെ അവതരണം എറണാകുളം യൂണിറ്റ് സെക്രട്ടറി ശ്രീ. സതീഷ് വർമ്മയും സാങ്കേതികാവിഷ്ക്കാരം മകൻ ശ്രീ. ജയന്ത് രാമവർമ്മയുമായിരുന്നു.

REMEMBERING

# A. RAMA VARMA VAIDYAN KOIL THAMPURAN

## (30 Sep 1880 - 25 Sep 1981)


**By His Grandson Brig. R.R.V.Nandakumara Varma (Retd),** Thiruvananthapuram

Highly respected and loved by people of all walks of life, Shri A Rama Varma Mootha Koil Thampuran (generally known as Vaidyan Koil Thampuran) was a very popular and highly successful Ayurvedic Physician of great repute. His contribution to Ayurveda and to the society was tremendous and he lived for 101 years without any major illness.

He was born to Shri Sastha Sarman Namboothiripad of Cheruvally Illom and Smt. Ambika Thampuratty of Ananthapuram Palace, Haripad, on 30th Sep 1880.

After his schooling at Mavelikara, he joined Maharajas College, Trivandrum for his FA class (Pre-Degree). After few months of his joining the college, the then principal Dr. Michal advised him to discontinue his studies, as he was lean and sickly looking. Later he started studying Sanskrit and Ayurveda from his uncle Shri Raja Raja Varma (Kerala Vag-bhadan) at Haripad. Uncle was very happy to see his nephew progressing well in both the subjects.

He married Smt Thankam Amma Thampuran daughter of Smt Bharani Nal Valia Kunchi Amma Thampuran belonging to Valia Kottaram, Mavelikara and Shri Goda Varma of Kilimanoor Palace (younger brother of Artist Raja Ravi Varma). Soon he started Ayurveda practice at Mavelikara and after a while,



established a Vaidyasala (ARV Vaidyasala). Medicines were prepared under his personal supervision and were even sent to patients outside Kerala including North India. With passage of time, he grew to become an eminent and successful physician. In spite of his success in this field and popularity, he remained very humble and always acknowledged his success to his guru and blessing of God. Many complicated and seemingly incurable diseases were cured by him.

**A Few such cases are given below:**

1) In the early 1940's a patient was operated upon thrice, without success for stomach ache by, none other than Dr. Somerwell, who was one of the best surgeons of those days (Karakonam Medical College is named after him).



The patient happened to come to my grandfather and with his treatment he got completely cured. He reported this matter to Dr. Somerwell who expressed his happiness and wrote to my grandfather complimenting him and appreciating his achievement.

2) During December 1946 while H.H Maharani Sethu Parvathy Bai was at Madras (now Chennai), she fell sick with fever, which could not be cured by the Doctors available there. As per Maharani's wish, my grandfather, who was at Mavelikara, was contacted and requested him to go over to Madras. He flew from Trivandrum along with my father and on reaching Madras, he was received by Dr. Govindan Pandalai of Pandalai's Nursing Home. On the way from Airport to residence, he suggested to grandfather that he may not give any medicines orally, since they are suspecting problem with her intestines. After reaching the Hospital and after investigation, he gave two types of pastes, one to be applied on the head and other on the nails. After a day or two the temperature subsided, and she got cured completely.

3) In 1947 his own daughter around 30yrs old, was down with Typhoid. She was treated by Dr. Philip who was considered to be the best Doctor at Mavelikara in those days. The fever and other complications continued for a number of months. On two occasions, Dr.Philip came out of the patient's room and conveyed that she is sinking, and the end can come at any time. On both occasions grandfather was able to revive her with his treatment. After this experience, Dr. Philip started consulting grandfather and took his help on all difficult cases.

4) A girl of nearly 17 yrs. of age was brought to my grandfather by her parents, with severe rashes all over the body. The patient was treated by different Doctors, for more than a year. Grandfather prescribed some medicines for 14 days and to report back after that. The parents returned after 10 days and expressed their happiness and gratitude since the girl became more or less normal. Grandfather suggested them to continue the medicine for 2 more weeks.

5) A girl of 1yr. old, was showing symptoms of bleeding. Her blood clotting time was normal, but bleeding time was more. This case was taken up by Safdarjung Hospital, New Delhi on academic interest. After various tests, they declared that she was suffering from Idiopathic Thrombocytopenic Purpura, for which there was no treatment available except blood trans fusion whenever required. This girl at the age of 5 came under the care of my grandfather. Medicines were prepared under his supervision and after 4 years of treatment she became absolutely fine and her blood test showed normal results. Doctors in Delhi were astonished to see these results and said that "whether we give credit to God or Ayurveda, this girl has become absolutely normal."

It is a pity that, in none of the above cases, the line of treatment and medicines used are not documented.

In recognition of his eminence in the field of Ayurveda, he was honoured by the Banaras Hindu University by awarding 'Ayurveda Bhooshnam' degree.

He was an examiner for 'Ayurveda Shiromani' examinations conducted by the Madras university. Those days he used to travel to Madras often. He had a few patients in Madras and Smt. Rukmini Arundale of the Theosophical Society of India, was one of them.

Shri V.V.Giri, the then Governor of Kerala, was one of his patients. Medicines were prepared and sent to him regularly from Mavelikara.

Looking back, Maharajas College Principal's advice to discontinue his college studies turned out to be a blessing in disguise for many who had the good fortune of getting treated by him. A number of people still keep his prescriptions and use them as and when required.

In 1947, in recognition of his eminence in the field of Ayurveda, he was honoured by the then Maharaja of Travancore, H.H Shri Chithira Thirunal Bala Rama Varma by awarding him 'Maharaja's Gold Medal'.

He was a member of the Travancore Devaswom Board (2nd Board) as a nominee of the Maharaja. The other two members of the Board were Shri P.G.N Unnithan (Ex Dewan of Travancore) as the President and Retired Justice B. Paramu as member.

During a visit by the then Prime Minister of India, Pandit Jawaharlal Nehru to Trivandrum in the early 1950's, my grand father was one of the invitees for a function. Though he was a member of the Devaswom Board at that time, he was introduced to the Prime Minister as one of the most successful and highly respected Ayurvedic Physicians of Travancore.

My grandfather was Valiaraja of Parappanadu Swaroopam as well as Valia Thampuran of Ananthapuram Palace for many years. Those days he used to travel to Parappanangadi and stay there for a few weeks. Since there was no rail connection between Quilon and Ernakulam, he along with couple of aides and relatives used to go by road to Ernakulam and stay there with, Kuttan Thampuran of Kochi Royal family in Warriam Road, before proceeding to Parappanangadi by train.

Grandfather followed very strict food habits and consumed only njavara rice. He used to take considerable time for lunch, chewing every morsel of rice many times, probably as per Ayurvedic norms. He was a voracious reader and never used to sleep during daytime. As a person he led a highly spiritual and simple life. He was very soft spoken and always maintained

composure. He lived like a 'Yogi' in the real sense of the word.

His 60th birthday was celebrated at Ananthapuram Palace in the year 1940 and also at Mavelikara. In addition to religious functions and feast, feeding of the poor was organized at Mavelikara (Dharma Kanji). A large number of poor people took part sitting on both sides of the road on the western side of Shri Krishna Swamy Temple, a distance of nearly ½ a Kilometer.

His 84th birthday was celebrated at Mavelikara. Many relatives including members from other Kshathriya families, local dignitaries attended the function. Rice was distributed to poor people.

His 100th birthday was celebrated in 1980 in a befitting manner. The main function and the religious rituals were held at 'Shreyas', Fort Trivandrum. For the last few years, he was living with his son Shri M.V. Rama Varma. A large number of relatives, friends and admirers took part in the celebrations. At Sree Chitra poor home, food was distributed on that day. A Few days prior to the Hundredth birthday a Bhagavatha Sapthaham was held at his residence, which he attended completely from morning till evening sitting on the floor.

Special mention has to be made, that during his 100th birthday celebrations H.H Karthika Thirunal, H.H Uthradom Thirunal Marthanda Varma (Elaya Raja), Princess Pooyam Thirunal & Princess Aswathi Thirunal along with their consorts Shri C.R.R. Varma and Shri R.R. Varma visited grandfather at his residence and sat along with him all through the religious rituals. This was indeed a rare gesture, showing regard and affection, which the Royal family had towards him.

Many organisations like Kerala Ayurveda Mandalam, Vasudeva Vilasom Nursing Home etc held meetings to felicitate him. In one such meetings Shri Kainikkara Kumara Pillai said that his greatness was beyond praise in words. Humility was the hallmark of his character. Many felicitation addresses were read out on that day by his admirers, certain organisations and some relatives. Newspapers gave prominence and good coverage on that occasion.


Even at the age of 101 yrs. he remained physically and mentally alert. A couple of days before his 101st birthday he inaugurated a branch of Kottakkal Arya Vaidya Sala at Trivandrum. He also visited Kowdiar Palace just the previous day of his birthday to pay his respects to H.H. Shri Chithira Thirunal and other members of the Royal family.

He had the rare privilege of seeing and fondling his 5th generation baby girl. He passed away peacefully at his residence on 25th Sep 1981, the very next day of his 101st birthday.

Thus, ended an illustrious career of a 'Karma Yogi' whose contribution to the field of Ayurveda and to the society is unfathomable.

The only regret is that none from the family took up his profession, to perpetuate this legacy. ●

## പ്രിൻസസ്സ് അശ്വതി തിരുനാളിന്റെ പുസ്തകം പ്രകാശനം




പ്രിൻസസ്സ് അശ്വതി തിരുനാൾ ഗൗരി ലക്ഷ്മീബായി രചിച്ച '**History Liberated - The Sree Chitra Saga**' എന്ന പുസ്തകം ജൂലൈ 24 ന് മുൻ കേന്ദ്ര മന്ത്രിയും ജമ്മു കാശ്മീർ മുൻ ഗവർണ്ണറുമായ ഡോ. കരൺ സിംഗ് വെബിനാറിലൂടെ പ്രകാശനം ചെയ്യുന്നു. ചടങ്ങിൽ ഐക്യരാഷ്ട്രസഭ മുൻ ഇൻഡ്യൻ അംബാസിഡർ ടി.പി. ശ്രീനിവാസൻ, CBI മുൻ ഡയറക്ടർ ഡോ. ഡി.ആർ. കാർത്തികേയൻ എന്നിവർ പ്രസംഗിക്കും. തിരുവിതാംകൂർ മഹാരാജാവായിരുന്ന ശ്രീ ചിത്തിര തിരുനാൾ ബാലരാമവർമ്മയും അമ്മ മഹാറാണി സേതു പാർവതിബായിയും സ്വന്തം രാജ്യത്തെയും പ്രജകളെയും ഒരു കുടുംബത്തെ എന്ന പോലെസ്നേഹിക്കുകയും അവരുടെ കലവറയില്ലാത്ത സ്നേഹാദരങ്ങൾ ഏറ്റുവാങ്ങുകയും ചെയ്തിരുന്ന ഒരു ചരിത്രത്തിലേക്കാണ് ഈ ഗ്രന്ഥം വെളിച്ചം വീശുന്നത്. കൊനാർക്ക് പബ്ലിഷേഴ്സാണ് പ്രസാധകർ.

# സുകൃത ജന്മം

**മൺമറഞ്ഞുപോയ എം. രവിവർമ്മ രാജയുടെ ഒന്നാം ചരമവാർഷികത്തിൽ മക്കളായ രാജേശ്വരി വർമ്മയും (പ്രിയ) ഹരികുമാർ വർമ്മയും അനുസ്മരിക്കുന്നു**

അച്ഛനില്ലാത്ത ഒരു വർഷം കടന്നുപോയിരിക്കുന്നു! എങ്കിലും പലപ്പോഴും തൊട്ടടുത്ത മുറിയിൽ അച്ഛൻ എന്തോ എഴുതിക്കൊണ്ടിരിക്കുന്നുവെന്നും ടി.വി.യിൽ വാർത്തകൾ കണ്ടുകൊണ്ടിരിക്കുന്നുവെന്നും ഊണുമുറിയിൽ മെഴുക്കുപുരട്ടിയ്ക്ക് കഷ്ണം അരിഞ്ഞുകൊണ്ടിരിക്കുകയാണെന്നും ഒക്കെ തോന്നിപ്പോവുന്നു! ഞങ്ങൾ മക്കൾക്ക് അച്ഛൻ എന്നും സ്നേഹനിധിയായ പിതാവു തന്നെയായിരുന്നു. കൊച്ചുകൊച്ചു വാശികളും ശാഠ്യങ്ങളും (അമ്മയുടെ പ്രതിഷേധം വകവയ്ക്കാതെ) സാധിപ്പിച്ചു തന്നിരുന്ന ഒരു അച്ഛൻ. വെള്ളിയാഴ്ചതോറും രാവിലെ അച്ഛന്റെ ലാംബ്രെട്ട സ്കൂട്ടറിൽ കയറി ശംഖുംമുഖം ക്ഷേത്രത്തിലേക്കുള്ള യാത്ര. കടൽ വെള്ളത്തിൽ കാലു നനച്ചിട്ടാണ് ക്ഷേത്രത്തിൽ പോവുക. അന്ന് ആ വണ്ടിയുടെ മുന്നിൽ നിന്ന് ചെയ്ത യാത്രകളുടെ ആനന്ദം പിൽക്കാലത്ത് നടത്തിയ വിമാനയാത്രകൾക്കും ഉണ്ടായിട്ടില്ല.

സ്വന്തം കുടുംബത്തിനും ഉപരിയായി തന്റെ സാമൂഹ്യ പ്രതിബദ്ധതകൾക്ക് പ്രാധാന്യം നൽകിയ വ്യക്തിയായിരുന്നു അച്ഛൻ. ഓഫീസും ക്ഷത്രിയക്ഷേമസഭയും ഭാരതീയ വിചാരകേന്ദ്രവും ഒക്കെയായി ദിവസത്തിന്റെ ഭൂരിഭാഗവും ചിലവഴിച്ച അച്ഛൻ പക്ഷെ ഞങ്ങളോടൊപ്പം സിനിമകൾ കാണാനും ഹോട്ടലിൽ അത്താഴം കഴിക്കാനും ഒക്കെ സമയം കണ്ടെത്തിയിരുന്നു. എല്ലാ 4 വർഷം കൂടുമ്പോഴും മുടങ്ങാതെ നടത്തിയിരുന്ന എൽ.ടി.സി. യാത്രകളിലാണ് കുട്ടികളായ ഞങ്ങൾ ഇന്ത്യയിലെ പല സ്ഥലങ്ങളും കണ്ടതും പല തരം ഭാഷകൾ കേട്ടതും. യാത്രകൾ വളരെയേറെ ഇഷ്ടപ്പെട്ടിരുന്ന



*പഴയ ആൽബത്തിൽ നിന്ന്*

അച്ഛന് ഓരോരോ സ്ഥലങ്ങളെപ്പറ്റിയും അറിയാനും പറഞ്ഞു തരാനും അതിയായ ഉത്സാഹമായിരുന്നു. കൊല്ലൂരിലെ പ്രശസ്തമായ മൂകാംബികാ ക്ഷേത്രവും പലപ്പോഴായി ദർശനം നടത്തിയിരുന്നു. അങ്ങനെ ഒരു യാത്രയിൽ സൗപർണികയിൽ കുളിക്കാനിറങ്ങവേ എന്റെ സഹോദരി ഒരു പാറയിൽ കാൽ വഴുതി ഒഴുക്കിൽ പെടുകയും അച്ഛൻ അതി സാഹസികമായി രക്ഷപ്പെടുത്തുകയും ചെയ്ത സംഭവം മറക്കാനാവുന്നതല്ല.

തന്റെ കർമ്മമണ്ഡലമായിരുന്ന തിരുവനന്തപുരത്ത് അച്ഛൻ എത്തുന്നത് 1960 കളിലാണ്. ബോംബെയിലെ ഭാരതീയ വിദ്യാഭവൻ വിട്ട് ISRO യിൽ ജോയിൻ ചെയ്യാൻ. 1969 ആഗസ്റ്റ് 29ന് അച്ഛനും അമ്മയും വിവാഹിതരായി. തിരുവനന്തപുരം പത്മതീർത്ഥക്കരയിൽ ഒരു വാടകവീട്ടിൽ തുടങ്ങി പൂജപ്പുര, പോങ്ങുംമൂട്, തുമ്പ VSSC Staff Quarters എന്നിവിടങ്ങളിലെല്ലാം താമസിച്ചശേഷം 1979ലാണ് പടിഞ്ഞാറേകോട്ടയിൽ താമസമാക്കുന്നത്. തന്റെ മാതുലനായ എം.സി. കേരളവർമ്മയും മൂത്ത സഹോദരനായ രാജരാജവർമ്മയും പെരുന്താന്നിയിലെ 'അയ്മനം ഹൗസി'ൽ താമസിച്ചിരുന്നതിനാൽ സായാഹ്നങ്ങൾ ഒട്ടുമിക്കപ്പോഴും അവിടെയാണ് ചിലവഴിച്ചിരുന്നത്. അഖില കേരള ക്ഷത്രിയക്ഷേമസഭയുടെ ആശയം ജന്മംകൊണ്ടതും ഇത്തരം സായാഹ്ന ചർച്ചകളിലാണ്. എം.സി. അമ്മാ

വന്റെ സ്വഭാവഗുണങ്ങളും കാഴ്ചപ്പാടുകളും അച്ഛനെ വളരെയധികം സ്വാധീനിച്ചിരുന്നു.

ഒരു സ്റ്റെനോഗ്രാഫറായി ജോലിയിൽ പ്രവേശിച്ച് ഏതാണ്ട് 33 വർഷത്തോളം ISRO യിൽ ചിലവഴിച്ച അച്ഛൻ 2002 ഏപ്രിൽ മാസത്തിൽ വിരമിക്കുമ്പോൾ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായി ഉയർന്നിരുന്നു. തുമ്പ VSSC യ്ക്കു പുറമേ വലിയമല, തമിഴ്നാട്ടിലെ മഹേന്ദ്രഗിരി എന്നീ സ്ഥലങ്ങളിലും ജോലിയിൽ ഇരുന്നിട്ടുണ്ട്. ISRO ലെ അച്ഛന്റെ സൗഹൃദങ്ങളുടെ നിര വളരെ നീണ്ടതാണ്. VSSC ക്വാർട്ടേഴ്സിൽ താമസിച്ചിരുന്ന കാലത്ത് മലയാളികളും അല്ലാത്തവരുമായ ഒട്ടനവധി ആൾക്കാരുമായി ഞങ്ങൾ അടുപ്പത്തിലായി. ക്വാർട്ടേഴ്സിലെ ആർട്സ് ക്ലബ്ബിന്റെ വാർഷികത്തിന് അച്ഛനും അമ്മയും ജോഡിയായി ചില നാടകങ്ങളിലും അഭിനയിച്ചിരുന്നു. പിൽക്കാലത്ത് ക്ഷത്രിയ ക്ഷേമസഭയുടെ വാർഷികങ്ങളിലും ഈ കലാപരിപാടികൾ തുടർന്നു. 'വർമ്മാജി', 'വർമ്മക്കുട്ടൻ' എന്നീ പേരുകളിലാണ് അച്ഛന്റെ ഓഫീസ്/ക്വാർട്ടേഴ്സ് സുഹൃത്തുക്കൾ സ്നേഹത്തോടെ അച്ഛനെ അഭിസംബോധന ചെയ്തിരുന്നത്. എ.പി.ജെ അബ്ദുൾ കലാമിനെപ്പോലെയുള്ള വ്യക്തികൾക്ക് കീഴിൽ ജോലി ചെയ്യാൻ കഴിഞ്ഞതിൽ അച്ഛൻ എന്നും അഭിമാനംകൊണ്ടിരുന്നു. പിൽക്കാലത്ത് ഡിഫൻസ് അഡ്വൈസറായിരിക്കെ അബ്ദുൾ കലാമിനെ വീണ്ടും ഡൽഹിയിൽ വച്ച് കാണാനിടയായപ്പോൾ അച്ഛനോടദ്ദേഹം പറഞ്ഞത് "നിങ്ങൾ വന്നില്ലായിരുന്നുവെങ്കിൽ അതൊരു നഷ്ടമായിപ്പോയേനെ." എന്നാണ്!


തികഞ്ഞ ഭക്ഷണപ്രിയനായിരുന്ന അച്ഛൻ അവസരം കിട്ടുമ്പോഴൊക്കെ പാചകത്തിലും തന്റെ പ്രാഗത്ഭ്യം തെളിയിച്ചിരുന്നു. ചമ്മന്തിപ്പൊടി, കുറുക്കുകാളൻ, ചേന മെഴുക്കുപുരട്ടി, ഇടിച്ചുപിഴിഞ്ഞ പായസം, പാലടപ്രഥമൻ ഇവയൊക്കെ ഉണ്ടാക്കുവാനും ഞങ്ങളെ കഴിപ്പിക്കുവാനും ഉത്സാഹിച്ചിരുന്നു. കുട്ടിക്കാലം ചിലവഴിച്ച ഓമല്ലൂരിലെ തനത് വിഭവങ്ങളാണ് അച്ഛൻ എന്നും ഇഷ്ടപ്പെട്ടിരുന്നത്. കപ്പ കൊണ്ടുണ്ടാക്കിയ പൊടിമാസ്, ചക്ക കൊണ്ടുള്ള വിഭവങ്ങൾ, പുഴുക്കുകൾ ഇവയൊക്കെ ആസ്വദിച്ച് കഴിക്കുമായിരുന്ന അച്ഛൻ ഇവയൊക്കെ ഉണ്ടാക്കാനും പഠിച്ചിരുന്നു. വിശേഷ ദിവസങ്ങളായ ഓണം, പിറന്നാളുകൾ, വിഷു എന്നീ സമയങ്ങളിൽ വറുത്തുപ്പേരി, പായസം എന്നിവ അച്ഛൻ തന്നെ മുന്നിട്ടിറങ്ങി ഉണ്ടാക്കുമായിരുന്നു. ലോകത്തെവിടെ പോയാലും നാടൻ ഭക്ഷണത്തോട് മാത്രമേ അച്ഛൻ താൽപ്പര്യം കാട്ടിയിരുന്നുള്ളൂ. ദുബായ് പോലുള്ള സ്ഥലങ്ങളിലും അമേരിക്ക, കാനഡ മുതലായ യാത്രകളിലും ഇതിന് ഒരു മാറ്റവുമുണ്ടായില്ല. നയാഗ്രയിലെ ഒരു ഇന്ത്യൻ റെസ്റ്റോറന്റിൽ നിന്നും വെളിച്ചെണ്ണ ചോദിച്ചു വാങ്ങി ഉപയോഗിച്ചത് ഒരു രസമുള്ള ഓർമ്മയാണ്.

ഒരു തികഞ്ഞ യാഥാസ്ഥിതിക കുടുംബത്തിൽ പിറന്നിട്ടും കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളാൻ അച്ഛൻ എന്നും ശ്രമിച്ചിരുന്നു. 90 കളിൽ വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ ജീവിതശൈലിയെത്തന്നെ മാറ്റിമറിക്കുന്ന കമ്പ്യൂട്ടർ വൽക്കരണം, സ്മാർട്ട് ഫോണുകൾ എന്നിവ പ്രചാരത്തിൽ വരികയും 'സോഷ്യൽ മീഡിയ' ആപ്പുകൾ വഴി ആശയവിനിമയം നടത്താമെന്ന അവസ്ഥ ഉണ്ടാവുകയും ചെയ്തു. ഈ മാറ്റങ്ങളൊക്കെത്തന്നെയും ഉൾക്കൊണ്ട അച്ഛൻ സാങ്കേതികമായ അറിവുകളുടെ അപര്യാപ്തതയെ ഒട്ടും തന്നെ ഭയപ്പെട്ടില്ല. ഓർക്കുട്ടായാലും ഫേസ്ബുക്കായാലും ആയിരക്കണക്കിന് സൗഹൃദങ്ങളുടെ ഉടമയായിരുന്നു അദ്ദേഹം. ഇ-മെയിലുകൾ അയയ്ക്കാനും സ്കാൻ ചെയ്ത് ഡോക്കുമെന്റുകൾ അയയ്ക്കാനുമൊക്കെ സ്വയം പരിശീലിച്ച അച്ഛൻ സ്വന്തമായി ഒരു സാംസങ് ടാബും ഉപയോഗിച്ചിരുന്നു. മലയാളം കീബോർഡ് ഉപയോഗിച്ച് ടൈപ്പ് ചെയ്യാനും വാട്സാപ്, ഫേസ്ബുക്ക് മെസഞ്ചർ എന്നിവയിലൂടെ സംവദിക്കാനും സാധിച്ചിരുന്നു. ഇവയൊക്കെത്തന്നെ ഇന്ന് സാധാരണ കാര്യങ്ങളാണെങ്കിലും ഒരു 'ഡിജിറ്റൽ ഡിവൈഡിന'പ്പുറത്തു നിന്നും ഇപ്പുറത്തേക്കുള്ള യാത്ര ഒട്ടും തന്നെ എളുപ്പമല്ലെന്നോർക്കണം.

ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ചശേഷം ഏതാണ്ട് മുഴുവൻ സമയവും ക്ഷത്രിയക്ഷേമസഭയുടെ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട അച്ഛൻ സുന്ദരവിലാസം കോമ്പൗണ്ടിലുള്ള സഭയുടെ ഓഫീസിലാണ് പകലുകൾ ചിലവിട്ടിരുന്നത്. വാർത്താപത്രിക (ഇന്നത്തെ 'ക്ഷാത്രസ്പന്ദനം') യുടെ പത്രാധിപരായി ദീർഘകാലം പ്രവർത്തിക്കുകയും സ്വയം ഒട്ടനവധി ലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇങ്ങനെ പലപ്പോഴായെഴുതിയ ലേഖനങ്ങളും പത്രങ്ങളിലും മറ്റും പ്രസിദ്ധീകരിച്ച വാർത്താവീക്ഷണങ്ങളും മറ്റും സമാഹരിച്ചാണ് അച്ഛൻ തന്റെ ചിരകാലാഭിലാഷമായ 'ജന്മസാഫല്യം' എന്ന പുസ്തകം പ്രസിദ്ധീകരിച്ചത്. ക്ഷത്രിയക്ഷേമസഭയുടെ പ്രവർത്തനങ്ങളിലൂടെ ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവുമായും കവടിയാർ കൊട്ടാരവുമായും അടുപ്പത്തിലായ അച്ഛൻ ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിലെ നിലവറകൾ തുറന്നുള്ള പരിശോധനയുടെ സമയത്ത് രാജപ്രതിനിധിയായി അതിൽ പങ്കെടുക്കുകയും ഏതാണ്ട് ഏഴു വർഷക്കാലത്തോളം അതിന്റെ താക്കോലുകൾ സൂക്ഷിക്കുകയും ചെയ്തിരുന്നു. 2011 ആഗസ്റ്റിൽ നടന്ന അഷ്ടമംഗല്യ പ്രശ്നത്തിലും അച്ഛൻ തന്നെയാണ് മഹാരാജാവിന്റെ പ്രതിനിധിയായി പങ്കെടുത്തത്. ഈ അടുപ്പം പിൽക്കാലത്ത് അച്ഛനെ ക്ഷേത്രത്തിന്റെ ട്രസ്റ്റിലേക്ക് ഒരു അംഗമായി പ്രവർത്തി

*ശേഷം പേജ് 30ൽ*

# റിയാക്ട് ധനസഹായം



റിയാക്ടിന്റെ ധനസഹായമായ 25000/- രൂപയുടെ ചെക്ക് പൂഞ്ഞാർ എസ്.എം.വി. സ്കൂൾ ഹെഡ് മാസ്റ്റർ സ്കൂളിലെ 9-ാം ക്ലാസ് വിദ്യാർത്ഥി വിഷ്ണുവിന് കൈമാറുന്നു. വിഷ്ണുവിന്റെ കാലിന്റെ ശസ്ത്രക്രിയയ്ക്കു വേണ്ടിയാണ് ഈ തുക അനുവദിച്ചത്.



വാഹനാപകടത്തെ തുടർന്ന് ചികിത്സയിൽ കഴിയുന്ന നീലേശ്വരം യൂണിറ്റിലെ ടി.സി. രവിവർമ്മ രാജയ്ക്ക് റിയാക്ടിൽ നിന്നും ചികിത്സാസഹായമായി അനുവദിച്ച 75000 രൂപയുടെ ചെക്ക് മുൻ സംസ്ഥാന പ്രസിഡന്റ് കെ. സി. മാനവർമ്മ രാജ രവിവർമ്മ രാജയുടെ പിതാവ് സുനിൽവർമ്മക്ക് കൈ മാറുന്നു. നീലേശ്വരം യൂണിറ്റ് പ്രസി. വി.സി. കൃഷ്ണവർമ്മരാജ, സെക്രട്ടറി എ.സി. രാകേഷ് എന്നിവർ സമീപം.



മകന്റെ ശസ്ത്രക്രിയയ്ക്കു വേണ്ടിയുള്ള ധനസഹായമായി അനുവദിച്ച ചെക്ക് റിയാക്ട് ജനറൽ സെക്രട്ടറി പി.കെ. രഘുവർമ്മ തിരുവനന്തപുരത്തുള്ള ശ്രീമതി ഓമനയ്ക്ക് കൈമാറുന്നു. റിയാക്ട് ചെയർ പേഴ്സൺ ഡോ. എം. ലളിതാംബിക സമീപം.



# സ്മരണാഞ്ജലി

ക്ഷത്രിയക്ഷേമസഭയുടെ എല്ലാമെല്ലാമായിരുന്ന പ്രിയപ്പെട്ട **'കുട്ടൻ ചേട്ടൻ' (എം. രവിവർമ്മ രാജ)** വിട്ടുപിരിഞ്ഞിട്ട് ജൂലൈ 16ന് ഒരു വർഷം തികയുന്നു. ആ ദീപ്തമായ ഓർമ്മകൾക്കു മുന്നിൽ സാദര പ്രണാമം.

# ബാഷ്പാഞ്ജലി



ക്ഷത്രിയക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് പ്രസിഡണ്ട് പി.എം. സുബ്രഹ്മണ്യന്റെ സഹധർമ്മിണിയും കരിവെള്ളൂർ യൂണിറ്റ് വനിതാവിഭാഗം പ്രസിഡണ്ടുമായ കരിവെള്ളൂർ ഓണക്കുന്ന് 'ശ്രേയസ്സി'ൽ **എൻ. പി. വത്സല** (61) നിര്യാതയായി. പരേതനായ വി.എം. കൃഷ്ണൻ ഉണിത്തിരിയുടേയും (പലിയേരിക്കൊവ്വൽ), എൻ.പി. പാപ്പുക്കുട്ടി പിള്ളയാർതിരി അമ്മയുടേയും മകളാണ്.

മക്കൾ: വീണ (ദുബായ്), വിനോദ് (ഐ.ടി കമ്പനി, അബുദാബി). മരുമക്കൾ: എ.എം. സുധീർ വർമ്മ (ഇലക്ട്രിക്കൽ എഞ്ചിനീയർ, ദുബായ്), ധന്യ (അബുദാബി)

# പ്രിയ സഹോദരീ... വിട

**ടി. എം. ശ്രീകുമാർ,** കരിവെള്ളൂർ. മൊ. 9495870097



നിറഞ്ഞ പുഞ്ചിരിയോടെ വേദനകളും വിഷമതകളും ഉള്ളിലൊതുക്കി എപ്പോഴും മറ്റുള്ളവരുടെ സങ്കടങ്ങളിൽ ആശ്വാസം പകർന്ന് ദാനധർമ്മാദികൾ ചെയ്ത് എല്ലാവരുടേയും സ്നേഹാദരങ്ങൾ പിടിച്ചു പറ്റിയ നമ്മുടെ വത്സലാ സുബ്രഹ്മണ്യൻ ഓർമ്മയായി. വളരെ ചെറുപ്രായത്തിൽ തന്നെ വിവാഹിതയായി. ഭർത്താവ് സുബ്രഹ്മണ്യനൊപ്പം നിരവധി വർഷക്കാലം വിദേശത്ത് താമസിച്ച് അവിടേയും ആതുര സേവന പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് വളരെയധികം ശ്രദ്ധ പിടിച്ചു പറ്റിയ വ്യക്തിത്വത്തിന്റെ ഉടമയാണ് വത്സല. ഒരിക്കൽ പരിചയപ്പെട്ടാൽ ജീവിതത്തിൽ ഒരിക്കലും മറക്കാനാവാത്ത സ്ത്രീരത്നം. വീട്ടിൽ വരുന്നവരോട് മാന്യമായ പെരുമാറ്റം ആദരവ് നിറഞ്ഞ പുഞ്ചിരി. അതിയുടെ പൂർണ്ണ സംതൃപ്തിയ്ക്കുള്ള ഉത്സാഹം എന്നിവയാണ് വത്സലയെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തമാക്കുന്നത്. കരിവെള്ളൂരിലെ ക്ഷത്രിയ കുടുംബാംഗങ്ങൾക്ക് ഇവർ മകളാണ്. സഹോദരിയാണ്. അമ്മയാണ്. കഴിഞ്ഞ നാല് വർഷമായി കരൾ സംബന്ധമായ അസുഖം കാരണം ചികിത്സയിലാണ്. എന്നാൽ തനിക്ക് അസുഖമുണ്ടെന്ന കാര്യമേ വകവയ്ക്കാതെ സമൂഹത്തിനായി, കുടുംബത്തിനായി ജീവിതാവസാനം വരെ പ്രവർത്തിച്ചു.


എല്ലാ മാസവും രണ്ടാമത്തെ ഞായറാഴ്ച വൈകുന്നേരം 3 മണിക്ക് യൂണിറ്റ് പ്രസിഡന്റിന്റെ വസതിയിൽ ഭരണസമിതി യോഗവും പ്രതിമാസ സമ്പാദ്യ വസതി ലേലവും നടക്കുന്നു. ഞാനും കൃഷ്ണേട്ടനും മാധവേട്ടനും (അടുത്തില) നേരത്തെ തന്നെ എത്തും. ദാമോദരേട്ടനും (അന്നൂർ) ബാലനും ശ്രീധര വർമ്മയും സി.കെ. രാഘവനും കൃഷ്ണകുമാറും മൂന്ന് മണിയോടെ എത്തും. ഇതിനിടെ പലതവണ വത്സല പൂമുഖത്ത് വന്നു കുശലാന്വേഷണം നടത്തിപോകും. മൂന്ന് മണിയാകുമ്പോൾ പ്രസിഡന്റ് ശ്രീ സുബ്രഹ്മണ്യൻ യോഗ നടപടി ആരംഭിക്കുന്നതിനായി പറയും. പിന്നെ സംഘടന കാര്യങ്ങളെ കുറിച്ചുള്ള ചർച്ച. വത്സല ഇതിനിടെ വന്ന് ചോദിക്കും മധുരമില്ലാത്ത ചായ എത്ര പേർക്കു വേണം. ചർച്ചകൾ പൂർത്തിയാക്കിയാൽ ഉടനെ വത്സലയുടെ ചായ സൽക്കാരം, പലതരം മുറുക്കുകൾ, മിക്സ്ചർ, ബിസ്ക്കറ്റ്, ചിപ്സ്, ചക്ക അപ്പം, ഈത്തപ്പഴം അങ്ങനെ എത്രയെത്ര പലഹാരങ്ങൾ... ഇനി ഇതെല്ലാം ഓർമ്മകൾ മാത്രം.

2018 നവംബർ 11ന് കരിവെള്ളൂരിൽ വച്ച് നടന്ന ക്ഷത്രിയ ക്ഷേമ സഭ 37-ാം സംസ്ഥാന സമ്മേളനം. സമ്മേളനത്തിന് മൂന്ന് മാസം മുമ്പ് തന്നെ പ്രവർത്തനം തുടങ്ങി. മിക്ക ദിവസങ്ങളിലും സുബ്രഹ്മണ്യന്റെ വീട്ടിൽ ഞാനും കൃഷ്ണേട്ടനും സുബ്രഹ്മണ്യനും ഒത്തുകൂടും. പല കാര്യങ്ങളിലും ചർച്ചയും തീരുമാനങ്ങളും എല്ലാത്തിലും വത്സലയുടെ അഭിപ്രായം കൂടി കണക്കിലെടുത്താണ് അന്തിമ തീരുമാനം. സമ്മേളനത്തിൽ പങ്കെടുക്കുന്നവരുട യാത്രാസൗകര്യം, താമസം, ഭക്ഷണം, സ്വീകരണം, രജിസ്ട്രേഷൻ എന്നിവയെല്ലാം ഭംഗിയായി നടന്നു. വിശിഷ്ട വ്യക്തികളായ സുരേന്ദ്രനാഥ് വർമ്മ, (സുരൻ ചേട്ടൻ) എം. രവിവർമ്മ രാജ (കുട്ടൻ ചേട്ടൻ), ശശികുമാർ വർമ്മ, ആർ. രാമവർമ്മ (വിജയൻ) സംസ്ഥാന സെക്രട്ടറി ആയിരുന്ന ഉദയ വർമ്മ, കൃഷ്ണവർമ്മ, കോമളം കൃഷ്ണവർമ്മ, രവിവർമ്മ (എറണാകുളം) ലീലാഭായി തമ്പുരാട്ടി, എം. ലളിതാംബിക (മണി ചേച്ചി) എന്നിവരെല്ലാം തലേ ദിവസം തന്നെ സമ്മേളനത്തിനായി കരിവെള്ളൂരിൽ എത്തിയപ്പോൾ അവരെയൊക്കെ സ്നേഹത്തോടെ നിറപുഞ്ചിരിയുമായി സ്വീകരിച്ചത് വത്സലയടക്കമുള്ള സഭാംഗങ്ങളാണ്. ഇവരുടെ താമസം, ഭക്ഷണം, മറ്റു സൗകര്യങ്ങൾ എന്നിവയെല്ലാം സുബ്രഹ്മണ്യന്റെ ഭവനത്തിൽ വത്സലയുടെ നേതൃത്വത്തിലാണ് നടന്നത്. കൂടാതെ സമ്മേളന ദിവസമായ 2018 നവംബർ 11 രാവിലെ 5 മണി മുതൽ അതിഥികൾക്കുള്ള ബെഡ്കോഫി, കുളിക്കാനുള്ള സൗകര്യങ്ങൾ ഒരുക്കൽ തുടങ്ങി വൈകുന്നേരം മുതൽ രാത്രി 7 മണി വരെ വിശിഷ്ട വ്യക്തികൾക്കുള്ള രാത്രി യാത്രയിൽ ആവശ്യമായ ഭക്ഷണം തയ്യാറാക്കി പാക്ക് ചെയ്ത് ഓരോരാളെയും ഏൽപ്പിക്കുന്ന ചുമതല കൂടി നിർവ്വഹിച്ചത് മറക്കാനാവാത്ത അനുഭവമാണ്.

ഇനി അതെല്ലാം മധുര സ്മരണകൾ മാത്രം. വത്സലയ്ക്ക് നമ്മെ ആരെയും വിട്ട് പിരിയാനാകില്ല. നമുക്ക് അവരേയും. ഓർമ്മകളിൽ ഇന്നും വത്സല ജീവിക്കും. വത്സലയുടെ വിയോഗം നികത്താൻ കാലം കുറെ കഴിയേണ്ടിവരും. സഹോദരീ... എന്നും നീ ഞങ്ങൾക്കൊപ്പമുണ്ട്.

പ്രിയ സഹോദരിയുടെ ആത്മാവിന് നിത്യശാന്തി നേരുന്നു. ആദരാഞ്ജലികളോടെ നിറകണ്ണുകളോടെ...


# മരണമില്ലാത്ത വീഥികളിലൂടെ



**ആർ. രാമവർമ്മ (വിജയൻ),** തിരുവനന്തപുരം, ഫോ. 9496040055

സാങ്കേതികമായി പറഞ്ഞാൽ എം. രവിവർമ്മരാജ എന്ന നമ്മുടെ കുട്ടൻചേട്ടൻ ഈ ലോകത്തുനിന്ന് യാത്രയായിട്ട് ഏതാണ്ട് ഒരു വർഷം പിന്നിട്ടിരിക്കുന്നു. എന്നാൽ അത് മിഥ്യ എന്നു തോന്നത്തക്കവണ്ണം അദ്ദേഹത്തിന്റെ ഓർമ്മകൾ കുട്ടൻചേട്ടനെ പരിചയമുള്ള എല്ലാവരിലും സജീവമായി നിലകൊള്ളുന്നു എന്നതാണ് സത്യം. അതാണ് കുട്ടൻ ചേട്ടൻ. സ്വഭാവഗുണം കൊണ്ടും പരോപകാരാർത്ഥ തല്പരത കൊണ്ടും കുലീനത്വം കൊണ്ടും സ്നേഹമസൃണമായ പെരുമാറ്റം കൊണ്ടും നമ്മുടെ ഹൃദയത്തിൽ സ്ഥിരപ്രതിഷ്ഠ നേടിയ ആ വ്യക്തിയെ ആർക്കു മറക്കുവാൻ സാധിക്കും?

ഫെബ്രുവരി 9, 1977 എന്നത്തേയും പോലെ ഒരു സാധാരണ ദിവസമായിരുന്നു അന്നും. എന്നാൽ എന്നെ സംബന്ധിച്ചിടത്തോളം എന്റെ ജീവിതത്തെ സ്പർശിച്ച രണ്ടു വ്യക്തികളെ ആദ്യമായി കണ്ട ദിവസം. ഒരാൾ എന്റെ ഗുരുവും മാർഗ്ഗദർശിയുമായി. അടുത്തയാൾ പിന്നീടെന്റെ സന്തത സഹചാരിയുമായി മാറി. അവർ മറ്റാരുമായിരുന്നില്ല. ഭാരതത്തിന്റെ പ്രസിഡന്റായി തീർന്ന ഡോ. എ.പി. ജെ. അബ്ദുൾകലാമും എം. രവിവർമ്മരാജയും. അന്നായിരുന്നു ഞാൻ തുമ്പ വിക്രം സാരാഭായി ബഹിരാകാശ കേന്ദ്രത്തിൽ ജോലിയിൽ പ്രവേശിച്ചത്. ഭാരതത്തിന്റെ ആദ്യ ഉപഗ്രഹവാഹിനി വിക്ഷേപിണിയായ SLV-3 യുടെ നിർമ്മാണത്തിനും വിക്ഷേപണത്തിനും ചുക്കാൻപിടിക്കാൻ നിയുക്തനായ ഡോ. അബ്ദുൾ കലാമിന് റിപ്പോർട്ട് ചെയ്തുകൊണ്ടായിരുന്നു ഞാൻ ഔദ്യോഗിക ജീവിതം ആരംഭിച്ചത്. ജോലിയിൽ പ്രവേശിക്കാൻ തിരുവനന്തപുരത്തേക്കു വണ്ടി കയറുമ്പോൾ എനിക്കു കിട്ടിയ ഏക റഫറൻസ് എം. രവിവർമ്മരാജ എന്ന പേരായിരുന്നു. 'കുട്ടൻ' എന്നാണ് അദ്ദേ



ഹത്തിന്റെ വിളിപ്പേര് എന്നും പറഞ്ഞു. അദ്ദേഹവും ഐ.എസ്. ആർ.ഒ. ഉദ്യോഗസ്ഥൻ തന്നെ ആയിരുന്നു. ജോലിയിൽ പ്രവേശിച്ച ആ ദിവസം തന്നെ എം. രവിവർമ്മരാജ എന്ന വ്യക്തിയെ അറിയുമോ എന്ന് കലാംസാറിന്റെ മലയാളിയായ പ്രൈവറ്റ് സെക്രട്ടറിയോട് അന്വേഷിച്ചു. നമ്മൾ വിധി, നിയോഗം എന്നൊക്കെ പറയാറില്ലേ അതാണ് പിന്നീട് സംഭവിച്ചത്. അയ്യോ അതു നമ്മുടെ വർമ്മ കുട്ടനോ! ഇതായിരുന്നു അദ്ദേഹം ഉത്തരമായി തിരിച്ചു ചോദിച്ചത്. കുട്ടൻ ചേട്ടൻ ആ ഓഫീസിന്റെ തന്നെ മറ്റൊരു കെട്ടിടത്തിലായിരുന്നു പ്രവർത്തിച്ചിരുന്നത്. അന്ന് അതൊരു സാധാരണ പരിചയപ്പെടൽ ആയിരുന്നെങ്കിലും ആ കൂടിക്കാഴ്ച എന്റെ ജീവിതത്തിലെ ഒരു പ്രധാന നാഴികക്കല്ലായി. എന്നുതന്നെയുമല്ലാ ഇന്നു നിലവിലുള്ള ക്ഷത്രിയക്ഷേമസഭ എന്ന മഹാസംരംഭത്തിന്റെ തുടക്കം കുറിക്കുവാൻ അത് ഹേതുവുമായി ത്തീർന്നു. ഞങ്ങൾ തമ്മിൽ പിന്നീടു നടന്ന സൗഹൃദസംഭാഷണങ്ങളിലായിരുന്നു പുതുതായി ഒരു ക്ഷത്രിയക്ഷേമസഭ എന്ന ആശയം ഉടലെടുത്തതും എം.സി. കേരളവർമ്മ എന്ന അദ്ദേഹത്തിന്റെ മാതുലനെ പരിചയപ്പെടാൻ ഇടവന്നതും നിലവിലുള്ള നമ്മുടെ ഈ സംഘടന രൂപീകരിച്ചതും.

വിസ്താര ഭയത്താൽ സഭയുടെ ചരിത്രത്തിലേക്കു കടക്കുന്നില്ല. പക്ഷേ കുട്ടൻചേട്ടനെക്കുറിച്ച് എന്ത് എഴുതിയാലും അത് സഭാ സംബന്ധമായ കാര്യങ്ങളിലേക്ക് എത്തിച്ചേരും. അത്ര ഇഴുകിയ ബന്ധമായിരുന്ന. കുട്ടൻചേട്ടനും സഭയും തമ്മിൽ. കേന്ദ്ര ക്ഷത്രിയ ക്ഷേമസഭയ്ക്കും തിരുവനന്തപുരം ക്ഷത്രിയക്ഷേമസഭയ്ക്കും അദ്ദേഹത്തിന്റെ സംഭാവനകൾ അത്ര ഏറെ ആയിരുന്നു. കുട്ടൻ ചേട്ടനെ കുറിച്ചുള്ള ഓർമ്മകൾ എന്നാൽ അതിൽ നല്ലൊരു പങ്കും ക്ഷത്രിയ ക്ഷേമസഭയുടെ ചരിത്രം തന്നെയാണ്. എം.സി. കേരളവർമ്മയുടെ നിര്യാണത്തിനുശേഷം സഭയുടെ ഓഫീസ് തന്നെ കുട്ടൻചേട്ടന്റെ വസതിയായ 'കൃഷ്ണവിഹാർ' ആയിരുന്നു. സഭാ ഓഫീസ് സുന്ദരവിലാസം കൊട്ടാരം വളപ്പിലെ

കെട്ടിടത്തിലേക്ക് മാറ്റിയപ്പോൾ കുട്ടൻചേട്ടന്റെ ജീവിതവും ഏതാണ്ട് അവിടേയ്ക്കു മാറ്റി. അത്ര അർപ്പണബോധത്തോടു കൂടിയ പ്രവർത്തനമായിരുന്നു അദ്ദേഹത്തിന്റേത്. സഭയുടെ എല്ലാ പ്രവർത്തനങ്ങളിലും അദ്ദേഹത്തിന്റെ സംഭാവനകൾ വളരെ ശക്തമായിരുന്നു. യൂണിറ്റുകൾ രൂപീകരിക്കുക, സംവരണ വിഷയത്തിൽ കമ്മീഷൻ മുൻപാകെ നിവേദനങ്ങളും തെളിവുകളും നല്കുക മറ്റ് സംവരണേതര സമുദായസംഘടനകളുമായി യോജിച്ച് സംവരണ നയത്തിന് മാറ്റം വരുത്തുന്നതിന് സർക്കാരിൽ സമ്മർദ്ദം ചെലുത്തുക, ക്ഷത്രിയരുടെ അടുത്തൂൺ, മാലിഖാന മുതലായവ ആനുകാലികമായി വർദ്ധിപ്പിക്കുവാൻ നിവേദനം സമർപ്പിക്കുക, ആവശ്യമെങ്കിൽ അതിനു വേണ്ടി നിയമനടപടികൾ സ്വീകരിക്കുക, വൈവാഹിക കാര്യങ്ങളിൽ സമുദായാംഗങ്ങളെ സഹായിക്കുക, സെക്രട്ടേറിയറ്റ് അക്കൗണ്ടന്റ് ജനറൽ ഓഫീസ് തുടങ്ങിയ ഗവൺമെന്റ് സ്ഥാപനങ്ങളിൽ സഭാംഗങ്ങൾക്കുവേണ്ടി ലെയിസൺ ജോലികൾ നടത്തുക എന്നിങ്ങനെ സഭാപ്രവർത്തനങ്ങളുടെ എല്ലാ മേഖലകളിലും അദ്ദേഹത്തിന്റെ വ്യക്തമായ കയ്യൊപ്പ് ഉണ്ടായിരുന്നു. കേന്ദ്രസംഘടന രൂപീകരണത്തിനുശേഷം തിരുവനന്തപുരം യൂണിറ്റിന്റെ രൂപീകരണം വളരെ പെട്ടെന്നുതന്നെ സാദ്ധ്യമായത് കുട്ടൻചേട്ടന്റെ ഉത്സാഹം കൊണ്ടായിരുന്നു. എം.സി. കേരളവർമ്മ തുടങ്ങി വച്ച വാർത്താപത്രികയെന്ന ബുള്ളറ്റിനെ ചിട്ടയോടെ പ്രസിദ്ധീകരിക്കുന്ന ഒരു ത്രൈമാസികയായി വളർത്തിയതിന്റെ പൂർണ്ണ ഉത്തരവാദിത്തവും സംഭാവനകളും കുട്ടൻചേട്ടന്റേതായിരുന്നു. വാർത്തകൾ ശേഖരിക്കുന്നതിലും എഡിറ്റു ചെയ്യുന്നതിലും അച്ചടിച്ച് വിതരണം ചെയ്യുന്നതിലും എല്ലാം ഏതാണ്ട് മുഴുവൻ പങ്കും കുട്ടൻചേട്ടന്റേതായിരുന്നു. വളരെക്കാലം സഭാപ്രസിദ്ധീകരണത്തിന്റെ ചീഫ് എഡിറ്റർ കുട്ടൻചേട്ടൻ തന്നെ ആയിരുന്നു.

സഭാപ്രവർത്തനത്തിന്റെ ഭാഗമായി നടത്തിയ പല യാത്രകളിലും ധാരാളം രസകരങ്ങളായ അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. സന്ദർഭത്തിനു യോജിച്ച വിഷയമല്ലാത്തതിനാൽ ഇപ്പോൾ അതിലേക്കു കടക്കുന്നില്ല. പ്രവർത്തനം നിലച്ച് നിർജീവമായ യൂണിറ്റുകൾക്ക് പുനർജന്മം നല്കുവാനും പുതിയ യൂണിറ്റുകൾ രൂപീകരിക്കുവാനും എത്രയെത്ര യാത്രകൾ. ചിലപ്പോൾ ദിവസങ്ങളോളം എടുക്കുന്ന യാത്രകളും ഉണ്ടാകാറുണ്ട്. പ്രവർത്തനം നിലച്ച കോഴിക്കോടു യൂണിറ്റിനെ പുനരുജ്ജീവിപ്പിക്കുവാൻ ഏതാണ്ട് നാലുദിവസത്തോളം ഞാനും കുട്ടൻചേട്ടനും പി.ജി. ശശികുമാരവർമ്മയും ഒരു ഹോട്ടലിൽ താമസിച്ച് അവിടെയുള്ള അംഗങ്ങളെ വിളിച്ചുകൂട്ടി പുതിയ കമ്മിറ്റിയെതിരഞ്ഞെടുത്ത് യൂണിറ്റ് പ്രവർത്തനക്ഷമമാക്കുവാൻ സജ്ജമാക്കി.

നാഗർകോവിലിനടുത്ത് മഹേന്ദ്രഗിരി എന്ന സ്ഥലത്തുള്ള ഐ.എസ്.ആർ.ഒ.യുടെ യൂണിറ്റിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായി ജോലി നോക്കിയപ്പോഴും സഭാപ്രവർത്തനം വിട്ടൊഴിഞ്ഞില്ല. വൈകുന്നേരങ്ങളിൽ സഭാഭാരവാഹികളുമായി ബന്ധപ്പെട്ട് സഭാപ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നത് കൃത്യനിഷ്ഠയുടെ ഒരു ഭാഗമായിരുന്നു. പങ്കെടുക്കുന്ന മീറ്റിംഗുകളുടെ പ്രസക്ത ഭാഗങ്ങൾ ക്രോഡീകരിച്ച് റിക്കാർഡ് ആക്കുക അദ്ദേഹത്തിന്റെ ഒരു ഇഷ്ട വിനോദമായിരുന്നു.

ക്ഷത്രിയക്ഷേമസഭയുടെ പ്രവർത്തനങ്ങൾ എന്നപോലെ സമൂഹത്തിലെ പൊതുകാര്യ പ്രവർത്തനത്തിലും അദ്ദേഹത്തിനു വളരെ ഉത്സാഹമായിരുന്നു. റസിഡന്റ്സ് അസോസിയേഷന്റെ പ്രസിഡന്റായി സേവനം അനുഷ്ഠിച്ചിരുന്നു. ശ്രീ പരമേശ്വർജി നയിച്ച ഭാരതീയ വിചാരകേന്ദ്രവുമായി നല്ല ആത്മബന്ധം പുലർത്തിയിരുന്നു. മുന്നോക്ക സമുദായ മുന്നണിയുമായി ചേർന്ന് സഭാംഗങ്ങൾക്ക് താല്പര്യമുള്ള വിഷയങ്ങളിൽ സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുവാൻ പലപ്പോഴും സാധിച്ചിട്ടുണ്ട്. ആനുകാലികവിഷയങ്ങളിൽ ദിനപത്രങ്ങളുടെ പത്രാധിപർക്ക് ശക്തമായ ഭാഷയിൽ പ്രതികരണങ്ങൾ നൽകുവാനും സമയം കണ്ടെത്തിയിരുന്നു.

കുട്ടൻചേട്ടന്റെ ജീവിതത്തെ ഏറ്റവുമധികം സ്പർശിച്ചിരുന്നത് പ്രധാനമായും നാലു വിഷയങ്ങളായിരുന്നു എന്നെനിക്ക് തോന്നുന്നു. ഒന്ന് അദ്ദേഹത്തിന്റെ കുടുംബജീവിതവും ഓഫീസ് ജീവിതവുമായി ബന്ധപ്പെട്ട വിഷയങ്ങൾ. രണ്ട് ക്ഷത്രിയ ക്ഷേമസഭയുമായി ബന്ധപ്പെട്ട വിഷയങ്ങൾ. മൂന്ന് ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ നിലവറകളിലെ വസ്തുവകകളുടെ കണക്കെടുപ്പുമായി ബന്ധപ്പെട്ട് സുപ്രീംകോടതി നിയോഗിച്ച സമിതിയിൽ രാജപ്രതിനിധിയായി പങ്കെടുത്ത അനുഭവങ്ങൾ. നാല് മറ്റു സംഘടനകളുമായി ചേർന്ന് നടത്തിയ പൊതുപ്രവർത്തനങ്ങൾ. ഇതിൽ അദ്ദേഹം ജന്മസാഫല്യം എന്നു കരുതിയത് ഒരുപക്ഷേ ക്ഷേത്രനിലവറകൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് രാജപ്രതിനിധിയായി ഉള്ള നിയോഗം തന്നെ ആണെന്ന് ഞാൻ വിശ്വസിക്കുന്നു. കുട്ടൻചേട്ടൻ രചിച്ച 'ജന്മസാഫല്യം' എന്ന പുസ്തകത്തിൽ ക്ഷേത്രസംബന്ധമായ ധാരാളം വിവരങ്ങൾ ഹൃദയസ്പർശിയായി വർണ്ണിച്ചിട്ടുണ്ട്. എന്നിരുന്നാലും 'ക്ഷാത്രസ്പന്ദന'വും ക്ഷത്രിയക്ഷേമസഭയും ആയിരുന്നു അദ്ദേഹത്തിന്റെ ജീവനാഡിയും ജീവിതവും.

# ചിത്രശലഭങ്ങളും എന്റെ പാട്ടുപഠിത്തവും

സി.കെ. രവീന്ദ്രവർമ്മ വലിയ രാജാ, ചിറക്കൽ, കണ്ണൂർ

*"ഈ വല്ലിയിൽ നിന്നു ചെമ്മേ പൂക്കൾ
പോകുന്നിതാപറന്നമ്മേ!
തെറ്റി നിനക്കുണ്ണി ചൊല്ലാം നൽപൂ-
മ്പാറ്റകളല്ലേയിതെല്ലാം
മേൽക്കുമേലിങ്ങിവ പൊങ്ങിവിണ്ണിൽ
നോക്കമ്മേയെന്തൊരു ഭംഗി!
അയ്യോ പോയ് കൂടിക്കളിപ്പാനമ്മേ
വയ്യേയെനിക്കു പറപ്പാൻ."*

അടുത്ത വീട്ടിലെ ഒരു കൊച്ചു കുട്ടി ഈണത്തിൽ പാടുന്നു. അതു കേട്ടപ്പോൾ എന്റെ ഓർമ്മകൾ പാറി പ്പറന്നത് ബാല്യകാല വിഹായസ്സിലേക്ക്.

ഞാൻ പാട്ടു പഠിക്കണമെന്ന് അമ്മയ്ക്ക് നിർബ ന്ധം. ഒരു സംഗീതാദ്ധ്യാപകനെ ഏർപ്പാടാക്കി. ഭാഗ വതർ വരുമ്പോൾ ഞാൻ ഒഴിഞ്ഞുമാറും, ഒളിച്ചു നില്ക്കും. അമ്മ അന്വേഷിച്ചു നടക്കും. ഒടുവിൽ കാണുന്നത് പറമ്പിന്റെ അങ്ങേ അറ്റത്തെ ഒരു മൂല യിൽ ഒളിച്ചു നില്ക്കുന്ന എന്നെ. "എന്താടാ നോക്കു ന്നത്?" ഒരു ദിവസം അമ്മ എന്നോടു ചോദിച്ചു.

"അമ്മേ നോക്കൂ, എന്തു ഭംഗിയാണ് ഈ ചിത്ര ശലഭങ്ങൾക്ക്?"

"ഓ, ഒരു സൗന്ദര്യാരാധകൻ! പാട്ടു മാസ്റ്റർ വരു മ്പോളാണ് അവന്റെ സൗന്ദര്യാസ്വാദനം. എത്ര നേര മായി മാസ്റ്റർ കാത്തിരിക്കുന്നു? പോ അകത്തേക്ക്."

സ്ക്കൂളിലേക്ക് ഒച്ചിനെപ്പോലെ ഇഴഞ്ഞിഴഞ്ഞു നീങ്ങുന്ന കുട്ടിയെപ്പറ്റി ഷേക്സ്പിയർ പാടിയിട്ടില്ലേ? അതുപോലെ ഞാൻ പോയി അകത്തേക്ക്.

*"അരസികേഷു കവിത്വ നിവേദനം
ശിരസിമാലിഖ, മാലിഖ, മാലിഖ"*

"അരസികന്മാരെ കവിത പഠിപ്പിക്കാനുള്ള വിധി എന്റെ തലയിൽ എഴുതല്ലേ!" എന്ന് മഹാകവി കാളി ദാസൻ പണ്ട് ബ്രഹ്മാവിനോട് പ്രാർത്ഥിച്ചെന്നു കേട്ടി ട്ടുണ്ട്. അതുപോലെ എന്റെ സംഗീതാദ്ധ്യാപകനും പ്രാർത്ഥിച്ചിട്ടുണ്ടായിരിക്കും.

*"വാസനയില്ലാത്തൊരിക്കൊച്ചു കുട്ടിയെ
പാട്ടു പഠിപ്പിക്കാനെൻ തലയിൽ
കഷ്ടമെഴുതല്ലേ! സാധുവാമെന്നെ നീ
കഷ്ടപ്പെടുത്തല്ലേ ബ്രഹ്മദേവ!"*

ഏതായാലും അദ്ദേഹത്തിന്റെ പ്രാർത്ഥന ബ്രഹ്മ ദേവൻ കേട്ടു. തലയിൽ വരച്ച വര ഏതോ റബ്ബർ കൊണ്ട് മായ്ച്ചു. എന്റെ പാട്ട് പഠിത്തം നിന്നു. എന്നെ യേശുദാസാക്കാനുള്ള അമ്മയുടെ ആഗ്രഹം പൊലി ഞ്ഞു. "Unlike poles attract, Like poles repel'' എന്ന് ഇംഗ്ലീഷിൽ ഒരു ചൊല്ലില്ലേ? അത് എന്റെ കാര്യത്തിൽ ശരിയായി. ഞാൻ വിവാഹം കഴിച്ചത് ഒരു പാട്ടുകാ രിയെ. അവൾ മധുരമായി പാടും. "വെണ്ണിലാച്ചോല യിൽ" എന്ന പഴയ ലളിതഗാനമാണ് ഏറ്റവും ഇഷ്ട പ്പെട്ട ഒരു പാട്ട്. തിരുവനന്തപുരത്ത് ഹിന്ദി വിദ്യാലയ ത്തിൽ പഠിച്ചു കൊണ്ടിരുന്നപ്പോൾ എം.ജി. രാധാകൃ ഷ്ണൻ പഠിപ്പിച്ചിതാണത്രെ.


ഇപ്പോൾ ഞാനോർക്കും. അമ്മയുടെ ആഗ്രഹമ നുസരിച്ച് ഞാൻ പാട്ടു പഠിച്ചിരുന്നെങ്കിൽ ഒരു പാട്ടു കാരനായിരുന്നെങ്കിൽ, ഞങ്ങൾ രണ്ടുപേരും ചേർന്ന് ഒരു ഡ്യുവറ്റ് പാടുമായിരുന്നു:

*"ചന്ദ്രികയിലലിയുന്നു ചന്ദ്രകാന്തം
നിൻചിരിയിലലിയുന്നെൻ ജീവരാഗം
നീലവാനിലലിയുന്നു ദാഹമേഘം
നിൻമിഴിയിലലിയുന്നെൻ ജീവമേഘം."* ●


---

കുട്ടൻ ചേട്ടനെ പരിചയപ്പെട്ട അന്നു മുതൽ ജൂലൈ 16, 2020 വരെ അദ്ദേഹത്തിന്റെ സന്തതസഹ ചാരിയായിത്തീരുവാനുള്ള ഭാഗ്യം എനിക്കുണ്ടായി എന്നത് കൃതാർത്ഥതയോടെ സ്മരിക്കുന്നു. കുട്ടൻചേ ട്ടൻ ക്ഷത്രിയസമുദായത്തിനു നൽകിയ സേവനങ്ങളെ സഭ എക്കാലത്തും നന്ദിപൂർവം സ്മരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ആത്മാർത്ഥമായ പ്രവർത്തനവും കല വറയില്ലാത്ത സഹായങ്ങളും സഭയെ വളർത്തുവാൻ അർപ്പണബോധത്തോടെ എക്കാലവും കർമ്മനിരത നായ കുട്ടൻ ചേട്ടനെപ്പോലെ പ്രയത്നിച്ച വേറൊരാൾ ഉണ്ടെന്നു തോന്നുന്നില്ല. സർവ്വാദരണീയനും സംഘ ടനാ പ്രവർത്തനത്തിന്റെ മാർഗ്ഗദർശിയും അനുകരണീ യനും ആയിരുന്നു കുട്ടൻചേട്ടൻ. 2020 ഏപ്രിൽ ആദ്യം പിടിപെട്ട മിനിഞ്ചയിറ്റിസ് എന്ന രോഗത്തിൽ നിന്നും പൂർണ്ണമായും മുക്തി നേടുന്നതിനിടെ മറ്റു ചില അവയവങ്ങൾക്കും ക്ഷതം സംഭവിച്ചതിനാൽ 2020 ജൂലൈ 16-ാം തീയതി അദ്ദേഹം ഈ ലോക ത്തോട് വിടപറഞ്ഞു. പ്രാതസ്മരണീയമായ ആ ധന്യാത്മാവിന്റെ ജീവിതത്തിനു മുൻപിൽ ഒരിക്കൽ കൂടി ആദരാഞ്ജലികൾ അർപ്പിക്കുന്നു. ●

# ശ്രീ നാരായണഗുരുവിന്റെ ബ്രഹ്മവിദ്യാപഞ്ചകം



കെ.സി. രാമവർമ്മ രാജ, വലിയ രാജ, നീലേശ്വരം



ശ്രീനാരായണ ഗുരുവിന്റെ ജനനം 1856ൽ, തിരുവനന്തപുരം ചെമ്പഴന്തിയിലായിരുന്നു. 'ദൈവ ദശക'ത്തിലൂടെ, ഗുരുജി, എന്തായിരിക്കണം ജീവിതത്തോടുള്ള നമ്മുടെ സമീപനം എന്ന് പറഞ്ഞുതന്നു. അത് 'ദൈവ ദശകം- ഒരു ആസ്വാദനം' എന്ന ലേഖനത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. അതിൽ, എങ്ങിനെയാണ് ദൈവം നമ്മളേയും മുഴുവൻ വിശ്വത്തേയും കൈകോർത്ത് പിടിച്ചിരിക്കുന്നത്, എന്ന് ചിത്രീകരിച്ചിട്ടുണ്ട്. എന്നാൽ, 'ബ്രഹ്മവിദ്യാപഞ്ചക' ത്തിൽ, ഗുരുജി, ആദ്ധ്യാത്മിക ദൃശ്യങ്ങളിലേക്ക് നമ്മുടെ കണ്ണുകളെ തുറപ്പിക്കയാണ് ചെയ്യുന്നത്. അത് എങ്ങിനെയാണെന്ന് നോക്കാം.

*നിത്യാനിത്യ വിവേകതോ ഹിനിതരാം*
*നിർവേദമാപദ്യ സദ്-*
*വിദ്വാനത്ര ശമാദിഷട്കലസിതഃ*
*സ്യാന്മുക്തികാമോ ഭുവി,*
*പശ്ചാദ്, ബ്രഹ്മവിദുത്തമം പ്രണതിസേ-*
*വാദ്യൈഃ പ്രസന്നം ഗുരും*
*പൃച്ഛേത് കോഽഹമിദം കുതോ ജഗദിതി*
*സ്വാമിൻ! വദ ത്വം പ്രഭോ!*

*സാരം:* സത്യത്തെക്കുറിച്ച് പരോക്ഷമായ അറിവുള്ളവൻ നിത്യമേത്? അനിത്യമേത്? എന്ന വിവേചന ബുദ്ധി കൊണ്ട്, അത്യന്തം വിരക്തിയെ പ്രാപിച്ച്, ശമം, ദമം, ഉപരതി, തിതീക്ഷ, ശ്രദ്ധ, സമാധാനം എന്നീ സാധനകളെ കൊണ്ട് ശോഭിച്ച്, മുക്തിയെ, ആഗ്രഹിക്കുന്നവനായിത്തീരുന്നു. എന്നിട്ട്, ബ്രഹ്മജ്ഞാനിയായ ഒരു ഗുരുവിനെ, പ്രണാമം, ശുശ്രൂഷ എന്നിവ കൊണ്ട് പ്രസാദിപ്പിച്ചിട്ട് "ഞാൻ ആർ? ഈ പ്രപഞ്ചം എവിടെ നിന്ന് വന്നു? അല്ലയോ സ്വാമിൻ! അല്ലയോ പ്രഭോ! പറഞ്ഞ് തന്നാലും" എന്ന് അഭ്യർത്ഥിക്കുന്നു.

*ത്വം ഹി ബ്രഹ്മ ന ചേന്ദ്രിയാണി നമനോ*
*ബുദ്ധിർ ന ചിത്തം വപുഃ*
*പ്രാണാഹങ്കൃതയോഽന്യഭ പ്യ സഭവി-*
*ദ്യാകല്പിതം സ്വാത്മനി*
*സർവം ദൃശ്യതയാ ജഡം ജഗദിദം-*
*ത്വത്തഃപരം നാന്യതോ*
*ജാതം ന സ്വത ഏവ ഭാതി മൃഗ തൃ-*
*ഷ്ണാഭം ദരീദൃശ്യതാം.*

*സാരം:*

നീ തന്നെയാകുന്നു ബ്രഹ്മം. ഇന്ദ്രിയങ്ങൾ, മനസ്സ്, ബുദ്ധി, ചിത്തം, ദേഹം ഒന്നുമല്ല. മറ്റ് പ്രാണൻ, അഹങ്കാരം മുതലായവയൊന്നുമല്ല. എല്ലാം അസത് ആണ്. അവിദ്യയാൽ, ആത്മാവിൽ, കല്പിക്കപ്പെട്ടതാണ്. ഈ സകല ജഗത്തും ദൃശ്യമായതുകൊണ്ട് ജഡമാണ്. മറ്റൊന്നിൽ നിന്നുണ്ടായതല്ല. സ്വയം പ്രകാശിക്കുന്നതുമല്ല, നിന്നിൽ നിന്ന് വേറിട്ട് ഒന്നുമില്ല. മരുഭൂമിയിൽ ജലം കാണപ്പെടുന്നത് പോലെയാണ്, ഈ പ്രപഞ്ചം കാണപ്പെടുന്നത്, ഇത് മിഥ്യയാണ്. ഇങ്ങനെ വേണ്ടവിധം അറിയുക.

*വ്യാപ്തം യേന ചരാപരം ഘടശരാ-*
*വാദീപ മൃത്സത്തയാ*
*യസ്യാന്തഃ സ്ഫുരിതം യാദാത്മകമിദം*
*ജാതം യതോ വർതതേ*
*യസ്മിൻ യത് പ്രലയേഽപി സദ് ഘനമജം*
*സർവം യദന്വേതി തത്*
*സത്യം വിദ്ധ്യമൃതായ നിർമല ധിയോ*
*യസ്മൈ നമസ്കുർവതേ.*

*സാരം:* മണ്ണെന്ന വസ്തുവിനാൽ കുടം, ചട്ടി എന്നിവ വ്യാപിക്കപ്പെട്ടിരിക്കുന്നത് പോലെ, യാതൊന്നിനാൽ ഈ സകല പ്രപഞ്ചവും വ്യാപിക്കപ്പെട്ടിരിക്കുന്നുവോ; യാതൊന്നിന്റെ ഉള്ളിൽ ഈ പ്രപഞ്ചം പ്രകാശിച്ചുകൊണ്ടിരിക്കുന്നുവോ; ഈ പ്രപഞ്ചം യഥാർത്ഥത്തിൽ യാതൊന്ന് തന്നെയാണോ; ഈ പ്രപഞ്ചം യാതൊന്നിൽ നിന്ന് ജനിക്കുന്നുവോ; യാതൊന്നിനാൽ ഈ പ്രപഞ്ചം വർത്തിക്കുന്നുവോ; പ്രളയകാലത്തിലും യാതൊന്ന് ശുദ്ധ ഉണ്മയായും ആദിയില്ലാത്തതായും തുടരുന്നുവോ; യാതൊന്ന് സർവത്തിനേയും പിന്തുടരുന്നുവോ; യാതൊരു നിത്യവസ്തുവിനെ ശുദ്ധ ഹൃദയമുള്ളവർ നമസ്ക്കരിക്കുന്നുവോ; അതിനെ സത്യമെന്നറിഞ്ഞാലും.

*സൃഷ്ട്വേദം പ്രകൃതേരനു പ്രവിശതീ*
*യേയം യയാ ധാര്യതേ*
*പ്രാണീതി പ്രവിവിക്തഭുഗ്ബഹിരഹം*
*പ്രാജ്ഞഃ സുഷുപ്തൌ യതഃ*
*യസ്യാമാത്മ കലാ സ്പുരത്യഹമിതി*
*പ്രത്യന്തരംഗം ജനൈർ-*
*യസ്യൈ സ്വസ്തി സമർത്ഥ്യതേ പ്രതിപദാ*
*പൂർണാ ശൃണുത്വം ഹിസാ*

*സാരം:* ഈ ജഗത്തിനെ തന്റെ പ്രകൃതി നിയമം കൊണ്ട് സൃഷ്ടിച്ച്, അതിൽ പ്രവേശിച്ചിരിക്കുന്നു, ബോധം, അഥവാ പുരുഷൻ. ജീവൻ, ജാഗ്രത്തിൽ 'വിശ്വൻ' എന്ന ഭാവത്തിൽ 'ഞാനെ'ന്നഭിമാനിക്കുന്നു. സ്വപ്നാവസ്ഥയിൽ 'തൈജസൻ' എന്ന ഭാവത്തിൽ, വാസനാ നിർമ്മിതമായ ലോകത്തിൽ, ഭോക്താവായി വർത്തിക്കുന്നു. സുഷുപ്തിയിൽ പ്രാജ്ഞനെന്ന ഭാവത്തിൽ വർത്തിക്കുന്നു. ഓരോ ഹൃദയത്തിലും 'ഞാൻ', 'ഞാൻ' എന്ന് പ്രകാശിച്ചുകൊണ്ടിരിക്കുന്നത്, ബോധത്തിന്റെ ആത്മാംഗമാണ്. ജനങ്ങൾ, ഈ 'ബോധ'ത്തെ ഭജിക്കുന്നു. ആ ശക്തി (ബോധം) നീ തന്നെയാണ്, ശിഷ്യ.

*പ്രജ്ഞാനം ത്വഹമസ്മി തത്ത്വമസി തദ്-*
*ബ്രഹ്മായ മാത്മേതി സം-*
*ഗായൻ വിപ്രചര പ്രശാന്തമനസാ*
*ത്വം ബ്രഹ്മ ബോധാദയാത്*
*പ്രാരബ്ധം ക്വ നു സഞ്ചിതം തവ കിമാഗാമി*
*ക്വ കർമാവ്യസത്*
*ത്വയ്യ ധ്യസ്തമതോ്ഖിലം ത്വ മസി*
*സച്ചിന്മാത്രമേ കം വിഭുഃ*

*സാരം:* 'പ്രജ്ഞാനം ബ്രഹ്മ', 'തത്ത്വമസി' 'അയമാത്മാ ബ്രഹ്മ' എന്നീ മഹാവാക്യങ്ങൾ, ബ്രഹ്മ സാക്ഷാൽക്കാരം നിമിത്തം പാടിക്കൊണ്ട് നടക്കുന്ന ഭക്തന്ന് പ്രാരബ്ധം എവിടെ? എന്ത് സഞ്ചിതം? ആഗാമി എവിടെ? ഇവയെല്ലാം നിന്നിൽ ആരോപിക്കപ്പെട്ടതാണ്. കർമ്മം തന്നെ ഇല്ലാത്ത നീ പൂർണ്ണ സച്ചിദാനന്ദ സ്വരൂപവും സർവ്വവ്യാപിയും ആണ്.

ജഗദ്ഗുരു ശ്രീ ശങ്കരാചാര്യർ, തന്റെ 'സാധന പഞ്ചക'ത്തിൽ 40 ഉപദേശങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. അതിൽ പ്രധാനമായത്, അതിലെ മൂന്നാം ശ്ലോകത്തിലെ ഉപദേശമായ, 'വാക്യാർത്ഥ ശ്ച വിചാര്യതാം' എന്നതാണ്. അതുപോലെ, ഈ പഞ്ചകത്തിലെ അഞ്ചാം ശ്ലോകത്തിൽ ശ്രീനാരായണ ഗുരുജി, മഹാവാക്യങ്ങളെപ്പറ്റി പറയുന്നുണ്ട്. അവസ്ഥാത്രയങ്ങളായ 'വിശ്വൻ', തൈജസൻ, 'പ്രാജ്ഞൻ' എന്നിവയെപ്പറ്റി വളരെ ഭംഗിയായി പറഞ്ഞത്, ഈ പഞ്ചകത്തിലെ ശ്ലോകം നാലിലാണ്. ആത്മാവിന്റെ 12 ലക്ഷണങ്ങൾ ഇപ്രകാരമാണ്. നിത്യൻ, അവ്യയൻ, ഏകൻ, ശരീരത്തിൽ വസിച്ച് അതിനെ അറിയുന്നവൻ, സർവ്വതിനും അധിഷ്ഠാനമായിരിക്കുന്നവൻ, സകലത്തിന്റെയും ഉൽപ്പത്തി മുതലായവയുടെ കാരണം, സർവ്വത്ര നിറഞ്ഞിരിക്കുന്നവൻ, യാതൊരു കർമ്മവും ഇല്ലാത്തവൻ, സ്വയം പ്രകാശിക്കുന്നവൻ, യാതൊന്നിനോടും സംഗമില്ലാത്തവൻ, യാതൊന്നിനാലും ആവരണം ചെയ്യപ്പെടാത്തവൻ- ഇതിനെപ്പറ്റി പ്രതിപാദിക്കുന്നത്, 'ബ്രഹ്മവിദ്യാപഞ്ചക'ത്തിലെ മൂന്നാം ശ്ലോകത്തിലാണ്. ഞാൻ ആര്? ഈ പ്രപഞ്ചം എവിടെ നിന്ന് വന്നു? എന്നീ ചോദ്യങ്ങളും അതിന്നുത്തരങ്ങളുമായിട്ടാണ് ഈ പഞ്ചകം തുടങ്ങുന്നത്. ഇത് എല്ലാവർക്കും, ആസ്വാദ്യപ്രദമായി തീരട്ടെ എന്നാണ് എന്റെ പ്രാർത്ഥന.

ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ



# നേതാജി സുഭാഷ് ചന്ദ്രബോസ്

**കെ. എൽ. ശ്രീകൃഷ്ണദാസ്**
തിരുവനന്തപുരം



പാരതന്ത്ര്യമാം കൂരിരുൾ മൂടിയ
ഭാരതത്തെ സ്വതന്ത്രമാക്കീടുവാൻ
ജന്മനാടിൻ ദുരിതങ്ങൾ നീക്കീടാൻ
നന്മയാർന്നൊരു ഭാവി രചിക്കുവാൻ
വംഗദേശത്തു വന്നു പിറന്നൊരു
മംഗള ദിവ്യ ചൈതന്യമാണു നീ
കർമധീരൻ സുഭാഷ് ചന്ദ്രബോസെന്ന
ധർമ്മയുദ്ധ പ്രവീണൻ നയിയ്ക്കവേ
ആയിരങ്ങളാ *ഭാരത ദേശീയ
സേനയിൽ ചേർന്നു യുദ്ധ സന്നദ്ധരായ്
ദൂരദേശത്തു നിന്നുകൊണ്ടാ മഹാൻ
ധീരമായിപ്പട പൊരുതീടവേ
ഒരു ദുരന്തത്തിലാധന്യ ജീവിതം
അകലെയെങ്ങോ പറന്നു പറന്നുപോയ്
താവകാന്ത്യം ദുരൂഹമാണെങ്കിലും
ഭൂവിലെന്നുമാ നാമമനശ്വരം

*ഇൻഡ്യൻ നാഷണൽ ആർമി (ഐ.എൻ.എ.)

# ക്ഷത്രിയർ – അന്നും ഇന്നും

**ഗായത്രി വർമ്മ**, എറണാകുളം



പൊതുവേ ചരിത്രബോധം അല്പം കുറഞ്ഞവരെന്നാണ് കേരളീയ ക്ഷത്രിയരെപ്പറ്റി പരക്കെ അഭിപ്രായം. കുറഞ്ഞപക്ഷം സ്വന്തം കുടുംബത്തിന്റെ ഒരു ശതവർഷം പിറകിലുള്ള ചരിത്രം പോലും പലർക്കും അറിവില്ലാത്ത സ്ഥിതിയാണിന്ന്. വേണമെങ്കിൽ പുരോഗമനമെന്ന പൊയ്മുഖമണിഞ്ഞ് നമുക്കു രക്ഷപ്പെടാം. പക്ഷേ അജ്ഞത-ക്ഷന്തവ്യമല്ലത്. സ്വന്തം പൂർവ്വികരെപ്പറ്റി അറിയണമെന്നോ അടുത്ത തലമുറയെ അറിയിക്കണമെന്നോ നമ്മൾ ആഗ്രഹിക്കുന്നില്ല, അത്രേയുള്ളു. പരിഷ്കാരത്തിന്റെ മറ പിടിച്ച് സമുദായത്തിന്റെ തളർച്ചയോ വളർച്ചയോ ഒന്നും കൂടുതലായി നമ്മളെ അലോസരപ്പെടുത്താത്ത മട്ട്. എന്താണിങ്ങനെയെന്നറിയില്ലാ.

പരശുരാമൻ മുവേഴ് 21 പ്രാവശ്യം ക്ഷത്രിയരെ വേരോടെ വെട്ടിക്കൊന്ന് തന്റെ ക്ഷാത്ര വൈരാഗ്യം തീർത്തുവെന്ന് ഐതിഹ്യം പറയുന്നു. പിന്നെയും കേരളത്തിൽ എങ്ങനെ ക്ഷത്രിയർ ഉണ്ടായി എന്നതിന് മതിയായ ചരിത്രരേഖകളൊന്നും കാണുന്നില്ല. മഴുവെറിഞ്ഞ് ഉണ്ടാക്കിയ കേരളത്തെ ബ്രാഹ്മണർക്കായി വീതിച്ചു കൊടുത്തെങ്കിലും അവർ ഭരിച്ചതായി ചരിത്രം പറയുന്നില്ല. ബ്രാഹ്മണവാഴ്ച ശരിയായ രീതിയിലല്ലാന്നു തോന്നിയതുകൊണ്ട് ഭരണ നൈപുണ്യ പാരമ്പര്യമുള്ള ചേരമാൻ പെരുമാളിന്റെ മുൻഗാമികളെ കേരളത്തിലേക്കു ക്ഷണിച്ചു കൊണ്ടുവന്നു താമസിപ്പിച്ചതോടെ കേരള ക്ഷത്രിയന്റെ അറിയപ്പെടുന്ന ചരിത്രം തുടങ്ങിയെന്നു വേണം കരുതാൻ. വീരന്മാരായ ഭരണനിപുണർ ഭരണശേഷിയുള്ള മന്ത്രിമാർ ഒക്കെ കൂടി നമ്മുടെ ആ കാലത്തെ സുവർണ്ണകാലമാക്കിയിരുന്നു.

പക്ഷേ ക്രമേണ അധികമായ ആഡംബരഭ്രമവും കലകളിലുള്ള അമിത ആവേശവും, അലസജീവിതവും പൊതുജീവിതം പ്രായേണ പതനത്തിലേക്കു വഴിതെളിച്ചു. അവസാനത്തെ ചേരമാൻ പെരുമാൾ രാജ്യത്തെ അഞ്ചായി വിഭജിച്ച് അനന്തരവന്മാരെ ഏല്പിച്ചു. അവിടെ നിന്നു വീണ്ടും വീണ്ടും വിഭജിച്ച് ചെറിയ ചെറിയ നാട്ടുരാജപ്രഭൃതികളുമുണ്ടായി. ഏറെ കാലത്തെ അലസഭരണം കൊണ്ട് നാട്ടുരാജാക്കന്മാരും ക്ഷയിച്ചു. സന്തതി സമ്പത്തുമാത്രം വർദ്ധിച്ചു വന്നു. ദുരഭിമാനവും അതിന്റെ രക്ഷക്കായുള്ള ഭാരിച്ച ചിലവുകളും - കെട്ടുകല്യാണം, തിരണ്ടുകുളി, ചോറൂണ്. പിണ്ഡമടിയന്തിരം എന്നുവേണ്ട ഏത് അടിയന്തിരത്തിനും നാടടക്കി സദ്യയും സർവ്വാണിയും, കൂടാതെ യാത്രകളിയും കഥകളിയും. ഈ ഭാരിച്ച ചിലവുകൾ താങ്ങാതായി വല്യമ്മാവൻ വസ്തുക്കൾ ഓരോന്നായി അന്യാധീനപ്പെടുത്താൻ തുടങ്ങി. അലസജീവിതവും സംബന്ധവുമായിക്കഴിഞ്ഞ ഇളമുറക്കാരായ ആണുങ്ങളോ പെണ്ണുങ്ങളോ ഇതേപ്പറ്റി തീരെ ഉൽക്കണ്ഠപ്പെട്ടുമില്ല. അങ്ങനെ ക്രമേണ കാര്യസ്ഥന്മാരും ഇതരവർഗ്ഗക്കാരും ഭൂവുടമകളായി. ശ്രീമാനവിക്രമരാജ എഴുതിയ 'ഇസ്പേട് രാജാക്കന്മാർ' എന്ന പ്രസിദ്ധമായ ഗ്രന്ഥത്തിൽ ഈ ദുഃസ്ഥിതി സവിസ്തരം പ്രസ്താവിക്കുന്നുണ്ട്.

രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക പരിവർത്തനങ്ങൾ ഏറെ ഉണ്ടായിരുന്നിട്ടും ഇന്നും കാര്യമായി ഉലയാതെ തങ്ങളുടെ ചിട്ടകളും രീതികളും അല്പസ്വല്പം വ്യതിയാനങ്ങളോടെ മുറുകെ പിടിക്കുന്ന ധാരാളം ക്ഷത്രിയ കുടുംബങ്ങൾ കാര്യമായി തളരാതെ ഇന്നും പിടിച്ചു നില്ക്കുന്നുണ്ടെന്നത് നമുക്കഭിമാനിക്കത്തക്കതാണ്. മൗലികമായ പാരമ്പര്യത്തിന്റെ മാപ്പുസാക്ഷികളായി സംസ്കാരത്തിന്റെ ചുമട്ടുതാങ്ങികളെപ്പോലെ ഇന്നും നിലകൊള്ളുന്നു. ഗതകാലശ്രേയസ്സിനെ വിളിച്ചോതുന്ന ഇവരോടു നമ്മൾ കടപ്പെട്ടിരിക്കുന്നു.

ഇംഗ്ലീഷ് ഭരണം വന്നതോടെ അല്പമൊരു പരിവർത്തനം വീട്ടിലും നാട്ടിലുമുണ്ടായി. നാടിന്റെ അലകും പിടിയും മാറി. ജന്മി, കുടിയാൻ, കാർഷികബിൽ, ദായിത്വ സമ്പ്രദായത്തിലുണ്ടായ മാറ്റം, സ്വജാതീയ വിവാഹം എന്നിങ്ങനെ പലതും ക്ഷത്രിയ സമൂഹത്തിന്റെ പൊതുഘടനയിൽ മാറ്റം വരുത്തി. ഇംഗ്ലീഷ് വിദ്യാഭ്യാസം യുവതലമുറയുടെ വീക്ഷണം പാടെ മാറ്റിമറിച്ചു. ഒരു ഉയർത്തെഴുന്നേല്പ്പിനവരാഗ്രഹിച്ചു. അടുത്തൂൺ, മാലിഖാൻ, പാട്ടവരവ് മുതലായവ സമയത്തു കിട്ടാതായതോടെ പരിതസ്ഥിതികൾ നിയന്ത്രണത്തിനുമപ്പുറത്തായി. ജീവിത സമരത്തിലേക്കും അമ്മാവനെതിരായി ആളോഹരി വീതം എന്ന തത്വത്തിലേക്കുമിറങ്ങി പോരാടാൻ യുവതലമുറ തയ്യാറായി. ജീവിക്കുവാൻ മറ്റൊരു നിവൃത്തിയുമില്ലാതായി.

ഇത്തരുണത്തിലാണ് സംഘടനകളുടെ കൈത്താങ്ങ് നമുക്കു ബോധ്യപ്പെട്ടത്. സംഘടനകളുടെ അനിവാര്യത അറിയാമെങ്കിലും അഹന്തയുടേയും ദുരഭിമാനത്തിന്റേയും ദന്തഗോപുരത്തിൽനിന്നും പുറത്തേക്കിറങ്ങാൻ ഒരു മടി. ഈ അവസരത്തിലാണ് നിസ്വാർത്ഥരായ നമ്മുടെ ഒരുപാടു സഹോദരന്മാർ ആശയുടെയും പ്രകാശത്തിന്റെയും കൊച്ചു കൊച്ചു മൺചിരാതുമായി മുന്നോട്ടുവന്നത്. ചരിത്രത്തിന്റെ ഏടുകളിലൊന്നും സ്ഥാനമില്ലാത്ത ആ സഹോദരന്മാർക്ക് സ്നേഹത്തിന്റെ ഒരു കുടന്ന പൂക്കൾ നമുക്കു കാണിയ്ക്ക വെയ്ക്കാം. ഛിന്നഭിന്നമായി ഏകാന്ത തുരുത്തുകളിലേക്കു മറഞ്ഞുകൊണ്ടിരുന്ന ക്ഷത്രിയസമൂഹത്തിന്റെ അവാന്തര വിഭാഗങ്ങളുടെ ഭിന്നിപ്പും പൊരുത്തക്കേടുകളും മായിച്ചുകൊണ്ട് എല്ലാ വിഭാഗങ്ങളും അവർ ഏകഛത്രഛായയിൽ കൊണ്ടുവന്നു.

ഇന്നത്തെ ജനായത്തഭരണത്തിൽ നമ്മൾ വെറും ന്യൂനപക്ഷമാണ്. ന്യൂനപക്ഷ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടുമെന്നും സാമുദായിക സംവരണം ഏർപ്പെടുത്തുമെന്നുമൊക്കെ വാഗ്ദാനങ്ങൾ നൽകപ്പെടുന്നുണ്ട്. പക്ഷേ അതൊന്നും നോക്കിയിരുന്നിട്ടു കാര്യമില്ല. സ്വന്തം കഴിവുകൾ കൊണ്ടു മാത്രമേ ഉയരങ്ങൾ കീഴടക്കാൻ സാധിക്കൂ. വ്യവസായം, കൃഷി, വാണിജ്യം തുടങ്ങിയ മിക്ക മേഖലകളിലും ക്ഷത്രിയൻ വളരെ പിന്നോക്കമാണ്. ഒരു പാടു മേഖലകൾ ഇന്നും നമുക്കു ബാലികേറാമലയാണ്. വ്യക്തിഗതമായ അദ്ധ്വാനവും സ്ഥിരോത്സാഹവും മാത്രമേ നമ്മുടെ മുമ്പിൽ പോംവഴിയായി ഉള്ളു.

1931 ലെ ഇന്ത്യൻ സെൻസസ് അനുസരിച്ച് ഏറ്റവും കൂടുതൽ സാക്ഷരതയുള്ള സമുദായം ക്ഷത്രിയരുടേതെന്നു രേഖപ്പെടുത്തിയിട്ടുണ്ട്. (കരപ്പുറം സ്മരണിക. 1978) പക്ഷേ സാക്ഷരത കൊണ്ടു മാത്രം കാര്യമില്ലല്ലോ. എല്ലാ തുറകളിലും നമുക്കു വ്യക്തിമുദ്ര പതിപ്പിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

കഴിഞ്ഞ കഥകൾ എന്തുമാകട്ടെ. ഇന്നു നമ്മൾ ഒറ്റക്കെട്ടായ സമുദായമാണ്. നമ്മുടെ പാരമ്പര്യത്തെ മുറുകെ പിടിക്കുന്നതിനോടൊപ്പം തന്നെ കാലത്തിനനുസരിച്ച പുരോഗതിയുടെ പാതയിൽ മുന്നോട്ട് പോകാൻ അടുത്ത തലമുറയെ ഉദ്ബോധിപ്പിയ്ക്കാം. നമ്മുടെ ഇടയിൽ യാതൊരു അവാന്തരവിഭാഗങ്ങളുടെ ഭിന്നിപ്പിനും സ്ഥാനമുണ്ടായിക്കൂടാ. "നാം ക്ഷത്രിയർ നമുക്കു ഒരു സംഘടന."എന്താ അതു പോരെ?

*"മാ വിദ്വിഷാവഹൈ"*

# വെളിച്ചത്തിന്റെ മഹാകവി



*നിരത്തിൽക്കാക്ക കൊത്തുന്നു*
*ചത്തപെണ്ണിന്റെ കണ്ണുകൾ*
*മുല ചപ്പിവലിക്കുന്നു*
*നരവർഗ്ഗ നവാതിഥി*

*അരി വെപ്പോന്റെ തീയിൽച്ചെ-*
*ന്നീയാമ്പാറ്റ പതിക്കയാൽ*
*പിറ്റേന്നിടവഴിക്കുണ്ടിൽ*
*കാൺമൂ ശിശു ശവങ്ങളെ*


*കരഞ്ഞു ചൊന്നേൻ ഞാനന്നു*
*ഭാവി പൗരനൊടിങ്ങനെ*
*വെളിച്ചം ദുഃഖമാണുണ്ണി*
*തമസ്സല്ലോ സുഖപ്രദം*

ഇതെഴുതിയത് ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം എന്ന കവിതയുടെ മികവിൽ 2019 ൽ ജ്ഞാനപീഠം അവാർഡ് ലഭിച്ച യശഃശരീരനായ അക്കിത്തം അച്ച്യുതൻ നമ്പൂതിരിയാണ്. ഈ വരികളുടെ പേരിൽ ചിലർ മഹാകവിയെ ഇരുട്ടിന്റെ കവിയായി വിശേഷിപ്പിക്കുകയുണ്ടായി. എന്തായിരിക്കും കവി ഇപ്രകാരം എഴുതാനുണ്ടായ സാഹചര്യം? പ്രസക്തമായ വരികൾ നമുക്കൊന്ന് പരിശോധിക്കാം. മരിച്ച അമ്മ യുടെ മുല ചപ്പുന്ന കുട്ടി അറിയുന്നില്ല അമ്മ മരിച്ചത്. ആ അറിവ് (വെളിച്ചം) ദുഃഖമാണ്. അറിയാതെയുള്ള നില (തമസ്സ്) സുഖപ്രദവും. കാരണം മരണമറിയാത്ത കുട്ടി ഏതാനും സമയം മുൻപ് മരിച്ച അമ്മയുടെ മുല ചപ്പി ആസ്വദിച്ച് വിശപ്പ് മാറ്റുന്നു.

അറിവ് അഗ്നിയാണ്, വെളിച്ചമാണ്. തമസ്സാകുന്ന ജീവിത പ്രയാണത്തിൽ വെളിച്ചം കുടിയേ തീരൂ. പക്ഷേ ചില സന്ദർഭങ്ങളിൽ ആ അറിവുകൾ വേദനകളും സമ്മാനിക്കാറുണ്ട്. ഇങ്ങനെ അറിവുണ്ടായി വേദനിച്ച മഹാത്മാക്കളുടെ വലിയൊരു നിര തന്നെ ഭീഷ്മർ, കുന്തി മുതലായവർ തൊട്ടിങ്ങോട്ട് വന്നിട്ടുണ്ട്. ഇതിനുള്ള പരിഹാരമാർഗ്ഗത്തെത്തേടി അലഞ്ഞവരാണ് ആദി ശങ്കരനും ബുദ്ധനും സ്വാമി വിവേകാനന്ദനുമെല്ലാം .

കാലം എത്ര നീണ്ടുമ്പോഴും ഇരുളും വെളിച്ചവും ഇടകലർന്ന ഇടനാഴികളിലൂടെ മാത്രമേ പ്രയാണം സാദ്ധ്യമാകൂ എന്ന് കവി ഉദ്ബോധിപ്പിക്കുന്നു. ആലോചിച്ചാൽ സത്യം തന്നെയല്ലേ.? ദാർശനികനായ കവിഹൃദയത്തിന് മുന്നിൽ പ്രണാമം.

സമ്പാ: പി.കെ. രഘുവർമ്മ



# സപ്തപദി

**8**

## താരാശങ്കർ ബന്ദ്യോപാധ്യായ

**വിവർത്തനം : ഡോ. കെ.സി. എം. രാജ**

*ഹിന്ദി വിവർത്തനത്തോട് കടപ്പാട് : നേമിചന്ദ്രജയിൻ, രാജ്കമൽ പ്രസിദ്ധീകരണം*

*കഴിഞ്ഞലക്കം തുടർച്ച...*

**അ**തേ റീനാ ബ്രൗൺ! പിന്നീട് കുരിശുമാലയിട്ട് പതിവായി പരിശുദ്ധ ബൈബിൾ വായിച്ച് ജീവിതം ആരംഭിച്ച റീനാ ബ്രൗൺ! ജീവിതകാലം അത്രയും അവിവാഹിതയായി തുടരാൻ ദൈവത്തിന്റെ പേരിൽ പ്രതിജ്ഞയെടുത്ത റീനാ ബ്രൗൺ! അവൾ ഇന്നു മദ്യപിച്ച് തികച്ചും ഉന്മാദിനിയെപ്പോലെ അഴിഞ്ഞാട്ടക്കാരിയായി സ്വയം നശിച്ചുകൊണ്ടിരിക്കുന്നു. അമേരിക്കൻ സൈനിക ഓഫീസറുടെ കാമനിവൃത്തിക്കുവേണ്ടി, അവൾ ഉത്സാഹത്തോടെ സ്വയം സമർപ്പിച്ച് ചുറ്റിത്തിരിഞ്ഞ് ഒഴുകി നീങ്ങിക്കൊണ്ടിരിക്കയാണ്. ഒരുപക്ഷെ, അവൾക്കു ഓർമ്മശക്തി പാടെ നശിച്ചിട്ടുണ്ടാകാം. അവൾ പണ്ട് അഭിനയിച്ച 'ഒഥെല്ലോ' നാടകത്തിലെ ആ രംഗമെല്ലാം സ്മൃതിമണ്ഡലത്തിൽ നിന്നു മാഞ്ഞു പോയിട്ടുണ്ടാവാം. സൂചിപ്പിച്ചു പറഞ്ഞ വാക്കുകളൊന്നും ഓർമ്മയിൽ വരാത്ത കാരണമാവണം, അവൾ പുരികം ചുളിച്ചു നോക്കിയത്. ചിലപ്പോൾ, ഇതൊന്നും ഉള്ളിലൊതുക്കാൻ കഴിയാത്തതിന്റെ അസഹ്യത കൊണ്ടുമാവാം തീക്ഷ്ണമായ ആ നോട്ടം!

കൃഷ്ണേന്ദുവോ? ഇന്നു കൃഷ്ണേന്ദുവല്ല! അയാൾ ഇന്നു കൃഷ്ണസ്വാമിയാണ്. ഈ വനപ്രദേശത്ത് കുഷ്ഠരോഗികളെ ശുശ്രൂഷിച്ചുകൊണ്ട് സേവനം ചെയ്യുന്നതിനു സ്വന്തം പ്രാണൻ ഉഴിഞ്ഞുവെച്ചു ജീവിക്കുന്ന ഒരു മനുഷ്യൻ!

ഒരിക്കൽ റീന പറയുകയുണ്ടായി ഒരു പ്രത്യേക മതം ഉപേക്ഷിച്ച് മാനവമതം എന്നതിൽ എത്തിച്ചേർന്നിരിക്കുന്നുവെന്ന്. ഒരു വ്യക്തിയെ, അതു സ്ത്രീയോ പുരുഷനോ ആകട്ടെ, പരിരക്ഷിക്കുന്നതിലല്ല മറിച്ച് മാനവരാശിയെ മുഴുവൻ സ്വന്തമായിക്കണ്ട് സംരക്ഷിക്കണമെന്ന്. അയാൾ ഇപ്പോൾ വെറും റവറണ്ട് കൃഷ്ണസ്വാമി മാത്രമല്ല. ഒരു ക്രൈസ്തവ പുരോഹിതനോടൊപ്പം തന്നെ ഒരു ഭാരതീയ സന്ന്യാസി കൂടിയാണ്.

ദൈവത്തെ ഉപേക്ഷിച്ചതുകൊണ്ടാണ് അയാളെ കണ്ട് റീന ഭയചകിതയായത്. ആ ഒരു ദൈവത്തെ അന്വേഷിച്ചു കണ്ടെത്തുക തന്നെ വേണം. അങ്ങനെ അന്വേഷിച്ചു നടന്നിട്ടാണ് അയാൾക്കു ഒടുവിൽ കണ്ടെത്താൻ കഴിഞ്ഞത്. മനുഷ്യശരീരത്തിൽ ഒരു തപോവൃത്തിയായി അയാൾക്കു ദൈവത്തെ കാണാൻ കഴിയുന്നുണ്ട്. മനുഷ്യശരീരത്തിൽ കുടിയിരുന്ന് ദൈവം തന്റേതായ ഒരു വിഭിന്ന സ്വരൂപം കൈക്കൊള്ളുകയാണ്. പവിത്രമായ സ്നേഹത്തിനുമുപരിയായി, സത്യത്തേക്കാൾ അധികം നിർമ്മലമായ, പ്രേമത്തേക്കാൾ അധികം പരിശുദ്ധമായ അഹിംസാത്മകമായ ഒരു ദിവ്യശക്തി! ഈ യുദ്ധക്കെടുതികളിലും അയാൾക്ക് തന്റെ തപസ്യയെ അടിച്ചമർത്തി നശിപ്പിക്കാൻ കഴിയുന്നില്ല. ഒരു പിശാചിനെയെന്നപോലെ അകറ്റിനിർത്താൻ ശ്രമിച്ചെങ്കിലും അയാൾക്ക് അതിനു കഴിഞ്ഞില്ല.

ഏറെ ആശ്ചര്യം തോന്നിയത് പക്ഷെ, മറ്റൊരു കാര്യത്തിലാണ്. ഈശ്വരനെ കണ്ടെത്തുന്നതിൽ ആബദ്ധനായ തന്നെ, റീന ഇന്നു കാണുന്നത് ക്രൂരമായ സംശയത്തോടേയും ഭീതിയോടെയുമാണ്. മുന്നിൽ വന്നെത്തുന്ന ഒരു സർപ്പം പോലെ! അതാണ് അയാളെ അത്ഭുതപ്പെടുത്തുന്നതും. അന്നത്തെ വിശുദ്ധയും നിഷ്കളങ്കയുമായ റീന, ഇങ്ങിനെയൊരു ഉന്മാദിനിയെപ്പോലെ, എല്ലാ തപോവൃത്തിയും ഉപേക്ഷിച്ച്, ദൈവത്തെത്തന്നെ നശിപ്പിക്കാൻ ഒരുങ്ങി നില്ക്കുന്ന ഒരു പിശാചിന്റെ കൂട്ടുകാരിയും അടിമയുമായ ഒരു പ്രേതമായി എങ്ങനെ മാറി! ഒരുപക്ഷെ, ആ പിശാചിന്റെ ഒരു പ്രതിബിംബം തന്നെയായിരിക്കാം അവൾ. "Oh My God! Oh Reena!"

പെട്ടെന്ന് ഒരു ജീപ്പിന്റെ ഘട്ട്... ഘട്ട്... ശബ്ദം കൃഷ്ണസ്വാമിയുടെ വിചാരശൃംഖലയുടെ കണ്ണികൾ അറുത്തു. ശബ്ദം കേട്ട് അയാൾ ചാടിയെഴുന്നേറ്റു. ശക്തിയേറിയ ഒരു മിന്നൽപ്പിണരും, മേഘത്തിന്റെ ഗർജ്ജനവും ഒന്നിച്ചു ലയിക്കുന്നതുപോലെ റീനയുടെ അസ്തിത്വത്തെക്കുറിച്ചുള്ള അയാളുടെ ചിന്തകൾ ആ ജീപ്പിന്റെ ഘോരഗർജ്ജനത്തിൽ ലയിച്ചു ചേർന്നു. അയാൾ എഴുന്നേറ്റു

നിന്നപ്പോൾ അല്പം അകലെയുള്ള ഒരു കെട്ടിടത്തിന്റെ മുകളിലത്തെ നിലയിൽ പട്ടാള വേഷം ധരിച്ച ഒരു മനുഷ്യൻ നീങ്ങുന്നതും, ദൂരദർശിനി ഉപയോഗിച്ച് എന്തോ നിരീക്ഷിക്കുന്നതും കൃഷ്ണസ്വാമിയുടെ ദൃഷ്ടിയിൽ പെട്ടു.

"ഭ്രാന്തമായ ഉത്സാഹം! ഉന്മത്തത! താന്തോന്നിത്തം!"

തീർച്ചയായും റീനയും ആ മനുഷ്യന്റെ കൂടെയുണ്ടാവണം! റോഡിലൂടെ നേരെ പോകാതെ കാട്ടിലെ ഊടുവഴികളിലൂടെ നടന്ന് വയലുകളും ഇടവഴികളും കടന്ന് കൃഷ്ണസ്വാമി നേരിയ ഒരു ഭയത്തോടെ സ്വന്തം താമസസ്ഥലത്തേക്ക് തിരിച്ചു.

❖ ❖ ❖

കൃഷ്ണസ്വാമി ധൃതിയിൽ കാട്ടിലൂടെ നടന്നുപോകുകയായിരുന്നു. നേരം പതിവിലും വൈകിയിരുന്നു. ആശുപത്രിയിൽ രോഗികൾ കാത്തിരിക്കുന്നുണ്ടാവും. രോഗപീഡിതർ, അവരാണ് ഇന്നു അയാളുടെ മുന്നിൽ പ്രത്യക്ഷപ്പെട്ട ദൈവം!

"Blessed are those, poor in spirit, for theirs is the kingdom of heaven''. അവരും ഭക്തരാണ്. "നാഹം വസാമി വൈകുണ്ഠേ, യോഗി നാം ഹൃദയേ നച." ഭക്തരുടെ ഹൃദയത്തിലാണ് ഞാൻ എപ്പോഴും കുടികൊള്ളുന്നത്. വിദ്യാവിഹീനരാണെങ്കിൽ കൂടി ഈശ്വര ഭക്തരായി അവർ ജീവിതം നയിക്കുന്നു. അന്ധകാരത്തിൽ തപ്പിത്തടഞ്ഞു ജീവിക്കുന്ന അവർ, അല്പമൊരു പ്രകാശത്തിനുവേണ്ടിയാണ് ഏറെ മോഹിക്കുന്നത്. ആത്മപ്രകാശം ഊതിയണച്ച് സ്വന്തം ജീവിതം അന്ധകാരത്തിലാഴ്ത്താൻ അവർ ഒരിക്കലും ശ്രമിക്കാറില്ല. പുറം വെളിച്ചം ചെന്നെത്താത്ത അവരുടെ ജീവിതത്തിൽ, ആത്മപ്രകാശത്തിനു വേണ്ടി അവർ മുറവിളി കൂട്ടിക്കൊണ്ടേയിരിക്കുന്നു. അവരുടെ മനസ്സ് സദാ ദൈവത്തെക്കുറിച്ചുള്ള തപസ്യയിലായിരിക്കും.

കാട്ടിൽ അപ്പോൾ വിരിഞ്ഞ പൂക്കളുടെ മണം കൃഷ്ണസ്വാമിയ്ക്ക് അനുഭവപ്പെട്ടുകൊണ്ടിരുന്നു. പക്ഷികളുടെ കൂജനമാരംഭിച്ച് ഏറെ സമയമായിരിക്കണം.

സൂര്യൻ അപ്പോഴും മേഘത്തിന്റെ പിറകിൽ ഒളിഞ്ഞിരിപ്പാണ്. കൃഷ്ണസ്വാമിയ്ക്ക് എന്തൊ വല്ലാത്ത ഒരു വിഷണ്ണത തോന്നിത്തുടങ്ങി. മുള പൊട്ടിയ ചെടിയുടെ നാമ്പിൽ ഒതുങ്ങിക്കിടന്നു ത്രസിയ്ക്കുന്ന ജീവന്റെ വ്യാകുലമായ ഒരു പ്രത്യാശ പോലെ!

"Hello! Do you hear?" ഒരു സ്ത്രീ ശബ്ദം!

ആ ശബ്ദം കേട്ട് കൃഷ്ണസ്വാമി അത്ഭുതപ്പെട്ടു. റീനാബ്രൗണിന്റെയാണ് ആ ശബ്ദം. ഈ കൊടുംകാട്ടിൽ! അയാൾ ചുറ്റിന്നും കണ്ണോടിച്ചു. ഒഴിഞ്ഞ ഒരു പ്രദേശത്ത് ഒരു സാലവൃക്ഷത്തിന്റെ തണലിൽ റീനാബ്രൗൺ ഇരിക്കുന്നുണ്ട്. കയ്യിൽ കത്തിയെരിഞ്ഞു കൊണ്ടിരിക്കുന്ന ഒരു സിഗററ്റ്! സമീപത്തായി ഒരു ഫ്ളാസ്ക്ക്! അതേ ചുവന്ന ഷോൾ! കൃഷ്ണസ്വാമി ശ്രദ്ധിച്ചുനോക്കി.

"Yes?"

അവൾ അയാളെ ക്ഷണിച്ചു.

"Come here ! Sit down! Have a drink and a smoke!"

"I never drink! I never smoke! Thank you!"

റീന പെട്ടെന്നെഴുന്നേറ്റ് അയാളെ വിളിച്ചു. "കൃഷ്ണേന്ദു!"

കൃഷ്ണസ്വാമി ചെറുതായൊന്നു പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു.

"രോഗികൾ എന്നെ കാത്തിരിക്കുന്നുണ്ടാവും. ഞാൻ നടക്കട്ടെ! ക്ഷമിയ്ക്കൂ!"

അയാൾ പെട്ടെന്നു തിരിഞ്ഞു നിന്നു ചോദിച്ചു. ''അപ്പോൾ എന്നെ മനസ്സിലായി, അല്ലേ! നിന്റെ ഓർമ്മശക്തിയെല്ലാം നശിച്ചു പോയിട്ടുണ്ടാവുമെന്നാണ് ഞാൻ കരുതിയത്."

റീനാ ബ്രൗൺ ഇങ്ങനെ പ്രതികരിച്ചു. ''ലോകത്ത് ദൈവം എന്നൊരു ശക്തിയില്ല! ജീവിതത്തിൽ നാം എന്തു ചെയ്യുന്നുവോ അതാണു ശരി. നാം ചെയ്യുന്നതൊന്നും തന്നെ പാപമല്ല. Nothing is a Sin! പാപവുമില്ല, ദൈവവുമില്ല!"

അവളുടെ ശബ്ദത്തിന്റെ കടുപ്പം കൂടിക്കൊണ്ടിരുന്നു. "നീ ഇതൊക്കെ വലിച്ചെറിയൂ കൃഷ്ണേന്ദൂ! കൃഷ്ണേന്ദു നീ ജീവിതം പാഴാക്കരുത്! തിരിച്ചു പോയി പുതിയൊരു ജീവിതമാരംഭിക്കൂ!"

"നിന്റെ കൂടെയോ?" കൃഷ്ണസ്വാമി പെട്ടെന്നു ചോദിച്ചു.

റീന ഒരു ഭ്രാന്തിയെപ്പോലെ ഉച്ചത്തിൽ ചിരിച്ചു തുടങ്ങി. അതീവ ബീഭത്സമായിരുന്നു അവളുടെ ചിരി!

"എന്റെ ഇന്നത്തെ വില വളരെ കൂടുതലാണ് കൃഷ്ണേന്ദു. നിന്റെ വില അന്നത്തേക്കാൾ വളരെ കുറവും. അന്ന് എനിയ്ക്കു നിന്നെ ഭയമായിരുന്നു. നേരെ മറിച്ച് ഇന്ന് നിന്നോട് വെറും സഹതാപം മാത്രമാണ്. ഏറെ ദുർബ്ബലനായ ഒരു നിരുപദ്രവി! ഒട്ടും ബോധമില്ലാത്തവൻ! അതിന്നും പുറമേ ഒരു പടുവിഡ്ഢിയും! എന്റെ വെറുപ്പിനു കൂടി നീ അർഹനല്ല! വെറുമൊരു സഹാനുഭൂതി മാത്രമാണ് ഇപ്പോൾ നിന്നോട്!"

കൃഷ്ണസ്വാമി ഒന്നും പ്രതികരിക്കാതെ മുന്നോട്ടു നടന്നുകൊണ്ടിരുന്നു. അവൾ പുറകിൽ നിന്നു നിർത്താതെ വിളിച്ചു പറഞ്ഞു കൊണ്ടിരുന്നു. "നീ ഞാൻ പറയുന്നത് അനുസരിക്കൂ! നീ ഇവിടം

ക്കൊണ്ട് അവൾ സംസാരം തുടർന്നു. ''നുണ! കല്ലു വെച്ച നുണ! പണ്ടെങ്ങൊ ഒരു ദൈവം ഉണ്ടായിരുന്നുവൊ ഇല്ലയൊ എന്നു എനിക്കറിയില്ല. അഥവാ ഉണ്ടായിരുന്നെങ്കിൽത്തന്നെ ആ ദൈവം മരിച്ചു കഴിഞ്ഞു. മനുഷ്യൻ തന്നെയാണ് ആ ദൈവത്തെ കൊന്നു മൂടിയതും. പണ്ടുള്ളവർ ചെയ്തപോലെ ഒരിക്കൽ മരിച്ച വരെ 'മമ്മി'കളായി പ്രതിഷ്ഠിക്കാതെ അവരെ വിടൂ! ഒരിക്കൽ മരിച്ചത് തിരിച്ചുവരികയെന്നത് അസാദ്ധ്യം!"

"എന്തു തന്നെയായാലും നീ ഇന്ന് ഒരു കൃസ്ത്യാനിയാണ്!..." കൃഷ്ണസ്വാമി അവളെ ഉപദേശിക്കാനായി ശ്രമിച്ചെങ്കിലും റീന തന്റെ സംസാരം തുടർന്നു. "ഒരിക്കലും ആയിരുന്നില്ല. എന്റെ കുരിശും ബൈബിളും ഞാൻ എന്നോ വലിച്ചെറിഞ്ഞു. ഞാൻ ഒരിക്കലും ജ്ഞാനസ്നാനം ചെയ്തിട്ടില്ല. എന്റെ അച്ഛൻ ഒരിക്കലും അതിന് അവസരം എനിക്ക് തന്നിട്ടില്ല. ആരും എനിക്കു മന്ത്രദീക്ഷ തന്നിട്ടില്ല. എന്റെ അച്ഛൻ ചാൾസ് ബ്രൗൺ മതപ്രചാരകനും ഒരു ബ്രിട്ടീഷ് കൃസ്ത്യാനിയുമാണെങ്കിൽ കൂടി, തികച്ചും ദുർമാർഗ്ഗിയായ ഒരു ജെമീന്ദാറായിരുന്നു. എന്റെ അമ്മയാണെങ്കിലോ സുഖലോലുപയായ ഒരു അവിശ്വാസിയും. കാട്ടുവർഗ്ഗത്തിൽപ്പെട്ട ഒരു അധഃകൃത! ഭോഗസംതൃപ്തിക്കു വേണ്ടി മാത്രമാണ് അച്ഛൻ അമ്മയെ കൂടെ താമസിപ്പിച്ചിരുന്നത്. അദ്ദേഹത്തിന്റെ വെറുമൊരു ജാരസന്തതി മാത്രമാണ് ഞാൻ. കൃഷേന്ദു! നീ അന്നു കണ്ട ആയ ഇല്ലേ? അവരാണ് എന്റെ പെറ്റമ്മ!"

ശക്തിയേറിയ ഒരു മിന്നലും മേഘഗർജ്ജനവും ഒരുമിച്ച് ആ നിമിഷം തന്നെയുണ്ടായി. റീനയുടെ വാക്കുകളുടെ പ്രതിധ്വനി പോലെയായിരുന്നു ആ ഇടിമുഴക്കം!

*(തുടരും)*

ശേഷമേ ആ തമസ്സ് തൃപ്തിയടയൂ.

സമയം അർദ്ധരാത്രി! കൃഷ്ണസ്വാമി ഗാഢനിദ്രയുടെ മുന്നോടിയായ മയക്കത്തിലേക്കു നീങ്ങിത്തുടങ്ങി. പെട്ടെന്ന് ഒരു ടോർച്ചിന്റെ പ്രകാശം മുഖത്തടിച്ചപ്പോൾ അയാൾ മയക്കം വിട്ട് പെട്ടെന്നെഴുന്നേറ്റുചോദിച്ചു. "ആരാണ്?"

ടോർച്ചിന്റെ വെളിച്ചം വീണ്ടും തെളിഞ്ഞു. കൃഷ്ണസ്വാമി ആളെ തിരിച്ചറിഞ്ഞു. അവൾ തന്നെ!

''റീനാ!'' കൃഷ്ണസ്വാമി പെട്ടെന്നു വിളിച്ചു.

അവൾ അങ്ങോട്ടുമിങ്ങോട്ടും ആടിയുലഞ്ഞുകൊണ്ടിരുന്നു.

"അതെ! ഞാൻ തന്നെ! എന്നെ പ്രതീക്ഷിച്ചിരിക്കുകയാണോ എന്നു നോക്കാൻ വന്നതാണ്!"

കൃഷ്ണസ്വാമി പ്രതികരിച്ചു. "അതെ! പ്രതീക്ഷിച്ചിരിക്കുകയാണ്. നിന്നെ മാത്രമല്ല, നിന്റെ കൂട്ടുകാരേയും; എന്നെ വിരട്ടിയോടിയ്ക്കാൻ ശ്രമിക്കുന്നവരെ! നിനക്കു ഈ വീട്ടിൽ താമസിക്കുന്നതിലുമധികം ആവശ്യം എന്നെ ഇവിടെ നിന്നു ഒഴിപ്പിക്കുകയാണെന്നു എനിക്കു നല്ലപോലെ അറിയാം, ഇല്ലെങ്കിൽ നിനക്കു ഒരു സ്വസ്ഥത കിട്ടുകയില്ല എന്നതും. പക്ഷെ, എന്തുകൊണ്ട്?"

റീന ആടിയാടി വന്നു വരാന്തയിലിട്ടിരുന്ന കസേരയിൽ ഇരുന്ന ശേഷം പറഞ്ഞു. "നീ ഇവിടെ വിട്ടു പോകുക തന്നെ വേണം! You must go from here''

''ഇവിടം വിട്ടു പോകുക എന്നത് എനിക്കു അസാദ്ധ്യമായ ഒരു കാര്യമാണ്. ഞാൻ ദൈവത്തിന്റെ മുന്നിൽ വച്ചെടുത്ത ഒരു പ്രതിജ്ഞയുമായിട്ടാണ് ഇവിടെ വന്നത്!" കൃഷ്ണസ്വാമി തറപ്പിച്ചു പറഞ്ഞു.

" നിർത്ത്!" റീന അലറി.

ആകാശത്ത് ഇരുണ്ടു കൂടിയ കാർമേഘങ്ങളെ ഉറ്റുനോക്കി വിട്ടുപോകണം! ഇവിടെ നിനക്കു ജീവിക്കുവാൻ കഴിയുകയില്ല! You must leave this place! വേറെ എവിടേയ്ക്കെങ്കിലും നീ പോകൂ!"

കൃഷ്ണസ്വാമി ഒന്നു തിരിഞ്ഞു നോക്കി.

ഇതുവരെ കണ്ടിട്ടില്ലാത്ത ഒരു ഉഗ്രമൂർത്തിയെപ്പോലെ റീന അവിടെത്തന്നെ നിന്നിരുന്നു. ഉറക്കം നഷ്ടപ്പെട്ട ഭാരം തൂങ്ങിയ അവളുടെ കൺപോളകൾക്കുള്ളിൽ കൃഷ്ണമണികൾ ജ്വലിച്ചു നില്ക്കുന്നുണ്ട്. ആ കൃഷ്ണസ്വാമിയുടെ സങ്കല്പങ്ങൾക്കെല്ലാം അതീതമായിരുന്നു ജ്വലിച്ചു നില്ക്കുന്ന ആ മിഴികളുടെ തീക്ഷ്ണത.

റീന സംസാരം തുടർന്നുകൊണ്ടേയിരുന്നു. "നിന്റെ ആ വീട് എനിക്കു വേണം. ഞാൻ അങ്ങോട്ടു താമസിക്കാൻ വരുന്നുണ്ട്. കുറെക്കാലം എനിക്കവിടെ കൂടണം. എന്നാൽ, എനിക്കു നിന്നെ സഹിയ്ക്കാനാവില്ല. ഈ ചികിത്സയെല്ലാം നിർത്തിവെച്ച് നീ ഇവിടം വിട്ടു പോയേ മതിയാകൂ. You must go! അവർ നിന്നെ... എന്തിനു അവർ? ഞാൻ തന്നെ നിന്നെ വെടിവെച്ചു കൊല്ലും!"

കർമ്മനിരതമായ മനസ്സ് സ്വന്തം കർമ്മങ്ങൾ ത്യജിക്കുമ്പോൾ, തമസ്സ് അവിടെ താവളമടിച്ചുകൂടുന്നു. കർമ്മങ്ങളുടെയും വിശ്രാന്തിയുടെയും മദ്ധ്യരൂപം കൊള്ളുന്ന ആ തമസ്സ് വളരെ ജടിലമാണ്. അതു മനുഷ്യരാശിയുടെ സൗന്ദര്യത്തിന്റെയും ശാന്തിയുടെയും ചൈതന്യത്തിന്റെയും സ്നേഹത്തിന്റെയും മാർഗ്ഗത്തിലൂടെയുള്ള സുഗമമായ യാത്രയ്ക്കു എപ്പോഴും ഒരു വിലങ്ങായി ഭവിക്കുന്നു. വലിയൊരു മലമ്പാമ്പിനെപ്പോലെ ആ തമസ്സ് മനുഷ്യനെ ക്രമേണ ക്രമേണയായി ഗ്രസിയ്ക്കുവാൻ ശ്രമിച്ചുകൊണ്ടേയിരിക്കും. ഒരിക്കൽ അതിന്റെ വായിലകപ്പെട്ടാൽ പിന്നെ പൂർണ്ണമായി വിഴുങ്ങിയ



# വിദ്യാധനം സർവ്വധനാത് പ്രധാനം



**ചന്ദ്രാവലി തമ്പുരാൻ,** തിരുവനന്തപുരം
9947791649

**വൈ**വസ്വത മനുവിന്റെ പത്തു പുത്രന്മാരിൽ ഒരാളായ നഭഗന്റെ പുത്രനാണ് നാഭാഗൻ. അദ്ദേഹം വളരെ ചെറുപ്പത്തിൽ ത്തന്നെ ആത്മവിദ്യ അഭ്യസിക്കുവാനായി കൊട്ടാരം വിട്ടുപോയി. നഭഗൻ വൃദ്ധനായപ്പോൾ അദ്ദേഹത്തിന്റെ മറ്റു പുത്രന്മാർ പിതാവിന്റെ സ്വത്ത് തമ്മിൽത്തമ്മിൽ വിഭജിച്ച് സ്വന്തമാക്കി. നാഭാഗൻ ബ്രഹ്മചാരിയായി തുടരുമെന്നും തിരിച്ചു വരില്ലാ എന്നുമായിരുന്നു അവരുടെ വിശ്വാസം. കുറെ വർഷങ്ങൾക്കു ശേഷം നാഭാഗൻ തിരിച്ചുവന്നപ്പോൾ കണ്ടത് തനിയ്ക്ക് യാതൊരു സ്വത്തിനും അവകാശമില്ല എന്നാണ്. തനിക്കുള്ള ഭാഗമെവിടെ എന്ന് അദ്ദേഹം അന്വേഷിച്ചപ്പോൾ വൃദ്ധനായ അച്ഛനെ ചൂണ്ടിക്കാണിച്ച് സഹോദരന്മാർ പറഞ്ഞു, "ഏറ്റവും വില പിടിപ്പുള്ള സ്വത്താണ് തന്നിരിക്കുന്നത്" എന്ന്. നാഭാഗന് താൻ കബളിപ്പിക്കപ്പെട്ടു എന്ന് മനസ്സിലായെങ്കിലും, ആത്മവിദ്യാ വിശാരദനായ അദ്ദേഹം തർക്കിക്കാനൊന്നും പോയില്ല. അച്ഛനെ സംരക്ഷിച്ച് അദ്ദേഹത്തിന്റെ അനുഗ്രഹം എന്ന അമൂല്യ സ്വത്ത് നേടാമെന്നു തീരുമാനിച്ചു. സഹോദരന്മാർ പരിഹാസപൂർവം പറഞ്ഞതാണെങ്കിൽ കൂടിയും അതിനെ സത്യമായിത്തന്നെ സ്വീകരിച്ചു. നമ്മുടെ ആവശ്യങ്ങൾ പരിമിതമെങ്കിൽ പ്രകൃതിമാതാവ് അവ നടത്തിത്തരുമെന്ന് വിശ്വസിച്ചു. പക്ഷേ നഭഗന്, മകനോട് ദയ തോന്നി. "ഉണ്ണീ, നീ ഒട്ടും വിഷമിക്കണ്ട. നീ സമ്പാദിച്ച വിദ്യ ഒരിക്കലും വ്യർത്ഥമാകില്ല. വിദ്യ തന്നെ ഏറ്റവും വലിയ സ്വത്ത്. ഇവിടെ അടുത്തായി അംഗിരസ്സു മഹർഷിയുടെ കാർമ്മികത്വത്തിൽ ഒരു മഹാസത്രം നടക്കുന്നുണ്ട്. നീ അവിടെ പോകുക. നിന്റെ വിദ്യ അവിടെ പ്രയോജനപ്പെടും."

അച്ഛന്റെ അനുഗ്രഹത്തോടെ നാഭാഗൻ സത്രവേദിയിലെത്തി. നിരവധി മഹർഷിമാർ ഉൾക്കൊണ്ട ഒരു മഹദ് സദസ്സ്. നാഭാഗൻ അവിടെ ഒരു മൂലയിൽ ഇരുന്നു. യജ്ഞം നടക്കുന്നതിനിടയിൽ പുരോഹിതന്മാർക്ക് മന്ത്രത്തെപ്പറ്റി ഒരു സംശയം. നാഭാഗൻ വിനയപൂർവം അത് വ്യക്തമാക്കി. മുഖ്യ പുരോഹിതന്മാർ വളരെ സന്തുഷ്ടരായി. തീരെ അഹങ്കാരമില്ലാതെ, ആരാലും ശ്രദ്ധിക്കപ്പെടാതെ ഒതുങ്ങി വർത്തിച്ചിരുന്ന അദ്ദേഹത്തിന് ബഹുമാനപൂർവം മാന്യസ്ഥാനം നൽകി. യജ്ഞത്തിന്നിടയിൽ പലവുരു അദ്ദേഹത്തിന്റെ വൈദുഷ്യം വ്യക്തമാക്കിയ സന്ദർഭങ്ങളുമുണ്ടായി. യജ്ഞം പരിസമാപ്തമായപ്പോൾ അവർ പലരും സ്വർഗ്ഗാദിലോകങ്ങൾ തുടങ്ങി പല ദിശകളിലേക്കും യാത്രയായി. അതിന്നുമുമ്പ് അവർ നാഭാഗന് ദക്ഷിണ നൽകുവാൻ തുനിഞ്ഞപ്പോൾ നാഭാഗൻ അത് സാദരം നിരസിച്ചു കൊണ്ടു പറഞ്ഞു. "മഹാത്മാക്കളെ, ഞാൻ നഭഗ ചക്രവർത്തിയുടെ പുത്രൻ നാഭാഗനാണ്. ക്ഷത്രിയനായ ഞാൻ പ്രതിഗ്രഹം വാങ്ങുന്നത് ധർമ്മമല്ലല്ലോ. നിങ്ങളുടെ അനുഗ്രഹാശിസ്സുകൾ മാത്രമേ ഞാൻ കാംക്ഷിക്കുന്നുള്ളു." അവർ പറഞ്ഞു "എങ്കിൽ ദക്ഷിണ സ്വീകരിക്കേണ്ട. യജ്ഞത്തിന്നുപയോഗിച്ച സ്വർണ്ണത്തിലും വെള്ളിയിലും നിർമ്മിച്ച പാത്രങ്ങളും മറ്റുപകരണങ്ങളും അങ്ങേയ്ക്കുള്ളതാണ്. അവയെടുത്തുകൊൾക."

ജീവിനോപാധിക്കുള്ള "വക" കിട്ടിയതിൽ സന്തോഷിച്ച നാഭാഗൻ അവയെല്ലാം ശേഖരിച്ചുകൊണ്ടിരിക്കുമ്പോൾ കറുത്ത നിറത്തിൽ ഒരു പുരുഷൻ ആഗതനായി. സാധാരണവേഷമെങ്കിലും ഒരു ദിവ്യത്വം തോന്നിക്കുന്ന രൂപം. അദ്ദേഹം പറഞ്ഞു. "ഇവയെല്ലാം എനിക്കവകാശപ്പെട്ടവയാണ്. അങ്ങ് എടുക്കുവാൻ പാടില്ല. സംശയമുണ്ടെങ്കിൽ സ്വന്തം പിതാവിനോട് ചോദിച്ചു വരിക."

നാഭാഗൻ എതിരൊന്നും പറയാതെ പിതാവിന്റെ സമീപമെത്തി വിവരം പറഞ്ഞു. നഭഗൻ വികാരാധീനനായി. "നമഃശിവായ, നമഃ ശിവായ..." എന്നു ജപിച്ചുകൊണ്ട് വടക്കോട്ടു നമസ്ക്കരിച്ചു. പിന്നീട്

മകനെ ചേർത്തുപിടിച്ച് അനുഗ്രഹിച്ചു. അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞൊഴുകുകയായിരുന്നു. "ഉണ്ണീ, നീ ഭാഗ്യവാനാണ്. ശ്രീ മഹാദേവനെ നേരിൽക്കണ്ടല്ലോ."

നാഭാഗൻ ഒന്നും മനസ്സിലാകാതെ പകച്ചു നിന്നു. നഭഗൻ വിശദീകരിച്ചു. "ദക്ഷയാഗം ശുഭകരമായി പരിസമാപ്തമായപ്പോൾ ബ്രഹ്മാവ് നിർദ്ദേശിച്ചതാണ്, ഏതൊരു യജ്ഞം അവസാനിക്കുമ്പോഴും, ശേഷിച്ച വസ്തുക്കളെല്ലാം മഹാദേവന് അവകാശപ്പെട്ടതാണെന്ന്. നീ പോയി ക്ഷമായാചനം ചെയ്ത് അനുഗ്രഹം വാങ്ങി വരൂ."

നാഭാഗൻ സത്രഭൂമിയിലെത്തി. ആ മഹാത്മാവിനെ നമസ്ക്കരിച്ചു ക്ഷമായാചനം ചെയ്തു. ആശുതോഷൻ (പരമശിവൻ) സന്തോഷിച്ച് അനുഗ്രഹിച്ചു. "നാഭാഗാ, ഇവയെല്ലാം അങ്ങു തന്നെ സ്വീകരിക്കുക. അങ്ങും അച്ഛനും സത്യം പറഞ്ഞു, തർക്കിക്കാതെ ചാരുതയോടെ എന്റെ വാക്കു വിശ്വസിച്ചു, അനുസരിച്ചു. ലോഭലേശം ഇല്ലാതെ പെരുമാറി. എനിക്കിവയൊന്നും ആവശ്യമില്ല. അങ്ങേയ്ക്കെടുക്കാം. പിതൃഭക്തിയുള്ള അങ്ങേയ്ക്ക് ഇവ ഉപയോഗപ്രദമാകും. മാത്രമല്ലാ ഞാൻ ബ്രഹ്മജ്ഞാനം നല്കി അനുഗ്രഹിക്കുന്നു. സ്വസ്തിരസ്തു, സദാ സ്വസ്തിരസ്തു."

നാഭാഗനെ അനുഗ്രഹിച്ച് മഹാദേവൻ മറഞ്ഞു. അദ്ദേഹം കിട്ടിയതെല്ലാം അച്ഛനു സമർപ്പിച്ചു. അനുഗ്രഹവും കരസ്ഥമാക്കി.

മഹാദേവന്റേയും അച്ഛന്റേയും അനുഗ്രഹത്താലായിരിക്കാം അംബരീഷൻ എന്ന ഭക്തോത്തമനെ പുത്രനായി ലഭിച്ചത്.

വിദ്യാഭ്യാസം കഴിഞ്ഞു തിരിച്ചു വന്ന തന്നോട് അച്ഛൻ പറഞ്ഞത് ശരിയാണ്, നാഭാഗൻ ഓർത്തു. വിദ്യ നിഷ്ഫലമാകില്ല. യജ്ഞശിഷ്ടത്തിൽ നിന്നും ധനവും, മഹാദേവനിൽ നിന്ന് ജ്ഞാനവും, തന്മൂലം സമൂഹത്തിൽ മാന്യതയും കൈവശമായിരിക്കുന്നു. അച്ഛൻ പറഞ്ഞപോലെ "വിദ്യാധനം സർവ്വധനാത് പ്രധാനം." കാരണം:

*"ന ചോരഹാര്യം ന ച രാജഹാര്യം*
*ന ഭ്രാതൃഭാജ്യം ന ച ദാരകാരീ*
*വ്യയേ കൃതേ വർദ്ധത ഏവ നിത്യം*
*വിദ്യാധനം സർവ്വധനാത് പ്രധാനം"*


*കൊണ്ടുപോകില്ല ചോരന്മാർ*
*കൊടുക്കുന്തോറുമേറിടും*
*മേന്മ നല്കും മരിച്ചാലും*
*വിദ്യ തന്നെ മഹാധനം.*

●



# ചിത്രം

**ആദിത്യ വർമ്മ ടി.എൻ**
തിരുവനന്തപുരം



**ഉ**ണ്ണിക്കണ്ണന്റെ രൂപം വരയ്ക്കുവാൻ
ഉണ്ണിയ്ക്കാഗ്രഹമുണ്ടെന്നിരിക്കിലും
എങ്ങിനേ തുടങ്ങേണമെന്നോർത്തവൻ
ചിന്തയിൽ മുഴുകിക്കഴിഞ്ഞീടവേ
സംസ്കൃതം പഠിപ്പിക്കും ഗുരുനാഥൻ
നൽകീ നല്ലോരുപദേശമീവിധം
ഉണ്ണീ ചിത്രം വരയ്ക്കാൻ തുടങ്ങിടും
മുന്നേ കർണ്ണനെക്കാണണം മാനസേ
വർണ്ണിക്കുന്നൂ കവികൾ വരികളാൽ
വർണം ചേർത്തു നീ ചിത്രം വരയ്ക്കുന്നു
മേൽപത്തൂർ മഹാപണ്ഡിതൻ കണ്ണനെ
യോർത്തു നാരായണീയത്തിൽ വർണിക്കും
മുടി തുടങ്ങിയടി വരെയുള്ളൊരു
മധുര രൂപം മനസ്സിൽ നിനയ്ക്കുക
അതിനുശേഷം അംഗങ്ങളോരോന്നായി
വര തുടങ്ങിടാം വർണങ്ങൾ ചേർത്തിടാം
മുടിയിലാ മയിൽപ്പീലിയും കയ്യിലാ
മുരളിയും വനമാലയും മാറിലായ്
അരയിലാ മഞ്ഞപ്പട്ടു ധരിച്ചൊരു
അരവിന്ദാക്ഷനെ നീ വരച്ചീടുക
കരുണയുള്ളവൻ ആനന്ദദായകൻ
മുരളിയൂതും മുകുന്ദൻ മനോഹരൻ
തരുമാറാകട്ടെ നല്ലോരനുഗ്രഹം
വിലസട്ടേ നിന്നിലക്കലാദേവിയും ●

# Democracy Vs. Autocracy and Bureaucracy



**E. Ramavarma Raja,** Ennakkad Palace

I prefer the former to the latter pair because our constitution declares in the preamble to constitute India into a Sovereign, Democratic, Socialist Republic. And I shall attempt here now to briefly classify into three parts the above underlined topic. Abraham Lincoln's speech at Gettysburg was a lesson I had learnt by heart in my younger days. Lincoln in 1864 enunciated democracy inter alia as government of the people, by the people, for the people. What is democracy? It means a form of government in which the supreme power is vested in the people collectively and is administered by them or by officers appointed by them. In other words a state of society characterised by recognition of equality of rights and privileges; political, social or legal equality. It's not my statement but dictionary meaning; please understand. My opinion is democracy is opposite of autocracy since the latter is an absolute government by one man like despot. In a way British rule of India before independence was more or less despotic. Had there been no Mahatma Gandhi, Netaji Bose, Sardar Patel, Nehru etc India would have been even now under colonial rule. My humble thanks to all especially Mahatma Gandhi who led struggle for independence by peaceful means and won the goal.

Nowadays neither democracy nor autocracy is prevailing in many states in India. Instead, bureaucracy is wide spread in our country. It's a system of govern ment by officials responsible only to their departmental chiefs. They have no imagination for the betterment of people at large due to selfishness; none of this capable to bridge the gap between the rich and the poor owing to privacy and secrecy and hatred boom large in this kind of governance as well what exists in the so-called democracy autocracy and bureaucracy is not a bright future for our country due to political vendetta.

By the by, an English writer of the 18th century namely Jeremy Bentham was the father of utilitarianism. He formulated the ethical theory of 'the greatest happiness of the greatest number' as the ideal we should aim at. Very excellent indeed. If one is involved in public activities and services pay heed to what Jeremy Bentham said. It may seem to be an Utopian idea to the politicians and their leaders. Remember the old saying; "If there is a will, there is a way."

Look at the Ramayana; Sri Rama is crowned as the King of Ayodhya the moment he returned from the forest with Seetha and Lakshmana. His interntion is greatest happiness and welfare of all his subjects! To me Sri Rama is the greatest democratic Sovereign ever known. Gladness of all. His subjects devoid of hatred, malice is the clue behind Rama's reign of Ayodhya. Politicians should practise love, affection, loyalty to all and sundry. Hence whichever party/parties whether atheists, theists must initate Sri. Rama for the best of India in the 21st century. No better ideal example of a sincere and faithful democrat other than Lord Rama-the God He is perfect.... truly.

Jai Sri Ram

---

*സുകൃതജന്മം തുടർച്ച...*

ക്കുവാനുള്ള വഴി തെളിക്കുകയും മരണം വരെ അത് തുടരുകയും ചെയ്തു.

പല ജന്മങ്ങളിലായി ലഭിക്കാവുന്ന സുകൃതങ്ങളൊക്കെ യും ഒരു ജന്മത്തിൽത്തന്നെ ലഭിച്ച ഒരു ഭാഗ്യവാനായിരുന്നു അച്ഛൻ എന്നു പലപ്പോഴും തോന്നിയിട്ടുണ്ട്. ഔദ്യോഗിക വ്യക്തിജീവിതത്തിലായാലും തന്റേതായ ഒരു മുദ്ര എല്ലാ കാര്യങ്ങളിലും പതിപ്പിക്കാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു. 'ക്ഷത്രിയ ക്ഷേമം' എന്ന ലക്ഷ്യം തന്റെ അമ്മാവനായ എം.സി. കേരളവർമ്മയിൽ നിന്നും ഏറ്റെടുത്ത് പൂർത്തീകരിക്കാൻ ഒരായുഷ്ക്കാലത്തിന്റെ പകുതിയിലേറെ സമയം ചിലവിട്ട ആ ധന്യാത്മാവിന് ഒരു വലിയ ജനവിഭാഗത്തിന്റെ മനസ്സുകളിൽ മരണമില്ല എന്നോർക്കുമ്പോൾ ചാരിതാർത്ഥ്യമുണ്ട്. "ആവർത്തിക്കുന്ന സംസാരേ ചാവുന്നവൻ ജനിച്ചീടാ, ഏവൻ കുലമുയർത്തീടുമവനത്രേ ജനിച്ചവൻ!" ●

# കോയിയ്ക്കലിൽ നിന്നുമൊരു ക്രോസ്ബെൽറ്റുകാരൻ



**റ്റി.ആർ. രാമവർമ്മരാജ,** തിരുവനന്തപുരം

*കഴിഞ്ഞ ലക്കം തുടർച്ച....*

**എ**ന്നെക്കാൾ 4 വയസ്സ് കൂടുതലുള്ള ആലപ്പുഴ അമ്മാവനും വിവാഹപ്രായം കഴിഞ്ഞു നില്ക്കുന്ന അനുജത്തിമാർ ഓമനയും ചന്ദ്രികയും വിവാഹവേദിയിലേക്ക് വരുന്നത് ആയിടയ്ക്കാണ്. വെണ്മണി വടക്കേ മഠത്തിൽ കേരളവർമ്മ ചന്ദ്രികയേയും കേരളവർമ്മയുടെ സഹോദരി സരോജിനി തമ്പുരാട്ടിയെ അമ്മാവനും വിവാഹം കഴിച്ചു. അച്ഛന്റെ തന്നിഷ്ടം മാനിച്ച് പുതൂര് മാധവൻ നമ്പൂതിരിയെ കൊണ്ട് ഓമനയേയും വിവാഹം കഴിപ്പിച്ചു. ഓമനയുടേയും ചന്ദ്രികയുടേയും വിവാഹം ഒരു മുഹൂർത്തത്തിൽ കടപ്ര 'തുളിശാല കോയിക്കൽ' വെച്ചായിരുന്നു. അമ്മാവനും പെങ്ങന്മാർക്കും കുഞ്ഞുങ്ങൾ ഉണ്ടായിട്ടു മതി എനിക്കെന്ന് ഞാൻ തീരുമാനിച്ചു! ഗുരുത്വദോഷം വരുത്തിവെക്കണോ? അങ്ങനെയെങ്കിലും ഗുരുത്വം നോക്കാമല്ലോ! കൂടാതെ ഇന്ദിരയ്ക്ക് അന്ന് 16 തികയുന്നതല്ലേ ഉള്ളൂ. ഈ ചെറുപ്രായത്തിൽ ഒരു അമ്മയാക്കുക ശരിയല്ല എന്ന് എനിക്കു തോന്നി.

1957 തുടക്കത്തിൽ എനിക്ക് തൃശൂരിൽ നിന്ന് സ്ഥലം മാറ്റം ലഭിച്ചു. തിരുവല്ലാ പമ്പാ റിവർ ഫാക്ടറിയിൽ ഫാർമസ്യൂട്ടിക്കൽ സെക്ഷനിൽ എക്സൈസ് ഇൻസ്പെക്ടറായി. 'ജിന്താൻ" നാരായണപിള്ള, കെമിസ്റ്റ് സുബ്രഹ്മണ്യം ജനറൽ മാനേജർ എന്നിങ്ങനെ പല ആളുകളാണ് ഡിസ്റ്റിലറിയിലുണ്ടായിരുന്നത്. എന്റെ താമസം കുടുംബസമേതം തുളിശ്ശാല കോയിക്കലിൽ. ഒരു എക്സൈസ് ഇൻസ്പെക്ടറായ ഞാൻ ഓഫീസിൽ പോയിക്കൊണ്ടിരുന്നത് സൈക്കിളിൽ ആയിരുന്നു! താമസിക്കാൻ എനിക്കും കുടുംബത്തിനും കമ്പനി വക ക്വാർട്ടേഴ്സ് അലോട്ട് ചെയ്തിരുന്നു. എന്നാൽ ഞാൻ അത് വേണ്ടെന്ന് വച്ചു. പകരം വാടക അലവൻസായി തരാനും മറ്റ് ഉദ്യോഗസ്ഥന്മാർക്ക് ആർക്കെങ്കിലും ക്വാർട്ടേഴ്സ് അലോട്ട് ചെയ്ത് കൊള്ളാനും സമ്മതിച്ച് ഞാൻ എഴുതിക്കൊടുത്തു. അങ്ങനെ അലവൻസും ഒരു വരുമാനം ആയി. ഗവൺമെന്റ് കമ്പനിയായതുകൊണ്ട് ഒരു വഞ്ചനയും കമ്പനി അറിഞ്ഞുകൊണ്ടു ചെയ്യില്ല. പിന്നെ തൊഴിലാളികൾ. അവരെല്ലാം യൂണിയന്റെ കീഴിലും കാലാകാലങ്ങളിൽ സേവന വേതന കാര്യങ്ങളിൽ ആനുകൂല്യങ്ങൾ കിട്ടിക്കൊണ്ടിരിക്കുന്നവരും ആണ്. എന്നാലും ഞാൻ മേൽനോട്ടവും നിയന്ത്രണശൈലി ഉള്ള ഭരണസമ്പ്രദായവും കൈവെടിഞ്ഞില്ല. അക്കൂട്ടത്തിൽ ചില കാര്യങ്ങൾ.

മരുന്നു നിർമ്മാണ സ്ഥലത്ത് ഓവിൽ കൂടി വെള്ളമടിച്ച് വൃത്തിയാക്കുമ്പോൾ വില കൂടിയ മരുന്നു കുപ്പികളിൽ ചിലത് ഒഴുക്കു ചാലുകളിൽ കൂടി പുറത്ത് കരിമ്പിൻ കാട്ടിലേക്ക് പോകും. സൗകര്യം പോലെ ആ കുപ്പികൾ മെഡിക്കൽ ഷോപ്പിൽ എത്തിച്ചാൽ നല്ല വില കിട്ടും. ലഹരിക്കുവേണ്ടി കുടിക്കാൻ പറ്റുന്ന ടിഞ്ചേഴ്സ്, കുപ്പികളിൽ നിറക്കുമ്പോൾ കുപ്പി അടപ്പുകൾ വഴി വായിലേക്കും പോകും! പല തുള്ളി പെരുവെള്ളം. വൈകിട്ട് ആകുമ്പോഴേക്കും സംഗതി കുശാൽ! പിന്നെ ചിലർ ചെറിയ കുപ്പികളിൽ നിറച്ച് കാക്കി നിക്കറിൽ ഇട്ട് കൊണ്ടു പോകും. കളവിന് കൂട്ടു നില്ക്കുന്ന വാച്ചർ ഉള്ളപ്പോൾ പുറത്തേക്ക് കടത്തും! സ്റ്റാഫിനെക്കൊണ്ടും ഞാൻ നേരിട്ടും ഈ വക ശീലങ്ങൾ നിയന്ത്രിച്ചപ്പോൾ മാനേജ്മെന്റിന് എന്നെപ്പറ്റി നല്ല മതിപ്പായി!

### കൊച്ചിൻ കെമിക്കൽ ലാബറട്ടറി ചാലക്കുടി

1958 തുടക്കത്തിൽ സ്ഥലം മാറ്റം ചാലക്കുടി കൊച്ചിൻ കെമിക്കൽ ലാബറട്ടറിയിലേക്ക്. അതിന്റെ ഉടമസ്ഥനും ഒരു തമിഴനായിരുന്നു. കുടുംബമായി ആദ്യമായി വെളിയിൽ പോകുന്നത് ചാലക്കുടിക്കാണ്. വാടകയ്ക്ക് വീടെടുത്തു. ഇന്ദിരയുടെ അനുജത്തിമാർ രണ്ടുപേർ, വിജയവും, ഓമനയും ഞങ്ങളോടൊത്ത് താമസിച്ച് സ്കൂളിൽ പഠിക്കുന്നുണ്ടായിരുന്നു. ചാലക്കുടിയിലെ ഏറ്റവും വലിയ ഭാഗ്യം അകലെയല്ലാതെ ഒരു ബന്ധു വീടുണ്ടായിരുന്നതാണ്. വൈദ്യഭൂഷണം രാഘവൻ തിരുമുൽപ്പാടിന്റെ വൈദ്യശാലയും കുടുംബവും. വൈദ്യൻ വിവാഹം കഴിച്ചിരുന്നത് 'തുളിശാല വടക്കേ കോയിക്കൽ' നിന്നായിരുന്നു. എന്റെ ഒരു അകന്ന അനുജത്തി വിശാലാക്ഷി തമ്പുരാട്ടിയെയായിരുന്നു വൈദ്യൻ വിവാഹം കഴിച്ചിരുന്നത്. അതുപോലെ തന്നെ ഒരു ജ്യേഷ്ഠൻ (വിശാലുവിന്റെ ചേട്ടൻ), രാമവർമ്മ ഭഗവാൻ തമ്പുരാൻ, വൈദ്യന്റെ

സഹോദരിയെ ഇങ്ങോട്ടും വിവാഹം കഴിച്ചിരുന്നു. ചാലക്കുടി പുഴയും തൊട്ടടുത്തായിരുന്നു. എന്നും ആറ്റിൽ മുങ്ങിക്കുളിക്കാമല്ലോ. ഇതെല്ലാം പോരാഞ്ഞിട്ട് അയൽപക്ക ബന്ധം അതീവ ദൃഢതരവും ആഴത്തിലുള്ളതും ആയിരുന്നു. രക്തബന്ധത്തേക്കാൾ വലുത് അയൽപക്ക ബന്ധമാണെന്ന് അക്കാലത്താണ് അനുഭവിച്ചറിഞ്ഞത്. ചാലക്കുടിയിലും ജോലിയൊന്നും വലുതായിട്ടില്ലായിരുന്നു. ലൈസൻസ് ദുരുപയോഗപ്പെടുത്തിയുള്ള കച്ചവടം ദിവസം ചെല്ലുന്തോറും സാധ്യമല്ലാതെ വന്നു. സത്യസന്ധമായ വിധത്തിൽ കാശുണ്ടാക്കാൻ പ്രയാസമായി വന്നു. കാറ്റ് മറിഞ്ഞു വരും എന്ന പ്രതീക്ഷയിൽ തുടർന്നും നടത്തിക്കൊണ്ടിരുന്നു എന്നു മാത്രം. ഞാൻ മാസങ്ങൾ ഇരുന്നില്ല അപ്പോഴേക്കും ചാലക്കുടി പൂട്ടി ചിറ്റൂർക്ക് സ്ഥലം മാറ്റം.

**പ്രതാപ് ഇൻഡസ്ട്രീസ് ചിറ്റൂർ, പാലക്കാട്**

ചിറ്റൂർ പ്രതാപ് ഇൻഡസ്ട്രീസ് എന്നു പേരുള്ള ഒരു കമ്പനി നടത്തുന്നത് തിരൂർകാരൻ ഒരു പത്മനാഭൻ. ചെറുപ്പക്കാരൻ. എസൻസ് കച്ചവടത്തിൽ ഒരു പാട് സമ്പാദിച്ചു. കമ്പനി തളരുന്ന സമയത്താണ് ഞാൻ ചെന്ന് പെടുന്നതത്രയും. അവിടെയും വാടകക്ക് വീടെടുത്ത് കുടുംബാംഗങ്ങളെ കൊണ്ടുപോയി. ഒരു അരവിന്ദാക്ഷ മേനോന്റെ വീട്. അടുത്ത് ചിറ്റൂർ ഭഗവതി ക്ഷേത്രം ഉണ്ട്. മന്ത്രിയായിരുന്ന അമ്പാട്ട് ഈച്ചര മേനോന്റെ തറവാട്. ഈച്ചര മേനോന്റെ സഹോദരി പാറുക്കുട്ടി നൈത്യാരെ വിവാഹം കഴിച്ച ഇച്ചാച്ചൻ തമ്പുരാന്റെ എറണാകുളത്തുള്ള കോവിലകത്തായിരുന്നു അനുജൻ കൃഷ്ണൻ അടുക്കളപ്പണി ചെയ്തുകൊണ്ടിരുന്നത്. കൂടാതെ തമ്പുരാന്റെ മകളെയായിരുന്നു ഞാൻ ട്യൂഷൻ പഠിപ്പിച്ചുകൊണ്ടിരുന്നത്. ഇങ്ങനെയെല്ലാമുള്ള സുഹൃദ് ബന്ധങ്ങളുടെ ഒരു വലയം തന്നെ അവിടെ എന്നെ പൊതിഞ്ഞു. മൂത്ത മകൻ മോഹനനെ പുറത്ത് കിടത്തി അടുത്തുള്ള കുളത്തിൽ നീന്തി തുടിക്കുമ്പോൾ കരയ്ക്ക് കണ്ടുനില്ക്കുന്നവർക്ക് അത്ഭുതം കൂറും! അതുപോലെ തന്നെ ഇന്ദിര വെള്ളത്തിനു മുകളിൽ മലർന്ന് കിടന്ന് അഭ്യാസം കാണിക്കുമ്പോൾ സ്ത്രീകൾക്കും.

എല്ലാംകൊണ്ടും സുഖം. പക്ഷേ ജോലി തുലോം കുറവ്. ഞാൻ റൂളുവിട്ട് ഒന്നും ചെയ്യില്ല. അക്കാര്യം എല്ലാ ലൈസൻസികൾക്കും അറിയാം. 'സതേൺ യൂണിയൻ കേസ്' നിയമപ്രകാരം ബിസിനസ് നടത്തിയാൽ ഒന്നും കിട്ടാനില്ല പോലും. "തമിഴ്നാട്ടിലും കർണ്ണാടകയിലും ആന്ധ്രപ്രദേശിലും എക്സൈസുകാരും കമ്പനികളും ചേർന്ന് ഗവൺമെന്റിനെ പറ്റിച്ച് കോടികൾ കൊയ്യുമ്പോൾ 10 ചക്രം ഉണ്ടാക്കാനുള്ള വഴികൾ ഇലക്കും മുള്ളിനും കേടുകൂടാതെ തുറന്നു കിടക്കുമ്പോൾ അവയ്ക്കു നേരെ എന്തിന് നാം കണ്ണടക്കണം? സാറ് കൂടെ നിന്നാൽ സാറിനും കൊള്ളാം ഞങ്ങൾക്കും കൊള്ളാം. എന്തു പറയുന്നു?"ഇത് പത്മനാഭൻ ചോദിച്ചതാണ്. ഞാൻ "നോ" പറഞ്ഞു. മാസങ്ങൾ കഴിഞ്ഞില്ല. അവിടുന്നും സ്ഥലം മാറ്റം.

*(പുസ്തകരൂപത്തിൽ പ്രസിദ്ധീകൃതമായതിനാൽ ഈ ലേഖനപരമ്പര ഇവിടെ അവസാനിക്കുന്നു.)*

*പബ്ലിഷർ: പരിധി പബ്ലിക്കേഷൻസ്, തിരുവനന്തപുരം.*
*വില: 200 രൂപ*

# ശ്രീപൂർണ്ണത്രയീശൻ

**സുധീർ ചെറുതാഴം, കണ്ണൂർ**





പൂർണ്ണ വേദത്തിന്നീശനായി
രാജകുടുംബത്തിൻ കുലദേവത
അജ്ഞാനമകറ്റി വിജ്ഞാനമേകുന്ന
പൂർണ്ണത്രയീശാ തവശരണം.
അവതാര ലീല കാട്ടി അവതാര മൂർത്തിയായ്
സന്താനഗോപാലമൂർത്തി – ദേവൻ
ഗാണ്ഡീവധാരിക്കു പ്രിയതോഴൻ
അർജ്ജുനവിഷാദം പാടെ നീക്കി
ബ്രാഹ്മണ സന്താപം തുടച്ചു നീക്കി.
അർജ്ജുന ബ്രാഹ്മണ അജ്ഞാനമകറ്റാൻ
പൂർണ്ണത്രയീശനായി നീ നിന്നു – എന്റെ
പ്രപഞ്ചശക്തിയായി നീ നിന്നു.
തൃപ്പൂണിത്തുറ വാഴുന്നൊരീശൻ
ഭാരതനാട്ടിലും കേൾവി കേട്ടു.
തൃച്ചരണാംബുജമടിയനു ശരണം
എന്നും തുണക്കേണം ദേവദേവാ...
പൂർണ്ണത്രയീശന്റെ തിരുരൂപമെപ്പോഴും
അകതാരിലെന്നും നിറയേണേ.
ജീവിതദുഃഖത്തിൽ കൈ പിടിച്ചേറ്റി
കരുണാ കടാക്ഷങ്ങൾ ചൊരിയേണേ... ●

# ഡോക്ടർ ആർ. കൃഷ്ണപ്രസാദ്

## തികഞ്ഞ മനുഷ്യസ്നേഹിയും രാജ്യസ്നേഹിയും

മാവേലിക്കര രഘുനാഥ വർമ്മ





രോഗികൾക്ക് താങ്ങും തണലും. ജനഹൃദയങ്ങളിൽ സ്ഥിര പ്രതിഷ്ഠ നേടിയ വ്യക്തിത്വം. ആഢ്യത്വം കൊണ്ടും രാജകീയ പ്രൗഢി കൊണ്ടും മലയാളക്കരയ്ക്ക് അഭിമാനമായി മാറിയ രാജ്യസ്നേഹി. ഇൻഡ്യൻ സ്വാതന്ത്ര്യ സമരത്തിന്റെ ഏടുകളിൽ വെള്ളി നക്ഷത്രം പോലെ മിന്നിത്തിളങ്ങുന്ന പ്രകാശധാര. ഇതൊക്കെയാണ് രണ്ടു ദശാബ്ദങ്ങൾക്കു മുൻപ് നമ്മോടു വിടപറഞ്ഞ ഡോക്ടർ ആർ.കെ. പ്രസാദിന്റെ 'ബയോഡാറ്റ.'

മാവേലിക്കരയിലാണ് ഡോ. പ്രസാദിന്റെ സേവനകാലത്തിന്റെ സിംഹഭാഗവും ചിലവഴിച്ചത് എന്ന വസ്തുത മാവേലിക്കര നിവാസികളുടെ ഭാഗ്യമെന്നു വേണം പറയാൻ. മാവേലിക്കരയുടെ സർവ്വതോന്മുഖമായ പുരോഗമനമായിരുന്നു അദ്ദേഹത്തിന്റെ കാഴ്ചപ്പാട്. ചായക്കൂട്ടിന്റെ മാസ്മര സൗന്ദര്യത്തിൽ ഭാരതത്തിന്റെ പ്രശസ്തി ലോകമെമ്പാടും എത്തിച്ച രാജാരവിവർമ്മയുടെ ചെറുമകനായിരുന്നു ഡോ. ആർ.കെ. പ്രസാദ്. അച്ഛൻ 'ആർട്ടിസ്റ്റ് തമ്പുരാൻ' എന്ന് അറിയപ്പെട്ടിരുന്ന രാമവർമ്മ രാജായും. ആർട്ടിസ്റ്റ് തമ്പുരാൻ തന്റെ അച്ഛൻ രാജാരവിവർമ്മയുടെ ഓർമ്മക്കായി സ്ഥാപിച്ച ഫൈൻ ആർട്സ് ഇൻസ്റ്റിറ്റ്യൂട്ട് ആണ് ഇപ്പോൾ മാവേലിക്കരയിൽ സ്ഥിതിചെയ്യുന്ന കോളേജ് ഓഫ് ഫൈൻ ആർട്സ് ആയി രൂപാന്തരം പ്രാപിച്ച ചിത്രകലാ വിദ്യാലയം.

മലയാളഭാഷയുടെ അസ്ഥിവാരം ഉറപ്പിച്ച 'കേരളപാണിനി' ഏ.ആർ. രാജരാജ വർമ്മ, കാർട്ടൂണിസ്റ്റ് അബു, ടി.കെ. മാധവൻ, ഇവാനിയോസ് തിരുമേനി, പ്രൊഫ. നരേന്ദ്രപ്രസാദ് തുടങ്ങിയവരുടെ തട്ടകമാണ് മാവേലിക്കര പ്രദേശം. അങ്ങനെയുള്ളവരുടെ നാട്ടിലാണ് ഡോ. പ്രസാദും വളർന്നത്.

1930-35 കാലയളവിൽ മദ്രാസ് മെഡിക്കൽ കോളേജിൽ നിന്ന് മെഡിക്കൽ ബിരുദം നേടിയതിനു ശേഷം പ്രവർത്തിപരിചയം നേടുന്നതിനുവേണ്ടി മലയായിലേക്കു പോയി. സൂര്യനസ്തമിക്കാത്ത സാമ്രാജ്യമെന്നു പറയപ്പെട്ടിരുന്ന ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ കീഴിലായിരുന്നു മലയ എന്ന പ്രദേശം. മലയായിൽ ഒരു ഡിസ്പെൻസറി സ്ഥാപിക്കുകയും ഭാര്യാസമേതനായി സ്വൈരജീവിതം തുടങ്ങുകയും ചെയ്തു.

ഇൻഡ്യൻ സ്വാതന്ത്ര്യസമരത്തിന്റെ യാഗാഗ്നി കത്തി ജ്വലിച്ചു നില്ക്കുന്ന കാലമായിരുന്നു അത്. 1945-ൽ ജപ്പാൻ പടയോടൊപ്പം ഇൻഡ്യൻ നാഷണൽ ആർമി (INA) യേയും നയിച്ചുകൊണ്ട് നേതാജി സുഭാഷ്ചന്ദ്രബോസ് മലയായിലെത്തി. യുദ്ധത്തിൽ ഡോക്ടർമാരുടെ സേവനം അത്യാവശ്യമായിരുന്നതിനാൽ മലയായിലെ പ്രശസ്തി ആർജ്ജിച്ച ഡോ. പ്രസാദുമായിട്ട് കൂടിക്കാഴ്ച നടത്തി. തന്റെ ആർമിയിൽ ചേർന്ന് പ്രവർത്തിക്കണം എന്ന് നേതാജി അഭ്യർത്ഥിച്ചു. ആതുര ശുശ്രൂഷ മാത്രമാണ് എന്റെ ലക്ഷ്യം എന്ന് പറഞ്ഞ് ആ അഭ്യർത്ഥനയിൽ നിന്ന് ഡോക്ടർ ഒഴിയാൻ നോക്കി. ഭാരതത്തിന്റെ സ്വാതന്ത്ര്യത്തിനായി പടപൊരുതുന്ന വീരനായകൻ, ജനഹൃദയങ്ങളെ കോരിത്തരിപ്പിക്കുന്ന വിപ്ലവകാരി, ബ്രിട്ടീഷുകാരെ ഇൻഡ്യയിൽ നിന്ന് തുടച്ചു നീക്കാൻ പടപൊരുതുന്ന ധീര ദേശാഭിമാനി, "എനിക്ക് രക്തം തരൂ ഞാൻ സ്വാതന്ത്ര്യം തരാം" എന്ന് ഉറക്കെ പ്രഖ്യാപിച്ച ധീരയോദ്ധാവ് - ഇങ്ങനെ ഒക്കെ ആയിരുന്ന നേതാജിയുടെ ഉൽക്കൃഷ്ട വ്യക്തിത്വത്തിൽ ഡോക്ടർ പ്രസാദ് ആകൃഷ്ടനാവുകയും താമസംവിനാ ഐ.എൻ.എ.യിൽ ചേർന്ന് പ്രവർത്തിക്കാൻ തീരുമാനിക്കുകയും ചെയ്തു. ഡോക്ടറുടെ ആജ്ഞാശക്തിയും നേതൃപാടവവും നേതാജിയെ ഹഠാദാകർഷിച്ചു. ഐ.എൻ.എ.യ്ക്ക് മുതൽക്കൂട്ടാകുമെന്ന് ഉറപ്പുള്ളതിനാൽ നേതാജി ഡോ. പ്രസാദിനെ മെഡിക്കൽ വിഭാഗത്തിന്റെ തലവനായി മേജർ റാങ്കിൽത്തന്നെ നിയമിച്ചു.

ആരോഗ്യവകുപ്പിന്റെ ചുമതല കൂടാതെ ഒരു ബറ്റാലിയന്റെ നേതൃത്വവും അദ്ദേഹത്തിൽ നിക്ഷിപ്തമായി.

അത്തരുണത്തിലാണ് തന്റെ ചുമതലയിലുള്ള ബറ്റാലിയനെയും വഹിച്ചുകൊണ്ട് ബർമ്മയിലേക്കു പോകേണ്ട ആവശ്യം വന്നത്. പട്ടാളക്കാരെയും വഹിച്ചുകൊണ്ട് റംഗൂൺ ലക്ഷ്യമാക്കി യാത്ര തുടർന്നു. റംഗൂണിലെത്തിയപ്പോൾ ജപ്പാൻ പട്ടാളത്തോടൊപ്പം ഐ.എൻ.എ. ഭടന്മാരും ബ്രിട്ടീഷ് പട്ടാളത്തിന്റെ പിടിയിലായി. ഒന്നര വർഷം ജയിൽവാസം അനുഭവിക്കേണ്ടി വന്നു. ജയിൽമോചിതനായ ഡോക്ടർ നാട്ടിലേക്കു മടങ്ങാൻ തീരുമാനിച്ചു.

നാട്ടിലെത്തിയ ഡോക്ടർ മറ്റൊരു സംരംഭത്തിനു നാന്ദി കുറിച്ചു. 1947–ൽ മാവേലിക്കരയിൽ 'മലയാ ഡിസ്പെൻസറി' എന്ന പേരിൽ ആശുപത്രി സ്ഥാപിക്കുകയും മരിക്കുന്നതു വരെ രോഗികളെ ശുശ്രൂഷിക്കുന്നതിൽ തൽപരനായി കാലം കഴിച്ചുകൂട്ടുകയും ചെയ്തു.


ചികിത്സാരീതികളും ചികിത്സാ സമ്പ്രദായങ്ങളും ഇത്രത്തോളം പുരോഗമിച്ചിട്ടില്ലാത്തൊരു കാലമായിരുന്നതുകൊണ്ടാണ് ഡോക്ടർ പ്രസാദിന്റെ കഴിവ് ഇന്ന് പ്രസക്തമാവുന്നത്. അന്ന് രോഗലക്ഷണ പ്രതിപാദന ശാസ്ത്രം (diagnostics) ഇത്രത്തോളം വിപുലീകരിക്കപ്പെട്ടിട്ടില്ലായിരുന്നു. തന്നെയുമല്ല പല സാങ്കേതിക വിദ്യകളും കയ്യെത്തുന്ന ദൂരത്തുമല്ലായിരുന്നു. മരുന്നുകൾ എത്രയും കുറവുപയോഗിക്കണം എന്ന പക്ഷക്കാരനായിരുന്നു അദ്ദേഹം. മഞ്ഞപ്പിത്തം പോലെയുള്ള സങ്കീർണമായ രോഗങ്ങൾക്കും സ്ത്രീകളുടെ പ്രസവത്തിനും കുട്ടികളുടെ അസുഖങ്ങൾക്കും മറ്റും മലയാ ഡിസ്പെൻസറി പേരെടുത്ത ആശുപത്രിയായിരുന്നു.

തീരെ അവശ നിലയിലുള്ള രോഗികളെ അവരുടെ വീട്ടിൽ ചെന്ന് ചികിത്സിക്കാൻ അദ്ദേഹത്തിനു മടിയില്ലായിരുന്നു. യാത്രാ സൗകര്യം നന്നേ കുറവായിരുന്ന കാലമായിരുന്നു അത്. എന്റെ ഒരു സഹപാഠിയായിരുന്ന രാഹുൽ വർമ്മയെ ചികിത്സിക്കാൻ വേണ്ടി ഡോക്ടർ കാണിച്ച ശുഷ്കാന്തിയെപ്പറ്റി രാഹുൽവർമ്മ എടുത്തു പറയാറുണ്ട്. രോഗികളോടു കാണിച്ചിരുന്ന താല്പര്യം കൊണ്ടാകാം, ഒരിക്കൽ, ഡോക്ടറുടെ കാറു പോകുമ്പോൾ തൊഴുകൈയോടെ വഴിയരികിൽ ജനങ്ങൾ നിന്നിരുന്നത് ഞാൻ യാദൃശ്ചികമായി കാണാൻ ഇടയായത്.

എന്റെ സ്കൂൾ ജീവിത കാലയളവിൽ ഡോക്ടറുടെ അടുക്കൽ മരുന്നിനും അല്ലാതെയും പോകേണ്ട ആവശ്യം ധാരാളം വന്നിട്ടുണ്ട്. ഡോക്ടറുടെ മകൻ ഉണ്ണി (വേണുഗോപാലപ്രസാദ്) എന്റെ സഹപാഠിയായിരുന്നതുകൊണ്ട് എനിക്ക് ഡോക്ടറുടെ അടുക്കൽ അല്പം സ്വാതന്ത്ര്യം

*ശേഷം പേജ് 37 ൽ*

# ലോകറാങ്കിങ്ങിൽ ഇടം നേടി



ആലപ്പുഴ എസ്.ഡി.കോളേജിൽ ഊർജ്ജതന്ത്രം അസി. പ്രൊഫസറും കരപ്പുറം ക്ഷത്രിയ സഭയിലെ അംഗവും ആയ ഡോ. ശ്രീകാന്ത്.ജെ.വർമ്മ ഗവേഷകർക്കുള്ള ലോകറാങ്കിങ്ങിൽ ഇടം നേടി. ആൽപർ ഡോജർ പുറത്തു വിട്ട ശാസ്ത്രീയ ഇൻഡക്സ് പട്ടികയിൽ ആണ് ശ്രീകാന്ത് ഉൾപ്പെട്ടത്. 190 രാജ്യങ്ങളിലെ 11591 ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗവേഷണ ലാബുകൾ എന്നിവിടങ്ങളിലെ ഏഴ് ലക്ഷത്തിലധികം ശാസ്ത്രജ്ഞന്മാർ ഉൾപ്പെടുന്നതാണ് ഈ പട്ടിക. സോളാർ സെല്ലുകൾ, എൽ.ഇ.ഡി, പാരമ്പര്യേതര ഊർജ്ജ സംഭരണ സങ്കേതങ്ങൾ എന്നിവയിലാണ് ശ്രീകാന്ത് വർമ്മ ഗവേഷണം നടത്തുന്നത്. അമേരിക്കയിലെ ഫ്ളോറിഡ സെൻട്രൽ സർവ്വകലാശാലയിൽ പോസ്റ്റ് ഡോക്ടറൽ ഗവേഷണവും നടത്തിയിട്ടുണ്ട്.

# ഡോക്ടറേറ്റ് നേടി



കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ നിന്നും ഫിസിക്സിൽ ഡോക്ടറേറ്റ് ലഭിച്ച **രഞ്ജിനി ആർ മോഹൻ.** കേന്ദ്ര ശാസ്ത്ര സാങ്കേതികവകുപ്പിന്റെ വനിതാ ശാസ്ത്രജ്ഞർക്കുള്ള പദ്ധതിയിലൂടെയാണ് ഗവേഷണം പൂർത്തിയാക്കിയത്. ചേർത്തല പരിമണത്തു കോവിലകത്ത് ഡോ. ശ്രീകാന്ത് ജെ വർമ്മയുടെ (എസ്. ഡി. കോളേജ്, ആലപ്പുഴ) പത്നിയും വടക്കാഞ്ചേരി മാടമ്പ് മനയിലെ രവീന്ദ്രമോഹന്റെയും തൃപ്പൂണിത്തുറ പുത്തൻമഠത്തിൽ ചന്ദ്രിക വർമ്മയുടേയും മകളുമാണ്.

മക്കൾ: അരുന്ധതി വർമ്മ, സംഘമിത്ര വർമ്മ. കരപ്പുറം ക്ഷത്രിയ സഭയുടെ സജീവ പ്രവർത്തകയാണ്.

മിനിക്കഥ

# സരസ്വതീവാരിയം

**രാമവർമ്മ തിരുമുല്പ്പാട്**, കുറ്റിലഞ്ഞി

ഞങ്ങളുടെ ഗ്രാമത്തിലെ കൃഷ്ണക്ഷേത്രത്തിന് തൊട്ടു വടക്കുള്ളതാണ് സരസ്വതീവാരിയം. ഇടിഞ്ഞ് പൊളിഞ്ഞ് നിലം പൊത്താറായ ഒരു നാലുകെട്ട്. നാലഞ്ച് കൂവളം, കുറച്ച് തുളസി, രണ്ടോ മൂന്നോ കൊന്നത്തെങ്ങ്. എന്നാൽ വാരിയത്ത് പത്തിരുപത് അംഗങ്ങളുണ്ട്. തൊണ്ണൂറ്റഞ്ച് കഴിഞ്ഞ സരസ്വതിവാരസ്യാർ ആണ് ഗൃഹസ്ഥ. കുളിച്ച് കുറിയിട്ട് ചെറുമുണ്ടുടുത്ത് മുറുക്കി കാലും നീട്ടി തെക്കിനി വരാന്തയിൽ കൃഷ്ണനാമം ചൊല്ലിയിരിക്കും. അമ്പലത്തിൽ നിന്ന് നാലു പട ച്ചോറ് അവകാശമായി കിട്ടും. വേണ്ടവർക്ക് മാല കെട്ടാൻ പോകാം, കുത്തുവിളക്ക് എടുക്കാം, ആനപ്പുറത്ത് കയറാം, സദ്യക്ക് വിളമ്പാൻ പോകാം. പെണ്ണുങ്ങൾക്ക് വിവാഹ സമയം കുരവയിടാം. താലം പിടിക്കാം. എന്തെങ്കിലും കിട്ടിയാൽ ആയി. പലരും വലിയ വാരസ്യാരെ കാണാൻ വരും. നിവേദ്യം അവിടെ വച്ചു പോകും. പലരും ദക്ഷിണ പോലെ പൈസ കൊടുത്ത് അനുഗ്രഹം വാങ്ങും. ജീവിതം എങ്ങിനെയെന്നു ചോദിച്ചാൽ എല്ലാം കൃഷ്ണൻ തരുന്നുവെന്നു പറയും. എല്ലാവരും ജപിക്കുന്നതും സ്മരിക്കുന്നതുപോലും കൃഷ്ണനെ. ചെറിയ ഒരു അമ്പാടിയെന്നു തന്നെ പലരും വിശേഷിപ്പിക്കാറുണ്ട്. പരിഭവമില്ല, പരാതികളില്ല. എല്ലാം കൃഷ്ണപ്രഭാവമെന്ന് വാരസ്യാർ വരുന്നവരോടൊക്കെപ്പറയും. ആർക്കും നല്ല ജോലിയില്ല, പഠിപ്പില്ല, പത്രാസില്ല, എങ്കിലും ഒരു സ്വർഗ്ഗം പോലെ.

എന്നാൽ ഒട്ടും പതിവില്ലാതെ പോസ്റ്റുമാൻ വാരിയത്തേക്ക് കയറിപ്പോയി. ഇത് പലരും കണ്ട് അന്ധാളിച്ചു. കരം അടയ്ക്കാത്തതിനോ, മറ്റോ വേണ്ടി ജപ്തി നോട്ടീസ്സായി വന്നതാകാമെന്ന് ജനം കരുതി. പലരും ഭയന്നു. കൃഷ്ണ... കൃഷ്ണ... വാരിയത്തേക്ക് ഒന്നും സംഭവിപ്പിക്കല്ലേയെന്നുള്ള പ്രാർത്ഥന പോലും തുടങ്ങി. പോസ്റ്റുമാൻ ഏതാനും സമയം മുറ്റത്ത് നിന്നിട്ട് ആരുമില്ലേയിവിടെ. നളിനി വാരസ്യാർ ആരാണ് എന്ന് ഉറക്കെ ചോദിച്ചു. പൊടുന്നനെ ഉള്ളിൽ നിന്നു കെട്ടു പാവാടയുടുത്ത കാലിൽ വെള്ളി പാദസ്വരമിട്ട ഒരു പതിന്നാലുകാരി ഞാനാണ് നളിനിയെന്നു പറഞ്ഞ് വെളിയിലേക്ക് വന്നു. ഒരു രജിസ്റ്റേർഡ് കത്തുണ്ട് എന്നു പറഞ്ഞ് കത്തും ഒരു കടലാസും നീട്ടി. ധൈര്യമായി കത്തു വാങ്ങി ഒപ്പിട്ട് കൊടുത്തു. ജനം മുഴുവൻ ഭയന്നു വിറങ്ങലിച്ച് കാര്യം അറിയാൻ പടിയിൽ കൂടി. നളിനിക്കുട്ടി കത്തു വായിച്ചു. മുഖം ചന്ദ്രബിംബം പോലെ തിളങ്ങി. കത്തിലെ ഉള്ളടക്കം നളിനിക്കുട്ടി ഉറക്കെ എല്ലാവരോടും പറഞ്ഞു. ഞാൻ ഒരു പ്രസിദ്ധീകരണശാലയിലേക്ക് കൃഷ്ണന്റെ ഒരു കീർത്തനം അയച്ചിരുന്നു. വളരെ നന്നായിരിക്കുന്നുവെന്നും ആയിരം രൂപയുടെ ഒരു ഡ്രാഫ്റ്റ് അയക്കുന്നുവെന്നും കീർത്തനം അടുത്ത ലക്കത്തിൽ പ്രസിദ്ധീകരിക്കുന്നുവെന്നാണെന്നും പറഞ്ഞു. എല്ലാവരും നെടുവീർപ്പിട്ടു. സന്ദേശം മേൽശാന്തിക്കും നാട്ടുകാർക്കും എത്തിച്ചു. കത്തും ഡ്രാഫ്റ്റും നളിനിക്കുട്ടി മുത്തശ്ശിയുടെ പാദത്തിൽ വച്ച് നമസ്ക്കരിച്ചു.

വിവരം അറിഞ്ഞ മേൽശാന്തി ഒരു പ്രഖ്യാപനം നടത്തി. ഇന്ന് അത്താഴപൂജ കഴിഞ്ഞാൽ എല്ലാവരും വാരിയത്ത് പോകണം. നളിനിക്കുട്ടിയോട് കീർത്തനം ചൊല്ലാൻ പറയണം. കേട്ടവർ കേട്ടവർ ശരിവച്ചു. രാത്രിയോടെ വാരിയത്തെ മുറ്റം നിറഞ്ഞു. തുളസി, താമരമാലകൾ കുന്നുകൂടി. അവിലും മലരും വന്നു. എല്ലാവരും തയ്യാറായി.

വലിയ നിലവിളക്ക് വച്ചു. സരസ്വതി വാരസ്യാരെ മുന്നിലിരുത്തി. എല്ലാവരും കൈകൂപ്പി കാതോർത്തു.

നളിനിക്കുട്ടി കീർത്തനം ശ്രുതിമധുരമായി ചൊല്ലി. എല്ലാവരും ഭക്തിസാന്ദ്രതയിൽ ആറാടി. കണ്ണടച്ചിരുന്ന സരസ്വതി വാരസ്യാർ കുട്ടിയോട് ഒന്നു കൂടി ചൊല്ലാൻ പറഞ്ഞു. കീർത്തനം കഴിയുന്നതിനു മുൻപ് കൈകൂപ്പിയിരുന്ന വാരസ്യാർ ഒരു വശത്തേക്ക് ചെരിഞ്ഞു. മൂത്തമകൻ താങ്ങിയിരുത്താൻ ശ്രമിച്ചു. ശ്വാസം നോക്കി നെടുവീർപ്പിട്ടു. ദർഭയും മണലും തെക്കിനിയിൽ നിരത്താൻ പറഞ്ഞു. അമ്മ എത്തേണ്ടിടത്ത് എത്തിയെന്നു പറഞ്ഞ് ഒന്നു തേങ്ങി. എല്ലാവരും തേങ്ങി. കൃഷ്ണനാമം ജപിച്ച് പിരിഞ്ഞു.

●

# ഉപ്പോളം സ്നേഹം


**ദേവനന്ദൻ (ധനഞ്ജയ വർമ്മ),** പിലാത്തറ, കണ്ണൂർ

പണ്ട് പണ്ട് ഒരിടത്ത് കേളു എന്നൊരാളുണ്ടായിരുന്നു. അയാളുടെ ഭാര്യ അകാലത്തിൽത്തന്നെ അയാളെ വിട്ടുപോയി. നാലു കൊച്ചുമക്കളെ പോറ്റേണ്ട ഭാരം പിന്നീട് കേളുവിന്റെ ചുമലിലായി. സുഖമായി ജീവിക്കുന്നതിനാവശ്യമായ സ്വത്തും ധനവുമെല്ലാം കേളുവിനുണ്ടായിരുന്നു. അതുകൊണ്ട് കൂടുതൽ ബുദ്ധിമുട്ട് അനുഭവിക്കാതെ ജീവിച്ചുപോകാം. എന്നാലും ഈ കുഞ്ഞുങ്ങളെ നോക്കേണ്ട കാര്യം ഓർത്ത് അയാൾ വിഷമിച്ചു. മാലതി, ജാനകി, കല്യാണി, പാർവ്വതി എന്നിങ്ങനെയായിരുന്നു കുട്ടികളുടെ പേര്.

കാലം വളരെ വേഗം കടന്നുപോയി. കുട്ടികൾക്ക് കല്യാണപ്രായമായി. കേളുവിന് പറയത്തക്ക വിദ്യാഭ്യാസമൊന്നുമില്ല. പക്ഷേ, അയാൾക്കൊരു നിർബന്ധം. താൻ പോറ്റി വളർത്തി വലുതാക്കിയ കുട്ടികൾക്ക് അച്ഛനോട് സ്നേഹമുണ്ടോ എന്നറിയാൻ കേളുവിന് മോഹം. അത് സ്വാഭാവികം മാത്രം. അയാൾ ഏറ്റവും മൂത്ത കുട്ടി മാലതിയെ അടുത്തു വിളിച്ചു ചോദിച്ചു. "മോളെ മോൾക്ക് അച്ഛനോട് എന്ത് മാത്രം സ്നേഹമുണ്ടെന്നറിയാൻ ഈ അച്ഛന് ആഗ്രഹമുണ്ട്. മോൾക്ക് കല്യാണപ്രായമൊക്കെയായില്ലേ, ഭർത്താവിനെ സ്നേഹത്തോടെ നോക്കേണ്ടതല്ലെ.'' അച്ഛൻ പറഞ്ഞു തീർന്ന മാത്രയിൽ അവൾ പറഞ്ഞു: "അച്ഛനോട് ഈ മോൾക്ക് എന്തുമാത്രം സ്നേഹമുണ്ടെന്നല്ലെ, കൽക്കണ്ടത്തോളം സ്നേഹമുണ്ട്; പോരെ. അച്ഛന്റെ സംശയം തീർന്നില്ലേ"? ഇതു കേട്ടപ്പോൾ കേളുവിന് വളരെ സന്തോഷമായി. മാലതിയെ വലിയ ധനികന് വിവാഹം കഴിച്ചു കൊടുക്കാൻ അയാൾ തീരുമാനിച്ചു. അങ്ങനെ ധനികനുമായുള്ള വിവാഹം നടക്കുകയും ചെയ്തു.

കാലം കടന്നുപോയി. കേളു രണ്ടാമത്തെ പുത്രി ജാനകിയെ വിളിച്ചു. ഇതേ ചോദ്യം ആവർത്തിച്ചു. "മോളേ, മോൾക്ക് ഈ അച്ഛനോട് എന്ത് മാത്രം സ്നേഹമുണ്ട്? അതറിയാൻ അച്ഛന് ആഗ്രഹമുണ്ട്. പറയൂ മോളേ". "പറയാം അച്ഛാ.'' അപ്പോൾ അവൾക്ക് ജ്യേഷ്ഠത്തിയുടെ വാക്കുകൾ ഓർമ്മ വന്നു. "അച്ഛാ, എനിക്ക് അച്ഛനോട് തേനോളം സ്നേഹമുണ്ട്." ഇതു കേട്ടപ്പോൾ കേളുവിന്റെ സന്തോഷം പറയേണ്ടതില്ലല്ലോ. "ഇവളെയും ഒരു ധനികനോടൊപ്പം വിവാഹം കഴിച്ചയക്കണം." അങ്ങനെ രണ്ടാമത്തെ മോളുടെ വിവാഹവും കഴിഞ്ഞു.

കാലം പിന്നെയും കടന്നുപോയി. മൂന്നാമത്തെ കുട്ടിയുടെ വിവാഹപ്രായം വന്നു. കേളുവിന് ഒന്നേ അറിയേണ്ടതുള്ളു. ഇവരുടെ സ്നേഹം അതിന് എന്ത് മാത്രം ആഴമുണ്ട്, അത് അറിയാനുള്ള ആകാംക്ഷ. കേളു മൂന്നാമത്തെ പുത്രി കല്യാണിയെ അടുത്ത് വിളിച്ച് വാത്സല്യപൂർവം ചോദിച്ചു. "മോളേ, മോളുടെ സ്നേഹം എത്രത്തോളമുണ്ടെന്ന് അച്ഛനറിയണം, പറയൂ മോളേ." അപ്പോൾ ചേച്ചിമാർ സ്നേഹം ധ്വനിപ്പിക്കാൻ ഉപയോഗിച്ച വാക്കുകൾ ഓർമ്മ വന്നു. അങ്ങനെ കല്യാണിയും ധരിച്ചു, നല്ല രീതിയിൽ വിവാഹം കഴിഞ്ഞു പോകാൻ മധുരം തന്നെയാണ് വേണ്ടതെന്ന്. പിന്നെയൊന്നും ആലോചിച്ചില്ല. പഞ്ചസാരയോളം സ്നേഹമുണ്ടെന്ന് പറയാൻ മനസ്സിലുറച്ചു. ഇതു കേട്ട ഉടൻ കേളുവിന്റെ സന്തോഷം പറഞ്ഞറിയിക്കാൻ പറ്റാത്ത വിധമായി.



അയാൾ അവളെയും വലിയ പണക്കാരനായ ഒരാൾക്ക് നല്ല രീതിയിൽ ആഭരണങ്ങളുമൊക്കെയായി ഭംഗിയായി കല്യാണം കഴിച്ചുകൊടുത്തു.

ഒടുവിൽ ഇളയ മകൾ പാർവ്വതിയുടെ വിവാഹപ്രായവും വന്നു ചേർന്നു. കേളുവിന് പാർവ്വതിയുടെ സ്നേഹത്തിന്റെ ആഴം കൂടി മാത്രമേ അറിയേണ്ടതുള്ളു. മറ്റ് മൂന്നു മക്കൾക്കും അച്ഛനോടുള്ള ആഴം മനസ്സിലാക്കിയ കേളു പാർവ്വതിയോടും പഴയപടി ചോദ്യം ആവർത്തിച്ചു. അവൾ ചേച്ചിമാരുടെ തേനിലും പഞ്ചസാരയിലും ഒന്നും വീണുപോകാതെ തികച്ചും സ്വതന്ത്രമായ ആശയത്തിൽ നിന്ന് ഉരുത്തിരിഞ്ഞ് വന്ന ഉത്തരം പറഞ്ഞു. "അച്ഛാ, ഈ മകൾക്ക് അച്ഛനോട് ഉപ്പോളം സ്നേഹമുണ്ട്." "എന്ത്!" ഇതു കേട്ട് ഞെട്ടിത്തരിച്ച അച്ഛന് കോപം വന്നു. അവളോട് അവജ്ഞയും വെറുപ്പും തോന്നി. 'ഇവളെ ഇനി കഷ്ടപ്പെടുത്തിയിട്ട് തന്നെ കാര്യം' എന്ന് കേളു മനസ്സിലുറച്ചു.

അങ്ങനെയിരിക്കെ ഒരു ദിവസം വഴിയിലൂടെ ഒരു രോഗി നടന്നു പോകുന്നത് കേളു കണ്ടു. ഇതു തന്നെ പറ്റിയ സന്ദർഭം. കേളു അവനെ വിളിച്ച് കാര്യം പറഞ്ഞു. അവന് സമ്മതം. ദിവസം അധികം കഴിഞ്ഞില്ല. അവനെക്കൊണ്ട് പാർവ്വതിയെ കല്യാണം കഴിപ്പിച്ചു. എന്നിട്ട് ഒന്നും കൊടുക്കാതെ

മകളെ പറഞ്ഞുവിടുകയും ചെയ്തു. ഇങ്ങനെയൊക്കെ ചെയ്യാൻ കാരണം പാർവ്വതി പറഞ്ഞതിന്റെ പൊരുൾ വിഡ്ഢിയായ കേളുവിന് മനസ്സിലാകാഞ്ഞത് കൊണ്ടാണ്. പാവം പാർവ്വതി. അവൾ വേദനയോടെ രോഗിയായ വരന്റെ പിന്നാലെ നടന്നകന്നു. കുറേ ദൂരം ചെന്നപ്പോൾ അവരുടെ മുന്നിൽ ഒരു സന്യാസി പ്രത്യക്ഷപ്പെട്ടു. രോഗിയായ ഒരാളെ ഭർത്താവെന്ന് പറഞ്ഞ് കൂട്ടിപ്പോകുന്നത് കണ്ട് സന്യാസി അവളോട് കാര്യങ്ങൾ തിരക്കി. സംഭവിച്ചതെല്ലാം പാർവ്വതി വിസ്തരിച്ച് പറഞ്ഞു. എല്ലാം കേട്ടശേഷം സന്യാസി ഭർത്താവിന്റെ രോഗം മാറാൻ ഒരു മരുന്ന് അവൾക്കു കൊടുത്തു. "ഈ മരുന്ന് മുതിര പുഴുങ്ങിയ വെള്ളത്തിൽ ചേർത്ത് കൊടുക്കണം. ഇയാളുടെ രോഗം മാറും" ഇത്രയും പറഞ്ഞ് സന്യാസി മറഞ്ഞു.

പാർവ്വതി മുതിര കൊണ്ടു വന്ന് ഒരാൽത്തറയിൽ വെച്ച് പുഴുങ്ങി മരുന്ന് ഉണ്ടാക്കി കൊടുത്തു. അടുത്ത നിമിഷത്തിൽത്തന്നെ രോഗം ഭേദമായെന്ന് മാത്രമല്ല അയാൾ ഒരു സുന്ദരനായി മാറുകയും ചെയ്തു. പെട്ടെന്ന് എവിടെ നിന്നാണെന്നറിയില്ല. ഒരു സുവർണ്ണ കുംഭം! അതിൽ നിറയെ സ്വർണ്ണ നാണയങ്ങൾ!! ഉടനെ അവർ അവിടുന്ന് അടുത്ത ഗ്രാമത്തിലേക്ക് യാത്രയായി. അവിടെ ചെന്ന് കുറച്ച് സ്വർണ്ണനാണയം വിറ്റ് അതിന്റെ കാശ് കൊണ്ട് മാളിക പോലൊരു വീട് പണിയാമെന്ന് വെച്ചു. വീട് പണിതു. കുടുംബമായി താമസവും തുടങ്ങി.

കാലം ആരെയും കാത്തു നിന്നില്ല. അവരുടെ അച്ഛൻ വൃദ്ധനായി. സ്വത്തും പണവുമെല്ലാം നശിച്ചു എന്തു ചെയ്യാം. അയാൾ തന്റെ മൂത്ത മകളുടെയടുത്തേക്ക് പോകാൻ തീരുമാനിച്ചു. അവിടത്തേക്ക് യാത്രയായി. വീടിന്റെ മുന്നിലെത്തി. പക്ഷേ, ഗേറ്റിനടുത്ത് പോലും നിൽക്കാൻ കേളുവിനെ അവർ അനുവദിച്ചില്ല! പിന്നെ രണ്ടാമത്തെ മോളുടെ അടുത്തേക്ക് യാത്രയായി. 'അവിടെയെത്തിയപ്പോൾ മോള് പറയുന്നു, "ഭർത്താവ് വിടുന്നില്ലച്ഛാ, ഞാൻ എന്ത് ചെയ്യും" എന്ന്. ഇതു കേട്ട് വിഷമത്തോടെ കേളു അവിടുന്നിറങ്ങി. മൂന്നാമത്തെ മകൾ കല്യാണിയുടെ അടുത്തെത്തിയപ്പോൾ അവൾ പറഞ്ഞു 'അച്ഛാ, അച്ഛൻ കുറച്ച് ദിവസം ഇവിടെ കഴിഞ്ഞോളൂ. സ്ഥിരമായി നില്ക്കാൻ അങ്ങോർ സമ്മതിക്കുമോന്നറിയില്ല." ഇത്രയും പറഞ്ഞു തീരുംമുമ്പ് കേളു അവിടുന്നിറങ്ങി നടന്നു. നാലാമത്തെ മകൾ പാർവ്വതി എവിടെയാണെന്നറിയില്ല. ലക്ഷ്യമില്ലാതെ നടന്നുനടന്ന് ദാഹവും വിശപ്പും കൊണ്ട് അയാൾ തളർന്നു. അപ്പോൾ ഒരാൾ ദൂരെയൊരു മാളിക കാണിച്ചുകൊടുത്ത് അങ്ങോട്ടേയ്ക്ക് പൊയ്ക്കൊള്ളാൻ പറഞ്ഞു. അവിടെ ചെന്നപ്പോൾ കേളു അമ്പരന്നു! അത് അയാളുടെ ഇളയ മകൾ പാർവ്വതിയുടെ വീടാണ്! അച്ഛൻ വരുന്നത് അവൾ ദൂരെ നിന്നേ കണ്ടിരുന്നു. ഉടൻ വേലക്കാർ വന്ന് കേളുവിനെ കൂട്ടിക്കൊണ്ടു പോയി വേണ്ട വിധം സൽക്കരിച്ചു. ഇനി ഊണ് കഴിക്കാനുള്ള സമയമായി. "അച്ഛാ ഊണ് കഴിക്കാറായി വരൂ."

പാർവ്വതി അച്ഛനെ വിളിച്ചിരുത്തി, ചോറും നാലു കൂട്ടം കറികളും വിളമ്പി. കേളു ഊണ് കഴിക്കാനാരംഭിച്ചു. ഓരോ കറിയും രുചിച്ചു നോക്കി. പക്ഷെ ഒന്നിനും ഉപ്പുണ്ടായിരുന്നില്ല. കേളു പറഞ്ഞു. "കറികളൊക്കെ നല്ലതു തന്നെ. പക്ഷെ ഒന്നിനും ഉപ്പില്ലല്ലൊ മോളേ.'' പാർവ്വതിയുടെ പ്രതികരണം - ''ങേ! ഉപ്പില്ലേ? അച്ഛന് ഉപ്പ് വേണോ? അച്ഛനോട് 'ഉപ്പോളം സ്നേഹമുണ്ട്' എന്ന് പറഞ്ഞതു കൊണ്ടല്ലേ അച്ഛൻ എന്നെ രോഗിക്ക് കല്യാണം കഴിച്ചുകൊടുത്ത് നരകിപ്പിച്ചത്." അപ്പോഴാണ് മകളോട് കാണിച്ച തന്റെ അപരാധം കേളുവിന്റെ മനസ്സിനെ തൊട്ടുണർത്തിയത്. ആ അച്ഛൻ മകളുടെ മുന്നിൽ ക്ഷമാപണം നടത്തി, തന്റെ തെറ്റിന്. ഒരു തവണയല്ല, മൂന്ന് തവണ! ഇളയ മോളുടെ മനസ്സിന്റെ നൈർമല്യതയിൽ ആ അച്ഛന്റെ കണ്ണിൽ നിന്ന് ഒരു തുള്ളി കണ്ണീർ പൊടിഞ്ഞു.

പാർവ്വതി അച്ഛന് വേണ്ട എല്ലാ സുഖസൗകര്യങ്ങളും അവിടെ ഒരുക്കി. അവൾ അച്ഛന് സ്നേഹാമൃതം പകർന്നു നൽകി. പിന്നീട് മരണം വരെ കേളു അവിടെ ജീവിച്ചു. ●

---

*ഡോ. ആർ. കൃഷ്ണ... തുടർച്ച*

കൂടുതലുണ്ടായിരുന്നു. അതുകൊണ്ട് വല്ലപ്പോഴും ഞങ്ങൾ ചികിത്സേതര വിഷയങ്ങൾ സംസാരിക്കാറുണ്ടായിരുന്നു. അതിനിടയിൽ നേതാജി സുഭാഷ് ചന്ദ്ര ബോസിന്റെ കാര്യം ഞാൻ ജിജ്ഞാസ കൊണ്ട് ചോദിക്കാൻ ഇടയായി. നേതാജിയുമൊത്തുള്ള ജീവിതത്തെക്കുറിച്ചുപറഞ്ഞപ്പോൾ രാജ്യസ്നേഹത്തിന്റെയും ധീരതയുടെയും സ്വാഭിമാനത്തിന്റെയും മനുഷ്യസ്നേഹത്തിന്റെയും മിന്നലാട്ടങ്ങൾ ആ വലിയ മനുഷ്യന്റെ വാക്കുകളിൽ സ്ഫുരിച്ചിരുന്നത് ഇന്നും ഞാനോർക്കുന്നു. നിസ്വാർത്ഥമായ രാജ്യസ്നേഹവും ഫലേച്ഛയില്ലാത്ത കർമ്മവുമായിരുന്നു ഡോ. പ്രസാദ് എന്ന വ്യക്തിയുടെ ഉത്കൃഷ്ടതയുടെ ഊന്നുവടികൾ. 2000-ൽ അദ്ദേഹം നമ്മോടു വിട പറഞ്ഞപ്പോൾ അദ്ദേഹത്തിന് 91 വയസ്സായിരുന്നു. അത്രയും നാളും അദ്ദേഹത്തിന്റെ ചിന്തകളും പ്രവർത്തികളും മനുഷ്യസ്നേഹത്തിന്റെയും ദേശസ്നേഹത്തിന്റെയും ഈറ്റില്ലമായിരുന്നു. അച്ഛൻ ഡോക്ടർ ആർ. കൃഷ്ണപ്രസാദ് തെളിച്ചിട്ട പാതയിൽ കൂടി മകൻ ഡോക്ടർ രവീന്ദ്രപ്രസാദ് ആശുപത്രി നടത്തിക്കൊണ്ടു പോരുന്നു. രോഗികൾക്ക് സാന്ത്വനമേകിക്കൊണ്ട് തികഞ്ഞ സായിഭക്തനായ ഡോക്ടർ രവീന്ദ്രപ്രസാദ് അച്ഛന്റെ ഓർമ്മയും പേറിക്കൊണ്ട് കർമ്മനിരതനായിരിക്കുന്നു. ●



# ഗണപതി പ്രാതലിന്റെ സന്ദേശം

**കെ. ഗോദവർമ്മ,** കുറ്റിലഞ്ഞി

മഹാകവി കുഞ്ചൻനമ്പ്യാരുടെ പ്രസിദ്ധമായ കൃതികളിലൊന്നാണ് ഗണപതി പ്രാതൽ എന്ന ശീതങ്കൻതുള്ളൽ. ഇതിന്റെ കഥയ്ക്ക് സൗർവ്വലൗകികമായതും സാർവ്വകാലികമായതുമായ ഒരു പ്രസക്തിയുണ്ട്. കഥ ആദ്യമായി വിവരിച്ചിട്ട്, മഹാകവി ഈ കഥയിലൂടെ നൽകുന്ന സന്ദേശം എന്താണെന്നു വിശദമാക്കാം.

കൈലാസപതിയായ സാക്ഷാൽ ശ്രീപരമേശ്വരന്റെ ഭക്തരിലഗ്രഗണ്യനായ വൈശ്രവണൻ നിത്യവും ഭഗവൽദർശനത്തിനായി സന്നിധാനത്തിലെത്തുന്ന പതിവുണ്ട്. വൈശ്രവണൻ മഹാപ്രഭുവും ധനികാഗ്രേസരനും കുബേരചക്രവർത്തിയുമാണെന്നുള്ള കാര്യം സുവിദിതമാണ്. കുബേരന് ധനം വർദ്ധിച്ചുവരുന്തോറും ഭഗവൽഭക്തിയും കുറവില്ലാതെ വർദ്ധിച്ചുവന്നു. അതുകൊണ്ട് പരമേശ്വരദർശനം ഒരു ദിവസവും മുടക്കാറില്ല. ഭഗവൽ ദർശനത്തിനായി ചെല്ലുമ്പോൾ എന്തെങ്കിലും കാണിക്കയായി നിത്യവും സമർപ്പിക്കുവാനും കൂടെ കൊണ്ടുപോകുക പതിവുണ്ട്. ഒരു ദിനം ദർശനത്തിനു പോയപ്പോൾ ഒരു പഴക്കുലയാണ് തിരുമുമ്പിൽ സമർപ്പിക്കാനായി അദ്ദേഹം കൊണ്ടുപോയത്. സാമാന്യം പഴുത്ത് നല്ല വലിപ്പമുള്ള ഒന്നാം തരം പൂവൻ പഴക്കുല ഒരു വാല്യക്കാരനെ കൊണ്ടെടുപ്പിച്ച് നേരെ സന്നിധാനത്തിലേക്ക് നടകൊണ്ടു. ഗോപുരത്തിലെത്തിയപ്പോൾ ഇനി താൻ തന്നെ പഴക്കുല ഏറ്റിക്കോളാമെന്നു പറഞ്ഞ് അതു മേടിച്ച് മുന്നോട്ട് നടന്നു. എടുത്താൽ പൊന്തിക്കാൻ വയ്യാത്തത്ര ഭാരമുള്ള പഴക്കുലയുമായി വേച്ചു വേച്ച് വിയർത്ത് അദ്ദേഹം ഭഗവൽസമീപത്തേക്കു നടന്നു തുടങ്ങി. ഭഗവാൻ ദൂരെയിരുന്ന് തന്റെ ഭക്തന്റെ അത്ര പന്തിയല്ലാത്ത ഈ വരവ് കാണുന്നുണ്ട്. ഭഗവാന്റെ വലതുവശത്തായി ചെവിയുമാട്ടിക്കൊണ്ട് സാക്ഷാൽ ഗണപതിയും ഇരിപ്പുണ്ട്. നന്നേ കഷ്ടപ്പെട്ടുകൊണ്ട് വൈശ്രവണൻ പഴക്കുലയുമേറ്റി നടന്നുവരുന്നത് കണ്ട സാക്ഷാൽ ശ്രീഗണപതി എണീറ്റോടി അടുത്തേക്കു ചെന്നു. “അല്ലാ വെശ്രവണാ നീ പഴക്കുലയേറ്റി നന്നേ ക്ഷീണിച്ചല്ലോ. ഞാൻ സഹായിക്കാം വൈശ്രവണാ! ഇങ്ങോട്ടു തരൂ വൈശ്രവണാ... പഴക്കുല ഞാനേറ്റാം തരൂ... ഇങ്ങട്ടു തരൂ” എന്നു പറഞ്ഞ് പഴക്കുലയിൽ തുമ്പിക്കൈ വച്ചു. ഇതുകേട്ട് വൈശ്രവണന് ആ അവസ്ഥയിലും ചിരി വന്നുപോയി. എന്തെന്നാൽ ഗണപതി സഹായിക്കാൻ ശ്രമിച്ചാൽ പിന്നെ ഭഗവാനു സമർപ്പിക്കാൻ തൊലി പോലും ബാക്കിയുണ്ടാകില്ല എന്നയാൾക്കറിയാം. അതുകൊണ്ടയാൾ ഗണപതിയുടെ സഹായവാഗ്ദാനം നിരസിച്ച് നട തുടർന്നു.

പക്ഷേ ഗണപതിയുണ്ടോ വിടുന്നു. “വൈശ്രവണാ, നീയെന്തിനിങ്ങനെ കഷ്ടപ്പെടുന്നു. ഞാൻ സഹായിക്കാമെന്നു പറഞ്ഞില്ലെ. ഇതു അച്ഛനു സമർപ്പിക്കാനല്ലെ വൈശ്രവണാ നീ കൊണ്ടുവന്നത്. പിന്നെ ഞാനേറ്റിയാൽ എന്താണ് കുഴപ്പം. ഇങ്ങട്ട് തരൂ എന്റെ വൈശ്രവണാ... ഉം... തരാൻ...” എന്നു പറഞ്ഞു പിടിമുറുക്കി. വൈശ്രവണൻ ആ കഷ്ടാവസ്ഥയിലും വാഴക്കുല കൊടുക്കാതെ മുന്നോട്ട് നീങ്ങാൻ ശ്രമിക്കുന്നുണ്ട്. ഇതെല്ലാം കണ്ട് ഭഗവാൻ ദൂരെയിരിക്കുന്നുമുണ്ട്. അദ്ദേഹം ഗണപതിയെ വിലക്കി, “ഉണ്ണി എന്തായിത്. അദ്ദേഹം എന്റെ മുന്നിൽ കാഴ്ചയർപ്പിക്കാനാണ് പഴക്കുലയുമേറ്റി വരുന്നത്. അതു നിന്നെയേൽപ്പിച്ചാൽ കാര്യം പരുങ്ങലിലാകും. വാ ഇവിടെ വന്നിരി” എന്നു ഭഗവാൻ കല്പിച്ചു. പക്ഷെ ഗണപതി പിടിവിടാതെ കരച്ചിലായി “അച്ഛാ എന്താണിങ്ങനെ? വൈശ്രവണൻ അച്ഛനു സമർപ്പിക്കാനായിട്ടല്ലെ പഴക്കുല കൊണ്ടുവന്നിട്ടുള്ളത്. അച്ഛനുള്ളതൊക്കെ എനിക്കുമുള്ളതല്ലെ അച്ഛാ. ഇങ്ങട് തരാൻ പറയൂ അച്ഛാ... എനിക്കു നന്നേ വിശക്കുന്നു. അച്ഛാ... എന്നു മുറവിളി തുടങ്ങി. പക്ഷെ ഭഗവാൻ ഗണപതിയെ കർശനമായി വിലക്കി ശകാരിച്ചു, “നിന്നോടു പറഞ്ഞില്ലെ അയാളെ ഉപദ്രവിക്കരുതെന്ന്. ഇപ്പോൾ ആയിരം നാഴിയരി കൊണ്ട് അടയും അപ്പവും തിന്നല്ലോ നീ.. എന്നിട്ടും വിശക്കുന്നോ... വാ ഇവിടെ വന്നിരി” എന്നു കടുപ്പിച്ച് പറഞ്ഞു. ഇതു കേട്ടതോടു കൂടി

ഗണപതി മനസ്സില്ലാമനസ്സോടുകൂടി പിടിവിട്ടു കരയാൻ തുടങ്ങി. പിടിവിട്ടിട്ടുണ്ടെങ്കിലും പഴക്കുലയെ തന്നെ നോക്കിക്കൊണ്ട് കരഞ്ഞുകൊണ്ട് ഗണപതിയും വൈശ്രവണനെ അനുഗമിച്ചു. അങ്ങനെ വിഷമിച്ച് വൈശ്രവണൻ പഴക്കുല ഭഗവൽ തിരുമുമ്പിൽ സമർപ്പിച്ചു കുനിഞ്ഞു തൊഴുതു. കണ്ണു തുറന്നുനോക്കിയപ്പോൾ പഴക്കുല കാണാനില്ല. അടുത്തു തന്നെ ചെവിയുമാട്ടിക്കൊണ്ട് ഗണപതി നില്പുണ്ട്. എന്ത് ഇത്ര വേഗം കഴിച്ചോ? കാൽ നാഴികപോലുമായില്ല! പക്ഷെ ഗണപതി കരച്ചിൽ തുടരാനുള്ള ഭാവമാണ്. "എന്താ വൈശ്രവണാ പഴക്കുല ഒരെണ്ണമേ കൊണ്ടുവന്നുള്ളോ? ഇനിയുമില്ലേ? എനിക്കൊട്ടും വിശപ്പു മാറിയില്ല. കുറെക്കൂടി തരൂ വൈശ്രവണാ" എന്നു പറഞ്ഞു നില്പായി. "നീ കൊണ്ടു വന്നിട്ടില്ലെങ്കിൽ ഞാൻ നിന്റെ കൂടെ വീട്ടിലേക്കു വരാം. എനിക്കത്രയ്ക്കു വിശപ്പുണ്ട് വൈശ്രവണാ."

വൈശ്രവണൻ ഇതെല്ലാം കണ്ട് സ്തബ്ധനായി; കുറെ നേരത്തേക്ക് ഒന്നുമുരിയാടാൻ പോലുമാകാതെ സ്തംഭിച്ചു നില്പായി. ഒരാൾ ഒരു മാസം കഴിച്ചാലും തീരാത്തത്ര പഴങ്ങൾ ഒരു ക്ഷണം കൊണ്ട് കഴിച്ചുതീർത്ത ഗണപതിയെ വൈശ്രവണൻ ഒരത്ഭുത ജീവിയെ കാണുമ്പോലെ നോക്കി നിന്നു. ഇങ്ങനെയൊരു ബുഭുക്ഷയുണ്ടോ? കുട്ടികൾക്ക് ഒരു നേരം പോലും ഇവിടെ വയറുനിറയെ ആഹാരം കൊടുക്കുന്നില്ലെ? ഇങ്ങനെ പോയി അയാളുടെ ചിന്തകൾ. ഭഗവാൻ ഈ നില്പും നിലയും കണ്ട് ചോദിച്ചു. "എന്താ വൈശ്രവണാ ഉണ്ണിയെ ഇങ്ങനെ നോക്കിനില്ക്കുന്നത്? അവനെന്തെങ്കിലും പന്തിയില്ലായ്മ കാണിച്ചോ? എന്താണെന്നു വച്ചാൽ പറയൂ വൈശ്രവണാ." എന്നായി ഭഗവാൻ. "ഏയ് ഒന്നുമില്ല. ഞാനങ്ങനെ ഓരോന്നു നിനച്ചു നിന്നുപോയി അത്രേയുള്ളു ഭഗവാനെ." എന്നു മറുപടി പറഞ്ഞു. പക്ഷെ ഭഗവാന് വൈശ്രവണന്റെ ഉള്ളിലുള്ള എല്ലാ ചിന്തകളും പിടികിട്ടി. പക്ഷെ അറിഞ്ഞില്ല എന്ന ഭാവത്തിൽ, "ഉണ്ണിയുടെ കാര്യമാണെങ്കിൽ, ഒന്നും പറയാനില്ല വൈശ്രവണാ, മറ്റു വല്ലതുമാണെങ്കിൽ പറഞ്ഞോളൂ. അമാന്തിക്കേണ്ട എന്ന് അരുളിച്ചെയ്തു. "അല്ല ഞാനിങ്ങനെ ഉണ്ണിയെപ്പറ്റി നിനച്ചോണ്ട് നിന്നതാണെ." എന്നു മൊഴിഞ്ഞു വൈശ്രവണൻ.

"അ: അവന്റെ കാര്യം ഞങ്ങൾക്കു തന്നെ മടുത്തിട്ടാണുള്ളത്. എത്ര കഴിച്ചാലും തൃപ്തിയില്ല അറിയാല്ലോ. എപ്പോഴും ഭക്ഷണം വേണമെന്നു പറഞ്ഞു ബഹളം തന്നെ." എന്നു ഭഗവാൻ.

ഇതുകേട്ട് സ്വതേ അഹങ്കാരിയും ജളപ്രഭുവുമായ ആ കുബേരൻ ഇങ്ങനെ പറഞ്ഞു "എന്ത് എത്ര കഴിച്ചാലും മതിവരാത്ത ആളോ?"

"ഒന്നും പറയണ്ട എന്റെ വൈശ്രവണാ... അല്ല ഞാനിതൊക്കെപ്പറഞ്ഞ് നിന്നെയെന്തിനു വിഷമിപ്പിക്കുന്നു. വൈശ്രവണാ" എന്നു ഭഗവാൻ നിശ്വാസം വിട്ടുകൊണ്ട് പറഞ്ഞു.

പക്ഷെ വൈശ്രവണൻ ഇടപെട്ടു. "എന്നാൽ ഈ ഉണ്ണിക്കൊരു നേരം വയറു നിറയെ ചോറു കൊടുക്കാൻ അടിയൻ തീരുമാനിച്ചു. അവിടന്ന് അനുവദിക്കണം" എന്നായി വൈശ്രവണൻ. ഇതു കേട്ട് ഭഗവാൻ വിലക്കി "എന്ത്? ആരെക്കൊണ്ടും നടക്കില്ലാത്ത കാര്യത്തിന് നീ പുറപ്പെടണോ? വെറുതെ പുലിവാൽ പിടിക്കണോ എന്റെ വൈശ്രവണാ?"

"ഹേയ്... അടിയനൊരു മോഹം. അതുകൊണ്ട് അടിയൻ തീരുമാനിച്ചു കഴിഞ്ഞു അവിടന്ന് അനുവദിക്കണം." "ഒന്നുകൂടെ ആലോചിച്ചിട്ടു പോരേ" എന്നു ഭഗവാൻ തടുത്തെങ്കിലും വൈശ്രവണൻ വാശിയിൽത്തന്നെ നിന്നു. ഒരാൾ ഏറിയാൽ ഒരു മുന്നാഴി അരി കഴിക്കും. പോട്ടെ ഉണ്ണിയായതുകൊണ്ട് ഇടങ്ങഴി തന്നെ കരുതാം. എന്നൊക്കെ ചിന്തിച്ച് വൈശ്രവണൻ കാത്തു നില്പായി. കാര്യമിത്രയുമായപ്പോൾ ഭഗവാനും പിൻവലിഞ്ഞു. " അ, നിനക്കത്ര നിർബന്ധമാണെങ്കിൽ ഞാൻ തടുക്കുന്നില്ല പിന്നെ ഒരു കാര്യം ഉണ്ണിയെ തന്നെ എങ്ങും വിടാറില്ല. ഞാനും പാർവ്വതിയും സുബ്രഹ്മണ്യനും ശാസ്താവും കാളിയുമെല്ലാം കൂടെ വരും എന്താ?"

"ആയിക്കോട്ടെ" വൈശ്രവണൻ സമ്മതിച്ചു.

"അ: അപ്പോൾ മറ്റൊരു പ്രശ്നം. ഞങ്ങൾ എങ്ങോട്ടു പോയാലും ദാ ഈ തുറിച്ചുനോക്കിക്കൊണ്ടു ചുറ്റും നില്ക്കുന്ന ഭൂതഗണങ്ങളെല്ലാം കൂടെപ്പോരും. അവരാകട്ടെ അസംഖ്യമുണ്ട് വൈശ്രവണാ" ഭഗവാൻ പറഞ്ഞു. വൈശ്രവണന്റെ മനസ്സിൽ ഒരു ആന്തലുണ്ടായി. കാര്യം കൈവിട്ടു പോകുമോ പക്ഷെ ഏതായാലും ഇനി പിന്നോട്ടില്ല. "ആട്ടെ എല്ലാവരും പോന്നോട്ടെ ഞാൻ തയ്യാറാണ്" എന്നദ്ദേഹം അല്പം വിറയാർന്ന ശബ്ദത്തിൽ പറഞ്ഞു.

"തീർന്നില്ല വൈശ്രവണാ, എന്നെ സേവിച്ചു വന്നു കൂടിയ അസംഖ്യം മഹർഷിമാരുണ്ട്, മറ്റു ഭക്തരുണ്ട്. ഇവരുടെയൊക്കെ കണക്കെടുക്കാൻ പോലും അസാധ്യം. അവരുമൊക്കെ കൂടെ പുറപ്പെടും."

വൈശ്രവണനു തല തിരിയുന്ന പോലെ അനുഭവപ്പെട്ടു. "ദൈവമെ ഇതെന്തൊരു പരീക്ഷണം "പക്ഷെ പുറത്ത് പറഞ്ഞത് ഇങ്ങനെയാണ്. "എല്ലാവരും വന്നുകൊള്ളട്ടെ. അടിയനു സമ്മതമാണെ..." എന്നാണ്.

"അ: അത്രയുമായ സ്ഥിതിക്കിനി എന്നാ വരേണ്ടതെന്നു കൂടി

പറഞ്ഞോളൂ വൈശ്രവണാ'' എന്നായി ഭഗവാൻ.

"ഇന്നേക്കേഴാംനാൾ അങ്ങും പരിവാരങ്ങളുമായി എഴുന്നള്ളണമെന്നാടിയന്റെ ആഗ്രഹം.

"ശരി തന്നെ. ഇന്നേക്കേഴാം നാൾ ഞങ്ങൾ ഉദിച്ച് പത്തു നാഴികയാവുമ്പോഴേക്കും എത്താം എന്താ?"

"അങ്ങനെ തന്നെ."

''അ: അങ്ങനെയെങ്കിൽ നീ പോയി അന്നത്തേക്കെല്ലാം ഒരുക്കിക്കോളൂ." എന്നു ഭഗവാൻ അനുമതി നൽകി.

വൈശ്രവണൻ "കാര്യമെല്ലാം കുഴഞ്ഞല്ലോ." "ഇനിയിപ്പം പിൻവലിയാനും പറ്റില്ല. ഇന്നേതവനെയാണോ കണി കണ്ടത്. എന്റെയൊരു മാറ്റിത്തം. മുടിയാൻ നേരത്ത് ഓരോന്ന് തോന്നിക്കോളും'' എന്നെല്ലാം ചിന്തിച്ച് വൈശ്രവണൻ രാജധാനിയിലെത്തി. ഉടനെ പ്രധാനപ്പെട്ട കാര്യക്കാരെയെല്ലാം വിളിച്ചുവരുത്തി തന്റെ തീരുമാനങ്ങൾ അറിയിച്ചു. "ഇനിയിപ്പം പിൻമാറാൻ കഴിയില്ല. ഏഴാം നാളത്തേക്ക് എല്ലാം ഒരുക്കണം. അതിനുവേണ്ടി ഉത്സാഹം തുടങ്ങണം" എന്ന് ആജ്ഞ നൽകി. പന്തൽക്കമ്മറ്റി, സ്വീകരണകമ്മറ്റി, ഭക്ഷണ നിർമ്മാണ വിതരണക്കമ്മറ്റി എന്നിത്യാദി തട്ടിക്കൂട്ടി ഓരോ നേതാക്കന്മാരെ നിശ്ചയിച്ചു ചാർജ് കൊടുത്തു. കൂടാതെ ചിലരെ അലങ്കാരപ്പണി, കലവറ നിറയ്ക്കൽ എന്നിവയ്ക്കും നിയോഗിച്ചു.

പിറ്റേദിനം ഭഗവൽ ദർശനത്തിനു ചെന്നപ്പോൾ ഭഗവാൻ ചോദിച്ചു. "അ: എന്തായി വൈശ്രവണാ ഉത്സാഹമൊക്കെ തുടങ്ങിയോ" ഇതു കേട്ട് ഗണപതിയും അടുത്തുകൂടി "വൈശ്രവണാ ശ്രമങ്ങളൊക്കെ തുടങ്ങിയില്ലെ? ഞാനും വരണോ ഉത്സാഹിക്കാൻ" എന്നൊക്കെ ചോദ്യം തുടങ്ങി. വൈശ്രവണൻ ആ ദയനീയാവസ്ഥയിലും ചിരിയടക്കാൻ പാടുപെട്ടു. ഉണ്ണി വന്നാൽപ്പിന്നെ ഉത്സാഹം കേമാകും! "വേണ്ട ഉണ്ണീ നീ അച്ഛനമ്മമാരോടുകൂടി വന്നാൽ മതി. അടിയൻ എല്ലാം ഒരുക്കിവച്ചോളാം" എന്നു മൊഴിഞ്ഞു. അങ്ങനെ ഏഴാംനാൾ പുലർന്നു. വൈശ്രവണ രാജധാനിയിലെങ്ങും ഉത്സവദിനം പോലെ ശബ്ദപൂരിതം. ആർപ്പുവിളികൾ, കുരവകൾ, പരിചാരകരുടെ നിർദ്ദേശങ്ങൾ, പ്രവർത്തികൾ, ചുമതലക്കാരുടെ ശകാരങ്ങൾ, വലിയ വാർപ്പുകൾ, ഉരുളികൾ, വട്ടളങ്ങൾ എന്നിവ കൈകാര്യം ചെയ്യുമ്പോഴുണ്ടാകുന്ന ശബ്ദങ്ങൾ. ഒരു വശത്ത് വെന്ത ചോറ് കൈലാസാചലം പോലെ കൂട്ടിയിരിക്കുന്നു. വീണ്ടും വീണ്ടും അതിന്റെ തുംഗത ഉയർന്നുകൊണ്ടിരിക്കുന്നു. കുട്ടകങ്ങളിലും വട്ടളങ്ങളിലും കൊതിപ്പിക്കുന്ന മണത്തോടുകൂടി രസാളങ്ങൾ, വിവിധ ഇനം കറികൾ എന്നിവ. വിവിധ ഇനം പായസങ്ങൾ പല വലിയ വാർപ്പുകളിൽ പാകമായി വരുന്നു. കുട്ടകൾ നിറയെ വറവുകൾ, പപ്പടങ്ങൾ, വിവിധ ഭരണികളിൽ പലതരം അച്ചാറുകൾ, പന്തൽത്തട്ടിൽ അസംഖ്യം പഴക്കുലകൾ എന്നിങ്ങനെ ഭക്ഷണമെല്ലാം ഏതാണ്ട് തയ്യാറായിക്കഴിഞ്ഞു. ഇലകൾ, കിണ്ടികൾ, മൊന്തകൾ എന്നിവ പല സ്ഥലത്തുമായി വച്ചിട്ടുണ്ട്. ഓരോന്നിന്റെയും ചുമതലക്കാരും അതീവ ശ്രദ്ധയോടുകൂടി ഓടിനടന്ന് എല്ലാം വേണ്ടപോലെ നടത്തുന്നു.

അങ്ങനെയിരിക്കെ പത്തുനാഴിക പുലർന്നു. ഭഗവാനും കൂട്ടരും എത്താറായി. വൈശ്രവണൻ പത്നിയോടും പുത്രമിത്രാദികളോടും കൂടി ഭഗവാന്റെ വരവു പ്രതീക്ഷിച്ച് സ്വീകരിക്കാൻ തയ്യാറായി ഗോപുരദ്വാരത്തിലെത്തിക്കഴിഞ്ഞു. വിവിധ മംഗളവാദ്യങ്ങൾ ഉയർന്നു തുടങ്ങി. ഇതാ ഭഗവാനും കൂട്ടരും എത്തിപ്പോയി! വൈശ്രവണൻ രോമാഞ്ചകഞ്ചുകിതനായി ഓടിയണഞ്ഞു തൊഴുതു കാൽക്കൽ നമസ്ക്കരിച്ചു അവിടത്തെ എതിരേറ്റു; നേരെ സ്വീകരണപ്പന്തലിലേക്ക് എഴുന്നള്ളാം എന്നറിയിച്ചു. അങ്ങനെ എല്ലാവരും കൂടി ഭഗവാനേയും പരിവാരത്തേയും എഴുന്നള്ളിച്ചു സ്വീകരണപ്പന്തലിലേക്കു നീങ്ങുമ്പോൾ ഭഗവാനു തൊട്ടു വലതു നിന്നിരുന്ന ഗണപതി സൂത്രത്തിൽ മുങ്ങി. സ്വീകരണ ബഹളം കാരണം ഇതാരും ശ്രദ്ധിച്ചുമില്ല. ഗണപതി നേരേ ഭക്ഷണ വിതരണനെടുമ്പുരകൾക്കടുത്തേക്കു നീങ്ങി. അവിടെ എത്തിയപ്പോൾ ത്തന്നെ അവിടെ കണ്ട കാഴ്ച കണ്ട് സന്തോഷമായി. ''അ: കൊള്ളാം എല്ലാം ഒന്നു രുചിച്ചു നോക്കാം" എന്നു നിനച്ച് ഓരോന്നായി വലിയ തോതിൽ സാപ്പിട്ടു തുടങ്ങി. കുന്നുകുന്നായി പനമ്പുകളിൽ കൂട്ടിയിട്ടിരുന്ന ചോറും കുട്ടകങ്ങളിൽ നിരന്നിരിക്കുന്ന രസാളങ്ങളുമെല്ലാം പാത്രങ്ങളോടെ നിമിഷനേരം കൊണ്ട് ഗണപതി ഭക്ഷിച്ചു തീർത്തു. പിന്നെ എവിടെ ഭക്ഷണമെന്നു നോക്കിത്തുടങ്ങി. സ്വീകരണപ്പന്തലിൽ ഭഗവാൻ ഇരുന്നു. ശ്രീപാർവ്വതിയും മറ്റുള്ള മക്കളും പരിവാരങ്ങളുമെല്ലാം യഥായോഗ്യം ഇരുന്നു. വൈശ്രവണൻ അർഘ്യവാദ്യങ്ങൾ നൽകി സ്വീകരിച്ചു; പൂജിച്ചു; നമസ്ക്കരിച്ചു. അങ്ങനെ എല്ലാം ശുഭമായിരിക്കുന്ന അവസരത്തിൽ ഭക്ഷണനെടുമ്പുരയിൽ നിന്നും പന്തിയല്ലാത്ത ചില ശബ്ദങ്ങൾ കേട്ടുതുടങ്ങി. "എവിടെ ചോറ്? എന്ത്? ചോറും കറികളുമെല്ലാം ഇത്രേയുള്ളോ? തീർന്നോ? കഷ്ടം എനിക്കു വയറു നിറച്ചു ഭക്ഷണം തരാമെന്നേറ്റു വിളിച്ചു കൊണ്ടുവന്ന് നീ പറ്റിക്കുകയായിരുന്നോ വൈശ്രവണാ" എന്നെല്ലാം കേട്ടുതുടങ്ങി.

അപ്പോഴാണ് ഭഗവാനും മറ്റുള്ള വരും ഗണപതി തങ്ങളുടെകൂട്ടത്തി ലില്ലാ എന്നു മനസ്സിലായത്! "എന്ത് ഗോപുരത്തിലെത്തും വരെ എന്റെ വലതു വശത്തു തന്നെയുണ്ടായി രുന്നല്ലോ എങ്ങോട്ട് പോയി" എന്നു ചിന്തിച്ചു നോക്കുമ്പോഴേക്കും അതാ ഗണപതി അലറിവിളിച്ചു കൊണ്ട് വൈശ്രവണന്റെ നേരേ പാഞ്ഞടുത്തുവരുന്നു. ''എടാ വൈശ്രവണാ കള്ളാ. എനിക്കു വയറു നിറയെ ഭക്ഷണം തരാ മെന്ന് പറഞ്ഞു നീ പറ്റിച്ചു അല്ലേടാ? എടാ എവിടെ ഭക്ഷണം? എനിക്കൊട്ടും വിശപ്പു മാറിയില്ല. എടാ ഭക്ഷണം തന്നില്ലെങ്കിൽ നിന്നെ ഞാനിന്നു വിഴുങ്ങും ഇവിടെ വാടാ" എന്നു പറഞ്ഞ് വൈശ്രവണന്റെ നേരെ ഗണപതി പാഞ്ഞടുത്തു. പേടിച്ചോടിയ വൈശ്രവണന്റെ പിറകെ അലറി ക്കൊണ്ട് തുമ്പിക്കരം നീട്ടി ഗണ പതിയും ഓടി. ഭഗവാന് എല്ലാം മനസ്സിലായി എന്നാലും ഒന്നുമറി യാത്തതുപോലെ "ആ, എന്ത് ഉണ്ണി വല്ല കുഴപ്പവുമുണ്ടാക്കിയോ'' എന്നൊക്കെ ചിന്തിക്കുമ്പോഴേ ക്കും വൈശ്രവണൻ ഓടി വിയർ ത്ത് ഭഗവാന്റെ കാൽക്കൽ വീണു. പിന്നെ ഗണപതിയും. ''എന്ത്? എന്താ വൈശ്രവണാ നീ എന്താണ് വിയർത്തവശനായി ഓടി വരുന്നത്" എന്നെല്ലാം ഭഗവാൻ ചോദിക്കുന്നു ണ്ട്. പിറകെ വന്ന ഗണപതി "അച്ഛാ, ഇവൻ കള്ളനാണ് എനിക്ക് വയറു നിറയെ ചോറു തരാമെന്ന് പറഞ്ഞ് പറ്റിച്ചു. ഇവിടെ ഇവൻ കരുതിയ ഭക്ഷണം കഴിച്ചിട്ടെനി ക്കൊട്ടും വിശപ്പു മാറിയില്ല. ഇവനെ ഇനി ഞാൻ വിടില്ല" എന്നു പറഞ്ഞ് തുമ്പിക്കൈ കൊണ്ട് വൈശ്രവണനെ പിടിക്കാനടുത്തു. കാര്യമത്ര പന്തിയല്ലാ എന്നു കണ്ട പ്പോൾ ഭഗവാൻ ഇടപെട്ടു. "ഉണ്ണീ... ബ്ടെ... വാ... ബ്ടെ... വരാൻ" എന്നു പറഞ്ഞ് ഉണ്ണിയെ തടഞ്ഞു. "നീയിങ്ങടുത്തു വാ വായ് തുറക്ക്" എന്നു പറഞ്ഞ് കമണ്ഡലുവിൽ നിന്നും ഒരു നുള്ള് ഭസ്മം എടുത്ത് വായിലിട്ടുകൊടുത്തു. അതു കഴി ച്ചതോടുകൂടി ഉണ്ണിക്ക് വിശപ്പു ശമിച്ചു ഏമ്പക്കം വിട്ടു "ആഹാ അച്ഛാ എന്റെ വിശപ്പു മാറി...'' എന്നു പറഞ്ഞ് സമാധാനപ്പെട്ടു. വൈശ്രവണൻ ഭയന്നുവിറച്ച് ഭഗ വാനോട്, "ധനികനാണെന്നുള്ള എന്റെ ഹുങ്കാണ് എല്ലാത്തിനും കാരണമെന്നു ബോദ്ധ്യമായി. ഞാൻ നിനച്ചാൽ ഒരു വ്യക്തി യുടെ വിശപ്പു പോലുമടക്കാൻ കഴി യില്ല എന്ന് അവിടന്ന് എനിക്കു ബോദ്ധ്യമാക്കിത്തന്നു. ഭഗവാനേ എന്നിൽ കരുണയുണ്ടാകണെ'' എന്നു പറഞ്ഞ് ഭഗവൽപാദാരവിന്ദ ങ്ങളിൽ നമസ്ക്കരിച്ചു. ''അ: വൈശ്രവണാ നിന്റെ വിരുന്നൊ ക്കെ കേമമായി. ഞാനും പരിവാര ങ്ങളും പൊയ്ക്കോട്ടെ'' എന്നു പറഞ്ഞ് ഭഗവാൻ തന്റെ ജനങ്ങ ളോടൊപ്പം കൈലാസത്തിലേക്ക് യാത്രയായി.

ഇനി ഈ കഥയിലെ സന്ദേശ മെന്തെന്നു നോക്കാം. വിശക്കുന്ന വനു കൊടുക്കാതെ, പഴക്കുലയും പാല്പായസവുമൊക്കെയായി ദേവ സന്നിധിയിലേക്കോടി നടക്കേണ്ട കാര്യമില്ല. അല്ല ഇനിയും അതു തന്നെയാണ് ചെയ്യാനുദ്ദേശിക്കുന്ന തെങ്കിൽ വിശക്കുന്നവൻ 'നിന്നെ ത്തന്നെ വിഴുങ്ങും' എന്ന പാഠം ഭഗ വാൻ വൈശ്രവണനു പഠിപ്പിച്ചു കൊടുത്തു. ഭഗവാന് ഈ വക സാധനങ്ങളിലൊന്നും ഒരാസക്തി യുമില്ല എന്ന കാര്യം ഇനിയെങ്കിലും 'കുബേര ഭക്തർ' മനസ്സിലാക്കിയെ ങ്കിൽ എന്നാശിക്കാം. ●

# "ഒരു കോടി നന്ദി... ആരോഗ്യപ്രവർത്തകർക്ക്"



പള്ളം കൊട്ടാരത്തിലെ വലിയ തമ്പുരാട്ടി സൗദാമിനി തമ്പുരാട്ടി (94) ആലുവ കപ്രശ്ശേരി കിഴക്കേമഠ ത്തിൽ എത്തിയതാണ്. അവിടെ വച്ച് കോവിഡ് പോസിറ്റീവായി. ആലുവ ഗവ. ജനറൽ ഹോസ്പിറ്റ ലിൽ വിവരം അറിയിച്ച ഉടൻ ആരോഗ്യപ്രവർത്തകർ വീട്ടി ലെത്തി ആംബുലൻസിൽ ആശു പത്രിയിലേക്ക് മാറ്റി. പിന്നീടുള്ള ദിവസങ്ങൾ നിർണ്ണായകമായി രുന്നു. പനിയും ശ്വാസംമുട്ടലും ചുമയും. നേഴ്സുമാർ മുഴുവൻ സമ യവും അടുത്തുനിന്ന് പരിചരിച്ചു. ഡോക്ടർമാർ നല്ല ചികിത്സ തന്നെ നൽകി. പത്തു ദിവസത്തിനു ശേഷം പരിശോധിച്ചപ്പോൾ നെഗറ്റീവ് ആയി. ഉടൻ പള്ളത്തേക്ക് മടങ്ങുകയും ചെയ്തു. 7 ദിവസം ക്വാറന്റൈനിൽ ഇരുന്നു. ഇപ്പോൾ അസുഖങ്ങളൊന്നുമില്ല. നഷ്ടപ്പെട്ടു എന്നു കരുതിയ ജീവിതം തിരിച്ചു കിട്ടിയതിന്റെ ആശ്വാസത്തിൽ പകലും രാത്രിയും കാവൽ നിന്ന് പരി ചരിച്ച ആരോഗ്യപ്രവർത്തകർക്ക് സൗദാമിനി തമ്പുരാട്ടി ഒരു കോടി നന്ദി അറിയിച്ചു. പൂഞ്ഞാർ കൊട്ടാരത്തിലെ പരേതനായ പി.ജി. രാമ വർമ്മയാണ് ഭർത്താവ്.

# പ്രായശ്ചിത്തം



**യു. അപർണ മുള്ളത്ത്,** തിരുവനന്തപുരം

''മിസ്സിസ്സ് ഗൗരി ശേഖർ, ഹാർദ്ദമായ സ്വാഗതം." വകുപ്പു മേധാവിയായ പ്രൊഫസർ പൂക്കൾ നൽകി സ്വീകരിച്ചു. "ഗൗരി പഠിച്ച കലാലയം തന്നെയായതു കാരണം പരിചയക്കേട് ഉണ്ടാവില്ലല്ലോ അല്ലെ. പിന്നെ ശേഖർ ഉണ്ടല്ലോ ഈ ഡിപ്പാർട്ടുമെന്റിൽ തന്നെ. കൂടാതെ എന്താവശ്യത്തിനും എന്റെ സഹായവും ഉണ്ടാകും." പ്രൊഫസർ ഗൗരിയുടെ തോളിൽ പതിയെ തട്ടി, തുടർന്നു "പതിനൊന്നു മണിയാകുമ്പോൾ ഒന്നാം വർഷ ബിരുദ ക്ലാസിലേക്ക് വരൂ, ഞാനും വരാം. അവർക്ക് പുതിയ കെമിസ്ട്രി ടീച്ചറിനെ ഞാൻ തന്നെ പരിചയപ്പെടുത്താം.'' പ്രൊഫസർ സ്വന്തം മുറിയിലേക്ക് നടന്നു. ശേഖറും ഒപ്പം പോയി.

സ്റ്റാഫ്റൂമിൽ സഹപ്രവർത്തകർ ഗൗരിയെ പരിചയപ്പെടാൻ വന്നു. ''ഗൗരി, മനസ്സിലായോ, ഞാൻ ആതിര, ഡിഗ്രിക്ക് നമ്മൾ ഒരേ ക്ലാസിലായിരുന്നു."

"അയ്യോ എനിയ്ക്ക് പെട്ടെന്ന് മനസ്സിലായില്ല, ഇപ്പോൾ ഓർമ്മ വന്നു.

ഇവിടെയാണോ?'' ഗൗരി ചോദിച്ചു.

"കഴിഞ്ഞയാഴ്ച ഞാൻ ജോയിൻ ചെയ്തു. ഇന്ന് പുതിയ ടീച്ചർ വരുന്നുണ്ടെന്ന് അറിഞ്ഞെങ്കിലും ഗൗരിയാകുമെന്ന് ഒട്ടും പ്രതീക്ഷിച്ചില്ല. ശേഖർ ഒന്നും പറഞ്ഞതുമില്ല. അദ്ദേഹം ഇപ്പോൾ പണ്ടത്തെപ്പോലെ അല്ലല്ലോ, നമ്മൾ പഠിച്ചിരുന്ന സമയത്തെ ആൾ എങ്ങനെയായിരുന്നു!!! ഇപ്പോൾ മിണ്ടാട്ടമേ ഇല്ല. വളരെ പക്വതയുള്ള പെരുമാറ്റം." ആതിര തെല്ലൊരു ആശ്ചര്യത്തോടെ പറഞ്ഞു.

"പഴയ കോളേജ് കുമാരനല്ലല്ലോ ഇപ്പോൾ ഭർത്താവായി, അച്ഛനായി. പ്രായത്തിന്റെ പക്വതയാവും" ഗൗരി ചിരിച്ചു.

"നമ്മുടെ കോളേജ് ദിനങ്ങളെക്കുറിച്ചൊക്കെ ഞാൻ ഇടയ്ക്ക് ആലോചിക്കാറുണ്ട്. അവസാന വർഷ പ്രാക്ടിക്കൽ പരീക്ഷയ്ക്ക് ലാബിൽ നടന്ന കാര്യങ്ങൾ എനിയ്ക്ക് ഒരിക്കലും മറക്കാൻ പറ്റില്ല. അപ്പോഴെല്ലാം ഗൗരിയേയും ഓർക്കും. വർഷം എത്ര കഴിഞ്ഞു അല്ലേ...'' ആതിര ചോദിച്ചു. "അതെ. അന്ന് ലാബിൽ കുപ്പി തട്ടി പൊട്ടിയതും, ആസിഡിന്റെ അതിരൂക്ഷഗന്ധവും. വല്ലാത്ത നീറ്റലും, ആശുപത്രി വാസവും എല്ലാം. അപ്രതീക്ഷിതമല്ലായിരുന്നോ. പിന്നീടങ്ങോട്ട് ഉറക്കം വരാതെ എത്ര നാളുകൾ, മാനസിക പ്രയാസങ്ങൾ. പക്ഷെ ഇപ്പോൾ ഞാനതൊന്നും ഓർക്കാറേയില്ല. സത്യം പറഞ്ഞാൽ എനിയ്ക്കിപ്പോൾ അതിനൊന്നും നേരമില്ല. എന്റെ ലോകം ഇപ്പോൾ ശേഖറാണ്. ഞാൻ തുടർന്ന് പഠിച്ചതും സ്വന്തമായി ജോലി സമ്പാദിച്ചതുമെല്ലാം ശേഖറിന്റെ പ്രേരണ ഒന്നുകൊണ്ടു മാത്രമാണ്. ഞാനിപ്പോൾ തികച്ചും സന്തോഷവതിയാണ്." ഗൗരിയുടെ വാക്കുകൾ ആതിരയെ വളരെ സന്തോഷിപ്പിച്ചു.

''ഗൗരീ... പ്രൊഫസർ പറഞ്ഞിട്ടു പോയത് മറന്നോ? മണി പതിനൊന്നായി. വരൂ ഞാൻ ക്ലാസിലേക്കാക്കാം." ശേഖർ വന്ന് അവളെ കൂട്ടിക്കൊണ്ടുപോയി. അവർ സന്തോഷത്തോടെ പോകുന്നത് ആതിര നോക്കിനിന്നു. മനസ്സിൽ പെട്ടെന്നൊരു സംശയം. അന്നത്തെ സംഭവത്തിന്റെ കാരണം ഗൗരിക്കിന്നും അറിയില്ലായിരിക്കുമോ?"

പുതിയ ടീച്ചറിനെ പ്രൊഫസ്സർ ക്ലാസ്സിൽ പരിചയപ്പെടുത്തുന്നു - പുറത്തുനിന്നും എല്ലാം കേട്ടുനിന്ന ശേഖറിന്, വല്ലാത്തൊരു ചാരിതാർത്ഥ്യം. നടന്ന് സ്റ്റാഫ് റൂമിൽ എത്തിയതൊന്നും അയാൾ അറിഞ്ഞതേയില്ല. "ഞങ്ങൾ പണ്ടത്തെ ഓരോ കാര്യങ്ങൾ സംസാരിച്ചിരിക്കുകയായിരുന്നു" ആതിരയുടെ ശബ്ദം ശേഖറിനെ ചിന്തയിൽ നിന്നും ഉണർത്തി. ''ശേഖറിൽ വന്ന മാറ്റങ്ങൾ ഞങ്ങൾ പറയുകയായിരുന്നു. ഞങ്ങളുടെ കോളേജ് സമയത്തെ ഹീറോ അല്ലായിരുന്നോ!!!" അവൾ ഒന്നു ചിരിച്ചു.

"അതൊക്കെ കൗമാരക്കാലം. പാർട്ടിപ്രവർത്തനങ്ങൾ കോളേജിൽ സജീവമായിരുന്ന സമയം. നേതാക്കൾക്കുവേണ്ടി ഞങ്ങൾ അണികൾ എന്തെല്ലാം ചെയ്തു. ചെയ്യുന്ന കാര്യങ്ങൾ പലതും തെറ്റാണെന്ന് അറിഞ്ഞുകൊണ്ട് തന്നെ കൂട്ടുനിന്നു. പാർട്ടി അത്രയ്ക്ക് സ്വാധീനിച്ചിരുന്നു. ഒരിക്കൽ ഒരു നേതാവിന്റെ സ്വാർത്ഥ താല്പര്യത്തിനുവേണ്ടി എതിർപാർട്ടിയിലെ ചിലരുമായി വഴക്കുണ്ടാക്കേണ്ടി വന്ന ദിവസം. പരിസരം മറന്ന് ഓടുന്നതിനിടയിലെപ്പോഴോ ആണ് കെമിസ്ട്രി ലാബിൽ

*ശേഷം പേജ് 47 ൽ*




തിരുവനന്തപുരം കരകുളം മൈത്രിനഗർ 'ശ്രുതി'യിൽ രമണിയുടെയും
ദേവദാസിന്റെയും മകൻ **അഖിൽ വർമ്മ**യും തിരുവല്ല അഴിയിടത്തുചിറ പുതിയമഠത്തിൽ ബിന്ദു തമ്പുരാട്ടിയുടെയും
പരേതനായ പി.ആർ. രവിവർമ്മയുടെയും മകൾ **ഗായത്രി വർമ്മ**യും തമ്മിലുള്ള വിവാഹം 30 ജനുവരി 2021 ശനിയാഴ്ച
തിരുവനന്തപുരം കോട്ടയ്ക്കകം ഭജനപ്പുര പാലസ് മണ്ഡപത്തിൽ വെച്ച് സമംഗളം നടന്നു.



# വിവാഹ മംഗളാശംസകൾ





നിലമ്പൂർ കോവിലകത്ത് പ്രഭാ വർമ്മയുടെയും ചേർത്തല പരിമണത്തു കോവിലകത്ത്
ഡോ. പി.ആർ. ഹരികൃഷ്ണ വർമ്മയുടെയും പുത്രി **പാർവ്വതി ഹരികൃഷ്ണ വർമ്മ**യും
പാലക്കാട് പുലാപ്പറ്റ കുതിർവെട്ടത്ത് കോവിലകത്ത് കെ.സി. വരദയുടെയും
സി.പി. സഹദേവന്റെയും പുത്രൻ **വിഷ്ണു എസ്. ദേവും** തമ്മിലുള്ള വിവാഹം
16 ജൂൺ 2021 ന് നിലമ്പൂർ കോവിലകത്ത് വച്ച് സമംഗളം നടന്നു.





# വിവാഹ മംഗളാശംസകൾ



വൈക്കം ആറാട്ടുകുളങ്ങര പുതുപ്പനത്ത് മഠത്തിൽ ആർ. സോമവർമ്മയുടെയും ആർ. സുമംഗലാഭായിയുടെയും മകൾ **ശ്രുതിവർമ്മ**യും ഹരിപ്പാട് ചേപ്പാട് കണ്ടച്ചേഴത്ത് മഠത്തിൽ ഉണ്ണികൃഷ്ണൻ പണ്ടാലയുടെയും ശ്രീമതി വർമ്മയുടെയും മകൻ **വിശാഖ് എസ്. വർമ്മ**യും തമ്മിലുള്ള വിവാഹം 2021 ഫെബ്രുവരി 1 തിങ്കളാഴ്ച പകൽ 9.40 നും 11.00 നും മദ്ധ്യേയുള്ള ശുഭ മുഹൂർത്തത്തിൽ വൈക്കം മഹാദേവക്ഷേത്രത്തിൽ വച്ച് സമംഗളം നടന്നു.





# ഒന്നാം ചരമ വാർഷികം

## (ചരമം : 23 മാർച്ച് 2020)



**എൻ. പി. കൃഷ്ണൻ ഉണിത്തിരി**

(റിട്ട. ഹെഡ്മാസ്റ്റർ)

പനയംതട്ട മഠം, കരിവെള്ളൂർ

മുൻ പ്രസിഡന്റ്

ക്ഷത്രിയ ക്ഷേമസഭ, കരിവെള്ളൂർ

ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട്

ഭാര്യ, മകൾ, മരുമകൻ,

കൊച്ചുമക്കൾ, ബന്ധുമിത്രാദികൾ

---

## കീടങ്ങളേ ഓടിക്കോ...

# കൃഷിക്കിനി 'രക്ഷ'യുണ്ട്

കൃഷിയിലേക്കിറങ്ങിയവർ നേരിടുന്ന പ്രധാന വെല്ലുവിളിയാണ് കീടശല്യം. അതിന് പരിഹാരമായി ഇനി ജൈവകീടനാശിനിയായ 'രക്ഷ'യുണ്ട്. പന്നിയൂർ കുരുമുളക് ഗവേഷണകേന്ദ്രത്തിൽ അസോ. പ്രൊഫസറായ ഡോ. സി.കെ. യാമിനി വർമയാണ് 2014-15-ൽ പരീക്ഷണാടിസ്ഥാനത്തിൽ വേപ്പെണ്ണ-വെളുത്തുള്ളി സോപ്പ് മിശ്രിതം വികസിപ്പിച്ചെടുത്തത്. ഓരോ വർഷവും കർഷകരിൽനിന്ന് മികച്ച പ്രതികരണമാണ് ഇതിന് ലഭിക്കുന്നത്.

പടന്നക്കാട് കാർഷിക കോളേജിൽ ജോലിചെയ്യുന്ന സമയത്താണ് ഉത്പന്നത്തിന് 'രക്ഷ' എന്ന പേര് നൽകുന്നത്. നേരത്തേതന്നെ ഈ മിശ്രിതം കർഷകർ പരീക്ഷിച്ചിട്ടുണ്ടെങ്കിലും അതിന്റെ അളവ് കൃത്യമല്ലാത്തതിനാൽ വിളകരിഞ്ഞുപോയിരുന്നു. മാത്രമല്ല, ഇത് ഏറെ നേരം സൂക്ഷിക്കാൻ പറ്റില്ലെന്നതും പ്രതിസന്ധിയുണ്ടാക്കി. ഇതൊക്കെ പരിഹരിച്ചാണ് യാമിനി വർമയുടെ കണ്ടെത്തൽ. കാർഷിക സർവകലാശാലയുടെ കീഴിൽ പട്ടാമ്പി, കൊല്ലം, പന്നിയൂർ, പടന്നക്കാട് എന്നിവിടങ്ങളിലുള്ള സ്ഥാപനങ്ങളിൽ രക്ഷ ലഭ്യമാണ്. കഴിഞ്ഞദിവസം ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ സംഘടിപ്പിച്ച വെബിനാറിൽ ഇതേപ്പറ്റി അവതരിപ്പിച്ച പ്രബന്ധത്തിന് അവാർഡും ലഭിച്ചിട്ടുണ്ട്.



ഡോ. സി.കെ. യാമിനി വർമ

**ഉപയോഗരീതി**

- ആറ് ഗ്രാം മിശ്രിതം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക
- 15 ദിവസം ഇടവിട്ട് തളിച്ചാൽ കൂടുതൽ ഫലപ്രദം
- കീടാക്രമണത്തിന്റെ തുടക്കത്തിൽത്തന്നെ ഉപയോഗിക്കുക
- ലായനി നല്ലപോലെ ഇളക്കി യോജിപ്പിച്ചശേഷം തളിക്കുക
- തളിക്കാൻ ആവശ്യമായ ലായനി മാത്രം തയ്യാറാക്കുക
- ലായനി സൂക്ഷിച്ചുവയ്ക്കരുത്
- രാവിലെയോ വൈകുന്നേരമോ തളിക്കുക
- സോപ്പ് ചൂടും നനവും ഇല്ലാത്ത സ്ഥലത്ത് സൂക്ഷിക്കുക
- മറ്റു രാസ-ജൈവവസ്തുക്കളുമായി കലർത്തി ഉപയോഗിക്കരുത്

**'രക്ഷ'**

▸ നീരൂറ്റിക്കുടിക്കുന്ന കീടങ്ങളെ തുരത്താനാണ് വേപ്പെണ്ണ-വെളുത്തുള്ളി മിശ്രിതമായ 'രക്ഷ' ഉപയോഗിക്കുന്നത്. വിളകളിലെ കായീച്ച, മുഞ്ഞ, വണ്ടുകൾ, മീലിമൂട്ട, പുഴുക്കൾ, ഇലപ്പേൻ എന്നിവയെ ഇതിലൂടെ നിയന്ത്രിക്കാൻ സാധിക്കും.

Mob : 9446780951

*പ്രായശ്ചിത്തം... തുടർച്ച*

കയറുന്നതും എന്റെ കൈയിലെ ഹോക്കി സ്റ്റിക്ക് തട്ടി ആസിഡ് ബോട്ടിൽ വീണുടയുന്നതും. പിന്നീടങ്ങോട്ട് സംഭവിച്ചതെല്ലാം ആതിരയ്ക്ക് അറിയാവുന്നതാണല്ലൊ. ആ സംഭവം എന്നെ വല്ലാതെ മാറ്റി. പാർട്ടി പ്രവർത്തനങ്ങളെല്ലാം നിർത്തി, പുതിയൊരു മനുഷ്യനായി. ഒരു പുനർജ്ജന്മമെന്ന് ആലങ്കാരികമായി പറയാം. എന്റെ പുതിയ ജീവിതത്തിൽ ഗൗരി കൂട്ടു വേണമെന്ന് തോന്നി. ഒന്നിനും പകരമല്ല, എങ്കിലും ഒരു പ്രായശ്ചിത്തം." ശേഖർ ഒരുപാട് സംസാരിച്ചതായി ആതിരയ്ക്ക് തോന്നി.

"എനിയ്ക്കിപ്പോൾ ക്ലാസ്സുണ്ട്." ആതിര നടന്നു.


ശേഖർ ആലോചനയിലാണ്ടു. പെട്ടെന്നൊരു ശബ്ദം കേട്ട് നോക്കി, അയാൾ വാതിൽക്കലേയ്ക്ക് ചെന്നു - ഗൗരി!!!

അരികിൽ ശേഖർ വന്നത് ഗൗരിയ്ക്ക് മനസ്സിലായി. അയാളുടെ ഓരോ ചലനങ്ങളും അവൾക്ക് ഹൃദിസ്ഥമാണ്.

"എന്റെ white cane കാറിൽ നിന്നും എടുക്കാൻ മറന്നു. തപ്പിത്തടഞ്ഞ് വീഴണ്ടാന്ന് വിചാരിച്ചിട്ടാവും കുട്ടികൾ എന്നെ ഇങ്ങോട്ടാക്കി. അകക്കണ്ണിന് വഴികൾ കാണാൻ കഴിയില്ലല്ലൊ!!! ഇനി എല്ലാം മനപ്പാഠമാക്കണം" ചിരിച്ചുകൊണ്ടു തന്നെ ഗൗരി തുടർന്നു. "ശേഖർ... ആസിഡിന്റെ വല്ലാത്ത ഗന്ധം, ചെറുതായൊന്ന് ഇടറി. "എല്ലാം വെറുതെ, ഒരു തമാശയ്ക്കല്ലെ. എനിയ്ക്കിപ്പോൾ സന്തോഷം മാത്രമെയുള്ളു. എല്ലായിടത്തും എന്നെ കൊണ്ടുപോകൂ ശേഖർ, എനിയ്ക്കീ കാമ്പസൊക്കെ ഒന്നുകൂടി അനുഭവിച്ചറിയണം." ഒരു കൊച്ചുകുട്ടിയെപ്പോലെ ചിണുങ്ങിയ അവളുടെ കൈയിൽ അയാൾ മുറുകെ പിടിച്ചു. ഒരുമിച്ച് പതുക്കെ നടന്നു. ●

# സൗവർണമുദ്രയായ് നിൽപുനീ...

*ഉണ്ടിതിൽ കണ്ണിനാൽ കാണാത്ത പാടുകൾ*
*കണ്ണീർക്കണം വീണുണങ്ങിയ ചാലുകൾ*
*ആകിലും ധന്യതകൊള്ളുന്നുഞാനിതിൽ*
*ജീവനേ, സൗവർണമുദ്രയായ് നിൽപുനീ...*



കവിതയിലും അധ്യാപനത്തിലും സുവർണ മുദ്ര ചാർത്തിയ വിഷ്ണുനാരായണൻ നമ്പൂതിരി വിടവാങ്ങി. ഭാരതീയ പാരമ്പര്യത്തിൽ വേരാഴ്ത്തി ആധുനികതയെ ഉൾക്കൊണ്ട കവി മറവിരോഗത്തിന്റെ കയത്തിൽ നിന്ന് നിതാന്തനിദ്രയിൽ ലയിക്കുമ്പോൾ 81 വയസ്സായിരുന്നു. പരിസ്ഥിതി സംരക്ഷണപ്പോരാട്ടങ്ങളിലെ മുന്നണിപ്പോരാളിയും സാമൂഹിക സാംസ്കാരിക പ്രശ്നങ്ങളിൽ നിർഭയമായി ഇടപെട്ടിരുന്ന ബൗദ്ധിക സാന്നിധ്യവുമായിരുന്നു അദ്ദേഹം.

മലയാളത്തിലും ഇംഗ്ലീഷിലും സംസ്കൃതത്തിലുമുള്ള മഹാകാവ്യങ്ങൾ കാണാതെ ചൊല്ലിയിരുന്ന അക്കങ്ങളുടെ കൂട്ടങ്ങൾ മനപ്പാഠം പറയുമായിരുന്ന വിഷ്ണുമാഷ് വർഷങ്ങളായി മറവിരോഗത്തിന്റെ പിടിയിലായിരുന്നു.

1939-ൽ മേലെ കുട്ടനാട്ടിലെ മേപ്രാലിൽ ശാന്തിക്കാരനായിരുന്ന വിഷ്ണുനമ്പൂതിരിയുടെയും അദിതി അന്തർജനത്തിന്റെയും മകനായാണ് ജനിച്ചത്. തിരുവല്ലയിലെ പെരിങ്ങര സ്കൂളിലായിരുന്നു അനൗപചാരിക വിദ്യാഭ്യാസം. ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ പ്രൊഫ. ഷെപ്പേർഡിന്റെ ശിഷ്യനായി ബിരുദപഠനം നടത്തി. മുത്തച്ഛൻ ശീരവൊള്ളി നാരായണൻ നമ്പൂതിരി സംസ്കൃതവും വേദങ്ങളും പഠിപ്പിച്ചു.കോഴിക്കോട് ദേവഗിരി കോളേജിൽ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ ഒന്നാം ക്ലാസോടെ എം.എ. പാസായി.

പെരിങ്ങര സ്കൂളിലൂടെയാണ് അധ്യാപന രംഗത്തെത്തിയത്. പിന്നീട് മലബാർ ക്രിസ്ത്യൻ കോളേജിൽ അധ്യാപകനായി. 32കൊല്ലം വിവിധ കോളേജുകളിൽ പഠിപ്പിച്ചു. യൂണിവേഴ്സിറ്റി കോളേജിൽ ഇംഗ്ലീഷ് വിഭാഗം മേധാവിയായി 1994-ൽ വിരമിച്ചു. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ ഗവേഷണ ഓഫീസറായും ഗ്രന്ഥാലോകം പത്രാധിപരായും പ്രവർത്തിച്ചു. വിരമിച്ചശേഷം, വെച്ചു നീട്ടിയ പദവികൾ വേണ്ടെന്നു വെച്ച് തിരുവല്ല ശ്രീവല്ലഭ ക്ഷേത്രത്തിൽ കുടുംബകാരാണ്മയുടെ ഭാഗമായി മേൽശാന്തിയായി.

2014-ൽ രാഷ്ട്രം പത്മശ്രീ നൽകി ആദരിച്ചു. കേന്ദ്ര, കേരള സാഹിത്യ അക്കാദമി പുരസ്ക്കാരങ്ങൾ, എഴുത്തച്ഛൻ പുരസ്കാരം, മാതൃഭൂമി സാഹിത്യ പുരസ്ക്കാരം, വയലാർ അവാർഡ്, വള്ളത്തോൾ പുരസ്ക്കാരം, കേരള സാഹിത്യ അക്കാദമി വിശിഷ്ടാംഗത്വം തുടങ്ങിയവയൊക്കെ തേടിയെത്തി. ഭാര്യ:സാവിത്രി അന്തർജ്ജനം. എം.ജി. കോളേജിൽ സൈക്കോളജി വിഭാഗം മേധാവിയായിരുന്ന പ്രൊഫ. എൻ. അദിതി, തൃശൂർ കേന്ദ്രീയ വിദ്യാലയത്തിൽ അധ്യാപികയായ അപർണ എന്നിവരാണ് മക്കൾ. മരുമക്കൾ: അഡ്വ. രാധാകൃഷ്ണൻ നമ്പൂതിരി (എസ്.ബി.ഐ. റിട്ട. ചീഫ് മാനേജർ), ശ്രീകുമാർ കക്കാട് (ദൂരദർശൻ, തൃശൂർ). കടപ്പാട്: *മാതൃഭൂമി, ഫെബ്രുവരി 26*

# ത്രിശങ്കു സ്വർഗം



**രാധാമണി തമ്പുരാട്ടി, കൊച്ചി**

'ത്രിശങ്കു സ്വർഗ്ഗം' എന്ന ഒരു ശൈലി നമ്മുടെ ഭാഷയിലുണ്ട്. അവിടേയും ഇവിടേയും ഇല്ലാത്ത അവസ്ഥ എന്ന അർത്ഥത്തിലാണ് ഈ ശൈലി ഉപയോഗിക്കാറുള്ളത്. ഈ ശൈലി ഉണ്ടാകാനിടയായതെങ്ങനെയെന്ന് വ്യാസവിരചിതമായ ശ്രീമദ് ദേവീമഹാഭാഗവതത്തിലെ ഏഴാം സ്കന്ധത്തിൽ നിന്ന് മനസ്സിലാക്കാം. മാത്രമല്ല, പരാശക്തിയുടെ മഹിമയും വ്യക്തമാകും.

ഇക്ഷ്വാകുവംശത്തിലെ 'അരുണൻ' എന്ന രാജാവിന്റെ പുത്രനായിരുന്നു 'സത്യവ്രതൻ'. ദുരാത്മാവായ ആ രാജപുത്രൻ ഒരു വിപ്രവിവാഹത്തെ മുടക്കി. വിപ്രൻ പാണിഗ്രഹണം ചെയ്ത പത്നിയെ അപഹരിച്ചു. മറ്റ് ബ്രാഹ്മണരിൽ നിന്ന് രാജാവ് ഈ വാർത്ത അറിഞ്ഞു. ഉടനെ അദ്ദേഹം പുത്രനെ കൊട്ടാരത്തിൽ നിന്ന് പുറത്താക്കുകയും ചണ്ഡാലരോടൊപ്പം ജീവിക്കുവാൻ ആജ്ഞാപിക്കുകയും ചെയ്തു. ഈ കൃത്യം രാജാവ് ചെയ്തത് കുലഗുരുവായ വസിഷ്ഠന്റെ ഉപദേശമനുസിച്ചാണ്. അതുകൊണ്ട് സത്യവ്രതന് മഹർഷിയോട് നീരസവും കോപവും ഉണ്ടായി.

പന്ത്രണ്ട് വർഷം മഴ പെയ്യാത്ത അവസ്ഥ ഉണ്ടായപ്പോൾ വിശ്വാമിത്ര മഹർഷി പരിഹാരാർത്ഥം തപസ്സനുഷ്ഠിക്കുവാൻ പോയി അക്കാലത്ത് അദ്ദേഹത്തിന്റെ പത്നി ദൈനംദിന ജീവിതം നയിക്കുവാൻ ഏറെ ക്ലേശിച്ചു. ദാരിദ്ര്യദുഃഖം അസഹ്യമായപ്പോൾ മഹർഷിയുടെ പത്നി മദ്ധ്യമ പുത്രനെ വില്ക്കാനും ആ തുക കൊണ്ട് കുടുംബകാര്യങ്ങൾ നിർവ്വഹിക്കുവാനും നിശ്ചയിച്ചു. പുത്രനെ വില്ക്കാൻപോയ മാതാവിനെ സത്യവ്രതൻ കാണാനിടയായി. കുടുംബസംരക്ഷണം താൻ നടത്താമെന്നും പുത്രനെ വില്ക്കണ്ട എന്നും അദ്ദേഹം ആ സാധ്വിയോട് പറഞ്ഞു. അങ്ങനെ ഒരു നല്ല കാര്യം സത്യവ്രതൻ ചെയ്തു.

വിശ്വാമിത്രന്റെ കുടുംബം താമസിക്കുന്ന ആശ്രമത്തിലെ ഒരു വൃക്ഷത്തിൽ എല്ലാ ദിവസവും സത്യവ്രതൻ മാംസം കൊണ്ടുവന്ന് തൂക്കിയിട്ടു. അങ്ങനെ ആ കുടുംബം ദാരിദ്ര്യത്തിൽ നിന്ന് മോചനം നേടി.

സത്യവ്രതന്റെ പിതാവ് തപസ്സ് ചെയ്യാൻ പോയപ്പോൾ രാജ്യഭരണം നടത്തിയത് ഗുരുവായ വസിഷ്ഠനാണ്. സത്യവ്രതനാകട്ടെ, പിതാവിന്റെ ആജ്ഞപ്രകാരം കാട്ടിലും വസിച്ചു. ഒരിക്കൽ നായാട്ടിന് പോയപ്പോൾ മാംസം കിട്ടിയില്ല. വസിഷ്ഠന്റെ പശുവിനെ കണ്ടപ്പോൾ അതിനെ വധിച്ച് മാംസം എടുക്കുകയും വിശ്വാമിത്രന്റെ കുടുംബത്തിന് നൽകുകയും ചെയ്തു. ഇതറിഞ്ഞ വസിഷ്ഠൻ സത്യവ്രതനെ ശപിച്ചു. പരഭാര്യാപഹരണം, പിതാവിന്റെ ക്രോധം, ഗോഹത്യ എന്നീ 'മൂന്ന് ശങ്കുക്കൾ' ഉണ്ടാകും എന്നാണ് ശപിച്ചത്. 'ശങ്കു' എന്ന പദത്തിന് പല അർത്ഥമുണ്ടെങ്കിലും ഇവിടെ 'പാപചിഹ്നം' എന്നാണർത്ഥം. പിശാചിന്റെ രൂപത്തോടുകൂടി എല്ലാവരും കാണത്തവിധം 'ത്രിശങ്കു' എന്ന നാമത്തിൽ വസിക്കുവാനും വസിഷ്ഠൻ ശപിച്ചു.

ശാപത്തിന്റെ ഫലമായി പിശാചത്വം ബാധിച്ച സത്യവ്രതൻ പരാശക്തിയെ ധ്യാനിച്ച് ജീവിച്ചു. ശക്തിസ്വരൂപിണിയായ ദേവിയുടെ പ്രീതിക്കുവേണ്ടി ഒരു ഹോമം നടത്തുവാൻ വേദജ്ഞരായ ബ്രാഹ്മണരെ രാജപുത്രൻ സമീപിച്ചു. ഗുരുശാപം കിട്ടിയ ആൾ ഹോമം നടത്താൻ അർഹനല്ലെന്ന് അവർ പരിഹസിച്ചു. തന്റെ ജീവിതം നിരർത്ഥകമാണെന്ന് തോന്നിയ സത്യവ്രതൻ അഗ്നികുണ്ഡം ജ്വലിപ്പിച്ച് ദേവിയെ സ്മരിച്ചുകൊണ്ട് അതിൽ ചാടാൻ തയ്യാറായി നിന്നു. മഹാമായയെ ധ്യാനിച്ചുകൊണ്ട് അഞ്ജലീബദ്ധനായി അഗ്നിയിൽ ശരീരം ത്യജിക്കുവാൻ തയ്യാറായി നിന്ന സത്യവ്രതന്റെ മുമ്പിൽ ദേവി പ്രത്യക്ഷപ്പെട്ട് പരാശക്തി രാജപുത്രന് ദർശനസൗഭാഗ്യം നൽകികൊണ്ട് ഇങ്ങനെ പറഞ്ഞു "നീ തീയിൽ ചാടി മരിക്കുവാൻ പോകുകയാണോ? നിന്റെ അച്ഛന് ജരബാധിച്ചു. നിനക്ക് രാജ്യം നൽകി അദ്ദേഹം വനത്തിലേക്ക് പോകും. അതുകൊണ്ട് ദുഃഖിക്കണ്ട. എന്റെ അനുഗ്രഹത്താൽ മന്ത്രിമാർ നിന്നെ വന്നുകൊണ്ടുപോകും. സിംഹാസനത്തിൽ നിന്നെ വാഴിച്ചതിനുശേഷം വിരക്തനായ പിതാവ് ബ്രഹ്മലോകം പ്രാപിക്കും."

പുത്രന്റെ മരണശ്രമവും ദേവിയുടെ പ്രത്യക്ഷ ദർശനവും അറിഞ്ഞ രാജാവ് പുത്രനെ ആനയിക്കുവാൻ മന്ത്രിമാരെ നിയോഗിച്ചു. ദേവിയുടെ അനുഗ്രഹത്താൽ പൈശാചികത്വം മാറിയ സത്യവ്രതന് രാജാവാകുവാൻ സാധിച്ചു. ദേവീഭജനം മുടങ്ങാതെ നിർവ്വഹിച്ച അദ്ദേഹത്തിന്റെ പാപമെല്ലാം മാറി. ദേവീകാരുണ്യത്താൽ പുണ്യതേജസ്വിയായി മാറി. പരാശക്തി

യുടെ പ്രസാദത്താൽ വസിഷ്ഠനും സന്തുഷ്ടനായി. രാജ്യം ഭരിച്ചു കൊണ്ടിരുന്നപ്പോൾ ജഗദംബ യ്ക്കു വേണ്ടി പല യാഗങ്ങളും രാജാവ് ചെയ്തു.

സത്യവ്രതൻ സ്വന്തം പുത്ര നായ ഹരിശ്ചന്ദ്രനെ യുവരാജാ വായി അഭിഷേകം ചെയ്തു. 'ത്രിശങ്കു' എന്ന അപരനാമധേയ ത്താൽ അറിയപ്പെട്ട സത്യവ്രതൻ മനുഷ്യശരീരത്തോടുകൂടി സ്വർഗ്ഗം പ്രാപിക്കുവാൻ ആഗ്രഹിച്ചു. തന്റെ ആഗ്രഹം ഗുരുവായ വസിഷ്ഠനെ അറിയിച്ചു. അതിനുവേണ്ടി ഒരു യാഗം ചെയ്യണമെന്നും അഭ്യർത്ഥി ച്ചു. സാധാരണക്കാരനായ മനു ഷ്യന് ഉടലോടുകൂടി സ്വർഗ്ഗം പ്രാപിക്കുവാൻ കഴിയുകയില്ലെ ന്നും പുണ്യങ്ങൾ ചെയ്ത് ഇഹ ലോകവാസം വെടിഞ്ഞ ആൾക്കു മാത്രമേ സ്വർഗ്ഗം ലഭിക്കുകയുള്ളു എന്നും ഗുരു അറിയിച്ചു. ഇത് സത്യവ്രതന് സ്വീകാര്യമായില്ല. ഗുരുവിന്റെ അഹങ്കാരമായി ഈ അഭിപ്രായപ്രകടനത്തെ രാജാവ് കരുതി. മറ്റൊരാളെ കൊണ്ട് യാഗം നടത്തിക്കുമെന്ന് രാജാവ് പറഞ്ഞ പ്പോൾ ഗുരു ചണ്ഡാലനാകാൻ ശപിച്ചു. ഗോവധം ചെയ്തവനും ധർമ്മം വെടിഞ്ഞ് വിപ്രപത്നിയെ അപഹരിച്ചവനും ഒരിക്കലും സ്വർഗ്ഗം ലഭിക്കുകയില്ലെന്നും ഗുരു പറഞ്ഞു.

വസിഷ്ഠൻ ശപിച്ചപ്പോൾ സത്യവ്രതന്റെ ശരീരം ചണ്ഡാല ദേഹമായി മാറി. നിറം കറുപ്പായി ആഭരണങ്ങൾ കല്ലായി മാറി. ദേവീ ഭക്തനാണെങ്കിലും ഈ ദുർഗതി സത്യവ്രതനുണ്ടായതിന് കാരണം കോപമാണ്. കോപം പല ആപ ത്തുകൾക്കും നിദാനമായി ഭവിക്കു മെന്ന് സത്യവ്രതന്റെ അനുഭവം നമ്മെ പഠിപ്പിക്കുന്നു.

ചണ്ഡാലരൂപത്തോടുകൂടിയ തന്നെ ആരും സ്വീകരിക്കുകയി ല്ലെന്ന് ത്രിശങ്കുവിന് തോന്നി. ആത്മഹത്യ ചെയ്യാൻ ആലോ ചിച്ചു. അത് വീണ്ടും ജന്മംതോറും ദോഷമായി ഭവിക്കുമെന്ന് വിചാ രിച്ച് കാട്ടിൽ ജീവിക്കുവാൻ തീരു മാനിച്ചു. നന്മതിന്മകളുടെ ഫലം ആരായാലും അനുഭവിക്കേണ്ടിവരു മെന്ന വിശ്വാസത്തോടുകൂടി കർമ്മ ഫലം അനുഭവിച്ചുതീർക്കുവാൻ തന്നെ അദ്ദേഹം നിശ്ചയിച്ചു. പുണ്യാശ്രമങ്ങളിൽ വസിച്ചും തീർത്ഥസ്നാനം നടത്തിയും മഹാ ത്മാക്കളുമായി സഹവസിച്ചും ത്രിശങ്കു പരാശക്തിയെ ആരാധി ച്ചു. ഗംഗാതീരത്തിലും ദിവസങ്ങൾ കഴിച്ചുകൂട്ടി.

പുത്രനായ ഹരിശ്ചന്ദ്രൻ പിതാ വിനെ കൂട്ടികൊണ്ടുവരാൻ മന്ത്രി മാരെ നിയോഗിച്ചു. യുവരാജാ വായ പുത്രന്റെ ആശ്വാസവചന ങ്ങൾ ഉൾക്കൊള്ളുവാനും അനുസ രിക്കുവാനും ത്രിശങ്കു തയ്യാറാ യില്ല. മാത്രമല്ല മന്ത്രിമാരോട് പുത്ര നെ രാജാവായി അഭിഷേകം ചെയ്യാനും പറഞ്ഞു.

ഇതിനോടകം തപസ്സ് അവസാ നിപ്പിച്ച് വിശ്വാമിത്ര മഹർഷി സ്വന്തം ആശ്രമത്തിലെത്തി. തന്റെ അഭാവത്തിൽ അവരുടെ ജീവി തത്തെ കുറിച്ച് മനസ്സിലാക്കിയ അദ്ദേഹം സത്യവ്രതന്റെ കാര്യവും അറിഞ്ഞു. ചണ്ഡാലനായി കാട്ടാള പ്പുരയിൽ വസിക്കുന്ന സത്യവ്രത ന്റെ സമീപം വിശ്വാമിത്ര മഹർഷി ആഗതനായി അപ്പോൾ തന്റെ ആഗ്രഹവും വസിഷ്ഠന്റെ ശാപവും അദ്ദേഹം മഹർഷിയോട് പറഞ്ഞു.

വിശ്വാമിത്രൻ യാഗം ചെയ്യാൻ നിശ്ചയിച്ചു. വസിഷ്ഠന്റെ തടസ്സ ത്താൽ ബ്രാഹ്മണർ ആ യാഗ ത്തിൽ പങ്കെടുത്തില്ല. തപസ്സിദ്ധി കൊണ്ട് ആർജ്ജിച്ച പുണ്യത്താൽ വിശ്വാമിത്രൻ ഗായത്രീജപത്തോടു കൂടി വെള്ളമെടുത്ത് രാജാവിന് നൽകി. തപസ്സിന്റെ ശക്തികൊണ്ട് ത്രിശങ്കു ഒരു പക്ഷിയെപ്പോലെ മുകളിലേക്ക് പൊങ്ങി. ഇന്ദ്രന്റെ രാജധാനിയിലെത്തിയപ്പോൾ ചണ്ഡാലരൂപത്തിൽ ആഗതനായ ത്രിശങ്കുവിനെ ദേവേന്ദ്രൻ നിന്ദിച്ചു. സ്വർഗ്ഗത്തിൽ നിന്നും ഉടൻ തന്നെ പോകാൻ ഇന്ദ്രൻ ആജ്ഞാപിച്ചു. അപ്പോൾ ത്രിശങ്കു താഴേക്ക് വീഴാൻ തുടങ്ങി. താൻ സ്വർഗ്ഗ ത്തിൽ നിന്ന് താഴേക്ക് വീഴുന്നു എന്ന് അദ്ദേഹം വിശ്വാമിത്രനെ അറിയിച്ചു. അപ്പോൾ മാർഗ്ഗമദ്ധ്യ ത്തിൽ തന്നെ നില്ക്കാൻ മഹർഷിയും ആജ്ഞാപിച്ചു. തപ സ്സിന്റെ ശക്തി കൊണ്ട് ത്രിശങ്കു അവിടെത്തന്നെ നിന്നു. സ്വർഗ്ഗ ത്തിലും ഭൂമിയിലും അല്ലാതെ ത്രിശങ്കു നിന്ന സ്ഥലം "ത്രിശങ്കു സ്വർഗ്ഗം' എന്നറിയപ്പെടുന്നു.

ദേവേന്ദ്രൻ വിശ്വാമിത്രന്റെ സമീപം ആഗതനാകുകയും അദ്ദേ ഹത്തിന്റെ തപപ്രഭാവം സ്മരണയി ലുള്ളതുകൊണ്ട് ത്രിശങ്കുവിന് ദിവ്യശരീരം നൽകുകയും സ്വർഗ്ഗ ത്തിലെത്തിക്കുകയും ചെയ്തു.

പല കഷ്ടതകളും നേരിട്ട സത്യവ്രതൻ പരാശക്തിയുടെ അനുഗ്രഹത്താലാണ് അവയിൽ നിന്ന് രക്ഷ പ്രാപിച്ചത്. അതു കൊണ്ട് ജീവിതത്തിലുണ്ടാകുന്ന പ്രയാസങ്ങളെ നേരിടാനും നന്മ കൾ ഉണ്ടാകുവാനും ശക്തിസ്വരൂ പിണിയായ ജഗദംബയുടെ അനു ഗ്രഹം ആവശ്യമാണ്. ●


## ക്ഷാത്രസ്പന്ദനം പരസ്യ നിരക്കുകൾ

| | | |
|---|---|---|
| പുറം കവർ (കളർ) | : | ₹ 3500/- |
| കളർ പേജ് (ഫുൾ) | : | ₹ 2500/- |
| കളർ പേജ് (ഹാഫ്) | : | ₹1500/- |
| ബ്ലാക്ക് ആന്റ് വൈറ്റ് (ഫുൾ) | : | ₹1250/- |
| ബ്ലാക്ക് ആന്റ് വൈറ്റ് (ഹാഫ്) | : | ₹ 750/- |
| വിവാഹ പരസ്യം | : | ₹ 500/- |

# ഞങ്ങളുടെ മണിയൻ



**രമേശ് ചന്ദ്രവർമ്മ,** കോട്ടയ്ക്കൽ

പ്രസിദ്ധനായ പരിശീലകനായ, സീസർമില്ലാന്റെ 'ഡോഗ് വിസ്പർ' എന്ന ഡോഗ് ട്രെയിനിംഗ് വീഡിയോകൾ കാണാത്ത നായപ്രേമികളുണ്ടാവില്ല!

റോട്ട്‌വീലർ, ലാബ്രഡോർ, പിറ്റ്ബുൾ, ജർമ്മൻ ഷെപ്പേർഡ് തുടങ്ങിയ എത്രയോതരം വിദേശ ബ്രീഡുകൾ! രാജപാളയം, ചിപ്പപ്പോറി, കന്നി തുടങ്ങിയ മുന്തിയ സ്വദേശി ബ്രീഡുകൾ നമ്മുടെ രാജ്യത്തുമുണ്ട്. എന്നാൽ അധികം ആരും ശ്രദ്ധിക്കാതെ വിട്ടുകളയുന്ന ഇന്ത്യൻ പരിയാ ഡോഗ് (നാടൻ നായ) എന്ന ഇനത്തിൽപ്പെട്ട ഒരു നാടൻ നായയുടെ ജീവിതകഥ പറയാതെ വയ്യ!

വളരെ കാലങ്ങൾക്കു മുമ്പാണ്; എന്നു പറഞ്ഞാൽ ഏതാണ്ട്, നാല്പത്തിയഞ്ച് വർഷങ്ങൾക്കു മുമ്പ് എന്നു തന്നെ പറയാം! എവിടെ നിന്നോ, കുറച്ചു കുട്ടികൾ കല്ലെറിഞ്ഞ്, ഓടിച്ചുകൊണ്ടുവന്ന പരിക്ഷീണയായ ഒരു ഗർഭിണിയായ, പെൺപട്ടി ഞങ്ങളുടെ വീടിന്റെ മുറ്റത്ത് വന്ന് അച്ഛനെ അഭയം പ്രാപിച്ചു. അച്ഛൻ കുട്ടികളെ ഉപദേശിച്ചു വിടുകയും ആ പട്ടിയ്ക്ക് ഞങ്ങളുടെ വീട്ടിൽത്തന്നെ താമസിക്കുവാനിടം നൽകുകയും ചെയ്തു. ഏതാനും ദിവസങ്ങൾക്കുള്ളിൽത്തന്നെ ആ പട്ടി തന്റെ കുഞ്ഞുങ്ങൾക്ക് ജന്മം നൽകി. ആ കുഞ്ഞുങ്ങളിൽ, സമർത്ഥനായ ഒരു നായ്ക്കുട്ടി മാത്രം ഞങ്ങളുടെയൊപ്പം വീട്ടിൽ നിൽക്കുകയും ബാക്കിയുള്ളവ പല ദിക്കുകളിലായി മാറിപ്പോവുകയും ചെയ്തു.

ഞങ്ങളെല്ലാവരും സ്നേഹത്തോടെ "മണിയൻ" എന്ന് വിളിച്ചുപോന്നു! കുറച്ചുകാലം കൊണ്ടു തന്നെ അവൻ ഞങ്ങളുടെ വീട്ടിലെ ഒരു അംഗമായി മാറിക്കഴിഞ്ഞു! മണിയന് ചെറുപ്പത്തിൽത്തന്നെ ഒരുപാട് പ്രത്യേകതകളുണ്ടായിരുന്നു! ഏറ്റവും പ്രധാനം, ആഹാരരീതി തന്നെ! നമ്മൾ കഴിച്ചുപോന്ന അതേ ആഹാരത്തിന്റെ പങ്ക് മാത്രം മതിയായിരുന്നു മണിയന്! ആഹാരം വൈകിയാൽ ബഹളം വയ്ക്കില്ല! ശീലിച്ച ചായ കിട്ടിയില്ലെങ്കിൽ മണിയന് ഉഷാറു കുറവാകുമായിരുന്നു!

മുമ്പ് കാലത്ത്, ലഭ്യമായിരുന്ന ഒരുതരം , വെളുത്ത നിറത്തിലുള്ള ചൈനീസ്, പിഞ്ഞാണത്തിലായിരുന്നു മണിയന് ഭക്ഷണം നൽകിയിരുന്നത്! അത്ഭുതമെന്നു തന്നെ പറയട്ടെ ഗോതമ്പുദോശയായിരുന്നു മണിയന് ഏറ്റവും പ്രിയ വിഭവം!

പ്രത്യേക പരിശീലനങ്ങളൊന്നുമില്ലാതെ തന്നെ മണിയൻ നമ്മുടെ വീട്ടിലെ ആട്ടിൻകുഞ്ഞുങ്ങളെ അകലേക്കു പോവാൻ അനുവദിക്കാതെയും, മറ്റു നായ്ക്കളിൽ നിന്ന് സംരക്ഷിച്ചും പോന്നു. പശുവിന് പ്രസവവേദനയടുത്താലും ആടിന് പ്രസവവേദനയടുത്താലും മണിയൻ തൊട്ടടുത്തു തന്നെ കാവലുണ്ടാവും! കാക്കയുടെ ശല്യം ഉണ്ടാകാതിരിക്കാൻ. ആടിനും പശുവിനും മണിയന്റെ സാമീപ്യം ധൈര്യം പകർന്നിരുന്നു.

ഞങ്ങളുടെ വീട്ടിലെ സ്ഥിരാംഗങ്ങളായിരുന്ന തള്ളയാടിനും സ്വിസ് ബ്രൗൺ പശുവിനും മണിയൻ ഒപ്പമുണ്ടെങ്കിൽ വലിയ സമാധാനമായിരുന്നു.

വീട്ടിലേക്ക്, ആരു കടന്നുവന്നാലും, മണിയന്റെ അനുവാദത്തോടുകൂടി മാത്രമേ ഉള്ളിലേക്കു പ്രവേശനമുണ്ടായിരുന്നുള്ളു! അപരിചിതരെ കണ്ടു കുരച്ചാൽ വീട്ടിലെ അംഗങ്ങളിലാരെങ്കിലും മണിയാ 'കെട്ടുംമൂട്ടിൽപോ' എന്നു പറഞ്ഞാലുടൻ മണിയൻ താൻ സ്ഥിരമായി കിടക്കാറുള്ള വലിയ തൂണിന്റെ ചുവട്ടിലായി വിരിച്ചിരിക്കുന്ന ചാക്കിൽ പോയി കിടക്കും! പിന്നെ ഒന്നു മുരടനക്കുക പോലുമില്ല!

ഏറെ അത്ഭുതപ്പെടുത്തുന്ന സ്വഭാവവിശേഷമായിരുന്നു മണിയനുണ്ടായിരുന്നത്. എല്ലാവരും വിളക്കുവച്ച് സന്ധ്യാനാമം ചൊല്ലുന്ന നേരമത്രയും മണിയനും ഏതോ പ്രാർത്ഥയിലെന്നവണ്ണം ഞങ്ങൾക്കൊപ്പം മിണ്ടാതെ അടുത്തുവന്നു കിടക്കുക പതിവായിരുന്നു.

മണിയന്റെ യജമാനസ്നേഹത്തിനും സഹജീവികളോടുള്ള അടുപ്പത്തിനും ഒട്ടനവധി ഉദാഹരണങ്ങളുണ്ടെങ്കിലും, ഓർത്തിരിക്കാൻ പോന്ന ചില സംഭവങ്ങൾ മാത്രമെങ്കിലും പറയാതെ വയ്യ! ഒരു ദിവസം ഉച്ചനേരത്ത്, വീടിന്റെ നടുവിലെ മുറിയിൽ അമ്മ, കട്ടിലിൽ മയക്കത്തിലായിരുന്നു. എന്തോ, ശബ്ദം കേട്ട് ഞെട്ടിയുണർന്ന അമ്മ കണ്ടത്, മുറിയിൽ അങ്ങോട്ടുമിങ്ങോട്ടുമായി ഇഴഞ്ഞു നടക്കുന്ന ഒരു വലിയ പാമ്പിനെയാണ്. കട്ടിലിൽ നിന്ന് താഴെയിറങ്ങാൻ പേടി കൊണ്ട്, ആവതില്ല! എന്തു ചെയ്യും? അവിടെ ഇരുന്നുകൊണ്ടുതന്നെ ഒരു പ്രത്യേക തരത്തിൽ, അമ്മ മണിയനെ വിളിച്ചു! നിമിഷനേരം കൊണ്ട് മണിയൻ അടുത്തെത്തി! മണിയന്റെ സാന്നിദ്ധ്യം അറിഞ്ഞതോടെ, പാമ്പിന്റെ വിധം മാറി! പാമ്പ് പത്തി വിടർത്തി!

ഒന്നാന്തരമൊരു കരിമൂർഖൻ തന്നെ. പാമ്പിന്റെ കൊത്തു കിട്ടിയാൽ തന്റെ കഥ കഴിയുമെന്ന് മണിയന് നന്നായറിയാം! പക്ഷെ, യജമാനസ്നേഹത്തിനു മുമ്പിൽ, തന്റെ ജീവൻ എത്രയോ നിസ്സാരം എന്ന മട്ടിലാണ് അവന്റെ നില്പ്! ഇടയ്ക്കിടെ അമ്മയേയും പാമ്പിനെയും മാറി മാറി വീക്ഷിച്ച്, തക്ക അവസരത്തിൽ പാമ്പിന്റെ തലയ്ക്കു തന്നെ കടിച്ചു പിടിച്ചു! മണിയൻ തലങ്ങും വിലങ്ങും നന്നായൊന്നു കുടഞ്ഞ് പാമ്പിനെ അകലേക്കിട്ടു! പാമ്പ് അപ്പോഴേക്കും അർദ്ധപ്രാണനായിക്കഴിഞ്ഞിരുന്നു! പിന്നീട്, അവൻ പാമ്പിനെ മെല്ലെ മുറ്റത്തേക്ക് നിയന്ത്രിച്ചു നയിച്ചു. മുറ്റത്തെത്തിയശേഷം അവൻ പാമ്പിന്റെ കഥ കഴിച്ചു!

അമ്മയ്ക്ക്, സമാധാനമായി! വീട്ടിൽ ആരുമില്ലാത്ത നേരങ്ങളിൽ മണിയനെ അഴിച്ചു വിട്ടുകഴിഞ്ഞാൽ സുരക്ഷിതത്വം പൂർണ്ണം!

മറ്റൊരനുഭവം കൂടി എടുത്തു പറയാതെ വയ്യ! മദ്യപാനിയായ ഒരാൾ രാത്രിസമയത്ത്, മതിൽ ചാടിക്കടന്ന് ഞങ്ങളുടെ മുറ്റത്തെത്തി! അയാൾ മുറ്റത്തേക്ക് ചാടിവീണതും മണിയൻ തൊട്ടടുത്തെത്തിയതും ഒരേ സമയം! അയാൾക്ക് താൻ നിന്ന നില്പിൽ ത്തന്നെ തുടരുകയല്ലാതെ ഒരു മാർഗ്ഗവുമില്ല!

അനങ്ങിയാൽ മണിയൻ കടിയ്ക്കും! അത്രയും വീറോടെ മണിയനെ അന്നുവരെ ആരും കണ്ടിട്ടില്ല!

പിന്നീട് എല്ലാവരും കൂടി അയാളെ വീട്ടിൽനിന്നും പുറത്താക്കന്നതുവരെ അനങ്ങാൻ പോലും അനുവദിക്കാതെ മണിയൻ കാവൽ നിന്നു.

എടുത്തുപറയേണ്ട പ്രത്യേകതകൾ മണിയന് ഏറെയുണ്ടായിരുന്നു. ആരെയും കടിച്ചിട്ടില്ല! പേടിപ്പിക്കുക മാത്രമേ ചെയ്തിട്ടുള്ളു! വളരെ ഗൗരവക്കാരനായിരുന്നു മണിയൻ! തന്റെ യജമാനന്റെ അനുവാദമില്ലാതെ ആരെയും കടിയ്ക്കാൻ പാടില്ല എന്ന തിരിച്ചറിവ്, പരിശീലനങ്ങളൊന്നും ലഭിച്ചിട്ടില്ലാത്ത മണിയന് എങ്ങിനെ കൈവന്നു എന്നതാണ് ഞങ്ങളെ ഏറെ അത്ഭുതപ്പെടുത്തിയിരുന്ന സ്വഭാവ വിശേഷം! ഏതാണ്ട്, ഇരുപതു വർഷക്കാലം മണിയൻ ഞങ്ങൾക്കൊപ്പമായിരുന്നു.

ചില കാര്യങ്ങൾ അങ്ങിനെയാണ്. നമുക്ക് പ്രവചിയ്ക്കാനാവില്ല! അങ്ങിനെതന്നെ വളരെ വേദനപ്പിച്ച ഒരനുഭവമായി മണിയന്റെ തിരോധാനവും!

ഞങ്ങളുടെ മൂത്ത സഹോദരി മാവേലിക്കരയിൽ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റിൽ രാത്രി ഒമ്പതരയോടെ എത്തുന്ന ഫാസ്റ്റിൽ വന്നിറങ്ങുമ്പോൾ വീട്ടിലേക്കു കൂട്ടിക്കൊണ്ടുവരുവാൻ സഹോദരന്മാരായ ഞങ്ങളും സന്തത സഹചാരിയായ മണിയനും ഒന്നിച്ചു പുറപ്പെടുക പതിവായിരുന്നു.

കുറേദൂരം നടന്ന്, മണിയൻ ഞങ്ങൾക്കൊപ്പവും ചിലപ്പോൾ അല്പം മുമ്പിലേക്കോടി, പോസ്റ്റിന്റെ ചുവട്ടിൽ മൂത്രമൊഴിച്ചു നിന്നും അവൻ ഒപ്പമുണ്ടായിരുന്നു.

പ്രായാധിക്യത്തിന്റെ അവശത മണിയനെ നല്ലവണ്ണം ബാധിച്ചിരുന്നു. കണ്ണിന്റെ കാഴ്ചയും പരിമിതമായിക്കഴിഞ്ഞിരുന്നു. എങ്കിലും ആരും പറയാതെ തന്നെ എല്ലാ ശനിയാഴ്ച രാത്രിയും അവൻ ഞങ്ങൾക്കൊപ്പം രാത്രി ബസ് സ്റ്റാന്റു വരെ രണ്ടു കിലോമീറ്ററോളം നടന്ന് ഒപ്പം പോന്നിരുന്നു. അവനെ പിന്തിരിപ്പിക്കാൻ സാധിച്ചിരുന്നില്ല!

അങ്ങനെ ഒരു രാത്രി, ബസ് സ്റ്റാന്റിലേക്കുള്ള യാത്രയിൽ അവൻ അപ്രത്യക്ഷനായി! നായക്ക് വഴി തെറ്റില്ല; നിശ്ചയം! വീട് മറക്കില്ല! യജമാനനെ മറക്കാൻ ഒരിക്കലുമാവില്ല! എത്രയോ ദിവസങ്ങൾ പിന്നീട്, ഞങ്ങൾ അന്വേഷിച്ചു നടക്കാത്ത മുക്കും മൂലയും മാവേലിക്കര എന്ന കൊച്ചു പട്ടണത്തിലുണ്ടാവില്ല! അവൻ മരിച്ചിട്ടില്ല എന്ന് ഞങ്ങൾ ഉറച്ചു വിശ്വസിക്കാൻ ഇഷ്ടപ്പെടുന്നു.

തന്റെ കർമ്മകാണ്ഡം കഴിഞ്ഞാൽ, മരണമടുത്തെന്ന് നായകൾക്കറിയാമെന്നും, അവർ മരണത്തിൽപ്പോലും, തന്റെ യജമാനനെ ബുദ്ധിമുട്ടിയ്ക്കില്ല; എന്നും ആരോ പറഞ്ഞു കേട്ടിട്ടുണ്ട്! മണിയന്റെ തിരോധാനവും ആ പഴമപ്പൊരുളിലേക്ക് വെളിച്ചം വീശിക്കാണിക്കുന്നു! കറുത്ത ഉടലും, വാലിന്റെ അറ്റം കൊണ്ട്, വെളുപ്പും കൂർത്ത മുഖവും കൂർത്ത പല്ലുകളും നഖങ്ങളും നനുത്ത മൂക്കും ഉണ്ടായിരുന്ന മണിയൻ. നിതാന്ത ജാഗ്രതയോടെ തന്റെ വീട്ടുകാരെ സംരക്ഷിക്കാൻ തന്റെ ആയുഷ്ക്കാലം മുഴുവൻ ജീവിച്ച ഞങ്ങളുടെ മണിയന് ഒരാപത്തും വരുത്തരുതേ എന്ന് ഞങ്ങൾ എല്ലാവരും മനസ്സുരുകി പ്രാർത്ഥിച്ചു. ●

## അന്താരാഷ്ട്ര അംഗീകാരം



ലോകത്തെ ഏറ്റവും വലിയ യാത്രാ-യുദ്ധകപ്പൽ ക്ലാസിഫിക്കേഷൻ സംഘടനയായ ജപ്പാനിലെ ടോക്കിയോ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ക്ലാസ് എൻ.കെ. യുടെ ഇന്ത്യൻ ടെക്നിക്കൽ കമ്മിറ്റി അംഗമായി തിരഞ്ഞെടുക്കപ്പെട്ട **പ്രൊഫ. കെ. ശിവപ്രസാദ്.** കൊച്ചി സർവ്വകലാശാല ഷിപ്പ് ടെക്നോളജി വകുപ്പിലെ പ്രൊഫസറാണ്. കൊടുങ്ങല്ലൂർ പുത്തൻകോവിലകാംഗമാണ്.

*യാത്രാവിവരണം*

# എന്റെ ഹൈദരാബാദ് യാത്ര...



**ഗൗരി വർമ്മ ആർ.,** തൃപ്പൂണിത്തുറ

2019 ഡിസംബർ 21 രാവിലെ 5.30 മണിയോടുകൂടി യാത്ര ആരംഭിച്ചു. ഞാൻ എന്റെ അച്ഛനോടും അമ്മയോടും ഒപ്പമാണ് യാത്ര പുറപ്പെട്ടത്. ആറരമണിയോടുകൂടി ഞാൻ ബാംഗ്ലൂർ വിമാനത്താവളത്തിലെത്തി. വിമാനത്തിൽ നിന്നും പുറത്തിറങ്ങിയ ഞാൻ കിടുകിടാ വിറച്ചു. നല്ല കോടമഞ്ഞും തണുപ്പും ആയിരുന്നു. തുടർന്ന് ഞങ്ങൾ എയർപോർട്ട് ടെർമിനലിലേക്കുള്ള വിമാനത്താവളത്തിന്റെ ബസ്സിൽ കയറി. ടെർമിനലിൽ ഇറങ്ങിയ ഞങ്ങൾ ഹൈദരാബാദിലേക്ക് ഉള്ള വിമാനത്തിന്റെ ഡിപ്പാർച്ചർ ടെർമിനലിലേക്ക് പോയി. സെക്യൂരിറ്റി ചെക്കപ്പിനു ശേഷം ഏകദേശം രണ്ടു മണിക്കൂറു കഴിഞ്ഞു ഞങ്ങൾ ഹൈദരാബാദിലേക്ക് ഉള്ള വിമാനത്തിൽ കയറി. ഒമ്പതേമുക്കാലോടു കൂടി ഹൈദരാബാദ് വിമാനത്താവളത്തിലെത്തിയ ഞങ്ങൾ ലഗേജ് കളക്ട് ചെയ്ത് ഞങ്ങളെ കാത്തുനിന്ന എന്റെ അമ്മാവന്റെ അടുത്തെത്തി.

അവിടുന്ന് അമ്മാവനോടൊപ്പം ഒരു മണിക്കൂർ യാത്ര ചെയ്ത് ഞങ്ങൾ ഹൈദരാബാദ് സിറ്റിയിൽ ഉള്ള അമ്മാവന്റെ ഫ്ളാറ്റിലെത്തി. പ്രഭാതഭക്ഷണത്തിനു ശേഷം ഞങ്ങൾ ഫ്ളാറ്റ് ബാൽക്കണിയിൽ നിന്നു ഹൈദരാബാദ് സിറ്റിയുടെ ദൂരക്കാഴ്ചകൾ കണ്ടു. ഒരു വശത്ത് ബഞ്ചാര ഹിൽസും മറുവശത്ത് ഗോൾകൊണ്ട ഫോർട്ടും കണ്ടു. അവിടെ ചൂടില്ലാത്ത നല്ല കാറ്റ് ഉണ്ടായിരുന്നു.

തുടർന്ന് ഞാനും അച്ഛനും വൈകുന്നേരം ഫ്ളാറ്റിന് ചുറ്റും റോഡിലും നടക്കുവാൻ ഇറങ്ങി. ഞങ്ങൾ സമീപത്തുതന്നെ ഉണ്ടായിരുന്ന പ്രസിദ്ധമായ Karachi ബേക്കറി കണ്ടു.

ഇന്ത്യ-പാക്കിസ്ഥാൻ വിഭജനത്തിനു മുമ്പായി Karachi യിൽ ബേക്കറി ബിസിനസ് നടത്തിയിരുന്ന കുടുംബം വിഭജനത്തിനു ശേഷം ഇന്ത്യയിലേക്ക് മാറ്റി സ്ഥാപിച്ച ബേക്കറി ആണ് ഇത്. അവരുടെ തനതു സ്വാദുള്ള രുചിക്കൂട്ടുകൾ ഉള്ള പലഹാരങ്ങളെ പറ്റി പറഞ്ഞറിയിക്കാൻ സാധിക്കുന്നതല്ല. അവിടെ നിന്നു ഞാൻ രണ്ടുമൂന്നു കൂട്ടം ബിസ്കറ്റുകളും പലഹാരങ്ങളും വാങ്ങിച്ചു. വീട്ടിലെത്തിയ ഞങ്ങൾ ബിസ്ക്കറ്റുകളും മറ്റും കഴിച്ചു. നല്ല സ്വാദായിരുന്നു.

പിറ്റേദിവസം രാവിലെ പ്രഭാതഭക്ഷണത്തിനു ശേഷം 8 മണിയോടുകൂടി ഞങ്ങൾ ഇന്ത്യയിലെ ഏറ്റവും വലിയ ഫിലിം സിറ്റിയിലേക്കു (Ramoji Film Ctiy) പുറപ്പെട്ടു. ഏകദേശം ഒരു മണിക്കൂർ വേണ്ടി വന്നു അവിടെ എത്തിച്ചേരുവാൻ. ഞങ്ങൾ ചെല്ലുമ്പോൾ തന്നെ അവിടെ തിരക്കായിരുന്നു. ടിക്കറ്റ് എടുത്ത് ഞങ്ങൾ ഫിലിം സിറ്റിയിലേക്കുള്ള ലോക്കൽ ബസ്സിൽ ഫിലിം സിറ്റിയുടെ മെയിൻ സ്ഥലത്ത് എത്തിച്ചേർന്നു.

അവിടെ ഞങ്ങൾ ആദ്യം തന്നെ ഒരു എൽഇഡി സ്റ്റേജ് ഷോ ആണ് കണ്ടത്. തുടർന്ന് അലാവുദ്ദീനും അത്ഭുതവിളക്കും അതിന്റെ ഗുഹക്കുള്ളിൽ നിർമ്മിച്ചിട്ടുള്ള ഒരു ഇലക്ട്രിക്കൽ ഇൻസ്റ്റലേഷൻ, ചെറിയ ഒരു ട്രെയിനിൽ സഞ്ചരിച്ച് കണ്ടു. വളരെ സന്തോഷമായിരുന്നു. തുടർന്ന് ഞങ്ങൾ അവിടെ വെച്ച് ഫോട്ടോ എടുത്തു. ആ ഫോട്ടോ അവിടെവെച്ച് മാഗ്നെറ്റിക് ഫ്രെയിമിൽ ആക്കി തന്നു.

തുടർന്ന് അവിടെ ഉള്ള ഒരു ഹോട്ടലിൽ നിന്ന് ഉച്ചഭക്ഷണം കഴിച്ച്, Ramoji Film Ctiy യിലെ വളരെ വിശാലമായ ഓപ്പൺ ബസിൽ കയറി ഞങ്ങൾ സിറ്റി മുഴുവനും ചുറ്റിക്കറങ്ങാനായി പുറപ്പെട്ടു. ഞങ്ങൾ മൂന്നു മണിക്കൂർ കൊണ്ട് ഒരുവിധം സിറ്റി മുഴുവനും കണ്ടു. സിനിമക്കു വേണ്ടി തയ്യാറാക്കിയിട്ടുള്ള നിരവധി ഫൗണ്ടനുകളും സിനിമ ഷൂട്ടിങ്ങിന്റെ സെറ്റുകളും ലണ്ടനിലെ പ്രശസ്തമായ പ്രിൻസ്സ് സ്ട്രീറ്റ് റെയിൽവേസ്റ്റേഷനും ട്രെയിനും മാർക്കറ്റുകളും വിമാനത്താവളവും ബാഹുബലി സിനിമ ഷൂട്ട് ചെയ്ത ആ വലിയ മൈതാനവും കോട്ടവാതിലും കിടങ്ങും പിന്നെ ബാഹുബലിയുടെ സിംഹാസനവും, ബാഹുബലിയുടെ ഒരു വലിയ പ്രതിമയും ബാഹുബലി സഞ്ചരിച്ചിരുന്ന രഥവും മറ്റും വളരെ അപ്രതീക്ഷിതമായി കണ്ടത് എനിക്ക് വളരെ സന്തോഷമുണ്ടാക്കി. 'ഉദയനാണ് താരം' എന്ന സിനിമയിൽ മോഹൻലാൽ Ramoji-യിലാണ് വന്ന് ഷൂട്ടിങ്ങു നടത്തുന്നത്. റെയിൽവേസ്റ്റേഷനിൽ കണ്ട ട്രെയിൻ സാധാരണ ട്രെയിൻ പോലെ ഇരുന്നിരുന്നു, എങ്കിലും അതിന്റെ ടയറുകൾ

ബസ്സുകളുടെ ടയർ പോലത്തെയായിരുന്നു. റെയിൽവേസ്റ്റേഷനിൽ ഇന്ത്യയിലെ പല പ്രധാന സ്റ്റേഷനുകളുടെ പേരും ആലേഖനം ചെയ്ത ബോർഡുകൾ ഉണ്ടായിരുന്നു. മാർക്കറ്റുകൾ ഡൽഹി, മുംബൈ, പൂനെ, കൊൽക്കത്ത തുടങ്ങി നിരവധി സ്ഥലങ്ങളിലെ മാർക്കറ്റുകൾ എന്ന് തോന്നിപ്പിക്കുന്നവിധം ആയിരുന്നു. പോസ്റ്റ് ഓഫീസ്, ബസ് സ്റ്റാൻഡ്, കളിക്കളങ്ങൾ അങ്ങനെ നിരവധി ഏരിയകൾ ഉണ്ടായിരുന്നു. മുഗളന്മാരുടെ കാലഘട്ടത്തിലെ ഉദ്യാനങ്ങളും കൊട്ടാരങ്ങളുടെ രൂപങ്ങളും ഭംഗിയായി സെറ്റു ചെയ്തിട്ടുണ്ടായിരുന്നു. മഹാഭാരതത്തിലെ മഹാരഥന്മാരുടെ രൂപങ്ങളും രാജസദസുകളും ഉൾക്കൊണ്ട ഒരു അത്ഭുത സെറ്റും അവിടെ ഉണ്ടായിരുന്നു. ഈ ഫിലിം സിറ്റിയിൽ നിർമ്മിച്ചിട്ടുള്ള വിവിധ ഫൗണ്ടനുകൾ ലോകത്തിലെ വിവിധ രാജ്യങ്ങളിലുള്ള ഫൗണ്ടനുകളുടെ അതേ രൂപത്തിലാണ്. ഇതാണ് റാമോജിയിലെ വിശേഷങ്ങൾ. രാത്രി 8 മണിയോടെ ഞങ്ങൾ വീട്ടിൽ തിരിച്ചെത്തി.

അടുത്ത ദിവസം രാവിലെ, ഹൈദരാബാദിൽ ഉള്ള IKEA മാളിലേക്കു പോയി. ഈ മാൾ ഹോം ഫർനിഷിങ്, ഇന്റീരിയർ/ഡെക്കോറേറ്റിങ്, വീട്ടുപകരണങ്ങൾ മുതലായവ ലഭിക്കുന്ന സ്ഥലമാണ്. ഈ മാൾ എനിക്ക് വളരെ അത്ഭുതമുണ്ടാക്കി. ഉച്ചക്ക് ഞങ്ങൾ ആന്ധ്ര, സൗത്ത് ഇന്ത്യൻ വെജ് ഫുഡ് ലഭിക്കുന്ന ഒരു ഹോട്ടലിൽ പോയി ആണ് ഭക്ഷണം കഴിച്ചത്. അവിടെനിന്നും ആന്ധ്രയുടെ തനത് രുചിയുള്ള ഭക്ഷണം കഴിക്കാൻ സാധിച്ചു.

അടുത്ത ദിവസം, തെലുങ്കാന ടൂറിസം വകയായ ഹൈദരാബാദ് സിറ്റി ഹെറിറ്റേജ് മ്യൂസിയം ടൂർ എന്ന ടൂർ പാക്കേജ് ഉപയോഗപ്പെടുത്തി ഞങ്ങൾ വിവിധ സ്ഥലങ്ങൾ കാണാൻ പോയി. ഞങ്ങൾ ഹൈദരാബാദ് സിറ്റിയിലെ ഹുസൈൻ സാഗർ തടാകം കണ്ടു.

തിരുപ്പതി ക്ഷേത്രത്തിന്റെ മാതൃകയിൽ പണിതിരിക്കുന്ന Birla Mandir ആണ് ആദ്യം കണ്ടത്. അതിനുശേഷം ഞങ്ങൾ ചാർമിനാർ കാണുവാൻ പോയി.

ചാർമിനാർ കണ്ടിറങ്ങിയ ഞങ്ങൾ Mecca masjid കണ്ട് Chowamahalla പാലസിൽ എത്തി. ഹൈദരാബാദ് നൈസാമിന്റെ വസതിയായിരുന്നു Chowamahalla പാലസ്. അത് കണ്ടിറങ്ങിയ ഞങ്ങൾ നൈസാംമാർ ഉപയോഗിച്ചിരുന്ന വിവിധ മോഡൽ Vintage കാറുകൾ കണ്ടു. അതിനുശേഷം Salar Jung മ്യൂസിയത്തിലേക്ക് പോയി. സലാർ ജംഗ് മ്യൂസിയം ദേശീയ മ്യൂസിയങ്ങളിൽ ഒന്നാണ്. അത് ഒരു ആർട്ട് മ്യൂസിയം ആണ്. വിവിധതരം പെയിന്റിംഗുകൾ, sculpture കൾ സെറാമിക് മെറ്റാലിക് അലങ്കാരവസ്തുക്കൾ, ഇന്ത്യയിൽ നിന്നും വിവിധ വിദേശരാജ്യങ്ങളിൽ നിന്നും കൊണ്ടുവന്നിട്ടുള്ള ഫർണിച്ചറുകൾ, ക്ലോക്കുകൾ അടക്കം ഒരു ദശലക്ഷത്തിലധികം കാഴ്ചവസ്തുക്കൾ ഇവിടെ ഉണ്ടായിരുന്നു. ഹൈദരാബാദ് നവാബ് കുടുംബമായിരുന്നു ഈ മ്യൂസിയത്തിന്റെ ആദ്യകാല ഉടമകൾ. ഇപ്പോളത് ഇന്ത്യ ഗവൺമെന്റിന്റെ ഉടമസ്ഥതയിലാണ്. അവിടെ നിന്നും ഉച്ചഭക്ഷണം കഴിച്ച് ഞങ്ങൾ പ്രസിദ്ധമായ ഗോൾകൊണ്ട ഫോർട്ട് കാണാൻ പോയി. ഹൈദരാബാദ് സിറ്റിയിൽ നിന്നും അകലെയായി സ്ഥിതിചെയ്യുന്ന ഈ കോട്ട 300 അടി ഉയരമുള്ള ഒരു കരിങ്കൽ കുന്നിനുമുകളിൽ ആണ് സ്ഥിതിചെയ്യുന്നത്. ഏകദേശം 400 വർഷങ്ങൾക്ക് മുൻപ് നിർമ്മിക്കപ്പെട്ടതാണ് ഈ കോട്ട എന്നു കരുതപ്പെടുന്നു. യുദ്ധാനന്തരം പിടിക്കപ്പെടുന്ന തടവുപുള്ളികളെ ഈ കോട്ടയിൽ തടവിൽ പാർപ്പിച്ചിരുന്നതായും അവിടെ ഉണ്ടായിരുന്നവർ പറഞ്ഞു. പ്രതാപകാലത്തെ അനുസ്മരിപ്പിക്കുന്ന വിധം ഈ കോട്ടയുടെ നിർമ്മിതികൾ കാണുവാനും ആയത് ആസ്വദിക്കുവാനും സാധിക്കും. ഏകദേശം ആറര മണിയോടെ അവിടെനിന്നും ഇറങ്ങിയ ഞങ്ങൾ Qutub Shahi dynatsy യുടെ tombs വാഹനത്തിലിരുന്നു കണ്ടു. തുടർന്ന് ഈ ഏകദിന ടൂറിന്റെ terminating point ആയ Lumbini Parkലെത്തി. Lumbini Park കണ്ടതിനു ശേഷം ഞങ്ങൾ അമ്മാവന്റെ വീട്ടിലേക്കു തിരിച്ചു പോയി

അടുത്ത ദിവസം ഞങ്ങൾ എന്റെ ചേച്ചിയുടെ വീട്ടിലേക്കു പോയി. അവിടെ ചേച്ചിയുടെ മകന്റെ കൂടെ കളിച്ചും ചിരിച്ചും കടകളിലും മാളിലും മറ്റുമായി കറങ്ങി നടന്നു.

അടുത്ത ദിവസം വൈകുന്നേരം ഞങ്ങൾ ഹൈദരാബാദ് ഇലക്ട്രോണിക്സ് സിറ്റിയിൽ ഉള്ള ഒരു എക്സിബിഷൻ സന്ദർശിച്ചു. ആന്ധ്രയുടെ പഴമയും തനിമയും വിളിച്ചോതുന്ന പല സ്റ്റാളുകളും അവിടെ ഉണ്ടായിരുന്നു. ഞങ്ങൾ അതിന്റെ ഫോട്ടോകൾ എടുത്ത് അത് ആസ്വദിച്ചു. ഞങ്ങൾ മൂന്നര മണിക്കൂർ കൊണ്ട് ആ എക്സിബിഷൻ കണ്ടു തീർത്തു. ആന്ധ്രയിലേയും, തെലുങ്കാനയിലേയും വിവിധ വസ്ത്ര വേഷത്തിൽ നിർമ്മിച്ചിരിക്കുന്ന പ്രതിമകളുടെ തലയുടെ ഭാഗത്ത് എന്റെ തല വെച്ചു ഞാൻ ഫോട്ടോ എടുത്തു. രാത്രി ആയപ്പോഴേക്കും ഞങ്ങൾ വീട്ടിൽ തിരിച്ചെത്തി.

27.12.2019ൽ ഉച്ചയോടെ ഞങ്ങൾ ട്രെയിനിൽ കേരളത്തിലേക്ക് യാത്ര തിരിച്ചു. ട്രെയിനിൽ എനിക്ക് ഒരു കുഞ്ഞുവാവയെ കളിക്കാൻ കൂട്ടു കിട്ടിയതുകൊണ്ടു വിരസത തോന്നിയില്ല. നീണ്ട 27 മണിക്കൂർ യാത്രക്ക് ശേഷം എറണാകുളത്തു ട്രെയിൻ ഇറങ്ങി ഞങ്ങൾ വീട്ടിൽ എത്തി. ഓർക്കുമ്പോൾ എന്തു രസം! ●

# യുദ്ധാനന്തരം


**ശരണ്യ, ചേർത്തല**



കാത്തിരിക്കാൻ ഇനി ഓർമ്മകൾ മാത്രമായ് ...
ഇനിയെന്റെ അച്ഛൻ വരില്ലയെന്നോ ?
മരണമുഖത്തു നിന്നഛൻ വിളിച്ചപ്പോൾ
ഒരുവേള കണ്ഠം ഇടറിയപ്പോൾ
“ഭീകരമാം ഒരു ദിവസം കടന്ന് പോയ്”
എന്നവസാനമായ് ചൊല്ലിയച്ഛൻ .
യുദ്ധത്തിനവസാനം ഒന്നേ ലഭിച്ചുള്ളു
അച്ഛന്റെ ഓർമ്മകുറിപ്പ് മാത്രം .
മരണദിനത്തിന്റെ മുമ്പുള്ള നാളിലായ്
അച്ഛന്നെഴുതിയ വരികളിൽ ഞാൻ
എന്നുടെ കണ്ണുനീർ തുള്ളികളാൽ
അച്ഛന്റെ ഓർമ്മയെ ചേർത്ത് നിർത്തി .
നാടിന് വേണ്ടിയായ് ജീവൻ വെടിഞ്ഞൊരു
ധീരനാണെന്നച്ഛൻ എന്നറിയു ...
രണഭൂമിയായൊരു കാശ്മീരിൻ മണ്ണിലായ്
വെടിയൊച്ചകൾക്കു നടുവിലായി
ക്ഷണനേരം കൊണ്ടോരു ഭീകര സൈന്യത്തെ
തടയാൻ ശ്രമിച്ചതാണെന്റെയച്ഛൻ .
സൈന്യത്തിൻ തോക്കിൻ വെടിക്ക് മുമ്പിൽ
പതറാതെ മൃത്യു വരിച്ച നേരം
രാജ്യം കൊടുത്തൊരു ധീരചക്രം
മാത്രമാണച്ഛനു പകരമായി
വിസ്ഫോടനങ്ങൾ നടന്നിടുമ്പോൾ
കാതോർത്ത് സൈന്യത്തെ നേരിടാനായ്
ദിനരാത്രി ഒഴിയാതെ കാത്തിരുന്ന്
പടവെട്ടിടുന്നുണ്ട് ധീരരെന്നും ●

# രണ്ടുപദേശങ്ങൾ

**കെ. മോഹൻദാസ് വാഴുന്നവർ, കണ്ണൂർ**



*മീനത്തിൽ ചതയം വന്നൂ*
*ഭൂമിയിൽ ഞാൻ പിറന്നനാൾ.*
*എവിടെ നിന്നു വന്നൂ ഞാൻ*
*എവിടേയ്ക്കാണിനി യാത്രയും*
*ഒന്നുമേതുമറിഞ്ഞീലാ*
*ആദിനാരായണൻ തുണ!*

(1) *“നല്ല കാര്യങ്ങൾ ചിന്തിക്കാൻ*
*നല്ല വാക്കുകൾ ഓതുവാൻ*
*നല്ല കർമ്മങ്ങൾ ചെയ്തീടാൻ*
*അമ്മേ നീ ശക്തിയേകണം”*
*കുലദേവത തൻ ചാരേ*
*ഇദം പ്രാർത്ഥന ചൊല്ലുവാൻ*
*പെറ്റമ്മ ചെവിയിലോതി-*
*തന്ന മന്ത്രമമൂല്യമാം*
*നിധിയായ് കരുതിയെന്നെന്നും*
*പ്രയാണം തുടരുന്നു ഞാൻ*

(2) *സ്നേഹവും ഹൃദയശുദ്ധിയും - സദാ*
*സ്നേഹരൂപ നിലഭംഗ ഭക്തിയും*
*കൈവിടാതെ വളരാൻ ശ്രമിക്കു നീ*
*മോഹനാ! ഭവതു ഭാവി ശോഭനം”*
*ഗുരുവര്യരുൾ ചെയ്ത ഉപദേശമിതു നിത്യവും*
*വഴിവിളക്കെന്നപോലെന്നിൽ*
*ആശ്വാസമരുളുന്നഹോ*
*ഹൃദയത്തിൽ തുടിപ്പുണ്ടീ ഗുരുമന്ത്രമിതെപ്പഴും*
*അമൃതനിഷ്യന്ദിയാകുമരുളപ്പാടിതനർഘമായ്.* ●

# നയിക്കട്ടെ ദേശാഭിമാനം



**പ്രൊഫ. രാമചന്ദ്രവർമ്മ,** മാവേലിക്കര

**സുഭാഷ് ചന്ദ്രബോസിന്റെ 125-ാമത്തെ ജന്മവർഷമാണ് 2021. അദ്ദേഹത്തെപ്പറ്റി ഒരനുസ്മരണം**

ഇൻഡ്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിൽ സുവർണ്ണ ലിപിക ളാൽ ആലേഖനം ചെയ്യപ്പെട്ട പേരാണ് സുഭാഷ് ചന്ദ്രബോസ്. അച്ഛൻ റായ് ബഹാദൂർ ജാനകീ നാഥ് ബോസ്. അമ്മ പ്രഭാ വതിദത്ത്. ജാനകീനാഥ് ബോസി ന്റെ കുടുംബക്കാർ പത്തൊൻപത് ഇരുപത് നൂറ്റാണ്ടുകളിൽ ബ്രിട്ടീഷ് ഭരണത്തിൽ ഉന്നതസ്ഥാനങ്ങൾ വഹിച്ചിരുന്നവരായിരുന്നു. 1885ൽ ജാനകീനാഥും കുടുംബവും കട്ട ക്കിലേക്ക് കുടിയേറിയിരുന്നു. 1897 ജനുവരി 23 നായിരുന്നു സുഭാ ഷിന്റെ ജനനം. ജാനകീനാഥ് - പ്രഭാവതി ദമ്പതികളുടെ 14 മക്ക ളിൽ ഒൻപതാമനായിരുന്നു സുഭാ ഷ്. കട്ടക്കിലെ പ്രൊട്ടസ്റ്റന്റ് ഇംഗ്ലീഷ് മീഡിയം സ്കൂളിലായി രുന്നു സുഭാഷിന്റെ പ്രാഥമിക വിദ്യാഭ്യാസം. തുടർന്ന് റാവൻഷ കൊളീജിയേറ്റ് സ്കൂളിൽ ഹൈ സ്കൂൾ വിദ്യാഭ്യാസം. മിഷനറി സ്കൂളിൽ നിന്ന് സാധാരണ സ്കൂളിലേക്കു വന്നപ്പോൾ കുറച്ചു ബുദ്ധിമുട്ടുണ്ടായി. പക്ഷെ വളരെ വേഗം തന്നെ സുഭാഷ് പുതിയ സ്കൂൾ അന്തരീക്ഷം ഇഷ്ടപ്പെട്ടു. ആ സ്കൂളിന്റെ ഹെഡ്മാസ്റ്റർ വാണി മാധവ് ദാസ് ആയിരുന്നു സുഭാഷിനെ ഏറെ ആകർഷിച്ചത്. ആദ്ധ്യാത്മികവും സാംസ്കാരിക വുമായ കാര്യങ്ങളിലും വിദ്യാർത്ഥി കളുടെ സ്വഭാവരൂപീകരണത്തിലും ആ ഹെഡ്മാസ്റ്റർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഈ കാലത്ത് ശ്രീരാമകൃഷ്ണ പരമഹംസരുടെ തിരുവായ്മൊഴികൾ അടങ്ങിയ പുസ്തകങ്ങളും വിവേകാനന്ദ സ്വാമികളുടെ പ്രസംഗങ്ങളും ലേഖനങ്ങളുമടങ്ങിയ ഗ്രന്ഥങ്ങളും സുഭാഷിന്റെ മനസ്സിൽ നല്ല സ്വാധീനം ചെലുത്തി. “മാനവരാ ശിയുടെ സേവനത്തിനായി തന്റെ സർവസ്വവും സമർപ്പിക്കുക” എന്ന വിവേകാനന്ദസൂക്തം സ്വന്തം ജീവിതത്തിൽ പകർത്തണമെന്ന് സുഭാഷ് ആഗ്രഹിച്ചു. ഹൈ സ്കൂൾ വിദ്യാർത്ഥിയായിരിക്കെ തന്നെ പാവപ്പെട്ടവരോടു പുലർ ത്തിയ അനുകമ്പയും അന്നു ബംഗാളിൽ പടർന്നിരുന്ന പകർച്ച വ്യാധികളോടു പോരാടിയ നിർഭ യത്വവും സുഭാഷിനെ ഏറെ ശ്രദ്ധേയനാക്കി. 1913ൽ അതായത് 16-ാമത്തെ വയസ്സിൽ മെട്രിക്കുലേ ഷൻ പാസായശേഷം കൽക്കത്ത യിലെ പ്രസിഡൻസി കോളേജിൽ ബിരുദപഠനം ആരംഭിച്ചു. ശൈഷ ണികമായ വളർച്ചയ്ക്ക് കൂടുതൽ ഊന്നൽ നല്കണമെന്ന ചിന്ത സുഭാഷിന്റെ മനസ്സിൽ വേരോടി യത് ഈ കാലഘട്ടത്തിലാണ്. സാമൂഹിക സേവനമെന്നാൽ ദേശീയ പുനർനിർമ്മാണമാ ണെന്നും മതവും ദേശസ്നേ ഹവും തമ്മിലുള്ള ദൃഢബന്ധം വളർത്തുകയാണ് തങ്ങളുടെ ലക്ഷ്യമെന്നും സുഭാഷും കൂട്ടു കാരും വിശ്വസിച്ചു. പ്രസിഡൻസി കോളേജിലെ വിദ്യാർത്ഥികളാക ട്ടെ നാട്ടിലും കോളേജിലും നട ക്കുന്ന അന്യായങ്ങൾക്കെതിരെ പ്രതികരിക്കുന്നവരായിരുന്നു. അതു കൊണ്ടു തന്നെ വിദ്യാർത്ഥികൾ പൊലീസിന്റെ നോട്ടപ്പുള്ളികളും ആയിരുന്നു. പ്രസിഡൻസി കോളേ ജിൽ നടന്ന ഒരു വിദ്യാർത്ഥി സമ രത്തെ തുടർന്ന് സുഭാഷിനെ കോളേജിൽ നിന്ന് സസ്പെൻഡ് ചെയ്തു. പിന്നീട് ഡിഗ്രി പഠനം പൂർത്തീകരിച്ചത് കട്ടക്കിലെ സ്കോട്ടിഷ് ചർച്ച് കോളേജിൽ നിന്നായിരുന്നു. ബിരുദപഠനം കഴി ഞ്ഞപ്പോൾ അച്ഛന്റെ നിർദ്ദേശപ്ര കാരം ഇംഗ്ലണ്ടിൽ പോയി പഠനം തുടരാൻ സുഭാഷ് നിർബന്ധിതനാ യി. അങ്ങനെ കേംബ്രിഡ്ജ് യൂണി വേഴ്സിറ്റിയിലെ വിദ്യാർത്ഥിയായി പഠനം തുടങ്ങി.

സംഘർഷഭരിതമായ ഇൻ ഡ്യൻ കലാലയ ജീവിതം അനുഭ വിച്ച സുഭാഷിന് തികച്ചും വ്യത്യ സ്തവും മഹത്തായതുമായ അനു ഭവങ്ങളാണ് യൂണിവേഴ്സിറ്റി സമ്മാനിച്ചത്. ഈ പഠനകാലത്ത് ബ്രിട്ടീഷുകാരായ വിദ്യാർത്ഥിക ളിൽ നിന്നോ അദ്ധ്യാപകരിൽ നിന്നോ സൗഹാർദ്ദപരമല്ലാത്ത ഒര നുഭവവും സുഭാഷിന് നേരിടേണ്ടി വന്നിരുന്നില്ല. കേംബ്രിഡ്ജിൽ പഠി ച്ചുകൊണ്ടിരിക്കെ 1920ൽ അദ്ദേഹം I.C.S പരീക്ഷ 4-ാം റാങ്കോടെ പാസ്സായി. I.C.S ആദ്യശ്രമത്തിൽ പാസ്സായതിന്റെ സന്തോഷം നില നിൽക്കെ തന്നെ ബ്രിട്ടീഷ് ഭരണ ത്തിൻ കീഴിൽ ജോലി നോക്കേ ണ്ടിവരുമെന്ന കുറ്റബോധം സുഭാ ഷിനെ അലട്ടി. ഫലമോ? ഇംഗ്ല ണ്ടിൽ നിന്ന് ഇൻഡ്യയിലേക്ക് തിരി ക്കുന്നതിന് തൊട്ടുമുമ്പ് തന്റെ രാജിക്കത്ത് ഇൻഡ്യാ സെക്രട്ടറി ഇ.എസ്. മൊണ്ടേക്കിന് കൈമാറി. 1921-ൽ കേംബ്രിഡ്ജ് യൂണി

വേഴ്സിറ്റിയിൽ നിന്ന് ഓണേഴ്സ് ബിരുദം നേടിയ സുഭാഷ് ഇൻഡ്യയിലേക്കു കപ്പൽ കയറി. ഇതിനകം തന്നെ സുഭാഷിന്റെ I.C.S രാജി ഇംഗ്ലണ്ടിലെ ഇൻഡ്യക്കാർക്കിടയിലും ഇൻഡ്യയിൽ തന്നെയും വലിയ സംസാരവിഷയമായി മാറിയിരുന്നു.

ഇൻഡ്യയിലേക്കുള്ള മടക്കയാത്രയിൽ കപ്പലിൽ വച്ച് തന്റെ സഹയാത്രികനായിരുന്ന രവീന്ദ്രനാഥടാഗോറിനെ പരിചയപ്പെട്ടു. താനെടുത്ത തീരുമാനം അദ്ദേഹത്തെ അറിയിച്ചു. ടാഗോർ മനം തെളിഞ്ഞ് സുഭാഷിനെ ശ്ലാഘിച്ചു. രാജ്യം ആവശ്യപ്പെടുന്നത് ഇത്തരം ധീരപുത്രരെയാണെന്ന് സുഭാഷിനെ ചേർത്തുപിടിച്ചഭിനന്ദിച്ചു.

സുഭാഷ് ബോംബെയിൽ കപ്പലിറങ്ങി. നിസ്സഹകരണപ്രസ്ഥാനം രാജ്യമെങ്ങും അസ്വസ്ഥത നിറച്ച നാളുകളായിരുന്നു അത്. താമസിയാതെ തന്നെ ഗാന്ധിജിയെ സന്ദർശിച്ചു. ഗാന്ധിജിയുടെ മെല്ലെപ്പോക്ക് സമരപരിപാടികളിൽ അതായത് നികുതിനിഷേധം, നിയമലംഘനം തുടങ്ങിയവയിൽ സുഭാഷിന് അത്ര വിശ്വാസം വന്നില്ല. എന്നിരുന്നാലും ഗാന്ധിജിയുടെ നിർദ്ദേശപ്രകാരം അദ്ദേഹം ബംഗാളിലെ ദേശീയപ്രസ്ഥാനത്തിന്റെ നേതാവായ സി.ആർ. ദാസിനെ കാണാൻ തീവണ്ടിയിൽ കൽക്കട്ടയ്ക്കു യാത്ര തിരിച്ചു. സുഭാഷ് 'ദേശബന്ധു' സി.ആർ. ദാസുമായി ചേർന്നു പ്രവർത്തിക്കാൻ തുടങ്ങി. സംഘടനാപ്രവർത്തനത്തിൽ സുഭാഷ് തിളങ്ങിനിന്നു. 22 പോലീസുകാർ ചുട്ടെരിക്കപ്പെട്ട ചൗരിചൗരാ സംഭവം നിസ്സഹകരണ പ്രസ്ഥാനം പിൻവലിക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ചു. പക്ഷെ ഈ തീരുമാനം സി.ആർ. ദാസ്, ജവഹർലാൽ നെഹ്റു, സുഭാഷ് ചന്ദ്രബോസ് തുടങ്ങിയ യുവനേതാക്കളെ ചൊടിപ്പിച്ചു. ഇത് കോൺഗ്രസ് സംഘടനാരംഗത്ത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കി. അഭിപ്രായവ്യത്യാസത്തെ തുടർന്ന് 1885ൽ രൂപീകൃതമായ ഇൻഡ്യൻ നാഷണൽ കോൺഗ്രസ് നിലനില്ക്കെ സി.ആർ. ദാസും മോത്തിലാൽ നെഹ്റുവും 'സ്വരാജ് പാർട്ടി'യ്ക്കു ജനുവരിയിൽ രൂപം കൊടുത്തു. സുഭാഷ് അവരോടു ചേർന്നു പ്രവർത്തനം തുടങ്ങി. 1924 ഒരു ഗൂഢാലോചനക്കേസിൽ പ്രതിയാക്കി സുഭാഷ് ജയിലിലടയ്ക്കപ്പെട്ടു. തുടരെതുടരെയുള്ള ജയിൽവാസങ്ങളിൽ അദ്ദേഹത്തിന്റെ ആരോഗ്യം നഷ്ടപ്പെട്ടുകൊണ്ടിരുന്നു. അദ്ദേഹം ക്ഷയരോഗബാധിതനാണെന്നു കണ്ടു. ചികിത്സയ്ക്കായി സ്വന്തം ചിലവിൽ യൂറോപ്പിൽ പോകുന്നതിന് ബ്രിട്ടീഷുകാർ അനുവാദം കൊടുത്തു. സുഭാഷ് ഇൻഡ്യ വിട്ടുനില്ക്കുന്നത് ബ്രിട്ടീഷുകാർക്ക് സന്തോഷവുമായിരുന്നു. അങ്ങനെ 1933– 38 കാലഘട്ടത്തിൽ സുഭാഷ് യൂറോപ്പിൽ താമസിച്ച കാലത്ത് ചികിത്സയും പുസ്തകമെഴുത്തും ഒരുമിച്ചു നടത്തിയിരുന്ന അദ്ദേഹത്തിന്റെ സെക്രട്ടറിയായി പ്രവർത്തിച്ചത് ആസ്ട്രിയക്കാരിയായിരുന്ന എമിലി ഷെങ്കൽ ആയിരുന്നു. ബഹുഭാഷാ പണ്ഡിതയായിരുന്ന അവർ സുഭാഷിന് എല്ലാ സഹായസഹകരണങ്ങളും ചെയ്തുകൊടുത്തിരുന്നു. ആ കാലത്ത് സുഭാഷിന്റെ 'Indian Struggle' എന്ന പുസ്തകത്തിന്റെ പ്രിന്റ് പുറത്തുവന്നെങ്കിലും അത് ഇൻഡ്യയിൽ നിരോധിക്കപ്പെട്ടിരുന്നു. 1937ൽ തന്റെ സുഹൃത്തും സഹായിയും ആയിരുന്ന എമിലിയെ സുഭാഷ് വിവാഹം ചെയ്തു. നിയമപ്രകാരമുള്ള വിവാഹമായിരുന്നില്ല അത്. കാരണം ജർമൻ നിയമമനുസരിച്ച് ഇൻഡ്യൻ പൗരനുമായുള്ള വിവാഹം അന്ന് അനുവദനീയമായിരുന്നില്ല. സുഭാഷ് – എമിലി ദമ്പതികളുടെ മകളാണ് അനിതാബോസ്. യൂറോപ്പിലെ വിവിധ പത്രങ്ങളിൽ സുഭാഷിന്റെ ലേഖനപരമ്പരകൾ പ്രത്യക്ഷപ്പെടാൻ തുടങ്ങി. ഇന്ത്യ എപ്രകാരമാണ് ബ്രിട്ടന്റെ കാൽക്കീഴിൽ ഞെരിഞ്ഞമരുന്നതെന്ന് ലോകത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ തന്റെ ലേഖനങ്ങൾക്ക് സാധിച്ചു. ഒരു ജനതയുടെ മേൽ തങ്ങളുടെ കൊളോണിയൽ ഭരണകൂടം എത്ര അപഹാസ്യമായാണ് ഇടപെടുന്നത് എന്ന ചിന്ത ബ്രിട്ടനിലെ ജനതയുടെ മനസ്സിൽപോലും സൃഷ്ടിക്കുന്നതിന് ഈ ലേഖനങ്ങൾക്കു കഴിഞ്ഞു. 1936ൽ ജവഹർലാൽ നെഹ്റു ഭാര്യയുടെ ചികിത്സാർത്ഥം യൂറോപ്പിൽ ഉണ്ടായിരുന്നപ്പോൾ സുഭാഷും നെഹ്റുവും തമ്മിൽ കാണുകയും അവർ തമ്മിലുണ്ടായിരുന്ന ബന്ധത്തിന്റെ ഉലച്ചിൽ മാറുകയും ഊഷ്മളത ഊട്ടിഉറപ്പിക്കുകയും ചെയ്തു. 1938ൽ സുഭാഷ് Indian National Congressന്റെ പ്രസിഡന്റായി. സുഭാഷിന്റെ പ്രവർത്തനശൈലിയിൽ സന്തുഷ്ടി ഇല്ലാത്തതുകൊണ്ട് പ്രസിഡന്റ് കാലാവധി നീട്ടിക്കിട്ടിയില്ല. 1940ൽ തന്റെ ജീവിതത്തിലെ 11–ാമത്തെ അറസ്റ്റിന് സുഭാഷ് വിധേയനായി. ജീവപര്യന്തം സുഭാഷ് ജയിലിൽ കിടക്കണമെന്ന് ബ്രിട്ടീഷുകാർ തീരുമാനിച്ചു. തനിയ്ക്കെതിരെയുള്ള അനീതിയുടെ പാരമ്യം പ്രതിരോധിക്കാൻ 1940 നവംബർ 29ന് കാളിപൂജാദിനത്തിൽ ജയിലിൽ അദ്ദേഹം നിരാഹാര സമരം പ്രഖ്യാപിച്ചു. ആരോഗ്യം മോശമായതിനെ തുടർന്ന് അദ്ദേഹം വീട്ടുതടങ്കലിലായി. 1941 ജനുവരിയിൽ അദ്ദേഹം വേഷപ്രച്ഛന്നനായി വീട്ടുതടങ്കലിൽ നിന്ന് സഹോദരന്റെ സഹായത്തോടെ രക്ഷപ്പെട്ടു. അഫ്ഗാനിസ്ഥാനും റഷ്യയും കടന്ന് മൂന്നു മാസത്തെ നീണ്ട യാത്രയ്ക്കുശേഷം 1941 ഏപ്രിൽ മാസത്തിൽ അദ്ദേഹം ബർലിനിലെത്തി. അവിടെ ഫ്രീ ഇൻഡ്യ സെന്ററിന്റെ പ്രവർത്തനമാരംഭിച്ചു. 'ആസാദ്

ഹിന്ദ് ഫൗജി' (Army) ന്റെയും ആസാദ് ഹിന്ദ് റേഡിയോയുടെയും പ്രവർത്തനവും സുഗമമായി കൊണ്ടുപോകാൻ അദ്ദേഹത്തിനുസാധിച്ചു. ചിലവുകൾ ജർമ്മൻ ഗവൺമെന്റ് വഹിച്ചു. ജർമ്മൻ റേഡിയോ വഴി ബാങ്കോക്കിലെ ഇൻഡ്യൻ നാഷണൽ ആർമി (I.N.A.) മേധാവി മോഹൻ സിംഗുമായി നിരന്തരം ബന്ധപ്പെട്ട സുഭാഷ് ജപ്പാനിലേക്കു കടക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു. ഹിറ്റ്ലറുടെ സഹായത്തോടെ സുഭാഷ് അന്തർവാഹിനിക്കപ്പലുകളിൽ പതിനായിരക്കണക്കിന് കിലോമീറ്ററുകൾ സഞ്ചരിച്ച് ടോക്കിയോയിൽ എത്തിച്ചേർന്ന വിവരം വൈകാതെ ഇൻഡ്യയിലുമെത്തിച്ചേർന്നു. ബ്രിട്ടീഷ് കോളനിയായ സിംഗപ്പൂരിന്റെ പതനത്തിനുശേഷം സുഭാഷ് നടത്തിയ പ്രസംഗവും ജപ്പാൻ പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിരുന്നു. സുഭാഷ് ചന്ദ്രബോസ് എന്ന പോരാളിയിലെ രാജ്യസ്നേഹത്തിന്റെ ആഴം ജപ്പാൻ പ്രധാനമന്ത്രി ജനറൽ ഹിഡേക്കി ടോജോ മനസ്സിലാക്കി. സിംഗപ്പൂരിൽ നിലയുറപ്പിച്ചിരുന്ന ബ്രിട്ടീഷ് സേനയുടെ ബഹുഭൂരിഭാഗവും ഇൻഡ്യാക്കാരായിരുന്നതുകൊണ്ട് തടവിൽപ്പിടിച്ച 40,000 ത്തോളം വന്ന യുദ്ധത്തടവുകാരും I.N.A. യുടെ ഭാഗമായി. ഈ അവസരത്തിലാണ് സുഭാഷ് ചന്ദ്രബോസ് സിംഗപ്പൂരിൽ എത്തിയത്. ആദ്യ സന്ദർശനത്തിൽ തന്നെ സിംഗപ്പൂരിലെ ഐ.എൻ.എ. അംഗങ്ങളെ തന്റെ വാഗ്‌വിലാസം കൊണ്ട് ആവേശം കൊള്ളിയ്ക്കാൻ സുഭാഷിന് കഴിഞ്ഞു. “നിങ്ങൾ എന്നെ ജീവിതത്തിലും,

*ശേഷം പേജ് 60 ൽ*

*വൈവാഹികം തുടർച്ച ...*

### BOX No. 2134

| | | | |
|---|---|---|---|
| - | - | കു ച | - |
| - | ഗ്രഹനില | | ഗു മാ ശി |
| സ | | | - |
| ബു മ | ശു ര | ല | - |

| | | | |
|---|---|---|---|
| കു സ | - | - | ല ബു |
| ശു | നവാംശം | | - |
| - | | | ച |
| ഗു മ ര | മാ | - | ശി |

കുജ ശിഷ്ട ദശ - 5.5.15.24

Samantha Kshatriya boy 30 years (03.12.1990., 1166 Vrischikam 17), Makayiram star, Height 173 cms, B.Com, Digital Marketing. Entrepreneur, LIC Advisor at Kochi. Looking for proposals from loving, caring and fun loving girls who should be a good companion throughout life preferably from a moderate family and willing to migrate to Canada after marriage.Contact : 9847036267.

## വരനെ ആവശ്യമുണ്ട്

### BOX No. 2135

| | | | |
|---|---|---|---|
| ശു | ര ബു ശി ല | - | - |
| മ | ഗ്രഹനില | | കു |
| - | | | - |
| - | ച ഗു മാ | സ | - |

| | | | |
|---|---|---|---|
| - | ല | ര മ | ബു |
| - | നവാംശം | | ശു ശി |
| കു ഗു സ | | | - |
| - | - | - | ച മാ |

ശിഷ്ട ദശ ശനി 11 വർഷം 6 മാസം 19 ദിവസം

Kshatriya girl, 26 Years (18.4.1995), Anizham Star, 145cms., MBBS (Doing House Surgeoncy at Trivandrum). Father hailing from Cochin Royal Family, Mother from Mankav Palace. Seeks alliance from Educated, Well Settled, Vegetarian Kshatriya Boys.
Contact: 9249231987, 9495638704



# പരപ്പൂർ സ്വരൂപം പഴഞ്ചേരി കോവിലകം ബേപ്പൂർ ആലിയക്കോട്ടു കോവിലകം

**മാവേലിക്കര ആർ. ശശിധരവർമ്മ,** മൊ. 6282739050

**പ**ഴയ ബ്രിട്ടീഷ് മലബാറിലെ ഏറനാട് താലൂക്കിലുള്ള പരപ്പനങ്ങാടി ആസ്ഥാനമാക്കി രാജ്യം ഭരിച്ചിരുന്ന ഒരു പുരാതന രാജകുടുംബമാണ് 'പരപ്പൂർ സ്വരൂപം'. സ്വതന്ത്ര രാജാധികാരമുള്ള രാജകുടുംബങ്ങൾക്കു മാത്രമേ സ്വരൂപം എന്നു പറയുകയുള്ളൂ.

ഒരു കാലത്ത് പരപ്പൂർസ്വരൂപത്തെ പ്രതിധാനം ചെയ്യുവാൻ ഒരു കോവിലകം മാത്രമേ ഉണ്ടായിരുന്നുള്ളൂ. കടലുണ്ടിപുഴയ്ക്കടുത്തുള്ള മേക്കോട്ടയിൽ (നെറുംകൈതകോട്ട) കോട്ടയ്ക്കകത്ത് ഒരു കോവിലകം ഉണ്ടായിരുന്നു. ഈ കോവിലകത്തിന്റെ നടുമുറ്റത്ത് പരപ്പൂർ സ്വരൂപത്തിന്റെ പരദേവതയായ മുല്ലയ്ക്കൽ ഭഗവതിയെ പ്രതിഷ്ഠിച്ച് ആരാധിച്ചു പോന്നു. അങ്ങനെയിരിക്കെ കുടുംത്തിൽ ശാസ്താവിന്റെ ദർശനം ഉണ്ടാകുകയും അന്നു മുതൽ ശാസ്താവിനെ ഇഷ്ടപരദേവതയായി ആരാധിക്കുകയും ചെയ്തു വരുന്നു.

ശതാബ്ദങ്ങൾക്കു മുമ്പ് മേക്കോട്ട കോവിലകത്ത് ഒരു തമ്പുരാട്ടി മാത്രമായി. ഈ തമ്പുരാട്ടിക്ക് വിവാഹാനന്തരം അംബിക, ഉമാംബ, അംബാദേവി എന്നിങ്ങനെ മൂന്നു പെൺകുട്ടികൾ ജനിച്ചു. കാലാന്തരത്തിൽ അംബികത്തമ്പുരാട്ടിയും ഉമാംബത്തമ്പുരാട്ടിയും തമ്മിൽ ഉണ്ടായ അഭിപ്രായവ്യത്യാസം കാരണം സ്വരൂപത്തിന്റെ അധീനതയിലുള്ള പ്രദേശങ്ങളെ മൂന്നായി വിഭജിച്ചു.

ചാലിയപുഴക്കു വടക്കോട്ട് കല്ലായിപുഴവരെ ഉമാംബക്കും തെക്കോട്ട് പൂരപ്പറമ്പു വരെ അംബികയ്ക്കും ബാക്കി മൂന്നിൽ ഒന്നു അംബാദേവിയ്ക്കും ആയി വീതം വെച്ച് പിരിഞ്ഞു താമസമായി. മേക്കോട്ടയിൽ നിന്നും പിരിഞ്ഞു പോയ കാലത്തെ കലിസംഖ്യ'അദ്രജെ ഹസ്ഥി താസ്യാൽ' എന്നാകുന്നു. ഇത് ഷാരിയേക്കൽ ക്ഷേത്രത്തിന്റെ മണ്ഡപത്തിലെ കല്ലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

'അദ്രജെഹസ്തിതാ-സ്യാഭിഹൾതകലൌവ്യഷെ സ്ഥാപിത രാജരാജേന മഹഡൊബഹിരപ്യമ' ഈ ഷാരിയേക്കൽ ക്ഷേത്രം പണി തീർത്തത് കൊല്ലവർഷം 671 -ൽ ആയിരുന്നു എന്നതിനും അത് പണിയിച്ചത് മേക്കോട്ടയിൽ നിന്നും മാറിയ കാലത്തെ രാജരാജവർമ്മൻ ആയിരുന്നു എന്നതിനും മണ്ഡപത്തിൽ കൊത്തിയിട്ടുള്ള കലിസംഖ്യയായ 1678820, അതായത് കൊല്ലവർഷം 671 മേടം 13 ആണെന്നുള്ളതിന് സാക്ഷ്യം വഹിക്കുന്നു. രാജരാജവർമ്മൻ അംബികതമ്പുരാട്ടിയുടെ മകൻ ആകുന്നു.

അംബികതമ്പുരാട്ടി നെടുവ എന്ന സ്ഥലത്ത് ഒരു കോവിലകം പണിയിച്ച് അവിടെ താമസമാക്കി. ആ കോവിലകത്തിന് 'വലുകുറിയെടത്ത് കോവിലകം' എന്നു പറയുന്നു. അംബികതമ്പുരാട്ടിക്ക് രാജരാജവർമ്മൻ, രാമവർമ്മൻ എന്ന രണ്ടു പുത്രന്മാരും അംബികദേവി എന്ന ഒരു പുത്രിയും ഉണ്ടായിരുന്നു. അംബികദേവിക്ക് രവിവർമ്മൻ, കേരളവർമ്മൻ എന്ന രണ്ടു പുത്രന്മാരും അംബ എന്ന ഒരു പുത്രിയും ആണ് ഉണ്ടായിരുന്നത്. ഈ അംബാദേവിക്ക് രാമവർമ്മൻ, രാജവർമ്മൻ, രാജരാജവർമ്മൻ എന്ന മൂന്നു പുത്രന്മാരും ഉമാംബ എന്ന ഒരു പുത്രിയും ഉണ്ടായിരുന്നു. ഗോദവർമ്മ തമ്പുരാനും ലക്ഷ്മി, കുഞ്ഞി. ഉണ്ണികുട്ടി, ഇച്ചമ്മ എന്നീ നാലു തമ്പുരാട്ടിമാരും ഉമാംബതമ്പുരാട്ടിയുടെ മക്കളാണ്. ഈ നാലു തമ്പുരാട്ടിമാരിൽ ആദ്യത്തെ മൂന്നു പേർ ഓരോ പുതിയ കോവിലകങ്ങൾ ഉണ്ടാക്കി താമസമായി.

ലക്ഷ്മി തമ്പുരാട്ടി 'പുതിയ കോവിലകത്തും' കുഞ്ഞി തമ്പുരാട്ടി 'അങ്ങേപ്പാട്ടു കോവിലകത്തും' ഉണ്ണികുട്ടി തമ്പുരാട്ടി 'പടിഞ്ഞാറെപ്പാട്ടു കോവിലകത്തും' ഇച്ചമ്മ തമ്പുരാട്ടി 'വലുകുറിയേടത്തു കോവിലകത്തും' ആയി മാറി താമസിച്ചു.

പുതിയകോവിലകത്തു താമസിച്ച ലക്ഷ്മി തമ്പുരാട്ടിക്ക് രണ്ടു പുത്രന്മാരും ആറ് പുത്രിമാരുമാണുണ്ടായിരുന്നത്. അവരും അവരുടെ മക്കളും കോട്ടയത്തു ദത്തു പോയിട്ടുള്ളവരാകുന്നു. ആ പാരമ്പര്യക്കാരാണ് വാഴപ്പള്ളിൽ കോട്ടയത്ത് മടത്തിൽ താമസിച്ചിരുന്നത്.

പടിഞ്ഞാറെപ്പാട്ടു കോവിലകത്ത് താമസിച്ച ഉണ്ണികുട്ടി തമ്പുരാട്ടിക്ക് ഗോദവർമ്മൻ എന്ന ഒരു പുത്രൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ.

വലിയകുറിയെടത്തു കോവിലകത്തു താമസിച്ച ഇച്ചമ്മതമ്പുരാട്ടിയുടെ തലമുറക്കാരെ കൊല്ലവർഷം 964-ൽ ഉണ്ടായ ടിപ്പുവിന്റെ പടയോട്ടക്കാലത്ത് അദ്ദേഹത്തിന്റെ പടയാളികൾ പിടികൂടി കോയമ്പത്തൂരിൽ കൊണ്ടുപോയി തടവിൽ പാർപ്പിച്ചതിനാൽ ഭ്രഷ്ട് സംഭവിച്ച

തായി ബാക്കിയുള്ളവർ പറഞ്ഞു. ടിപ്പുവിന്റെ തോൽവിക്കു ശേഷം അവർ തിരിച്ചു വരുകയും ചെയ്തു

ഈ ശാഖയിലെ ഇച്ചമ്മ എന്ന ഒരു തമ്പുരാട്ടിയും കുഞ്ഞുണ്ണി, വീരാൻ എന്ന രണ്ടു തമ്പുരാക്കന്മാർ മാത്രമായി വരുകയാൽ കൊല്ലവർഷം 967 വൃശ്ചികം 17-ാം തീയതി ചങ്ങനാശേരി ലക്ഷ്മിപുരം കൊട്ടാരത്തിൽ താമസിച്ച ഈഞ്ഞാഞ്ഞി തമ്പുരാട്ടിയുടെ മകളായ കുഞ്ഞിത്തമ്പുരാട്ടിയുടെ മകൻ രാജരാജവർമ്മ ചെറുണ്ണി കോയിതമ്പുരാനേയും (അഛൻ കോയിതമ്പുരാൻ) അദ്ദേഹത്തിന്റെ സഹോദരിയായ ഇട്ടിയങ്കള തമ്പുരാട്ടിയുടെ അഞ്ചു മക്കളിൽ ലക്ഷ്മി തമ്പുരാട്ടിയേയും കുഞ്ഞികുട്ടി തമ്പുരാട്ടിയേയും ഇത്തംബരു തമ്പുരാനേയും രവിവർമ്മൻ തമ്പുരാനേയും ദത്തെടുത്ത് അവകാശികളാക്കി. പടിഞ്ഞാറെപ്പാട്ടു കോവിലകത്ത് ഗോദവർമ്മനു ശേഷം അവകാശികളായി ആരും ഇല്ലാതെ വന്നതിനാൽ അതിന്റെ അവകാശവും കൂടി ഇവർക്കു കിട്ടി.

രാജ്യം വിഭജിച്ചതിനു ശേഷം ഉമാംബതമ്പുരാട്ടി ബേപ്പൂര് ഒരു കോവിലകം പണിയിച്ച് അവിടെ താമസമാക്കി. ഈ കോവിലകത്തിനെ 'കരിപ്പ കോവിലകം' എന്നു പറയുന്നു. വളരെക്കാലം കഴിഞ്ഞു ഈ കോവിലകം അന്യത്തിന്റെ ഭീഷണിയിലായപ്പോൾ ചെറുനാട്ടുള്ള തൃക്കുവളത്തു കോളപ്പുറത്തുള്ള കോവിലന്മാരായ സ്ത്രീകളേയും പുരുഷന്മാരേയും ദത്തെടുത്തു. പിൽക്കാലത്ത് ഇവർ നെടിയാൽ, മനയത്ത്, പുതിയകോവിലകം എന്നീ കോവിലകങ്ങളിലായി പിരിഞ്ഞു താമസമായി. ഈ ദത്തിനെ വലുകുറിയെടത്തു കോവിലകത്തിലുള്ളവർക്കും മറ്റു കോവിലകങ്ങളിലുള്ളവർക്കും സമ്മതമാകാഞ്ഞതിനാൽ ഇവർ ഒറ്റപ്പെട്ടു പോയി. ഇവരുടെ ശാഖ ചെറുകോൽ, എണ്ണയ്ക്കാട് വടക്കെമഠം, കാരാണ്മ എന്നീ സ്ഥലങ്ങളിൽ ഇപ്പോൾ താമസമുണ്ട്.

അംബാദേവി തമ്പുരാട്ടി ബേപ്പൂരിൽ 'പഴഞ്ചേരി കോവിലകം' പണി ചെയ്ത് അവിടെ താമസമായി. ഈ കോവിലകത്തിന് 'ബേപ്പൂർ ആലിയക്കോട് കോവിലകം' എന്നും പേരുണ്ട്.

അംബാദേവി തമ്പുരാട്ടിക്ക് കുഞ്ഞി, ലക്ഷ്മി എന്ന രണ്ട് പെൺമക്കൾ മാത്രമെ ഉണ്ടായിരുന്നുള്ളു. ഇവരിൽ ലക്ഷ്മി ബേപ്പൂരിൽ തന്നെ ഒരു കെട്ടാരം പണിയുകയും അവിടെ താമസമാക്കുകയും ചെയ്തു. ഈ കോവിലകത്തിന് 'തട്ടാരികോവിലകം' എന്നു പറയുന്നു. ഈ തട്ടാരി കോവിലകം കൊല്ലവർഷം 880-ാമാണ്ടോടെ ഒന്നായി കിളിമാനൂരിൽ താമസമാക്കി. അതിന്റെ കാരണം കൊല്ലവർഷം 677-ൽ ആദിത്യവർമ്മ നാടുനീങ്ങിയതോടു കൂടി തിരുവിതാംകൂർ രാജകുടുംബത്തിൽ ഉമയമ്മറാണിയെ കൂടാതെ അവരുടെ 9 വയസ്സു മാത്രം പ്രായമുള്ള ഒരു മകനും മാത്രമേ ഉണ്ടായിരുന്നുള്ളു. അതു കാരണം 1677-ൽ ഉമയമ്മറാണി റീജന്റ് മഹാറാണിയായി രാജ്യഭാരം ഏറ്റെടുത്തു. ഉമയമ്മറാണിക്കു പ്രായാധിക്യമാകുകയും രാജകുടുംബത്തിൽ പിൻതുടർച്ചാവകാശത്തിന് പെൺവഴി തമ്പുരാക്കന്മാർ ഇല്ലാതെ വരുകയും ചെയ്തതിനാൽ ഉമയമ്മറാണി പുതുപ്പള്ളി കോവിലകത്തു നിന്നും ദത്തെടുക്കുവാൻ തീരുമാനിച്ചു. അന്ന് കോവിലകത്തുണ്ടായിരുന്ന അമ്മ തമ്പുരാന് ആറു സന്താനങ്ങളാണുണ്ടായിരുന്നത്. ഇതിൽ മൂത്ത പുത്രൻ കാശിക്കു പോകുകയും മൂത്ത മകൾ വിവാഹിതയായി കുടുംബത്തിൽ തന്നെ താമസമാക്കുകയും ചെയ്തിരുന്നു. അവിവാഹിതകൾ ആയിരുന്ന രണ്ടു പെൺകുട്ടികളേയും, ഉണ്ണികേരളവർമ്മ, രാമവർമ്മ എന്നീ രണ്ടാൺമക്കളേയും സി.ഇ. 1688 ജനുവരി 18 (കൊല്ലവർഷം 863 മകരം 9)-ാം തീയതി തിരുവിതാംകൂർ രാജകുടുംബത്തിലേക്ക് ദത്തെടുത്തു. അതിൽ മൂത്ത സ്ത്രീയുടെ വിവാഹം കഴിയുകയും മക്കളില്ലാതെ മരിച്ചു പോകുകയും ചെയ്തു. രണ്ടാമത്തെ സ്ത്രീയുടെ മകനാണ് ആധുനിക തിരുവിതാംകൂറിന്റെ ശിൽപ്പിയായ അനിഴം തിരുനാൾ വീരമാർത്താണ്ഡവർമ്മ മഹാരാജാവ്. അദ്ദേഹത്തിന്റെ സഹോദരി പൂരുരുട്ടാതിതിരുനാൾ ആറ്റിങ്ങൽ മൂത്തതമ്പുരാന് സന്താന ഭാഗ്യം ഇല്ലാതെ വന്നതിനാൽ അനിഴം തിരുനാൾ വീരമാർത്താണ്ഡവർമ്മയുടെ മാതൃസഹോദരിയുടെ മകൾ പാർവതിബായിയെ അന്നു രാജ്യം ഭരിച്ചിരുന്ന ഉണ്ണികേരളവർമ്മ തിരുവിതാംകൂർ രാജകുടുംത്തിലേക്ക് ദത്തെടുത്തു. ഇവരെ വിവാഹം ചെയ്തിരുന്നത് കിളിമാനൂർ കൊട്ടാരത്തിലെ രവിവർമ്മ കോയിതമ്പുരാനായിരുന്നു. ഈ ദമ്പതികൾക്ക് ജനിച്ച പുത്രനാണ് 'ധർമ്മരാജാ'വെന്നും 'കിഴവൻ രാജാ'വെന്നും പ്രസിദ്ധനായ കാർത്തിക തിരുനാൾ രാമവർമ്മ മഹാരാജാവ്. ഈ രവിവർമ്മ കോയിതമ്പുരാനെയാണ് കിളിമാനൂർ കൊട്ടാരത്തിലെ അംഗങ്ങൾ വെട്ടിമരിച്ച അമ്മാവൻ എന്നു പറയുന്നത്.

കൊല്ലവർഷം 863-ൽ (സി.ഇ.1688) ഉമയമ്മറാണിയുടെ അഭ്യർത്ഥന അനുസരിച്ച് കോലസ്വരൂപ ശാഖ കുടുംബമായ അടിത്തല പടിഞ്ഞാറെ പള്ളി കോവിലകം ആറ്റിങ്ങൽ വന്നപ്പോൾ അവരുടെ ഒപ്പം ബേപ്പൂർ തട്ടാരികോവിലകവും ഒന്നായി ആറ്റിങ്ങലേക്ക് വന്നു. അവർ കുറച്ചു കാലം നഗരൂർ താമസിക്കുകയുണ്ടായി. അവിടെ നിന്നും കിളിമാനൂർക്ക് മാറി തൊട്ടടുത്തുള്ള കുഞ്ചു കോയിക്കൽ താമസിച്ചു. A.D. 1752-ൽ അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ കിളിമാനൂർ ദേശം കരമൊഴിവായി ബേപ്പൂർ തട്ടാരി കോവിലകത്തിന് കൊടുത്തു.

തട്ടാരികോവിലകത്തുകാർ അവിടെ ഒരു പുതിയ കൊട്ടാരം പണിയുകയും അവിടെ താമസമാക്കുകയും ചെയ്തു. അന്നു മുതൽ ബേപ്പൂർ തട്ടാരികോവിലകം കിളിമാനൂർകൊട്ടാരമായി.

പഴഞ്ചേരി/ആലിയക്കോട് കോവിലകത്തും തട്ടാരി കോവിലകത്തും പുരുഷമൂപ്പു വന്നാൽ പറപ്പുമൂപ്പ് (പരപ്പനാട്ടു രാജാവ്) എന്ന ഒരു സ്ഥാനം ഉണ്ട്. മൂപ്പായ പുരുഷൻ പുത്തൻ കോവിലകത്തും ഇളമുറക്കാരൻ കുന്നൻ കോനാതിരി കോവിലകത്തും ആണു താമസിച്ചു വന്നിരുന്നത്.

കൊല്ലവർഷം 671 മുതൽ 963 വരെയുള്ള ചരിത്ര രേഖകൾ കിട്ടിയിട്ടില്ല

കൊല്ലവർഷം 941-ൽ അതായത് A.D. 1766-ൽ ഹൈദരാലിയുടെ മലബാർ ആക്രമണം തുടങ്ങി. കോലസ്വരൂപത്തിന്റെ എല്ലാ ശാഖ കുടുംബങ്ങളും ബേപ്പൂരിൽ ഉണ്ടായിരുന്ന കരിപ്പാകോവിലകത്തെ അംഗങ്ങളും ആലിയക്കോട്ടു കോവിലകത്തെ അംഗങ്ങളും തിരുവിതാംകൂർ മഹാരാജാവായിരുന്ന ധർമ്മരാജാവ് എന്നു പുകൾപെറ്റ കാർത്തിക തിരുനാൾ രാമവർമ്മ മഹാരാജാവിനെ അഭയം പ്രാപിക്കാൻ വേണ്ടി തിരുവിതാംകൂറിലേക്ക് പലായനം തുടങ്ങി. ധർമ്മരാജാവ് അവർക്ക് അഭയം നൽകുകയും ആലിയകോട്ടു കോവിലകത്തുകാർക്ക് താമസിക്കുവാൻ വേണ്ടി ചങ്ങനാശ്ശേരിയിൽ ഉള്ള നീരാഴികെട്ടു കൊട്ടാരത്തിൽ വേണ്ട ഏർപ്പാടുകൾ ചെയ്യുകയും ചെയ്തു. ഈ കൊട്ടാരം തെക്കുംകൂർ രാജാവിന്റെ വകയായിരുന്നു. അനിഴം തിരുനാൾവീരമാർത്താണ്ഡവർമ്മ തെക്കുംകൂർ കീഴടക്കിയപ്പോൾ ആ കൊട്ടാരം തിരുവിതാംകൂറിന്റെ വകയായി. നീരാഴിക്കെട്ടു കൊട്ടാരത്തിൽ വേണ്ട ഏർപ്പാടുകൾ ചെയ്തു വന്നപ്പോഴത്തേക്കും തിരുവനന്തപുരത്ത് ശ്രീ പത്നാഭസ്വാമി ക്ഷേത്രത്തിൽ പൈങ്കുനി ഉത്സവത്തിന് കൊടി കയറി. അതു കാരണം ആലിയക്കോട്ടു കോവിലകത്തുകാർ ഉത്സവശിവേലികളും പള്ളിവേട്ടയും ആറാട്ടും തൊഴുതതിനു ശേഷം ആറാട്ടിനു പിറ്റേ ദിവസം ചങ്ങനാശ്ശേരിയിലേക്ക് പുറപ്പെട്ടു, അവർ അവിടെ താമസമാക്കി. തിരുവിതാംകൂറിൽ അഭയം പ്രാപിച്ച ആലിയക്കോടു കോവിലകത്ത് അന്ന് ഉണ്ടായിരുന്ന അംഗങ്ങൾ കുഞ്ഞികുട്ടി എന്നൊരു തമ്പുരാട്ടിയും അവരുടെ ഇട്ടോട്ട, ഇട്ടിയങ്കള, ഞാഞ്ഞി, ആക്കിയമ്മ ഇഞ്ഞാഞ്ഞി എന്നീ അഞ്ച് പെൺമക്കളുമായിരുന്നു.

നീരാഴിക്കെട്ടു കൊട്ടാരം ഒരു ചെറിയ കൊട്ടാരമായിരുന്നു. എല്ലാവർക്കും കൂടി അവിടെ താമസിക്കുവാൻ വിഷമമായിരുന്നു. അതുകൊണ്ട് തിരുവിതാംകൂറിൽ വന്ന അഞ്ചു സഹോദരിമാരും വേറെ വേറെ താമസിക്കുവാൻ ആഗ്രഹം മഹാരാജാവിനോടു പ്രകടിപ്പിക്കുകയും അദ്ദേഹം അതിനു വേണ്ട ഏർപ്പാടുകൾ ചെയ്യുകയും ചെയ്തു. *(തുടരും)*

കടപ്പാട്: 1) എം. രാജരാജവർമ്മ എം.എ. ബി. എൽ, മണ്ണൂർമഠം കൊട്ടാരം, മാവേലിക്കര

2) സി.ആർ. കേരളവർമ്മ ഐ.എ.എസ്. ചെമ്പ്രോൽ കൊട്ടാരം, ഹരിപ്പാട്.

3) പി. ശ്രീകുമാര വർമ്മ, പാലിയേക്കര പടിഞ്ഞാറേ കൊട്ടാരം, തിരുവല്ല.

---

***നയിക്കട്ടെ ദേശാഭിമാനം...**തുടർച്ച*

മരണത്തിലും പിൻതുടരാൻ സന്നദ്ധരായാൽ ഞാൻ നിങ്ങളെ വിജയത്തിന്റേയും സ്വാതന്ത്ര്യത്തിന്റേയും വഴിയിലൂടെ നടത്തും" എന്ന അത്യന്തം വികാരഭരിതമായ വാക്കുകളിലൂടെ സുഭാഷ് ഉറപ്പു കൊടുത്തു.

1943 ഒക്ടോബറിൽ സിംഗപ്പൂരിലെ കതായ് ഹാളിൽ തിങ്ങി നിറഞ്ഞ പുരുഷാരത്തെ സാക്ഷി നിർത്തി സ്വതന്ത്ര ഇൻഡ്യയുടെ പ്രവാസി ഗവൺമെന്റ് രൂപീകരിച്ചതായി നേതാജി സുഭാഷ് ചന്ദ്രബോസ് പ്രഖ്യാപിച്ചു.

ജർമ്മനി, ഇറ്റലി, ജപ്പാൻ എന്നീ അച്ചുതണ്ടു ശക്തികളെ കൂടാതെ ക്രൊയേഷ്യ, മഞ്ചൂറിയ, ഫിലിപ്പെൻസ്, തായ്‌ലന്റ്, ബർമ്മ എന്നീ രാജ്യങ്ങൾ സ്വതന്ത്ര ഇൻഡ്യയുടെ പ്രവാസി ഗവൺമെന്റിനേയും പ്രധാനമന്ത്രി സുഭാഷ് ചന്ദ്രബോസിനേയും അംഗീകരിച്ചുകൊണ്ട് പ്രസ്താവനകൾ പുറത്തിറക്കി.

രണ്ടാം ലോകമഹായുദ്ധത്തിന്റെ കിഴക്കൻ പോർമുഖങ്ങളിൽ നിന്ന് ജപ്പാൻ നിരന്തരം തിരിച്ചടികൾ നേരിടുന്ന സമയത്തായിരുന്നു ഇൻഡ്യ ആക്രമിക്കാനുള്ള സുഭാഷിന്റെ പരിപാടിയ്ക്കു ജപ്പാൻ പിൻതുണ നല്കി സഹായിച്ചത്. പക്ഷേ അമേരിക്കൻ പോർവിമാനങ്ങളുടെ മുന്നിൽ ജപ്പാൻ കീഴടങ്ങി. സുഭാഷിനെ മഞ്ചൂറിയയിലേക്ക് അയച്ചു രക്ഷപ്പെടുത്താൻ ജപ്പാൻ പട്ടാളം സഹായിച്ചു. പക്ഷെ 1945 ആഗസ്റ്റ് 18ന് തായ്പെയിലെ തെയ്ഹോക്കുവിൽ വിമാനാപകടത്തിൽ നേതാജി എന്ന ധീരപോരാളി കൊല്ലപ്പെട്ടു. ഇൻഡ്യയ്ക്കകത്തും പുറത്തും ദുഃഖാചരണം നടന്നു. ഇൻഡ്യയുടെ സ്വാതന്ത്ര്യം ആത്മാവിൽ കൊണ്ടുനടന്ന, അതിനുവേണ്ടി ജീവത്യാഗം ചെയ്ത നേതാജിയ്ക്ക് സ്വന്തം നാട്ടിൽ ആറടി മണ്ണിനു പോലും അവകാശിയാകാൻ പറ്റിയില്ല. വിധി വൈപരീത്യം എന്നല്ലാതെ എന്തു പറയാൻ? നേതാജി സുഭാഷ് ചന്ദ്രബോസ് ഇൻഡ്യൻ സ്വാതന്ത്ര്യസമരചരിത്രത്തിലെ ജ്വലിക്കുന്ന നക്ഷത്രമായി ഓരോ ഇൻഡ്യാക്കാരന്റേയും മനസ്സിൽ ജീവിക്കുന്നു. ●

# ഉജ്ജയിനി

**കെ. ഹരികൃഷ്ണവർമ്മ,** ചേർത്തല ഫോ. 9447484099



മുംബൈയിൽ നിന്നും ഏകദേശം 650 കി. മീ. വടക്കുകിഴക്കായി മദ്ധ്യപ്രദേശ് സംസ്ഥാനത്തു സ്ഥിതിചെയ്യുന്ന ഒരു ക്ഷേത്രനഗരമാണ് ഉജ്ജയിനി. പുരാണേതിഹാസങ്ങളിലും ഭാരതചരിത്രത്തിലും ഉജ്ജയിനിക്കു വളരെയധികം സ്ഥാനവും പ്രാധാന്യവും ഉണ്ട്. പുരാതനകാലത്ത് ഈ നഗരം മാൾവാ എന്ന പേരിൽ പ്രസിദ്ധമായിരുന്നു. ക്ഷിപ്രാനദിക്കരയിലുള്ള ഈ പ്രദേശം ഭാരതത്തിലെ ഏറ്റവും പ്രധാനപ്പെട്ട പുണ്യനഗരങ്ങളിൽ ഒന്നായി കണക്കാക്കപ്പെടുന്നു. അവന്തിക എന്നും അവന്തികാപുരി എന്നും ഈ നഗരത്തെ വിളിക്കാറുണ്ട്. ബി. സി. 4-ാം നൂറ്റാണ്ടിൽ ചന്ദ്രഗുപ്തമൗര്യൻ ഈ നാട്ടുരാജ്യത്തെ ആക്രമിക്കുകയും അവന്തികയെ അദ്ദേഹത്തിന്റെ സാമാജ്യത്തോടു ചേർക്കുകയും ചെയ്തതായി പറയപ്പെടുന്നു. മഹാകവി കാളിദാസന്റെ ജന്മം കൊണ്ടാണ് ഉജ്ജയിനി നമ്മുടെയൊക്കെ മനസ്സിൽ ആഴത്തിൽ പതിഞ്ഞത്. വിക്രമാദിത്യസദസ്സിലെ നവരത്നങ്ങളിൽ പ്രമുഖനായ കാളിദാസന്റെ ശാകുന്തളവും മേഘസന്ദേശവും രഘുവംശവും കുമാരസംഭവവും മറ്റും ഏതൊരു ഭാഷാസ്നേഹിയും ആദരവോടെ മാത്രമേ സ്മരിക്കുകയുള്ളൂ.

*വക്രപന്ഥായദപി ഭവതഃ പ്രസ്ഥിതസ്യോത്തരാശാം*

*സൗധോത്സംഗപ്രണയവിമുഖോ മാസ്മഭൂരുജ്ജയിന്യാഃ*

*വിദ്യുദ്ദാമസ്ഫുരിത ചകിതൈസ്ത്ര പൗരാംഗനാനാം*

*ലോലാപാംഗൈര്യദി ന രമസേ ലോപനൈർവഞ്ചിതോസി*

*ഉത്തരാശക്കു പോകുന്ന നിൻ വഴി എത്രമാത്രം വളഞ്ഞാലുമെൻ സഖേ*

*ഉദ്യമിക്കൊലാ വേണ്ടെന്നു വെയ്ക്കുവാൻ ഉജ്ജയിനി തൻ സൗധാഗ്രസൗഹൃദം*

*പാളി വീഴുന്ന മിന്നൽപ്പിണരിനാൽ പേടി തേടും പുരാംഗനമാരുടെ*

*വാരൊളിത്തുമ്പിളകും മിഴികളോടാരമിക്കായ്കിൽ നീ സ്വയം വഞ്ചിതൻ*

2016 ജൂലായ് മാസത്തിൽ മഹാരാഷ്ട്രയിൽ മഴക്കാലം ആരംഭിച്ചതിനുശേഷമാണ് ഞങ്ങൾ (ഞാനും മായയും) മുംബൈയിൽ നിന്നും ഉജ്ജയിനിയിലേക്കു യാത്ര ചെയ്തത്. വൈകിട്ടു 7.10 നു മുംബൈ സെൻട്രൽസ്റ്റേഷനിൽ നിന്നും അവന്തിക എക്സ്പ്രസ്സിൽ യാത്ര തിരിച്ചു. അത്താഴത്തിനു ചപ്പാത്തിയും കറിയും കരുതിയിരുന്നു. 5 മണിക്കു മുൻപുതന്നെ മുളുണ്ടിലുള്ള വീട്ടിൽ നിന്നും ഓലെ കാബ് വിളിച്ചാണ് സ്റ്റേഷനിലേക്കു പോയത്. അതുകൊണ്ട് നേരത്തെ സ്റ്റേഷനിൽ എത്തി. തീവണ്ടി കൃത്യസമയത്തുതന്നെ പുറപ്പെടുകയും ചെയ്തു. മുൻപ് കേരളത്തിൽ നിന്നും പൂനയിലേക്കു പോകുമ്പോഴൊക്കെ തീവണ്ടിയിലെ മലിനമായ അവസ്ഥ കണ്ട് കേരളത്തോട് റയിൽവേയുടെ അവഗണനയെ കുറിച്ചു ഞാൻ വാതോരാതെ പരിഭവിക്കാറുണ്ടായിരുന്നു. മുന്തിയ ക്ലാസ് എന്നഹങ്കരിക്കാറുള്ള സെക്കന്റ് എ സി യിലെ വാഷ്ബേസിനും ടോയ്‌ലറ്റും മറ്റും മനം പുരട്ടുന്ന ഓർമ്മകളാണ്. പക്ഷെ അവന്തിക എക്സ്പ്രസ്സിലെ രണ്ടാംതരം എ സി യുടെ അവസ്ഥ കണ്ടപ്പോൾ മനസ്സിലായി റയിൽവേക്കു കേരളത്തോടു മുന്തിയ പരിഗണന ആണെന്ന്. വണ്ടി അൽപ്പം വൈകിയതിനാൽ പിറ്റേന്ന് കാലത്ത് ഏകദേശം 8.30 ഓടെയാണ് ഉജ്ജയിനിയിൽ എത്തിയത്. താമസസൗകര്യം ഏർപ്പെടുത്തിയിരുന്ന ഹോട്ടൽ കുറച്ചകലെ ആയിരുന്നെങ്കിലും താമസം ഏർപ്പാടാക്കിയ ആൾ സ്റ്റേഷനിൽ കാത്തു നിന്നിരുന്നതിനാൽ വൈഷമ്യം ഉണ്ടായില്ല. മുറിയിലെത്തി കുളി എല്ലാം കഴിഞ്ഞു നേരെ മഹാകാലേശ്വർ ക്ഷേത്രത്തിലേക്കു പുറപ്പെട്ടു. ഉജ്ജയിനി അറിയപ്പെടുന്നതു തന്നെ സാക്ഷാൽ പരമേശ്വരന്റെ സ്വന്തം സ്ഥലം എന്ന നിലയിലാണ്. ഭാരതത്തിലെ പ്രസിദ്ധങ്ങളായ 12 ജ്യോതിർലിംഗങ്ങളിൽ ഒന്ന് ഉജ്ജയിനിയിലെ ഈ മഹാകാലേശ്വർ ക്ഷേത്രത്തിലാണ്. പ്രവേശനത്തിന് വളരെയധികം നിയന്ത്രണങ്ങൾ ഉണ്ട്. കാമറ, മൊബൈൽ, സഞ്ചികൾ ഒന്നും അകത്തേക്കു കടത്തുകയില്ല. ഇവയൊക്കെ സൂക്ഷിക്കാനുള്ള സംവിധാനങ്ങൾ പുറത്തു സൗജന്യമായി ഒരുക്കിയിട്ടുണ്ട്. ദർശനത്തിനു വളരെ വലിയ ക്യൂ ആണെങ്കിലും ഇടയ്ക്കിടയ്ക്ക് ഇരുന്നു വിശ്രമിക്കാനുള്ള സൗകര്യവും ഉണ്ട്. ക്ഷേത്രം വളരെ വലുതും അതിപുരാതനവും ആണ്. നിർമ്മാണം

കരിങ്കല്ലിൽ തന്നെ ആണെങ്കിലും അത്ര എടുത്തു പറയത്തക്ക വാസ്തുവിദ്യാ ചാതുര്യം കാണാനായില്ല. അന്യദേശക്കാരുടെ ഭക്തിയുടെ ആഴം അറിയണമെങ്കിൽ ഇത്തരം ക്ഷേത്രങ്ങളിൽ തന്നെ പോകണം. നമ്മൾ ആ പ്രദേശത്തിന്റെ പുരാണവും ചരിത്രവും ഭൂമിശാസ്ത്രവും മനസ്സിലാക്കാൻ ശ്രമിക്കുമ്പോൾ അവിടത്തുകാർ അകളങ്കിതമായ ഭക്തി കൊണ്ട് സാക്ഷാൽക്കാരം നേടുന്നതിനെക്കുറിച്ചു മാത്രമാണ് ചിന്തിക്കുന്നത്. താരതമ്യേന തിരക്കു കുറവായിരുന്നതിനാൽ വളരെ ഭക്തിനിർഭരമായ അന്തരീക്ഷത്തിൽ മഹാജ്യോതിർലിംഗത്തെ നന്നായി കണ്ടു പ്രാർത്ഥിക്കാനും അവസരം ലഭിച്ചു.

പ്രധാന ക്ഷേത്രത്തിനു പുറത്തായി മതിൽക്കെട്ടിനുള്ളിൽ തന്നെ ധാരാളം ഉപദൈവങ്ങളും അവയ്ക്കെല്ലാം പ്രത്യേകം പ്രത്യേകം പൂജാരിമാരും ഉണ്ട്. ക്ഷേത്രത്തിനു മുൻപിൽ ഫോട്ടോ എടുത്തു കൊടുക്കുന്നതിനു ഫോട്ടോഗ്രാഫർമാർ ഉണ്ട്. ക്ഷേത്രത്തിനോടു ചേർന്നുതന്നെ കരിങ്കല്ലിൽ പണികഴിപ്പിച്ച ഒരു കുളവും വിശേഷമായുണ്ട്.

മഹാകാലേശ്വർ ക്ഷേത്രത്തിനു സമീപം തന്നെ രുദ്രസാഗര തടാകത്തിനു അരികിൽ ആണ് ഹർസിദ്ധിമാതാ ക്ഷേത്രം. അൻപത്തിഒന്നു പ്രധാന ശക്തിപീഠങ്ങളിൽ ഒന്നാണിത്.

ക്ഷേത്രത്തിൽ നിന്നു ഇറങ്ങി നദിക്കരയിലുള്ള നിരത്തിലൂടെ നടന്നു കുറച്ചുദൂരം ചെന്നപ്പോൾ വിക്രമാദിത്യ ക്ഷേത്രം എന്നു വിശേഷിപ്പിക്കുന്ന ഒരു സ്ഥലത്തെത്തി. നദിക്കരയിൽ തന്നെ ഒരു പാലം കടന്നു ഒരു വലിയ കവാടവും കടന്നു ചെല്ലുമ്പോൾ വൃത്താകൃതിയിൽ വലിയൊരു മണ്ഡപമാണു പ്രധാനമായുള്ളത്. അവിടെ വലിയൊരു സിംഹാസനത്തിൽ വിക്രമാദിത്യനും വശങ്ങളിൽ ഉള്ള ഇരിപ്പിടങ്ങളിൽ നവരത്നങ്ങളും ഇരിക്കുന്നതു കാണാം. മണ്ഡപത്തിനു താഴെ ചുറ്റിനുമുള്ള വൃത്താകൃതിയിലുള്ള സുന്ദരമായ സ്ഥലത്തു വിക്രമാദിത്യ കാലഘട്ടത്തെ ഓർമ്മിപ്പിക്കുന്ന ധാരാളം ശിൽപ്പങ്ങൾ ഉണ്ട്. സാലഭഞ്ജികമാരുടെ ശിൽപങ്ങൾ ഓരോരുത്തരുടെയും പേരുകൾ ആലേഖനം ചെയ്തു സ്ഥാപിച്ചിരിക്കുന്നതു പ്രത്യേകം എടുത്തു പറയേണ്ടതാണ്. ക്ഷേത്രം പുതിയതെങ്കിലും വിക്രമാദിത്യകഥകളെയും മറ്റും ഓർമ്മിപ്പിക്കാൻ ഉതകുന്നതാണ്. മണി രണ്ട് കഴിഞ്ഞപ്പോൾ മായയ്ക്കു വിശപ്പിന്റെ വിളിയും ക്ഷീണവും തുടങ്ങിയതു കാരണം ഞങ്ങൾ ഉച്ചഭക്ഷണത്തിനായി മടങ്ങിപ്പോന്നു.

വൈകിട്ടു 4.30 ഓടെ ഞങ്ങൾ അക്ഷർധാം എന്നു പേരുള്ള ക്ഷേത്രത്തിലേക്കു പോയി. സാമാന്യം പുതിയ ഒരു ക്ഷേത്രമായതിനാൽ കൂടുതലും കോൺക്രീറ്റ് നിർമ്മിതി ആയതിനാലും നമുക്ക് അത്രക്കൊരു പ്രാധാന്യമൊന്നും തോന്നിയില്ല. ദശാവതാരത്തിന്റെ ശിൽപ്പങ്ങളും മറ്റും യന്ത്രസഹായത്തോടെ ചലനാത്മകമായി അവിടെ സൃഷ്ടിച്ചു വച്ചിട്ടുണ്ട്. വൈഷ്ണവ് ദേവീക്ഷേത്രത്തിന്റെ ഒരു ചെറിയ മാതൃക ഇവിടെയും നിർമ്മിച്ചിട്ടുണ്ട്.

അവിടെ നിന്നു ഞങ്ങൾ രാംഘട്ട് എന്ന അതിപാവനമായ നദിക്കരയിലേക്കാണു പോയത്. മഹാകുംഭമേളകൾ കൊണ്ടാടുന്ന ഇത് ക്ഷിപ്രാനദിയുടെ കരയിലാണ്. ദശരഥ മഹാരാജാവിന്റെ മരണാനന്തര പിണ്ഡതർപ്പണവും മറ്റും ശ്രീരാമചന്ദ്രൻ നടത്തിയത് ഈ നദിക്കരയിലാണത്രെ. ആയിരക്കണക്കിനു ഭക്തർക്കു സ്നാനത്തിനും ബലികർമ്മങ്ങൾക്കുമായി നദിയിൽ വളരെ നീളത്തിൽ പടികൾ നിർമ്മിച്ചിട്ടുണ്ട്. ധാരാളം മണ്ഡപങ്ങളും മറ്റു സൗകര്യങ്ങളും ഭക്തരുടെ ആവശ്യങ്ങൾക്കായി ഇവിടെ പണികഴിപ്പിച്ചിട്ടുണ്ട്. ദേവഗുരുവായ ബൃഹസ്പതിയാണ് ക്ഷിപ്രാനദിക്കരയിലുള്ള മഹാമഹങ്ങൾക്കെല്ലാം നേതൃത്വം വഹിക്കുന്നതെന്നാണു സങ്കല്പം. ദേവഗുരുവായ ബൃഹസ്പതി സിംഹാരൂഢനായി ഇരിക്കുന്ന വളരെ വലിയൊരു പ്രതിമ നദിക്കരയിൽ ഉണ്ട്. അവന്തികാപുരി ഏഴാമത്തെ പുരിയായും മോക്ഷദായിനിയുമായി കരുതപ്പെടുന്നു.

അടുത്ത ദിവസം രാവിലെ ഒരു ഓട്ടോ വാടകക്കെടുത്തു മറ്റു ക്ഷേത്രങ്ങൾ ദർശിക്കുന്നതിനായി പുറപ്പെട്ടു. ആദ്യം പോയത് സാന്ദീപനി ആശ്രമത്തിലേക്കാണ്. ശ്രീകൃഷ്ണനും ബലരാമനും സുദാമാവൊരുമിച്ചു പഠിച്ച ആശ്രമമാണിത്. ഭഗവാന്റെ ഒരു ക്ഷേത്രവും കൃഷ്ണലീലകളും മറ്റും വിവരിക്കുന്ന ധാരാളം ചിത്രങ്ങൾ പ്രദർശിപ്പിക്കുന്ന ഒരു ഗാലറിയും ഇവിടെ ഉണ്ട്. ശ്രീകൃഷ്ണനും ബലരാമനും സുദാമാവോടൊത്തു കളിക്കുകയും കുളിക്കുകയും വിനോദങ്ങളിൽ ഏർപ്പെടുകയും ചെയ്തതെന്നു കരുതുന്ന ഒരു കുളവും കരിങ്കൽപടവുകളോടെ ഇതിനു പുറകിൽ ഉണ്ട്. ഗോമതികുണ്ഡ് എന്ന പേരിൽ അറിയപ്പെടുന്ന ഈ കുളത്തിലേക്കു ജലം ഗോമതി നദിയിൽ നിന്നുവരുന്നു എന്നാണു വിശ്വാസം. ഈ ആശ്രമത്തേക്കാൾ അത്ഭുതപ്പെടുത്തിയത് അവിടെയുള്ള 5500 വർഷം പഴക്കമുണ്ടെന്നു പറയപ്പെടുന്ന മഹാമുകുന്ദേശ്വർ മഹാദേവ ക്ഷേത്രമാണ്. ശ്രീകൃഷ്ണന്റെ വരവു മനസ്സിലാക്കിയ നന്ദികേശ്വരൻ ശ്രീകൃഷ്ണനുള്ള സൗകര്യങ്ങൾ ഒരുക്കാൻ കാലേ കൂട്ടി അവിടെ എത്തിയെന്നും അങ്ങനെ ശിവചൈതന്യവും അവിടെ നിലയുറപ്പിച്ചു എന്നും കരുതുന്നു. അതിപുരാതനമായ ഒരു നന്ദികേശ്വര പ്രതിമ ഈ ക്ഷേത്രത്തിനു മുൻപിൽ ഉണ്ട്.

ക്ഷിപ്രാ നദിക്കരയിൽ തന്നെയാണ് ഭർതൃഹരി ഗുഹ. വിക്രമാദിത്യന്റെ അർദ്ധ സഹോദരനായ രാജാ ഭർതൃഹരി ഗൃഹസ്ഥാശ്രമം ഉപേക്ഷിച്ച ശേഷം ധ്യാനനിരതനായി ഇരുന്ന സ്ഥലമാണിത്. ഗുഹക്കുള്ളിൽ കടക്കുന്നതിനും പുറത്തേക്കിറങ്ങുന്നതിനും വളരെ ചെറിയ കവാടങ്ങളാണുള്ളത്. അകത്ത് ധ്യാനനിരതനായിരിക്കുന്ന ഭർതൃഹരിയുടെ പ്രതിമയുണ്ട്. കൂടാതെ മറ്റു പല കൊത്തുപണികളും ഭിത്തികളിൽ ഉണ്ട്. ഗുഹക്കുള്ളിൽ പ്രവേശിക്കുന്നത് ഒരു പ്രത്യേകം അനുഭവം തന്നെയാണ്.

ഉജ്ജയിനിയുടെ സംരക്ഷകനായ കാലഭൈരവന്റെ മഹാക്ഷേത്രം രാജാ ഭദ്രസെൻ നിർമ്മിച്ചതെന്നു വിശ്വസിക്കപ്പെടുന്നു. ക്ഷേത്രം വലുതും കരിങ്കല്ലിൽ നിർമ്മിച്ചതുമാണ്. മുൻവശത്തുള്ള വലിയ കരിങ്കൽ വിളക്കുമാടങ്ങൾക്കും പ്രത്യേകതകൾ ഉണ്ട്. കാലഭൈരവനു ഏറ്റവും ഇഷ്ടപ്പെട്ട നിവേദ്യം മദ്യം ആണ്. മഹാകവി കാളിദാസന് ഭദ്രകാളിയിൽ നിന്നും അനുഗ്രഹം ലഭിച്ച ക്ഷേത്രമാണ് ഗദ്കലികാ ക്ഷേത്രം. ഒരു ചെറിയ വനത്തിനുള്ളിൽ ആണ് ഈ ക്ഷേത്രം സ്ഥിതിചെയ്യുന്നത്. ക്ഷേത്രത്തിനു ചുറ്റും ധാരാളം വാനരന്മാരെ കാണാം. പുരാതനങ്ങളായ വളരെ വലിപ്പമുള്ള പല വാദ്യോപകരണങ്ങളും ക്ഷേത്രത്തിനുള്ളിൽ ഉണ്ട്. കാളിദാസന്റെ അപേക്ഷപ്രകാരം എ.ഡി. ഏഴാം നൂറ്റാണ്ടിൽ ഹർഷവർദ്ധൻ ഈ ക്ഷേത്രം പുതുക്കി പണിതു എന്നു ചരിത്രം.

ഉജ്ജയിനിയിലെ ഏറ്റവും പ്രധാനപ്പെട്ട രണ്ടു സ്ഥലങ്ങളാണ് കാളിദാസ അക്കാഡമിയും ത്രിവേണി ആർട് ഗാലറിയും. കാളിദാസൻ എന്ന മഹാകവിയുടെയും നാടകകാരന്റെയും സർഗ്ഗാത്മക വൈശിഷ്ട്യം തലമുറകളിലേക്ക് ഓതി കൊടുത്തു നിലനിർത്തുക എന്ന പരമമായ ലക്ഷ്യത്തോടൊപ്പം അദ്ദേഹത്തിന്റെ കൃതികളെ ലോകഭാഷകളിലേക്കു മൊഴിമാറ്റം നടത്തുന്നതിനും ഗവേഷണങ്ങൾ നടത്തുന്നതിനും കാളിദാസ നാടകങ്ങൾ അരങ്ങേറുന്നതിനും മറ്റനേകം കലാസാഹിത്യ പ്രവർത്തനങ്ങൾ തുടരുന്നതിനും ഈ അക്കാഡമി സേവനങ്ങൾ ചെയ്യുന്നുമുണ്ട്. അക്കാഡമി ഡയറക്ടർ ഡോ. പാണ്ഡേ വളരെ സന്തോഷത്തോടെയാണു ഞങ്ങളെ സ്വീകരിച്ചതും അവിടത്തെ എല്ലാ വിഭാഗങ്ങളും കാണിച്ചു തന്നതും. ശ്രീ. കാവാലം നാരായണ പണിക്കർ അവിടെ വന്നു താമസിച്ച് അവിടത്തെ നാട്യഗൃഹത്തിൽ കാളിദാസ നാടകം അരങ്ങേറിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. കാവാലം ഞങ്ങളുടെ ബന്ധു ആണെന്നു ഞങ്ങൾ അറിയിച്ചപ്പോൾ അദ്ദേഹത്തിനുണ്ടായ സന്തോഷം പറക വയ്യ. മനോഹരമായ ഒരു നാട്യഗൃഹത്തിനു പുറമെ ധാരാളം താരമപ്പൂക്കൾ ഉള്ള ഒരു മനോഹരമായ തടാകവും അതിനു ചുറ്റുമായി ഔഷധ വൃക്ഷങ്ങളുടെ ഒരു തോട്ടവും അവർ പരിപാലിക്കുന്നുണ്ട്.

ത്രിവേണി ആർട്ട് ഗാലറി ഒരു വലിയ സംഭവം തന്നെയാണ്. ശിലകളിൽ നിർമ്മിച്ച അതി പുരാതനങ്ങളായ വിഗ്രഹങ്ങളും വെങ്കലത്തിലും മറ്റു ലോഹങ്ങളിലും നിർമ്മിച്ച പല സുന്ദരവസ്തുക്കളും അവിടെയുണ്ട്. ഇതിനെല്ലാം ഉപരി ഭാരതത്തിലെ മിക്ക സംസ്ഥാനങ്ങളിലേയും കലാകാരന്മാരുടെ അതിമനോഹരങ്ങളായ പെയിന്റിംഗുകൾ വളരെ പ്രാധാന്യത്തോടെ പ്രദർശിപ്പിച്ചിട്ടുണ്ട്.

മൂന്നു ദിവസത്തെ പരിപാടികൾക്കു ശേഷം രാത്രി ഞങ്ങൾ തിരികെ മുംബൈയിലേക്ക് യാത്ര ആരംഭിച്ചു. ●

## ഗോപികൃഷ്ണൻ റെക്കോർഡ് ബുക്കിലേക്ക്




**വ്യാ**വസായിക സിനിമയുടെ ചരിത്രത്തിൽ ആദ്യമായി Down Syndrome (ഡൗൺ സിൻഡ്രോം) ബാധിച്ച ഒരു നടൻ മുഖ്യകഥാപാത്രമായി അഭിനയിച്ചതിനുള്ള ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ്സിന്റെ അംഗീകാരം 'തിരികെ' എന്ന ചിത്രത്തിൽ 'സെബു' എന്ന കഥാപാത്രത്തെ അവതരിപ്പിച്ച ഗോപികൃഷ്ണ വർമ്മക്ക് ലഭിച്ചു. ഇന്റർനെറ്റിലൂടെ നീ സ്ട്രീം എന്ന ആപ്പ് വഴിയാണ് ചിത്രം പ്രദർശിപ്പിച്ചത്. കോഴിക്കോട് എൽ ഐസി ഉദ്യോഗസ്ഥനായ തൃശ്ശൂർ തിരുത്തൂർ നടുവിൽ മഠത്തിലെ കിഷോർ വർമ്മയുടെയും തൃപ്പൂണിത്തുറ പുത്തൻ മഠത്തിലെ രഞ്ജിനി വർമ്മയുടെയും മകനാണ്. സഹോദരി മാളവിക വർമ്മ അമേരിക്കയിൽ ഗവേഷണ വിദ്യാർത്ഥിനിയാണ്.

# നെപ്പോളിയന്റെ നാട്ടിൽ – 3



ശ്രീപ്രസാദ് വടക്കേപ്പാട്ട്, മുംബൈ

**ആകാശയാത്രയും ക്രോയ്സന്റും**

മുംബൈ ഛത്രപതി ശിവാജി അന്താരാഷ്ട്രീയ വിമാനത്താവളത്തിൽനിന്നും പാരീസിലെ Charles de Gaulle വിമാനത്താവളത്തിലേക്കുള്ള എയർ ഫ്രാൻസ് AF135 വിമാനം 2008 ഒക്ടോബർ ഇരുപത്തിയാറാം തീയ്യതി പുലർച്ചെ രണ്ടരമണിക്ക് റൺവേയിൽ നിന്നും കുതിച്ചുയർന്നു. ആദ്യ വിമാന വിദേശയാത്രക്കാരനായി ആകാംക്ഷയോടെ ഞാനും ഭൂതലം വിട്ട് വായുവിലേക്ക് ഉയർന്നു.

വിമാനം മുകളിലേക്കുയർന്ന് അൽപ്പനേരം കഴിഞ്ഞപ്പോൾ അകത്തെ വിളക്കുകൾ പ്രകാശം മങ്ങിയതാക്കി. യാത്രക്കാരിൽ ഭൂരിഭാഗവും ഉറക്കത്തിലേക്ക് വഴുതി. ചിലർ ഉറങ്ങാതെ വൈനും ഷാമ്പയിനും എയർ ഹോസ്റ്റസ്സുമാരോട് പറഞ്ഞു മേടിക്കുന്നുണ്ട്. ചെറുതായി ഒന്ന് രുചിച്ചു നോക്കണമെന്ന് ആഗ്രഹമുണ്ടായിരുന്നെങ്കിലും, ഒരു മടി. ആദ്യയാത്ര കുളമായാലോ! അതുമാത്രമല്ല ഓസിന് കിട്ടുന്നത് വലിച്ചുകയറ്റി വിശപ്പ് കൂടിയാൽ പ്രശ്നമാകും. കഴിക്കാൻ എപ്പോഴാണ് എന്തെങ്കിലും കിട്ടുകയെന്ന് ആർക്കറിയാം! ചെരിച്ചുവച്ച സീറ്റിൽ കുറച്ചു നേരം കണ്ണുകളടച്ച് ഇരുന്നു നോക്കി. ഒട്ടും ഉറക്കം വരുന്നില്ല. ഒരു മായാലോകത്തിൽ എത്തിപ്പെട്ടപോലെ. ഇതുവരെ കാണാത്ത പുതിയലോകം. ചുറ്റുമുള്ളവരെല്ലാം അപരിചിതർ. പതിയെ എഴുന്നേറ്റ് ടോയ്‌ലറ്റിലേക്ക് നടന്നു. ടോയ്‌ലറ്റിന്റെ വാതിൽ തുറക്കാനുള്ള ശ്രമം ആദ്യമൊക്കെ പരാജയപ്പെട്ടു. ഭാഗ്യം ആരും ശ്രദ്ധിക്കുന്നില്ല. വാതിലിന്റെ നോബിൽ എന്തൊക്കെയോ ചെയ്തപ്പോൾ സംഗതി തുറന്നു. ആദ്യയാത്രക്കുശേഷം ഒരുപാട് തവണ വിമാനയാത്ര നടത്തിയെങ്കിലും ടോയ്‌ലറ്റിന്റെ വാതിൽ തുറക്കേണ്ടത് അകത്തേക്കാണോ അതോ പുറത്തേക്കാണോ എന്ന സംശയം ഇപ്പോഴും ഉണ്ടാവാറുണ്ട്!

വിമാനങ്ങളിലെ ടോയ്‌ലറ്റുകളെക്കുറിച്ച് പല കഥകളും കേട്ടിട്ടുണ്ട്. അതൊന്ന് കാണാനുള്ള ആഗ്രഹവും മനസ്സിലുണ്ടായിരുന്നു. അകത്തുകയറി വാതിലടച്ചു. ടാപ്പ് അമർത്തി. വെള്ളം വരുന്നുണ്ട്. കയ്യെടുത്തശേഷവും വെള്ളം നിൽക്കുന്നില്ല. ഒന്നുകൂടി അമർത്തി. ഒരു ഫലവുമില്ല. സാധനം ചീത്തയായോ! മനസ്സൊന്ന് പതറി. ഭാഗ്യം, കുറച്ച് നിമിഷങ്ങൾ കഴിഞ്ഞപ്പോൾ വെള്ളം നിന്നു. ഒന്നുരണ്ടു പ്രാവശ്യം ടാപ്പിൽ കളിച്ചു. കാര്യം മനസ്സിലായി. അതിനുശേഷമുള്ള പരീക്ഷണമാണ് ഒന്ന് പേടിപ്പിച്ചത്. ടോയ്‌ലറ്റിൽ ഇരുന്ന് ഫ്ളഷ് അടിച്ചാൽ അതിൽ കുടുങ്ങിപ്പോവുമെന്ന് എവിടെയൊക്കെയോ വായിച്ചിട്ടുണ്ട്. അതുകൊണ്ട് ഏതായാലും ഇരുന്നുള്ള ഗവേഷണത്തിന് മുതിർന്നില്ല. വെറുതെ ഒന്ന് ഫ്ളഷ് അമർത്തി. അയ്യോ.... 'ഷ്..ർ...ർ്ർ' വല്ലാത്ത ശബ്ദങ്ങൾ. ഞെട്ടിപ്പോയി. Vacuum sucking-ന് ഇത്രയും പേടിപ്പെടുത്തുന്ന ശബ്ദമുണ്ടാകുമെന്ന് കരുതിയില്ല. ഏതായാലും വിമാനയാത്രാനുഭവങ്ങളുടെ തുടക്കം ഗംഭീരമായി. തിരികെ സീറ്റിൽ ചെന്നിരുന്ന് കണ്ണുകൾ പതിയെ അടച്ചു.

ഭൂമി സൂര്യനെ നോക്കി കിഴക്കോട്ട് കറങ്ങുമ്പോൾ ഞാൻ കയറിയ വിമാനം സൂര്യനെ പേടിച്ചെന്നപോലെ പടിഞ്ഞാറോട്ട് പറന്നുകൊണ്ടിരുന്നു. ഫലമോ! രാത്രിയുടെ നീളം കൂടിക്കൂടി വരുന്നു. വലിയ ഒരു ഹാളിൽ എല്ലാവരും ഇരുന്നുറങ്ങുന്ന പോലെ. ആകാശത്തിലാണെന്നോ പറക്കുകയാണെന്നോ തോന്നുന്നതേ ഇല്ല. വിമാനത്തെ പറത്തുന്ന Rolls-Royce എൻജിന്റെ ഒരേ താളത്തിലുള്ള മൂളൽ മാത്രം. അതൊരു താരാട്ടുപോലെ. മുന്നിലെ ചെറിയ ഡിസ്‌പ്ലേയിൽ വിമാനത്തിന്റെ ഗതിയും താഴെയുള്ള ഭൂമിയുടെ ചിത്രവും കാണിക്കുന്നുണ്ട്. മുംബൈ പാരീസ് എയർ ഡിസ്റ്റൻസ് ഏഴായിരത്തോളം കിലോമീറ്ററാണ്. വിമാനയാത്രയുടെ ഗതിദൂരം ഒൻപതിനായിരം കിലോമീറ്ററിൽ അല്പം കൂടുതൽ വരും. പിന്നിട്ട സ്ഥലങ്ങളും ഇനി പോകാനുള്ള വഴിയും മുന്നിലുള്ള സ്ക്രീനിൽ കാണിക്കുന്നുണ്ട്. കറാച്ചി, കാണ്ഡഹാർ, ടെഹ്റാൻ, ജോർജിയ, റൊമാനിയ തുടങ്ങി മാപ്പുകളിലും പുസ്തകങ്ങളിലും മാത്രം കണ്ടിട്ടുള്ള സ്ഥലങ്ങളുടെ മുകളിലൂടെയാണ് ഞാൻ പറന്നുകൊണ്ടിരിക്കുന്നതെന്ന യാഥാർഥ്യം അപ്പോഴും എന്റെ മനസ്സിന് വിശ്വസിക്കാനാവുന്നുണ്ടായിരുന്നില്ല! ഭൂതലത്തിൽനിന്നും പതിമൂന്ന് കിലോമീറ്റർ മുകളിലൂടെയാണ് സഞ്ചാരം. പുറത്തെ താപനില 52 ഡിഗ്രിയോളമെന്ന് കാണിക്കുന്നു. പാരീസിലേക്കുള്ള സമയം കുറഞ്ഞുകൊണ്ടേയിരുന്നു.

വാച്ചിൽ പത്തര മണി കഴിഞ്ഞപ്പോൾ പുറത്ത് ചെറുതായി സൂര്യപ്രകാശം കാണാൻ തുടങ്ങി. ചിലരൊക്കെ ഉറക്കമുണർന്ന് ടോയ്‌ലറ്റിലേക്ക് നടക്കുന്നു.

# പുസ്തക പ്രകാശനം




**പ**ന്തളം നീരാഴിക്കെട്ടുകൊട്ടാരത്തിൽ പി.രവിവർമ്മ (ദിനേശ്) യുടെ യാത്രാ വിവരണം 'മേഘ വഴികൾ' പ്രകാശനം ചെയ്തു.

തിരുവനന്തപുരത്തു നടന്ന ലളിതമായ ചടങ്ങിൽ വച്ച് ബഹു. കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് രവിവർമ്മയുടെ പത്നി ഡോ. കെ. സി. മനോരമ തമ്പാട്ടിക്ക് ആദ്യ പതിപ്പ് കൈമാറി.

പി.ജി. ശശികുമാർ വർമ്മ, ചിത്രവർമ്മ (മുണ്ടക്കൽ), പ്രതാപവർമ്മ (പള്ളം), രവിവർമ്മയുടെ സുഹൃത്തുക്കൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

തുടർന്ന് നടന്ന വെബ് മീറ്റിൽ പി.ജി.ശശികുമാർ വർമ്മ അദ്ധ്യക്ഷനായി. മന്ത്രി പി.പ്രസാദ് , സാഹിത്യനിരൂപകൻ ഡോ. കെ എസ്സ് രവികുമാർ, കഥാകൃത്ത് ബി. മുരളി, രവിവർമ്മയുടെ പഴയ സഹപ്രവർത്തകർ,സുഹൃത്തുക്കൾ കുടുംബാംഗങ്ങളായ പി.രാഘവ വർമ്മ (അജി), വർമ്മ കെ രഘു , മുരളീധരരവിവർമ്മ, പി രാഘവ വർമ്മ (മുണ്ടക്കൽ), ഡോ. യാമിനി കേരളവർമ്മ തുടങ്ങിയവർ സംസാരിച്ചു. സൗഹൃദം പാലസ് ക്ലബ്ബ്, പന്തളം ആണ് പുസ്തക പ്രസാധകർ. സൗഹൃദത്തിനും പാലസ് ക്ലബ്ബിനും വേണ്ടി എഡിറ്റർ ജയകുമാരവർമ്മ ആർ.കെ. നന്ദി രേഖപ്പെടുത്തി. ചടങ്ങിൽ പങ്കെടുത്തവർക്കും പുസ്തക പ്രകാശനത്തിനും ഡോ.മനോരമ തമ്പാട്ടി നന്ദി പറഞ്ഞു

✠ ✠ ✠ ✠ ✠ ✠ ✠



**പ**രമശിവഭക്തയും വിവിധ ആദ്ധ്യാത്മിക കൃതികളുടെ രചയിതാവുമായ രാധാമണി തമ്പുരാട്ടിയുടെ 'ശ്രീമദ്ശിവപുരാണ സംഗ്രഹം' എന്ന കൃതി ഗുരുവായൂർ ദേവസ്വം പ്രസിദ്ധീകരിച്ചു. വ്യാസന്റെ ശിവപുരാണത്തെ അടിസ്ഥാനമാക്കി രചിച്ച ഗ്രന്ഥമാണിത്. കോപ്പികൾ ഗുരുവായൂർ ദേവസ്വം ബുക്ക്സ്റ്റാളുകളിലും ഓൺലൈനിലും ലഭ്യമാണ്. വില: 300രൂ.

പരേതരായ പി. കേരള വർമ്മ തിരുമുല്പാടിന്റെയും ഡി. തങ്കമ്മ തമ്പുരാട്ടിയുടെയും മകളാണ് ലേഖിക. ആലപ്പുഴ സനാതന ധർമ്മ വിദ്യാശാലയിൽ അധ്യാപികയായിരുന്നു. നിരവധി ആനുകാലികങ്ങളിൽ ഭക്തിരസപ്രധാനമായ ലേഖനങ്ങൾ എഴുതാറുണ്ട്.

പുറത്ത് വെളിച്ചം കൂടിവരുന്നതിനനുസരിച്ച് വിമാനത്തിനകത്തെ അന്തരീക്ഷവും സജീവമായി. വിശപ്പ് അസഹനീയമായി തോന്നിയപ്പോഴേക്കും, എയർ ഹോസ്റ്റസ്സുമാർ ലഘുഭക്ഷണം വിതരണം ചെയ്യാൻ തുടങ്ങി. അതുകണ്ടപ്പോൾ ആശ്വാസമായി. എന്തൊക്കെയോ വിഭവങ്ങൾ നിരത്തിയ ഭക്ഷണത്തളിക. ഓരോ സാധനവും സഹയാത്രികൻ തുറക്കുന്നതും കഴിക്കുന്നതുമൊക്കെ എങ്ങിനെയെന്ന് ഇടംകണ്ണിട്ടു നോക്കി. നല്ല വിശപ്പായതിനാൽ കിട്ടിയതു മുഴുവൻ അകത്താക്കി.

അന്ന് കഴിക്കാൻ കിട്ടിയ ഒരു വിഭവം ക്രോയ്സൻറ് ("kvadsawng' ഫ്രഞ്ച് ഉച്ചാരണം ഇങ്ങനെയാണ്) ആയിരുന്നു. അതിന്റെ സ്വാദ് ഒരു വ്യാഴവട്ടത്തിനിപ്പുറവും ഓർക്കാൻ സാധിക്കുന്നുണ്ട്. ആ യാത്രക്കു മുൻപോ അതിനുശേഷമോ ഈ സാധനം ഞാൻ കഴിച്ചിട്ടില്ലെന്നതും സത്യമാണ്. ഈ പേര് സഹയാത്രികനായിരുന്ന ഗുജറാത്തിയാണ് എനിക്ക് പറഞ്ഞുതന്നത്. ഈ ബേക്കറി (ചായ കടി എന്ന് പച്ച മലയാളത്തിൽ പറയാൻ എനിക്ക് പെരുത്തിഷ്ടം) സാധനത്തിന് ചന്ദ്രക്കലയുടെ ആകൃതി ഉള്ളതിനാലാണത്രെ ഈ പേര് കിട്ടിയത്. അമേരിക്കൻ ഫാസ്റ്റ് ഫുഡ് ചെയിനുകൾക്ക് മറുപടിയായി ജനിച്ച ഫ്രഞ്ച് ബ്രാൻഡായ

*ശേഷം പേജ് 70 ൽ*



# ശാന്തിമന്ത്രം

**അംബിക വർമ്മ,** ചിറയ്ക്കൽ കോവിലകം, കണ്ണൂർ

"അഹം ബ്രഹ്മാസ്മി... തത്ത്വമസി...
ഓം ശാന്തി ശാന്തി ശാന്തിഃ"

❖ ❖ ❖

ആർദ്രമാം ഒരു രാവിൻ മടിത്തട്ടിൽ
അമ്മതൻ നോവിനെ മായ്ച്ചൊരാ-
കുഞ്ഞു പെൺ ജീവൻ പിറക്കുന്നു...

എത്ര നിഷ്കളങ്കമാ പൈതലിൻ പൂമുഖം
എത്ര മാധുര്യമുറ്റതാം പാൽപ്പുഞ്ചിരി
പിച്ചവെച്ചവൾ നടക്കുന്നു ചിരിക്കുന്നു.
കൊച്ചു കൊഞ്ചൽ ചിന്തുകൾ പൊഴിക്കുന്നു.

അറിയില്ലന്നവൾക്കാരാണു താനെന്ന്
തന്നെ തിരിച്ചറിഞ്ഞില്ലെന്നുള്ളതോ
അവളുടെ ജന്മമാം കടംകഥ...

❖ ❖ ❖

ശാന്തിമന്ത്രങ്ങൾക്കിടയിലും
കൊടി ഉയർത്തുന്ന താതന്റെ താപവും
സംഗീതസാന്ദ്രമാകുമ്പോഴും
പുകയൂതുന്ന അമ്മതൻ രോഷവും
ഇരുളുന്ന ബാല്യകൗമാരങ്ങളവൾക്കേകി
സുഖലോലുപതയ്ക്കിടയിലും
ചുടുചോരയാം കണ്ണുനീർ

കണ്ടതില്ലവൾ ചോര നുണയുവാൻ മാംസം നുറുക്കാൻ
ഒരുങ്ങുന്ന കഴുകക്കൂട്ടത്തിൻ കണ്ണുകൾ
ആ കഴുകക്കൂട്ടങ്ങളിൽ ഉയർന്നു പാറുമ്പോഴും
അറിഞ്ഞതില്ലവൾ മാംസക്കൊതിയരെ
എങ്കിലും എന്തിനെന്നറിയാതെ നീറുന്നു
പുകയുന്നു തേങ്ങുന്നതവളുടെ മാനസം
എപ്പോഴോ തിരിച്ചറിഞ്ഞവൾ നോവിനാൽ
കൊത്തിപ്പറിച്ചൊരാ രക്തമാംസക്കൊതി

❖ ❖ ❖

പിടഞ്ഞവൾ നടുക്കത്തോടുണരുന്നു മനസ്സിന്റെ
ചില്ലു ജാലകം വീണുടയുന്നതറിയാതെ
വികലമാം മനസ്സിന്റെ വഴിത്താരയിലെപ്പോഴോ
ഒരു ദൈവദൂതൻ കടന്നു വന്നീടുന്നു
കരുതലിൻ, സ്നേഹത്തിൻ കരങ്ങൾ നീട്ടീടുന്നു
അന്നറിഞ്ഞില്ലവൾ എന്തിനീ കയ്യുകൾ തന്നിലേ
ക്കെത്തുന്നു
തന്നെത്തേടീടുന്നു.
അന്നറിഞ്ഞില്ലവൾ ആ ദൈവദൂതൻ തൻ
കരങ്ങളാലേകുന്ന രക്ഷാകവചത്തെ

ഇടയിലവനവൾക്കേകി പുണ്യം കിനിയുന്ന
അരുമയാമൊരു കുഞ്ഞുമാലാഖയെ
ഒരുവേള മതിമറന്നങ്ങനെ നിന്നുപോയ്
അവളാ കുരുന്നിനെ നോക്കിനോക്കി
മനസ്സിലാസുരഭാവത്തിൻ ദുന്ദുഭി മുഴങ്ങുമ്പോൾ
ഉന്മത്തയാമവൾ ഓർത്തതില്ല
ദൈവദൂതൻ തന്ന മാലാഖയെ

❖ ❖ ❖

വീണുപോയ് ആഴക്കയങ്ങളിലേക്കവൾ
ആർത്തയായ് നോവിൻ പിടച്ചിലിൽ വീണുപോയ്
"വീഴുന്ന മർത്ത്യർക്കൊരാശ്രയം നൽകുവാൻ
ആരുമീക്കാലം ശ്രമിക്കയില്ല!"
എന്നറിഞ്ഞിട്ടുമറിയാതെ രക്ഷയ്ക്കായ്
കൈനീട്ടിക്കൊണ്ടവൾ തളർന്നു വീണു!

❖ ❖ ❖

അടയുന്ന കണ്ണുകൾക്കുള്ളിൽ അവൾ കണ്ടു
ഒരു ദിവ്യരൂപം പ്രകാശം പൊഴിക്കുന്നു...
കൈകൾ നീട്ടീടുന്നു വരികെന്നു ചൊല്ലുന്നു
കാണുന്നവൾ പുനർജ്ജന്മത്തിൻ നാമ്പുകൾ
ഉയിർത്തെഴുന്നേറ്റവൾ ചാരത്തിൽ നിന്നും
ഒരു ഫിനിക്സ് പക്ഷിയായ് പറന്നുയർന്നു!

കേൾക്കുന്നതന്നേരം അവനുടെ വാക്കുകൾ
"എന്നുമെപ്പോഴും നിൻകൂടെ ഞാനുണ്ടാവും
താങ്ങായി തണലായി, ശക്തിയായ് ജീവനായ്
നീങ്ങുക നേരിന്റെ പാതയിൽ നീങ്ങുക
നീയറിഞ്ഞീടുക നിന്നിലെ ദിവ്യമാം-
ശക്തിയെ ബുദ്ധിയെ സിദ്ധിയെ സത്തയെ
നീ നീയാവുക - ഞാനായി മാറുക
എന്നിലെ എന്നിൽ ലയിച്ചു ചേർന്നീടുക!"
മാംസക്കൊതിയരാം കഴുകക്കൂട്ടങ്ങളെ
തട്ടിമാറ്റി അവൾ കൺതുറക്കേ
ഉണരുന്നു നവമൊരു പുലരിയിലേക്കിന്നവൾ
പുതുജീവിതമൊന്നു പടുത്തുയർത്തുന്നിതാ
അപ്പോഴുമവൾ കേട്ടു അവനുടെ വാക്കുകൾ
"അഹം ബ്രഹ്മാസ്മി... തത്ത്വമസി...
ഓം ശാന്തി ശാന്തി ശാന്തിഃ!"

# കുട്ടിക്കവിതകൾ


**കുട്ടി അനുജൻ രാജ**, ചെർപ്പുളശ്ശേരി





## മഹാകവി അക്കിത്തം സ്മരണ

സ്വന്ത സർഗ്ഗകൃതി നല്ലതായി രചനം നടത്തിയ മഹാനുമാ–
സ്വർഗ്ഗമെത്തി നിവസിച്ചിടുന്നൊരു ഭക്തനായ കവിയാകുമാം
അക്കിത്താച്യുതശ്രേഷ്ഠനായിഹ ഭൂവിൽ നിന്നു വിളങ്ങിയാ–
സല്ക്കവീശ്വരപാദമായതിൽ പൂജ ചെയ്തു തുടങ്ങിടാം




## കുഞ്ഞുണ്ണിമാഷ്

കുഞ്ഞിക്കണ്ണുകൾ, കുഞ്ഞിമൂക്ക്, കുറുതാ–
മാകാരമിത്യാദിയും
കുഞ്ഞിക്കാലുകൾ, കുഞ്ഞിനൊത്ത വടിവും
കുഞ്ഞുണ്ണിയാം പേരുമേ
കുഞ്ഞിക്കുട്ടനെയോർത്തിടുന്ന വിധമാം
കാവ്യത്തിലുൾക്കമ്പവും
കുഞ്ഞിക്കണ്ണനിലെത്തി വാഴ്‌വു കവിയാം
കുഞ്ഞുണ്ണിയിപ്പോഴുമേ



## എം.ടി. വാസുദേവൻനായർ

ചുണ്ടത്തുണ്ടൊരു ബീഡിയങ്ങിനെയെരി–
ഞ്ഞീടുന്നതിന്നൊപ്പമായ്
ഉണ്ടേതൻ തലയും പുകഞ്ഞു വളരെ–
ച്ചിന്തിച്ചിരിക്കുന്നതാർ
പണ്ടേ നൽക്കഥ നാലുകെട്ടിതറബി–
പ്പൊന്നും മുറപ്പെണ്ണുമായ്
ആണ്ടോടാണ്ടു നമുക്കു നല്കിയ മഹാൻ
ശ്രീ എം.ടി. തന്നേയിത്.



## തിക്കോടിയൻ

തിക്കും നല്ല തിരക്കുമായി വിവിധം
നർമ്മങ്ങൾ തീർത്തുള്ളൊരാ–
തിക്കാലോടിനടന്നൊരു പുമാൻ ശ്രീ–
തിക്കോടിയൻ പേരുമായ്
ഊക്കില്ലാത്തവനെന്നു ചൊല്ലി വിനയം
കാക്കുന്നൊരീയാൾക്കുമീ
വാക്കോതീടുകിലുണ്ടു വളരെ–
പ്പാണ്ഡിത്യവും നർമ്മവും

# പുസ്തകജാലകം





**മുടിപ്പേച്ച് ( നോവൽ)**
**രവിവർമ്മ തമ്പുരാൻ**
**മനോരമ ബുക്സ്**
**പേജ്. 380. വില: 320 രൂപ**

## മുടിപ്പേച്ച് ഉയർത്തുന്ന ധാർമ്മികപ്രശ്നങ്ങൾ


ശബരിമലയിലെ യുവതീ പ്രവേശം സംബന്ധിച്ച 2018 സെപ്റ്റംബർ 29ന്റെ സുപ്രീം കോടതി വിധി അയ്യപ്പ ഭക്തർക്കുണ്ടാക്കിയ വേദന ഇനിയും വിട്ടുപോയിട്ടില്ല. കോടതി വിധിയുടെ മറവിൽ 2019 ജനുവരി രണ്ടിനു പുലർച്ചെ, ഇരുട്ട് നിറഞ്ഞുനിൽക്കുന്ന സമയത്ത് സർക്കാരിന്റെയും പൊലീസിന്റെയും സഹായത്തോടെ ക്ഷേത്രവിരോധികളായ രണ്ട് അവിശ്വാസിയുവതികൾ രഹസ്യമായി ശബരിമല ശ്രീകോവിലിനു മുന്നിലെത്തി ആചാരം ലംഘിച്ചതിന്റെ ക്ഷോഭം ഇപ്പോഴും തുടരുന്നു. ഈ ആചാരലംഘനം സാധ്യമാക്കുന്നതിനു വേണ്ടി കേരള മുഖ്യമന്ത്രിയും മന്ത്രിമാരും ഭരണകക്ഷിയുടെ നേതാക്കളും അവരെ പിന്തുണയ്ക്കുന്ന ബുദ്ധിജീവികളും കേരളമൊട്ടാകെ പ്രസംഗിച്ചു നടന്നതാണ് നവോത്ഥാനം. ഈ പ്രസംഗങ്ങൾക്കിടെ ഒളിഞ്ഞും തെളിഞ്ഞും ആക്രമിക്കപ്പെട്ടത് കേരളത്തിലെ സവർണ്ണരാണ്.

ശബരിമല തന്ത്രി കണ്ഠര് രാജീവരെ “ബ്രാഹ്മണരാക്ഷസൻ” എന്നു വിളിച്ച ഒരു മന്ത്രി പന്തളം കൊട്ടാരം നിർവാഹകസംഘം പ്രസിഡന്റ് പി.ജി. ശശികുമാർ വർമ്മയെക്കുറിച്ച് മോശം പരാമർശം നടത്തുകയുമുണ്ടായി. പക്ഷേ, പന്തളം കൊട്ടാരത്തിന്റെയും എൻ.എസ്.എസ്സിന്റെയും നേതൃത്വത്തിൻ കീഴിൽ ലോകമൊട്ടാകെയുള്ള അയ്യപ്പഭക്തർ നാമജപവുമായി ഒന്നിച്ചു നിന്നതുകൊണ്ട് അയ്യപ്പഭക്തരുടെ വികാരം സുപ്രീംകോടതിയ്ക്കടക്കം ഏതാണ്ടൊക്കെ ബോധ്യപ്പെട്ടുവെന്നു വേണം കരുതാൻ. പുനഃപരിശോധനാ ഹർജി കോടതിയുടെ പരിഗണനയിലായതിനാൽ നേരിയ ആശ്വാസമുണ്ടെങ്കിലും അന്തിമവിധി വന്നാലേ ഇക്കാര്യത്തിൽ വ്യക്തത ഉണ്ടാകൂ.

ആചാരലംഘനം സാധ്യമാക്കാൻ, 2019 ജനുവരി ഒന്നിനു സർക്കാർ സംഘടിപ്പിച്ച വനിതാമതിൽ മുന്നോട്ടുവച്ച ആശയം നവോത്ഥാനമാണ്. ഈ മതിലിനു വേണ്ടി സർക്കാർ രൂപീകരിച്ച നവോത്ഥാന സമിതി ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്. ഈ പ്രചാരണങ്ങളിലൊക്കെയും അവതരിപ്പിക്കപ്പെട്ട ആശയം കേരളത്തിലെ സവർണ്ണരെ തോൽപിച്ച് അവർണ്ണർ പിടിച്ചെടുത്ത എന്തോ സ്വാതന്ത്ര്യമാണ് നവോത്ഥാനം എന്നാണ്. 30 വർഷമായി കേരളത്തിൽ അതിശക്തമായി പ്രവർത്തിച്ചു വരുന്ന രാജ്യാന്തര മതതീവ്രവാദത്തിന്റെ സ്വാധീനമാണ് ഈ തരത്തിൽ ഒരു പ്രചാരണം സാധ്യമാക്കിയതെന്നതിനു സംശയമില്ല.

ഈ ചരിത്രയാഥാർഥ്യം മനസ്സിൽ വച്ചു കൊണ്ടു വേണം ഈയിടെ പുറത്തിറങ്ങിയ ‘മുടിപ്പേച്ച്’ എന്ന നോവൽ വായിക്കാൻ. മുതിർന്ന മാധ്യമപ്രവർത്തകനും പ്രശസ്ത നോവലിസ്റ്റുമായ രവിവർമ്മ തമ്പുരാൻ എഴുതി മനോരമ ബുക്സ് പ്രസിദ്ധീകരിച്ച 380 പേജുള്ള നോവൽ കേരള നവോത്ഥാനത്തിന്റെ 522 വർഷത്തെ ചരിത്രം വസ്തുനിഷ്ഠമായി അവതരിപ്പിക്കുന്നുണ്ട്. കേരള വർമ്മ വലിയ കോയിത്തമ്പുരാൻ, എ.ആർ. രാജരാജ വർമ്മ, രാജാ രവിവർമ്മ, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, സ്വാതി തിരുനാൾ, ശ്രീനാരായണഗുരു, ചട്ടമ്പിസ്വാമി, വി.ടി ഭട്ടതിരിപ്പാട്, പുന്നശ്ശേരി നീലകണ്ഠ ശർമ്മ, ഉള്ളൂർ എസ്. പരമേശ്വരയ്യർ, മന്നത്ത് പത്മനാഭൻ, അയ്യങ്കാളി തുടങ്ങി അറുപതോളം നവോത്ഥാനനായകരുടെ ജീവിതം നോവലിൽ വിശകലനം ചെയ്യുന്നുണ്ട്. സവർണ്ണരുടെ സംഭാവനകൾ തമസ്കരിക്കപ്പെട്ടുപോയിരിക്കുന്നു. അതിനെ വീണ്ടെടുക്കുകയാണ് ‘മുടിപ്പേച്ച്’. അന്ന് അവർണ്ണജനവിഭാഗങ്ങൾ അനുഭവിച്ച ദുരിതങ്ങളും അതിൽ നിന്ന് അവരെങ്ങനെ മോചിപ്പിക്കപ്പെട്ടു എന്നും കൂടി ‘മുടിപ്പേച്ചിൽ’ പറയുന്നുണ്ട്. കേരളത്തിലെ ഓരോ വീട്ടിലും വാങ്ങുകയും ഭാവിതലമുറകൾക്കു വേണ്ടി സൂക്ഷിക്കുകയും ചെയ്യേണ്ട പുസ്തകമാണ് മുടിപ്പേച്ച്.

**പി.കെ. രഘുവർമ്മ**
**(ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന പ്രസിഡന്റ്)**




**ബാലാർക്കൻ**
**യദു മേക്കാട്**
**(ബാലസാഹിത്യം)**
**പേജ്.40 വില: 40 രൂപ**

ക്ഷത്രിയസഭാ ഗ്രൂപ്പിൽ ക്ഷിപ്ര കവിതാശകലങ്ങളുമായിട്ടെത്തുന്ന യദുവിനെ എനിക്ക് നേരത്തേ തന്നെ ഇഷ്ടമായിരുന്നു. രണ്ടു ചെറിയ കവിതാസമാഹാരങ്ങൾ വായിച്ചപ്പോൾ ആ ഇഷ്ടം കൂടിയ തേയുള്ളു.

*കവിതാ രസ ചാതുര്യം വ്യാഖ്യാതാ*
*വേത്തി നോ കവി*
*സുതാ സുരത സാമർത്ഥ്യം*
*ജാമാതാ വേത്തി നോ പിതാ*

എന്ന വചനമനുസരിച്ച് വായനക്കാരൻ എന്ന നിലയിൽ എന്റെ അഭിപ്രായമാണ് ഇവിടെ പ്രകടിപ്പിക്കുന്നത്. അനുവാചകർക്ക്/ രചയിതാവിന് വ്യത്യസ്തമായ അഭിപ്രായമുണ്ടാകാമെന്നു സാരം.

യദു മേക്കാടിന്റെ 'ബാലാർക്കൻ' എന്ന കുട്ടിക്കവിതകളുടെ സമാഹാരം. ഈ കുഞ്ഞു പുസ്തകം മൺമറഞ്ഞ കുഞ്ഞുണ്ണി മാഷിനെ ഓർമ്മിപ്പിക്കുന്നു. അദ്ദേഹത്തിന്റെ കവിതകൾ കുട്ടിത്തവും ആക്ഷേപഹാസ്യവും നിറഞ്ഞതായിരുന്നു.

ഉദാ:

1. *മുട്ടിക്കാം തേങ്ങ ഭൂതേശാ*
*മുട്ടിക്കാതെയൊരാണ്ടു ഞാൻ*

*പൊട്ടരാഷ്ട്രീയമാളുന്ന ദുഷ്ടക്കൂട്ടം നശിക്കണേ*


2. *മുട്ടായിയിൽ ബുദ്ധി വച്ചാൽ*
*ബുദ്ധിമുട്ടായി നിശ്ചയം.*

എന്നാൽ യദുവിന്റെ കവിതകളിൽ പ്രകൃതിയും വികൃതിയുമാണ് പ്രതിപാദ്യ വിഷയങ്ങൾ.

യദുവിന്റെ കുട്ടികൾക്കായുള്ള കവിതകൾ എല്ലാംതന്നെ ഉദയം മുതൽ അസ്തമയം വരെ നമ്മൾ കാണുന്ന (അതോ കുട്ടിയുടെ അമ്മയോ) കാഴ്ചകൾ അഥവാ അവസ്ഥകൾ എല്ലാം പ്രതിപാദിക്കുന്നു. പ്രഭാതത്തിൽ എഴുന്നേറ്റ് അടുക്കളത്തോട്ടത്തിലൂടെ നടക്കുന്ന, കുളത്തിൽ പോകുന്ന, അടുക്കളയിലെ ജോലികൾ ചെയ്യുന്ന അമ്മയും വാഴക്കുലയുമായി കഴക്കൂട്ടത്തും തഴവയിലും കോഴിക്കോട്ടും (ദക്ഷിണ, മദ്ധ്യ, ഉത്തര കേരള സ്ഥലങ്ങൾ) എല്ലായിടത്തുമെത്തുന്ന അച്ഛനും പ്രത്യക്ഷമാകുന്നു. കൂടാതെ കൃഷിക്കാരൻ മാത്തനും ആനയും എന്നു വേണ്ട കുട്ടിയിഷ്ടങ്ങളുടെ ഒരു കൂട്ടം നുറുങ്ങുകൾ. കുട്ടികളെ പാടിക്കേൾപ്പിക്കാൻ പാകത്തിലുള്ള കൊഞ്ചലും പഞ്ചസാരയും ചേർന്നവ തന്നെ. കുട്ടിക്കവിതകൾ വീണ്ടുമെഴുതാൻ ഈശ്വരൻ അനുഗ്രഹിക്കട്ടെ.

നാന്ദി എന്ന കവിതാ സമാഹാരം വർത്തമാനകാല ജീവിതാനുഭവങ്ങൾ പ്രതിപാദിക്കുന്നു. ഒരിക്കലെങ്കിലും അക്കിത്തത്തെ കണ്ടവർക്ക് ഓർക്കാൻ വളരെയെളുപ്പമാകുന്ന തരത്തിലുള്ള വർണ്ണന, മൂകാംബിയിൽ പോയി വന്നവർക്ക് സ്മരിക്കാവുന്ന വിധം ക്ഷേത്രസ്മരണ, സ്വന്തം തട്ടകമായ ജ്യോതിശാസ്ത്ര സംബന്ധിയായ ചിന്തകൾ, വർത്തമാനകാല കേരളത്തിലെ കലികാല കേളികൾ എല്ലാം പ്രതിപാദിക്കുന്നു. "നാണം കെട്ടും പണം നേടിയെന്നാൽ നാണക്കേടാപ്പണം തീർത്തു കൊള്ളും" എന്ന തരത്തിലുള്ള ധനത്തിന്റെ സ്വാധീനം, അതിനോടുള്ള അമിതാസക്തി, തത്ഫലമായി ഭാര്യയെപോലും കൊല്ലാൻ മടിക്കാത്ത ക്രൂരത, ഗർഭിണിയായ ആനയെ പടക്കം വച്ചുകൊന്ന ക്രൂരന്റെ കഥ, ക്ഷത്രിയന്റെ അവസ്ഥ, അക്ഷരശ്ളോകപ്രേമികൾക്ക് ഏറെയിഷ്ടപ്പെടുന്ന നാരായണീയ ശ്ളോകങ്ങളെ ഓർമ്മിപ്പിക്കുന്ന തരത്തിലുള്ള പ്രാർത്ഥന, ആദ്ധ്യാത്മിക ചിന്ത എന്നിങ്ങനെ പല ഈണങ്ങളും വൃത്തങ്ങളുമടങ്ങിയ ഒരു all-in-one സമാഹാരമാണ് നാന്ദി. കൂടുതൽ എഴുതാൻ മൂകാംബികയുടെ അനുഗ്രഹം യദുവിനു ലഭിക്കട്ടെ.

**സൂര്യകുമാർ വർമ്മ, തിരുവല്ല**




**അന്ത്യേഷ്ടി**
സമ്പാ: **ഉദയവർമ്മ തമ്പുരാൻ**

*ന ശാസ്ത്രദൃഷ്ട്യാ വിദുഷാ കദാ ചിത്*
*ഉല്ലംഘനീയാ കുലദേശ ധർമ്മാ*
*മൂലം ഹി തേഷാംച്യുത വേദശാഖാം*
*ഭൂയാത് ഹി ധർമ്മസ്ഥിതി ഭംഗ ദോഷഃ*

എന്നാണ് സ്മൃതികളിൽപ്പറഞ്ഞിരിക്കുന്നത്. എത്ര തന്നെ പുരോഗമിച്ചാലും ഏതെല്ലാം ജീവിതരീതിയെ അവലംബിച്ചാലും കുല, ദേശ ധർമ്മങ്ങളെ ലംഘിക്കാൻ പാടുള്ളതല്ല എന്ന്.

ഏത് സമുദായത്തിനും അതിന്റെ നിലനിൽപ്പിനാവശ്യമായ ധർമ്മങ്ങളെ പാലിക്കേണ്ടതുണ്ട്. അതിൽ ബ്രാഹ്മണ-ക്ഷത്രിയാദി വിഭാഗങ്ങളിൽ കൂടുതലും ഷോഡശകർമ്മങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നു. മറ്റ് സമുദായങ്ങൾക്കും അവരുടെ സമ്പ്രദായത്തിൽ

ചെയ്യേണ്ടവയും ഉണ്ട്. ഇതിൽ ജനനം മുതൽ അഥവാ ഗർഭാധാനംമുതൽ മരണം വരേയും മരണാനന്തരവും അനുഷ്ഠിക്കേണ്ടുന്ന ആചാരങ്ങളെ പറയുന്നു.

ഇതിൽ ഏറ്റവും അത്യന്താപേക്ഷിതമായി മനസ്സിലാക്കി ചെയ്യേണ്ട ഒന്നത്രേ മരണാനന്തര കർമ്മങ്ങൾ. മറ്റുള്ളവയ്ക്ക് തിഥി വാരാദി പഞ്ചാംഗ ഗണനകൾ ആവശ്യമായി വരുമ്പോൾ സംസ്കാരം മറ്റൊന്നും നോക്കാതെ മരിച്ചാൽ ഉടൻ ദഹിപ്പിക്കണം അഥവാ മറവു ചെയ്യപ്പെടണം എന്നതാണ്. അതിനു കാരണം ലൗകികത ഏറുന്ന ധനഞ്ജയൻ എന്ന പത്താമത്തെ പ്രാണന്റെ പ്രവർത്തനത്തെക്കൊണ്ടാകാം.

ഇതുപോലെത്തന്നെയത്രേ ശ്രാദ്ധാദി വിഷയങ്ങളും. ശ്രദ്ധയാ ചെയ്യേണ്ടുന്നവയാകയാലാണ് ശ്രാദ്ധം എന്നായത്. ഒരു ദേവ പൂജയുടെയും ഗുരുവന്ദനത്തിന്റെയും ലോപത്തേക്കാൾ മാരകമാണ് പിതൃകർമ്മം അനുഷ്ഠിക്കാതിരിക്കൽ.

*അബ്ദ ദീക്ഷാദി ലോപേന*
*പ്രേതാ യാതാ പിശാചത*
*സ്വജനാൻ ബാധ മാനാസ്ഥേ*
*ചരന്തീതി ഖലു സ്മൃതി*

എന്നാണ്. ആകയാൽ ഈവകയെക്കുറിച്ച് ഒരു സാമാന്യഅവബോധം കുടുംബജനങ്ങളിൽ ഉണ്ടാകേണ്ടതുണ്ട്. കർമ്മികളുടെ അഭാവമോ കർമ്മത്തിന്റെ ചില വിന്റെ ആധിക്യമോ ഒരുപക്ഷേ ഏവർക്കും അഭിമുഖീകരിക്കാവുന്ന ഒന്നല്ല. അപ്പോൾ സ്വയം ചെയ്യാവുന്ന, സ്വജനങ്ങളുമായി ബന്ധപ്പെട്ട് കർമ്മങ്ങൾ പൂർത്തീകരിക്കുന്ന ഒരു പദ്ധതി അഥവാ അറിവ് ഉണ്ടാകണം. അതിനുപറ്റുന്ന ഉപദേശമോ ഗ്രന്ഥസഹായമോ വേണ്ടിവന്നേക്കും.

ഇതാ ക്ഷത്രിയർക്ക് പഴയതോ അല്ലാത്തതോ ആയ ചടങ്ങു സമ്പ്രദായത്തിന് സ്വയം പഠിച്ച് സംസ്ക്കാരാദി കാര്യങ്ങൾ നിവൃത്തിക്കാവുന്ന ഉത്തമഗ്രന്ഥം എഴുമറ്റൂർ ഉദയവർമ്മ തമ്പുരാൻ അദ്ദേഹത്തിന്റെ അനേക കാല പരിശ്രമഫലമായി ഉണ്ടാക്കി എടുത്തിരിക്കുന്നു. ഒന്നും അറിയാത്ത ആളുകൾക്കു പോലും ഒരുക്കേണ്ട സാധനസാമഗ്രികളെക്കുറിച്ചും ചെയ്യേണ്ടുന്ന ക്രമങ്ങളെക്കുറിച്ചും മന്ത്രങ്ങളെക്കുറിച്ചും സാമാന്യം നല്ല രീതിയിൽത്തന്നെ ഇതിൽ പ്രതിപാദിച്ചിരിക്കുന്നു.

കാലഘട്ടം കൊണ്ട് സ്വജനപൗരോഹിത്യം വളരേണ്ടതും വളർത്തേണ്ടതും ആണെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. അതിന് ഉപയോജ്യമാണ് ഈ കൈപ്പുസ്തകം – 'അന്ത്യേഷ്ടി'. എല്ലാ ക്ഷത്രിയ കുടുംബാംഗങ്ങളും ഒരു ശാസ്ത്ര ഗ്രന്ഥമായിത്തന്നെ ഇതിനെ കൽപ്പിച്ച് ഗൃഹങ്ങളിൽ സൂക്ഷിക്കേണ്ടതാണ് എന്ന് ഓർമ്മപ്പെടുത്തുന്നു.

ഈ ഗ്രന്ഥ നിർമ്മിതിക്ക് ഉദയവർമ്മ തമ്പുരാൻ ചെയ്ത പ്രവർത്തനങ്ങളെ എത്ര തന്നെ ശ്ലാഘിച്ചാലും മതിയാകുന്നതല്ല. അദ്ദേഹത്തിനും ഇത് പ്രസിദ്ധീകരിക്കാൻ പ്രേരണ നൽകിയ ഉൽപ്പതിഷ്ണുക്കളായവർക്കും വിശിഷ്യാ തിരുവല്ല ക്ഷത്രിയസഭയ്ക്കും വിനീത പ്രണാമം അർപ്പിച്ചുകൊണ്ട്.

**യദു മേക്കാട്**

***നെപ്പോളിയന്റെ.... തുടർച്ച***

'La Croissanterie' യുടെ പേരിൽ നിന്നുതന്നെ ഈ 'ചായ കടി'യുടെ ഫ്രഞ്ച് ജനപ്രീതി ഊഹിച്ചെടുക്കാമല്ലോ!

പതിമൂന്നാംനൂറ്റാണ്ടിൽ ഓസ്ട്രിയയിൽ രൂപംകൊണ്ട 'kipferl' ആണ് ക്രോയ്സന്റിന്റെ മുൻഗാമി. മൈദയും, ചീസും പെയ്സ്റ്ററിയുമൊക്കെ ചേർത്ത് ബേക്ക് ചെയ്തുണ്ടാക്കുന്ന ഇന്നത്തെ ക്രോയ്സൻറ് രൂപം കൊള്ളുന്നത് പതിനേഴാം നൂറ്റാണ്ടിന്റെ അവസാനകാലത്താണത്രെ. ഫ്രഞ്ച് ഭാഷയിൽ വിവിധ പാചകവിധികളെക്കുറിച്ച് 1853-ൽ പ്രസിദ്ധീകരിച്ച 'Des substances alimentaires'എന്ന പുസ്തകത്തിൽ 'fantsay or luxury breads' വിഭാഗത്തിൽ ആണ് ക്രോയ്സന്റിനെക്കുറിച്ച് ആദ്യ പരാമർശം വന്നതെന്ന് പറയപ്പെടുന്നു. 'All the Year Round'ആഴ്ചപ്പതിപ്പിൽ, 1872 ലെ ഒരു ലക്കത്തിൽ ഫ്രഞ്ച് ജനത ക്രോയ്സൻറ് ധാരാളമായി ഇഷ്ടപ്പെടുന്നകാര്യം പരാമർശിച്ചിരുന്നത്രെ! പ്രശസ്തമായ ഈ ആഴ്ചപ്പതിപ്പ് ആരംഭിച്ചത് വിശ്വസാഹിത്യകാരനായിരുന്ന ചാൾസ് ഡിക്കെൻസ് ആണ്. ക്രോയ്സന്റിന്റെ ചരിത്രം എന്തൊക്കെയോ ആയിക്കൊള്ളട്ടെ, വിശക്കുന്ന സമയം ഈ സാധനം ഒരു നല്ല കടിയായി എനിക്കനുഭവപ്പെട്ടു.

കിട്ടിയ സാധനങ്ങളെല്ലാം തട്ടി വയറുനിറഞ്ഞപ്പോൾ സമാധാനമായി. വീട്ടിൽനിന്നും ഇറങ്ങിയിട്ട് അരദിവസത്തിൽ കൂടുതലായിരുന്നു അപ്പോഴേക്കും. ഇനി അടുത്ത ഭക്ഷണം എപ്പോഴാണോ എന്താണോ കിട്ടുകയെന്ന് ഒരു പിടിയുമില്ല. ഇന്ത്യൻ ടീ എന്നു പറഞ്ഞ് വിമാനത്തിൽ കിട്ടിയ ചായയും നല്ല രുചിയുള്ള തായിരുന്നു.

പ്രാതൽ കഴിഞ്ഞ് അൽപ്പ സമയം കഴിഞ്ഞപ്പോൾ, വിമാനം പാരീസിലെ Charles de Gaulle (Airport de Paris-Charles dee Gaulle) അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഇറങ്ങാൻ പോവുകയാണെന്ന അറിയിപ്പ് വന്നു. വാച്ചിൽ നോക്കിയപ്പോൾ പതിനൊന്നര മണി കഴിഞ്ഞിരിക്കുന്നു. അറിയിപ്പ് വന്നതിനുശേഷം കുറച്ചു കഴിഞ്ഞ് വിമാനം താഴേക്ക് ഇറങ്ങുന്നതുപോലെ. ചെവികൾ ചെറുതായി അടയുന്നു. ആദ്യത്തെ landing അനുഭവം. മിനിറ്റുകൾക്കുള്ളിൽ ഞാൻ കയറിയ വിമാനം ചരിത്രങ്ങളുറങ്ങുന്ന ഫ്രാൻസിന്റെ മണ്ണിലേക്ക് ചാഞ്ഞിറങ്ങി..... *(തുടരും)*

ബാലവേദി / വളരുന്ന പ്രതിഭകൾ

# Mindset Matters

Malavika Gopal, Chicago



The type of mindset you have can affect everything. From the activities you engage in almost every day, to the goals that you set for yourself. Do you walk into something new with a fixed mindset, or a growth mindset. The difference between these two mindsets is attitude. A fixed mindset attitude is negative and a growth mindset attitude is positive.

**What is Mindset?**

What you believe about yourself, can actually impact your success or failure. Your beliefs play a pivotal role in achieving what you want. According to Stanford psychologist Carol Dweck mindset has one of the most important roles in achieving something you really, really want. What exactly is mindset, and how does it affect your life?

As mentioned before, there are two types of mindset; fixed mindset and growth mindset. When faced with a challenge, people with a fixed mindset tend to give up after one try, whilst people with a growth mindset, tend to think outside the box and try more than one way before giving up. Those with a fixed mindset believe that talents and abilities are fixed at birth and unchangeable. Those with a growth mindset believe that talents and abilities can grow as you grow, and can get better over time with hard work and perseverance. Mindset determines whether your capabilities are fixed, or changeable.

**How can Mindset Impact Your Health & Life?**

Having a fixed mindset is not particularly healthy for you. Fixed mindsets have the potential to unleash anxiety, aggression, or even depression. Let me tell you how: by believing you are not good enough, and that you can only do so much, can leave you feeling unable to control life's events. This can result in being more vulnerable to anxiety, aggression, or depression. On the other hand, having a growth mindset can help your life thrive in numerous ways. For example, if you are a person with a growth mindset who is suffering from an illness a growth mindset can help you recover faster because you believe you can do something about the illness. You can fight it! People with a growth mindset over a fixed mindset are more positive, and a research study in 2019 showed that people with positive attitude actually have longer lifespans.

**Can Mindsets Change?**

Those with fixed mindsets may not agree, but there are ways one can change their mindset. Next time, instead of praising a success, praise the effort it took leading to that success. When you focus on the process of the activity rather than the outcome of it, you can help them understand that effort, and hardwork can result in change and growth over time. Your mindset can only really change if you are willing to change with it. Mindset is kind of like a human; it grows and changes over time. If you find yourself with a constant negative attitude, work to change it, and over time, it will.

# ബാലവേദി/വളരുന്ന പ്രതിഭകൾ

## Forming Mindset in Children

The way  a child is raised can impact the type of mindset he has. A child who is taught to look and act smart over loving to learn can develop a fixed mindset. Why? They fear not living up to the expectation their parents have set for them and worry about being judged by it. A child who is taught to explore and love challenges are more likely to develop a growth mindset. Why? They view setbacks and learning experiences, where they can learn something new out of their mistakes.

Remember that the will to try something new is not enough to achieve something. Though it's important to try, it's also important to put in the time, effort and education. No one can become the next Albert Einstein just because they tried.

## Conclusion

In conclusion, we can deduce that the mindset you have and the way you use it plays a huge part in your life,  It's important to be open to new ideas and try new things, and today, we learned that positive thinking can do wonders in your life. We learned what mindset is, and we learned how mindset is formed, and how we can change it. Lastly, we learned how a bit of positive thinking, and lots of determination can change your life for the better.

## MY LOVELY CAT

Tanvi Varma, Bangalore





Wish I had a cat
Who wore a hat
She would run fast
Fast as a bat !

She'd sniff out who is naughty or nice
She'd be clever in catching mice

Under the moonlight she'd shine bright
And that would surely be a brilliant sight!

## ഒന്നാം സമ്മാനാർഹയായി




സുന്ദര നാരായണ കൃതികളെ ആസ്പദമാക്കി 2020-ൽ നടന്ന ഗുരുവായൂരപ്പൻ ഗാനാഞ്ജലി ശാസ്ത്രീയ സംഗീത  മത്സരത്തിൽ ജൂനിയർ വിഭാഗം ഒന്നാം സമ്മാനാർഹയായ **മീനാക്ഷി എസ്. വർമ്മ** 5000 രൂപയും മെമെന്റോയും ഇരിങ്ങാലക്കുട നാദോപാസന സ്വാതി സംഗീതോത്സവ വേദിയിൽ സംഗീത വിദ്വാൻ ചേർത്തല രംഗനാഥശർമ്മയിൽ നിന്നും ഏറ്റുവാങ്ങുന്നു. ക്ഷത്രിയ ക്ഷേമസഭ എറണാകുളം സിറ്റി യൂണിറ്റ് സെക്രട്ടറി സതീഷ് വർമ്മയുടെയും ദീപാ വർമ്മയുടെയും മകളാണ്.

# IN THE WOMB


**Meenakshi S. Varma**

Ernakulam



Surprised…
Hoping to see the world at once,
Hoping to feel the beauty of the wings
Of the sun, that flies from sea
To the other,
And hides in it.
Hoping, to feel the Sweet sea breeze
That hugs me tight,
Wishing to see my reflection
On the heart of the water with a bright,
Long Smile.
Once I was taken out,
held me tight
in the palms of my dad,
staring me with that moment
when tears and joy
meets together
that I could see his inner happiness,
he kept me beside my mom on the bed
on her hands
which felt like,
I was lying on the bed of care
holden tight to my mother's heart
I was once in a milky way of love
filled with pretty doves,
air full of fragrance of roses,
and the touching tune of the lullaby
and I was and am, in the world, of my mom.
And I love her, in each beat of my heart.

# ഗോൾഡ് മെഡൽ കരസ്ഥമാക്കി



ചെന്നൈയിൽ വെച്ചു 2021 ജനുവരി 9ന് നടന്ന Brainobrain Abacus Online നാഷണൽ കോമ്പറ്റീഷനിൽ (8th Level) **അഭിനന്ദ് പി.വർമ്മ** ഗോൾഡ് മെഡൽ കരസ്ഥമാക്കി. ചേർത്തല തിരുനെല്ലൂർ ചിറ്റേഴത്തു കോവിലകത്ത് പരേതനായ പ്രദീപ്കുമാർ വർമ്മയുടെയും ശ്രീജാ വർമ്മയുടെയും പുത്രനാണ് അഞ്ചാം ക്ലാസ് വിദ്യാർത്ഥിയായ അഭിനന്ദ്.

# INVOKING

**Sanjana Varma**



To the Head that birthed the Universe!
To the Hands that crafted this Earth!
To the Weaver of tales from the thoughts
That trickled forth!
To the Herder of letters to whom
Words flocked like cattle!
To those blessed ones,
Who won an audience with their Muse!
To the tales as old as time itself!
To the cultures sprung from their cradles!
On the altar of imagination!
On my knees I await
With a chalice filled with thoughts that drip!
I bow in front of Thee!
I bow in front of Thee!

## സ്കോളർഷിപ്പ് ലഭിച്ചു



ദക്ഷിണ കൊറിയയിലെ ചൊന്നം ഇന്റർനാഷണൽ യൂണിവേഴ്സിറ്റിയിൽ ഗ്ലോബൽ സ്ക്കോളർഷിപ്പോടെ Ph.D ക്ക് അഡ്മിഷൻ ലഭിച്ച **ആദിത് വർമ്മ.** ബുധനൂർ അംബികാ നിവാസിൽ ആർ.ആർ. വർമ്മയുടെയും ആശാ വർമ്മയുടെയും (തെക്കേടത്ത് കോവിലകം വാരനാട്, ചേർത്തല) മകനാണ്. കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നിന്ന് 'ബയോ പോളിമർ സയൻസിൽ' ആണ് പോസ്റ്റ് ഗ്രാജുവേഷൻ. സഹോദരൻ ഡോ:ആദർശ് വർമ്മ തൃശൂർ ചെറുതുരുത്തി പി.എൻ.എൻ.എം ആയുർവേദ കോളേജിൽ ശാലാക്യ തന്ത്ര വിഭാഗത്തിൽ അസി. പ്രൊഫസറാണ്.



എട്ടാം ക്ലാസ്സ് വിദ്യാർത്ഥികൾക്കായി 2021 ജനുവരി 31 ന് നടത്തിയ പരീക്ഷയിൽ **ആർ. പാർത്ഥിവ്** നാഷണൽ മെറിറ്റ് സ്ക്കോളർഷിപ്പിന് അർഹനായി.

പ്രതിവർഷം 12000 രൂപ വീതം തുടർച്ചയായി നാലു വർഷം സ്ക്കോളർഷിപ്പ് തുക ലഭിക്കും. അയിരൂർ കഥകളി ഗ്രാമം മാർത്തോമ ഹൈസ്ക്കൂളിലെ എട്ടാം ക്ലാസ്സ് വിദ്യാർത്ഥിയാണ്.രാമദാസ് വർമ്മയുടെയും പത്മയുടെയും മകനാണ്.

സംസ്ഥാനാടിസ്ഥാനത്തിൽ നടന്ന കഥകളി കത്ത് എഴുത്തു മത്സരത്തിൽ ഹൈസ്ക്കൂൾ വിഭാഗത്തിൽ ഒന്നാം സമ്മാനം ലഭിച്ചിട്ടുണ്ട് .

# THE TIME

**Sreebhadra G. Varma** (5th Std)
**Chirackal Kovilakam**



The time is changing day by day
The past was so good with lovable times
With our friends and family
Now... the negative part was that
The pollution went up and greenery went down
Now comes the present
Present is a pretty dramatic time
Covid 19 virus destroyed our likes
The lockdown is not so good but...
There is also a good side for lockdown
Pollution went down and nature is green again
There is also a downside... lockdown made us lazy
And life without seeing family and friends is boring
In the present everything is online but...
One day we can recover from all these drama
and we can build a good future. ●

# ഐ.ടി. നേതൃത്വത്തിലേക്ക്

പുതുതായി രൂപവത്ക്കരിച്ച ടെക്സാസ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് റോബോട്ടിക്സ് സെന്റർ ഓഫ് എക്സലൻസിനെയും സ്റ്റേറ്റ് എന്റർപ്രൈസ് ഐ.ടി സൊല്യൂഷൻ സർവീസിനെയും ഇനി നയിക്കുന്നത് കണ്ണൂർ നടുവിൽ സ്വദേശി വി.ഇ. കൃഷ്ണകുമാർ. ടെക്സാസ് സ്റ്റേറ്റ് ഐ.ടി. ഇന്നവേഷൻ വക്താവായും പ്രവർത്തിക്കും.

ബോസ്റ്റണിലെ എം.ഐ.ടി. യിൽ നിന്ന് എക്സിക്യൂട്ടീവ് പഠനം പൂർത്തിയാക്കിയ കൃഷ്ണകുമാർ അക്സെഞ്ചറിൽ സീനിയർ മാനേജർ, ഏപ്രിൽ മീഡിയ സി.ഇ.ഒ., സിലിക്കൺവാലിയിൽ ടായിയുടെ ഗ്ലോബൽ മാനേജർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.



നടുവിൽ പഞ്ചായത്ത് മുൻ പ്രസിഡന്റും പ്രഥമാധ്യാപകനുമായിരുന്ന കെ.പി. കേശവന്റെയും നടുവിൽ എൽ.പി. സ്കൂൾ മുൻ പ്രഥമാധ്യാപിക വി.ഇ. രുക്മിണിയുടെയും മകനാണ്. സോഫ്റ്റ്വെയർ എൻജിനീയറായ സജിതയാണ് ഭാര്യ. ധ്രുപദും നിരുപധുമാണ് മക്കൾ.

# യൂണിറ്റ് വാർത്തകൾ - വിശേഷങ്ങൾ

## തിരുവനന്തപുരം

Covid - 19 എന്ന മഹാമാരി ലോകമെമ്പാടും സമൂഹത്തിൽ ഉണ്ടാക്കുന്ന വിഷമതകൾക്കിടയിലും തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭ സാധിക്കുന്ന തരത്തിൽ ഭരണസമിതി യോഗങ്ങളും മറ്റ് പ്രവർത്തനങ്ങളും നടത്തി. അതിന്റെ സംക്ഷിപ്തമായ ഒരു റിപ്പോർട്ടാണ് താഴെ കൊടുക്കുന്നത്.

**മുതിർന്ന അംഗങ്ങളെ ആദരിക്കൽ**



സഭയിലെ ശതാഭിഷേകം കഴിഞ്ഞ മുതിർന്ന അംഗങ്ങളെ അവരുടെ വസതികൾ സന്ദർശിച്ച് ആദരിച്ചു. പ്രസിഡന്റ് എ.സി. ഗോദവർമ്മയുടെ നേതൃത്വത്തിൽ സെക്രട്ടറി അജയവർമ്മരാജ, ജി. രാമവർമ്മ, പി.കെ. രഘുവർമ്മ, എസ്. അജയകുമാർ വർമ്മ എന്നിവരാണ് ഇതിൽ പങ്കെടുത്തത്.

ലോക വനിതാദിനത്തിൽ കൊച്ചിൻ റോയൽ ഫാമിലി ഫൗണ്ടേഷന്റെ 2020ലെ വനിതാ പുരസ്കാരത്തിന് അർഹയായ പ്രൊഫ. ചന്ദ്രാവലി തമ്പുരാനെ പ്രസിഡന്റ് എ.സി. ഗോദവർമ്മയുടെ നേതൃത്വത്തിൽ ആദരിച്ചു. സെക്രട്ടറി അജയവർമ്മ രാജ, എസ്. അജയ കുമാർ വർമ്മ, ജി. രാമവർമ്മ തുടങ്ങിയവർ സന്നിഹിതരായിരുന്നു.



**വാർഷിക പൊതുയോഗം 2020**

കൊവിഡ് മഹാമാരി മൂലം മാറ്റിവെക്കപ്പെട്ട 2020-ലെ സഭയുടെ വാർഷിക പൊതുയോഗം 2020 ജനുവരി 31ന് തിരുവനന്തപുരം കോട്ടയ്ക്കകം രംഗവിലാസം ഹാളിൽ നടന്നു. പ്രസിഡന്റ് എ.സി. ഗോദവർമ്മ അദ്ധ്യക്ഷനായിരുന്നു. രാജീവ് വർമ്മയുടെ ഈശ്വപ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ ജോ. സെക്രട്ടറി എം.കെ. ജയകുമാർ സ്വാഗതം ആശംസിച്ചു. സെക്രട്ടറി അജയ വർമ്മ രാജ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ട്രഷറർ ഉഷാ ഉദയ വർമ്മ വാർഷിക വരവുചെലവ് കണക്കുകൾ അവതരിപ്പിച്ചു. 18 വയസ്സ് പൂർത്തിയായവർക്ക് മെമ്പർഷിപ്പ് നൽകുക, വരുമാനമുള്ളവരിൽ നിന്നും വാർഷിക വരിസംഖ്യ 150 രൂപ പിരിച്ചെടുക്കുക എന്നും നിശ്ചയിച്ചു. സംസ്ഥാന പ്രസിഡന്റ് പി. കെ. രഘുവർമ്മ വരിസംഖ്യയെക്കുറിച്ച് കൂടുതൽ വ്യക്തത വരുത്തി. ചർച്ചക്കുശേഷം ഈ നിർദ്ദേശങ്ങൾ പൊതുയോഗം പാസ്സാക്കി. സഭാംഗങ്ങൾക്ക് തൊഴിൽ നൽകാനുള്ള പദ്ധതി ആലോചിക്കണമെന്നും പ്രസിഡന്റ് എ.സി. ഗോദവർമ്മ അഭിപ്രായപ്പെട്ടു. **ക്ഷാത്രസ്പന്ദനത്തിൽ സഭയിലെ കുട്ടികളുടെ കലാ-സാഹിത്യ സംഭാവനകൾ** ഉണ്ടാകണമെന്നും അഭിപ്രായപ്പെട്ടു. വിവാഹിതരാകുന്ന കുട്ടികളുടെ മാതാപിതാക്കളിൽ നിന്നും REACT ന് ലഭിച്ച സംഭാവനകളെ REACT സെക്രട്ടറി പി.കെ. രഘുവർമ്മ ശ്ലാഘിച്ചു. യുവജനങ്ങളെ സഭാപ്രവർത്തനങ്ങളിൽ കൂടുതൽ ഉൾപ്പെടുത്തണമെന്ന് പി.കെ. രഘുവർമ്മ അഭിപ്രായപ്പെട്ടു. അജിത് വർമ്മ നന്ദി പ്രകാശിപ്പിച്ചു. തുടർന്ന് വനിതാവിഭാഗം പൊതുയോഗം ആരംഭിച്ചു. വൈസ് പ്രസിഡന്റ് കൃഷ്ണ ജയകുമാറിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ജോ. സെക്രട്ടറി മിനി കേശവൻ സ്വാഗതം ആശംസിച്ചു. സെക്രട്ടറി ശ്രീകലാവർമ്മ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ട്രഷറർ രശ്മി കേരള വർമ്മ വാർഷിക വരവുചെലവു കണക്കുകൾ അവതരിപ്പിച്ചു. പൊതുയോഗം ഇവ രണ്ടും ചർച്ച ചെയ്ത് പാസ്സാക്കി.

**ഭരണസമിതി യോഗങ്ങൾ**

ജനുവരി 3, മാർച്ച് 4 എന്നീ തീയതികളിൽ നടന്ന ഭരണസമിതിയോഗങ്ങളിൽ വിവിധ വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിച്ചു.

## കരപ്പുറം

ജനുവരി മാസത്തിൽ നടന്ന നിർവ്വാഹക സമിതിയോഗം സാമൂഹിക സാഹചര്യത്തിന്റെ തത്സ്ഥിതി വിലയിരുത്തി. മാർച്ചിനുശേഷം യോഗം ചേർന്ന് പൊതുസമ്മേളനത്തിനുള്ള തീയതി നിശ്ചയിക്കാൻ തീരുമാനിച്ചു.

കരപ്പുറത്തെ അതിപുരാതന തറവാടായ പരിമണത്തു കോവിലകത്തെ ഒരംഗത്തിന്റെ വിധവ അനാരോഗ്യം മൂലം വിഷമതകൾ അനുഭവിക്കുന്ന കാലഘട്ടത്തിൽ തന്നെ അവരുടെ വസതി ജീർണ്ണാവസ്ഥയിൽ വാസയോഗ്യം അല്ലാതാവുകയും ചെയ്തപ്പോൾ പരിമണത്തു കോവിലകത്തെ എല്ലാ അംഗങ്ങളും ഒറ്റക്കെട്ടായി സാഹചര്യത്തിന്റെ ഗുരുതരാവസ്ഥ മനസ്സിലാക്കി സ്വയം മുന്നോട്ടു വന്നു മൂന്നു ലക്ഷത്തോളം രൂപ സ്വരൂക്കൂട്ടി ഈ ഭവനം നവീനരീതിയിൽ പുനർനിർമ്മിച്ചു തികച്ചും വാസയോഗ്യമാക്കി കൊടുത്തു എന്ന കാര്യം സന്തോഷപൂർവം റിപ്പോർട്ട് ചെയ്യുന്നു. ഇത് കരപ്പുറത്തെ മാത്രമല്ല കേരളത്തിലെ മുഴുവൻ ക്ഷത്രിയ സമുദായാംഗങ്ങൾക്കും മാതൃകയും പ്രചോദനവും ആകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഒരു സംഘടനയുടെ ആത്യന്തികമായ ലക്ഷ്യം സമൂഹത്തിലെ/സമുദായത്തിലെ താഴെതട്ടിൽ ഉള്ളവരെ മുന്നോട്ട് ആനയിച്ചു മുഖ്യധാരയിൽ എത്തിക്കുക എന്നതാണല്ലോ. ആ സത്കർമ്മം സ്വന്തം തറവാട്ടിൽ നിന്നു തന്നെ ആരംഭിക്കണം എന്ന മഹത്തായ സന്ദേശമാണ് പരിമണത്തു കോവിലകത്തെ കുടുംബാംഗങ്ങൾ നമുക്കു പകർന്നുതരുന്നത്.

വാർഷിക സമ്മേളത്തിനുള്ള തീയതിയും മറ്റു കാര്യങ്ങളും തീരുമാനിക്കാനുള്ള നിർവ്വാഹക സമിതി യോഗം ഏപ്രിൽ 10നു ചേരുവാൻ തീരുമാനിച്ചു.

കരപ്പുറം സഭാംഗങ്ങളുടെ സാമ്പത്തിക സമാഹരണ പദ്ധതിയുടെ രണ്ടാംഘട്ടം 'കരപ്പുറം ഫണ്ട് സീസൺ 2' എന്ന പേരിൽ ആരംഭിച്ചു കഴിഞ്ഞു. ഒരു ലക്ഷത്തിന്റെയും അൻപതിനായിരത്തിന്റെയും സമ്പാദ്യപദ്ധതികൾ ആണ് പുതുതായി ആരംഭിച്ചത്.

## വൈക്കം

'ക്ഷാത്രസ്പന്ദനം' വരിസംഖ്യ പുതുക്കൽ, വരിസംഖ്യാ സമാഹരണം തുടങ്ങിയ കാര്യങ്ങൾ



കുടുംബാംഗങ്ങളുടെ മംഗളാവസരങ്ങളിൽ പങ്കുകൊണ്ടു. ലണ്ടനിലെ കിങ്ങ്സ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഫിസിക്സിൽ ഡോക്ടറേറ്റ് നേടിയ ശ്രീദേവി വർമ്മക്ക് വൈക്കം ക്ഷത്രിയ ക്ഷേമസഭയുടെ അനുമോദനങ്ങളും ആദരവും നൽകി.

## തിരുവല്ല

തിരുവല്ല ക്ഷത്രിയ ക്ഷേമ സഭയുടെ 2019-20ലെ വാർഷിക പൊതുയോഗം 27-3-2021 ശനിയാഴ്ച 4 മണിക്ക് തിരുവല്ല പാലിയേക്കര കൊട്ടാരത്തിൽ വെച്ച് സഭ പ്രസിഡന്റ് പി.ആർ വർമ്മയുടെ അദ്ധ്യക്ഷതയിൽ ചേർന്നു.

ഈശ്വരപ്രാർത്ഥനക്ക് ശേഷം 2019-20ൽ അന്തരിച്ച സഭാംഗങ്ങൾക്ക് അനുശോചനം രേഖപ്പെടുത്തി. സെക്രട്ടറി എം കെ സൂര്യ



കുമാർ സ്വാഗതം ആശംസിച്ചു. അദ്ധ്യക്ഷപ്രസംഗത്തിൽ പി ആർ വർമ്മ സഭയുടെ പ്രവർത്തനത്തെപ്പറ്റിയും അംഗങ്ങൾ സഭയോട് കാണിക്കുന്ന താൽപ്പര്യത്തെക്കുറിച്ചും സംസാരിച്ചു. കോവിഡ് കാലമായിട്ടും ഇത്രയധികം അംഗങ്ങൾ ഹാജരായതിനെ അദ്ദേഹം അഭിനന്ദിച്ചു.

തുടർന്ന് 2019-20ലെ റിപ്പോർട്ടും കണക്കും സെക്രട്ടറി അവതരിപ്പിച്ചു. റിപ്പോർട്ടിലെ ചില അപാകതകൾ ഉദയവർമ്മതമ്പുരാൻ ചൂണ്ടിക്കാട്ടി. ഭേദഗതികളോടെ റിപ്പോർട്ടും കണക്കും പൊതുയോഗം പാസ്സാക്കി.

അതിനുശേഷം നമ്മുടെ സമുദായത്തിലെ മൂന്നു പ്രതിഭകളെ അഭിനന്ദിച്ചുകൊണ്ടുള്ളസന്ദേശം ജയകുമാര വർമ്മ വായിച്ചു

'അന്ത്യേഷ്ടി' എന്ന പുസ്തകം രചിച്ച ഉദയവർമ്മ തമ്പുരാൻ, സിനിമാഗാനരചയിതാവിനുള്ള ദേശീയ പുരസ്ക്കാരം നേടിയ പ്രഭാവർമ്മ, മനോരമ ബുക്ക്സ് പ്രസിദ്ധീകരിച്ച 'മുടിപ്പേച്ച്' എന്ന പുസ്തകം രചിച്ച വി കെ രവി വർമ്മ തമ്പുരാൻ എന്നിവർക്കാണ് അഭിനന്ദനം നൽകിയത്.

പിന്നീട് പ്രസിഡന്റ് പി ആർ വർമ്മ, പി സി രവീന്ദ്ര വർമ്മ എന്നിവർ ഉദയവർമ്മതമ്പുരാനെ പ്രകീർത്തിച്ചുകൊണ്ട് സംസാരിച്ചു. സ്വജനപൗരോഹിത്യം നടപ്പിലാക്കുന്നതിന് ഏറെ സഹായകമാണ് ഉദയവർമ്മതമ്പുരാൻ രചിച്ച പുസ്തകമെന്നും ഇതിന് തിരുവല്ല ക്ഷത്രിയക്ഷേമ സഭ നൽകിയ പ്രേരണ അഭിനന്ദനീയമാണെന്നും പി.സി.രവീന്ദ്രവർമ്മ പറഞ്ഞു.

ഹൈന്ദവ സംസ്ക്കാരത്തിലധിഷ്ഠിതമായ ആചാരാനുഷ്ഠാനങ്ങൾ നിലനിർത്തുന്നതിന് ആവശ്യമായ പദ്ധതികൾ തിരുവല്ല സഭ ആസൂത്രണം ചെയ്യണമെന്നും അദ്ദേഹം പറഞ്ഞു.

രാമവർമ്മയുടെ കൃതജ്ഞത യോടുകൂടി യോഗം 5 മണിക്ക് അവസാനിച്ചു.

**2019-20ലെ പ്രവർത്തനങ്ങൾ**

2019-20 കാലയളവിൽ 2 പൊതുയോഗവും 3 പ്രത്യേക യോഗങ്ങളും കൂടിയിട്ടുണ്ട്

11 കമ്മിറ്റി മീറ്റിംഗുകൾ കൂടുക യുണ്ടായി. അംഗങ്ങൾ 512.

വാർഷിക വരിസംഖ്യ 50 രൂപ ആയിരുന്നത് 100 രൂപ ആക്കിയ ബൈലോ ദേദഗതി അംഗീകരിച്ചു.

2019 മാർച്ച്-ഏപ്രിൽ മാസം നടത്തിയ SSLC/CBSE/ICSE Plus2 പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾ ക്ക് Scholarship/merit അവാർഡു കൾ നൽകി.

ഒരു കുട്ടിക്ക് വിദ്യാഭ്യാസ സഹായമായി 10000 രൂപയും ചികിത്സാ സഹായമായി ഒരു അംഗത്തിന്10000 രൂപയും, കേന്ദ്ര സഭയുടെ REACT 10000 രൂപയും തിരുവല്ലസഭയുടെ കാരുണ്യ ഫണ്ടിൽ നിന്നും നൽകി. തിരുവല്ല സഭയുടെ ആഭിമുഖ്യത്തിൽ കേന്ദ്ര സഭയുടെ ദക്ഷിണ മേഖലാ സമ്മേളനം കൂടി.

സഭയുടെ 'യോഗക്ഷേമം വഹാമ്യഹം' എന്ന പദ്ധതി ഉദ്ഘാടനം ചെയ്തു. തിരുവല്ല സഭയിലെ അംഗങ്ങളുടെ കണക്കെടുപ്പ് പൂർത്തിയായി

REACT -ൽ നിന്ന് സഭയിലെ പല അംഗങ്ങൾക്കും സാമ്പത്തിക സഹായം ലഭിച്ചു. ഇതിന് REACT നോട് നന്ദി രേഖപ്പെടുത്തുന്നു.

സംസ്ഥാന സഭയുടെ കോട്ടയത്തു നടന്ന വാർഷിക പൊതു യോഗത്തിലും യുവജനോത്സവ ത്തിലും നമ്മുടെ അംഗങ്ങളുടെ പങ്കാളിത്തം കൊണ്ട് മികവു കാട്ടി.

**മെയ്-ജൂൺ മാസങ്ങളിലെ പ്രവർത്തന റിപ്പോർട്ട്**

രണ്ടു മാസങ്ങളായി ലോക് ഡൗൺ തുടർന്നതിനാൽ ഓൺലൈൻ പ്രവർത്തനങ്ങളാണ് നട ന്നത്. അതിൽ പ്രധാനപ്പെട്ടത് ലോക്ക്ഡൗൺ മൂലം ബുദ്ധിമുട്ട നുഭവിക്കുന്ന രക്ഷകർത്താക്കളുടെ കുട്ടികൾക്ക് കാരുണ്യ ഫണ്ടിൽ നിന്നും വിദ്യാഭ്യാസ ധനസഹായ മായി 25 പേർക്ക് 1000 രൂപ വീതം 25000 രൂപ വിതരണം ചെയ്തു എന്നതാണ്. ഇതിൽ 4 പേർക്ക് നേരിട്ടും 21 പേർക്ക് online ആയി അക്കൗണ്ടിലേക്കുമാണ് കൊടുത്തത്. അപേക്ഷ സ്വീകരി ച്ചതും online ആയി തന്നെ. കൂടാതെ രണ്ടു പേർക്ക് പെൻഷ നായി 1000 രൂപ വീതം നൽകി. ഈ സഹായം 1000 രൂപ വീതം തുടർന്നുള്ള മാസങ്ങളിലും നൽ കാനാണ് തീരുമാനം. കൂടാതെ കാരുണ്യ ഫണ്ടിലേക്ക് സംഭാവന നൽകിയ ഒരു മഹദ് വ്യക്തിയുടെ നിർദ്ദേശാനുസരണം ഒരു അംഗ ത്തിന് 10000 രൂപ സഹായധനം നൽകിയിട്ടുണ്ട്

## തൃശൂർ

തൃശൂർ ക്ഷത്രിയ ക്ഷേമ സഭയുടെ രക്ഷാധികാരിയായിരുന്ന പ്രൊഫ. എ.കെ.രാജ രാജ വർമ്മ (ചെറുണ്ണിച്ചേട്ടൻ) യുടെ ഒന്നാം ചരമ ദിനമായ 14.02.2021 ന് സഭ അനുസ്മരണ യോഗം നടത്തി. പ്രസിഡണ്ട് പ്രഹ്ലാദൻ വർമ്മ അദ്ധ്യക്ഷനായ യോഗത്തിൽ കേരളവർമ്മ കോളേജ് റിട്ട: പ്രൊഫസർ ഡോ. രാജേശ്വരി കുഞ്ഞമ്മ അനുസ്മരണ പ്രഭാഷ ണം നടത്തി. രക്ഷാധികാരി ഡോ. പി.സി. സുധീരൻ സഭാപ്രവർത്തന ങ്ങൾ വിശദീകരിച്ചു. പദ്മിനി വർമ്മ, മനോജ് വർമ്മ,ശങ്കർ വർമ്മ, ദിലീപൻ വർമ്മ എന്നിവർ പ്രസം ഗിച്ചു.

രാവിലെ 10 മണിക്ക് ആരംഭിച്ച യോഗം ഉച്ചക്ക് 1 മണിക്ക് അവ സാനിച്ചു.

## എറണാകുളം

യൂണിറ്റിലെ മുതിർന്ന അംഗ ങ്ങളുടെ വീടുകൾ സന്ദർശിച്ച് കോവിഡ് പശ്ചാത്തലത്തിൽ അവർക്ക് അത്യാവശ്യം വേണ്ടുന്ന സഹായങ്ങൾ ചെയ്തുവരുന്നു.

## കൊരട്ടി

കൊരട്ടി ക്ഷത്രിയക്ഷേമസഭ യുടെ പ്രതിമാസ എക്സിക്യൂട്ടീവ് കമ്മിറ്റി കഴിഞ്ഞ എല്ലാ മാസങ്ങ ളിലും 10-ാം തീയതിക്കുശേഷ മുള്ള ഞായറാഴ്ചകളിൽ കൊരട്ടി ശിതികണ്ഠപുരം ക്ഷേത്രത്തിനു സമീപമുള്ള സഭയുടെ ഓഫീ സിൽ വച്ച് കോവിഡ് പ്രോട്ടോ ക്കോൾ പാലിച്ചുകൊണ്ട് നടത്താ റുണ്ട്. കോവിഡ് കാലമായതിനാൽ കൂടുതൽ പ്രവർത്തനങ്ങൾ നടത്തു വാൻ സാധിച്ചിരുന്നില്ല. 2020ലെ വാർഷിക പൊതുയോഗം നട ക്കാതെ പോയതിനാൽ നിലവിലെ ഭരണസമിതി തന്നെ അടുത്ത പൊതുയോഗം വരെ തുടരാൻ തീരുമാനിച്ചു. കോവിഡ് വ്യാപനം കുറയുന്നതനുസരിച്ച് 2021 മെയ്/ ജൂൺ മാസങ്ങളിലായി വാർഷിക പൊതുയോഗം നടത്താമെന്നും തീരുമാനിച്ചു. കുടുംബാംഗ



പ്രൊഫ. എ.കെ.രാജ രാജ വർമ്മ അനുസ്മരണം, തൃശ്ശൂർ

ങ്ങൾക്കിടയിൽ കോവിഡിനെതിരായ കുത്തിവെയ്പ് എടുക്കുന്നതിന് കമ്മിറ്റി യോഗങ്ങളിൽ ബോധവൽക്കരണം നടത്താറുണ്ട്. ഏകദേശം 60% അംഗങ്ങൾ വാക്സിനേഷൻ സ്വീകരിച്ചതായി മനസ്സിലാക്കാൻ കഴിഞ്ഞു. കൊരട്ടി സ്വരൂപം വക ക്ഷേത്രങ്ങളായ ശിതികണ്ഠപുരം ശിവപാർവ്വതിക്ഷേത്രത്തിലെ കുംഭമാസത്തിലെ അഷ്ടമി വിളക്ക് ഉത്സവവും വൻപുഴക്കാവ് ഭഗവതി ക്ഷേത്രത്തിലെ ഉത്സവവും ഫെബ്രുവരി– മാർച്ച് മാസങ്ങളിൽ കേവലം ചടങ്ങുകൾ മാത്രമായി നടത്തുകയുണ്ടായി. നിലവിലെ ഭാരവാഹികൾ: റ്റി.കെ. ആദിത്യവർമ്മ രാജാ (പ്രസിഡന്റ്), യു. രാജേന്ദ്രവർമ്മ (സെക്രട്ടറി) ആര്യാംബ (ഖജാൻജി)

## കരിവെള്ളൂർ

കരിവെള്ളൂർ യൂണിറ്റ് ഭരണസമിതിയോഗം 2021 ഏപ്രിൽ 4ന് വൈകുന്നേരം 3 മണിക്ക് പ്രസിഡന്റ് പി. എം. സുബ്രഹ്മണ്യന്റെ ഓണക്കുന്നിലുള്ള വസതിയിൽ നടന്നു. യോഗത്തിൽ പ്രസിഡന്റ് അദ്ധ്യക്ഷത വഹിച്ചു. യൂണിറ്റ് അംഗമായ രാധാമണി ആർ. വർമ്മയുടെ മകൻ ആർ. മധുസൂദനവർമ്മയുടെ ആകസ്മിക ദേഹവിയോഗത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. തുടർന്ന് സെക്രട്ടറി ടി.എം. ശ്രീകുമാർ റിപ്പോർട്ട് വായിച്ചു. 2019 ലെയും 2020 ലേയും വർഷത്തെ മഹാറാണി സേതുപാർവ്വതിഭായി സ്കോളർഷിപ്പ് വിതരണം ചെയ്യാത്ത കേന്ദ്രസഭയുടെ നടപടിയിലും ക്ഷത്രിയ സെൻസസ് പ്രവർത്തനം പൂർത്തീകരിക്കാത്തതിലും യോഗം ഉൽക്കണ്ഠ രേഖപ്പെടുത്തി. യോഗത്തിൽ എൻ.കെ.കെ. ഉണിത്തിരി സ്വാഗതവും ഇ.എം. കൃഷ്ണകുമാർ നന്ദിയും രേഖപ്പെടുത്തി. യോഗം നാലര മണിക്ക് അവസാനിച്ചു.

### ശ്രീ കാമാക്ഷി ക്ഷേത്രം

ശ്രീ കാമാക്ഷി ക്ഷേത്രത്തിൽ തന്ത്രി ബ്രഹ്മശ്രീ തരണനല്ലൂർ പത്മനാഭനുണ്ണി നമ്പൂതിരിപ്പാട് നിർദ്ദേശിച്ച ചുറ്റമ്പലത്തിന്റെ നവീകരണ പ്രവൃത്തിയുടെ ഒന്നാം ഘട്ടം (ചുറ്റമ്പലത്തിന്റെ മുൻഭാഗവും തെക്ക് ഭാഗത്തെ പകുതി ഭാഗവും വടക്കു കിഴക്കു ഭാഗവും) നവീകരണ പ്രവൃത്തി പൂർത്തിയായി. ഡോ. സി.കെ. ജയകൃഷ്ണൻ നമ്പ്യാർ (തലശ്ശേരി) ചെയർമാനും എൻ.കെ.കെ. ഉണിത്തിരി വർക്കിംഗ് ചെയർമാനും പി.കെ. അച്യുതൻ അടിയോടി കൺവീനറും സി.കെ. ഹരിദാസൻ നമ്പ്യാർ ട്രഷററുമായ കമ്മിറ്റിയാണ് നവീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കിയത്. കാമാക്ഷി ട്രസ്റ്റ് പ്രസിഡന്റ് അഡ്വ. സി.കെ. രാമചന്ദ്രൻ നായർ, പാരമ്പര്യ ട്രസ്റ്റിയും മുതിർന്നാംഗവുമായ പി.കെ. കുഞ്ഞിക്കൃഷ്ണൻ അടിയോടി എന്നിവർ കമ്മിറ്റിക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകി സഹായിച്ചു. നവീകരണ പ്രവർത്തനങ്ങൾക്ക് സുമാർ 7 ലക്ഷത്തോളം രൂപ ചിലവായി. ട്രസ്റ്റ് മെമ്പർമാരിൽ നിന്നും കുടുംബാംഗങ്ങളിൽ നിന്നുമുള്ള നിർലോഭമായ സഹായസഹകരണം കൊണ്ടും കാമാക്ഷിദേവിയുടെ അനുഗ്രഹാശിസ്സുകൊണ്ടുമാണ് പ്രവർത്തി പൂർത്തീകരിക്കാൻ സാധിച്ചത്.

## നീലേശ്വരം

2021 മാർച്ച് 27ന് തെക്കേ കോവിലകത്തുവെച്ച് സഭയുടെ ഭരണസമിതി യോഗം നടന്നു. സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു. പ്രവർത്തന അവലോകനം നടത്തി. അനുകൂലമായ സാഹചര്യമുണ്ടാകുമ്പോൾ പൊതുയോഗം നടത്തിയാൽ മതി എന്നും തീരുമാനിച്ചു.

തളിയിൽ ശ്രീ നീലകണ്ഠേശ്വര ക്ഷേത്രത്തിലെ മഹാവിഷ്ണു ഗോപുര സമർപ്പണം 2021 മാർച്ച് 28നു ഞായറാഴ്ച രാവിലെ 9 മണിക്ക് നീലേശ്വരം രാജകുടുംബാംഗങ്ങളുടെ സാന്നിധ്യത്തിൽ ക്ഷേത്രം തന്ത്രി ബ്രഹ്മശ്രീ തെക്കിനിയേടത്ത് തരണനെല്ലൂർ പത്മനാഭൻ ഉണ്ണി നമ്പൂതിരിപ്പാട് നിർവ്വഹിച്ചു. ഗോപുര നിർമ്മാണക്കമ്മിറ്റി ചെയർമാൻ കെ.സി. മാനവർമ്മ രാജ അദ്ധ്യക്ഷത വഹിച്ചു. ക്ഷേത്രം ട്രസ്റ്റി ടി.സി. ഉദയവർമ്മ, ഡോ.കെ.സി.കെ. രാജാ, ഗോപുര നിർമ്മാണക്കമ്മിറ്റി ജനറൽ കൺവീനർ കെ.വി. വിനോദ് തുടങ്ങിയവർ ആശംസാപ്രഭാഷണം നടത്തി. ഇതോടനുബന്ധിച്ച് മാതൃസമിതിയുടെ നേതൃത്വത്തിൽ നവീകരിച്ച് പുനർനിർമ്മിച്ച ക്ഷേത്രം അഗ്രശാല തെക്കേ കോവിലകത്ത് ഭാഗീരഥി തമ്പുരാട്ടി നിലവിളക്ക് കൊളുത്തി ക്ഷേത്രത്തിലേക്ക് സമർപ്പണം നടത്തി. സമർപ്പണ ചടങ്ങിനോടനുബന്ധിച്ച് സംപൂജ്യ ഉദിത് ചൈതന്യയുടെ ആദ്ധ്യാത്മിക പ്രഭാഷണവും. ഡോ. പ്രശാന്ത് വർമ്മയുടെ ഭജനയും ഭക്തജനങ്ങൾക്ക് വിരുന്നൊരുക്കി.

### തളിയിൽ ക്ഷേത്രോത്സവം മാർച്ച് 3 മുതൽ 10 വരെ


തന്ത്രി പത്മനാഭൻ ഉണ്ണി നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ ചടങ്ങുകൾ നടന്നു. പള്ളിവേട്ടയും ആറാട്ടും ഈ പ്രാവശ്യം നടത്താൻ കഴിഞ്ഞു. ഉത്സവത്തിന് ആനപ്പുറത്തുള്ള എഴുന്നള്ളിപ്പ് ഒഴിവാക്കി. നീലേശ്വരം മന്ദംപുറത്തു കാവ് ക്ഷേത്രത്തിലെ പൂരോത്സവം ചടങ്ങുകളോടെ നടന്നു. പൂരം നാളിൽ രാവിലെ തളിയിൽ നീലകണ്ഠേശ്വരം ക്ഷേത്രത്തിൽ ദേവിദേവൻമാരുടെ കൂടിക്കാഴ്ചയും തുടർന്ന് തെക്കെകോവിലകത്തു എഴുന്നള്ളിച്ച് രാജകുടുംബാംഗങ്ങൾക്ക് ദർശനം നൽകലും ശേഷം കോവിലകം ചിറയിൽ പൂരം കളിയും നടന്നു.

# കലണ്ടർ പ്രകാശിപ്പിച്ചു



മുൻ വർഷങ്ങളിലെപ്പോലെ ഈ വർഷവും തിരുവനന്തപുരം ക്ഷത്രിയക്ഷേമ സഭ 2021ലെ കലണ്ടർ അച്ചടിച്ച് സഭാംഗങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്തു. സഭാ ഓഫീസിൽ നടന്ന ചടങ്ങിൽ പ്രസിഡന്റ് എ.സി. ഗോദവർമ്മ, സംസ്ഥാന പ്രസിഡന്റ് പി.കെ. രഘുവർമ്മയ്ക്ക് ഒരു കോപ്പി നൽകി പ്രകാശനം നിർവ്വഹിച്ചു.

## സ്മരണാഞ്ജലി



തിരുവല്ല നെടുംപുറത്തു കൊട്ടാരത്തിലെ ഇളയ തമ്പുരാനും തിരുവനന്തപുരം ക്ഷത്രിയ ക്ഷേമ സഭ ആദ്യകാല പ്രവർത്തകനും മുതിർന്ന അംഗവുമായ റ്റി. കെ. **മാർത്താണ്ഡവർമ്മ രാജ** (87) നിര്യാതനായി. സ്റ്റേറ്റ് ബാങ്ക് റിട്ട. സീനിയർ മാനേജരാണ്. ഭാര്യ: രുഗ്മിണി തമ്പുരാട്ടി (പാലിയേക്കര കൊട്ടാരം), മക്കൾ: പ്രദീപ് വർമ്മ, പ്രശാന്ത് വർമ്മ, പ്രേംജിത് വർമ്മ. മരുമക്കൾ: സീതാവർമ്മ, അപർണ്ണ വർമ്മ, പരേതയായ ഊർമ്മിള വർമ്മ.

*ചരമം തുടർച്ച...*

### സുഭദ്ര തമ്പുരാൻ



പ്രശസ്ത കർണ്ണാടക സംഗീതജ്ഞയും കൊച്ചി രാജകുടുംബാംഗവുമായ തൃപ്പൂണിത്തുറ കേരള വിലാസം പാലസിൽ സുഭദ്ര തമ്പുരാൻ (83) അന്തരിച്ചു. പരേതനായ കെ.എസ്.എൻ. നമ്പൂതിരിപ്പാടിന്റെ ഭാര്യയാണ്.

ആകാശവാണി തൃശ്ശൂർ നിലയം 'എ' ഗ്രേഡ് ആർട്ടിസ്റ്റായിരുന്നു. ശ്രീ പൂർണ്ണത്രയീശ പുരസ്കാരം, തപസ്യ കലാ സാഹിത്യ വേദി പുരസ്കാരം, സംഘം കലാ ഗ്രൂപ്പ് പുരസ്കാരം തുടങ്ങിയവ ലഭിച്ചിട്ടുണ്ട്.

മക്കൾ: ഹരിദാസ് രാമവർമ്മ, ഉണ്ണി കേരളവർമ്മ. മരുമക്കൾ: ശ്രീകലാവർമ്മ.




### ജയശ്രീ വർമ്മ

തൃപ്പൂണിത്തുറ കോയിക്കൽ മംഗള മഠത്തിൽ ഉദയവർമ്മയുടെ പത്നി ജയശ്രീ വർമ്മ അന്തരിച്ചു.

മക്കൾ: സൂരജ് വർമ്മ, കിരൺ വർമ്മ. മരുമക്കൾ: സൗമ്യ, മൗശുമി

### നന്ദനൻ വർമ്മ




ഇടപ്പള്ളി കോശ്ശേരി മഠത്തിൽ പത്മിനി നമ്പിഷ്ടാതിരിയുടെയും തൃപ്പൂണിത്തുറ പുറത്തേ മഠത്തിൽ പരേതനായ ശ്രീധരൻ തിരുമുൽപ്പാടിന്റെയും മകൻ നന്ദനൻ വർമ്മ (71) നിര്യാതനായി.

ഭാര്യ: രമാ വർമ്മ. മക്കൾ: രമ്യാ വർമ്മ, പ്രശാന്ത് വർമ്മ

മരുമക്കൾ: മഹേഷ് വർമ്മ, പ്രിയദർശിനി വർമ്മ.

## ചരമം

### കേരള വർമ്മ കേളപ്പൻ തമ്പുരാൻ




പരിമിത ഓവർ ക്രിക്കറ്റിലെ ആദ്യ പന്ത് നേരിട്ട ബാറ്റ്സ്മാനും കൊച്ചി രാജകുടുംബത്തിലെ ഇളയ തമ്പുരാനുമായ കേരളവർമ്മ കേളപ്പൻ തമ്പുരാൻ (96) അന്തരിച്ചു. കേരള ക്രിക്കറ്റിന്റെയും ലോക ക്രിക്കറ്റിന്റെയും ചരിത്രം തിരുത്തിയ പരിമിത ഓവർ മത്സരത്തിന്റെ സംഘാടകനായിരുന്നു തമ്പുരാൻ. കേരള ക്രിക്കറ്റ് അസോസിയേഷന്റെ പ്രഥമ സെക്രട്ടറിയുമാണ്.

ഏകദിന ക്രിക്കറ്റിന്റെ തുടക്കക്കാരൻ അവസാന നിമിഷം വരെ ക്രിക്കറ്റ് ആസ്വദിച്ചു തന്നെയാണ് ജീവിച്ചത്.

റിട്ട. വിജയാ ബാങ്ക് മാനേജരാണ്. ഭാര്യ: പാലിയത്ത് രാധക്കുഞ്ഞമ്മ. മക്കൾ: മാലതി, മുൻ സംസ്ഥാന ക്രിക്കറ്റ് പരിശീലകൻ പി. ബാലചന്ദ്രൻ. മരുമക്കൾ: രാമചന്ദ്രൻ, ഗീത.


### എൻ. രാഘവൻ തിരുമുൽപ്പാട്



തൃശൂർ നല്ലേങ്കര വടക്കേ മഠത്തിൽ കേളർ തിരുമുൽപ്പാടിന്റെ മകൻ എൻ. രാഘവൻ തിരുമുൽപ്പാട് (90) അന്തരിച്ചു. വടക്കാഞ്ചേരി ഹൈസ്കൂൾ റിട്ടയേർഡ് ഹെഡ്മാസ്റ്ററായിരുന്നു.

ഭാര്യ: വെള്ളാരപ്പിള്ളി കളപ്പാട്ടു മഠത്തിൽ അമ്മുക്കുട്ടി നമ്പിഷ്ടാതിരി. മകൻ: ഗിരീഷ് വർമ്മ. മരുമകൾ: പി. ശ്രീലത.

### ടി. കേരളവർമ്മ



ചാലക്കുടി തെക്കേമഠത്തിൽ തൃപ്പൂണിത്തുറ ചക്കംകുളങ്ങര കണ്ണാടി കോവിലകം കുടുംബാഗമായ ടി കേരളവർമ്മ (86)നിര്യാതനായി.

ഭാര്യ: ടി.പി. അംബിക (റിട്ട. ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് ഐ.ടി.ഐ.)

### ഊർമ്മിള വർമ്മ



തിരുവല്ല പാലിയേക്കര കൊട്ടാരത്തിൽ കൃഷ്ണകുമാരവർമ്മയുടെയും തൃശ്ശൂർ പടിഞ്ഞാറെ ചങ്കരംപാട്ടു മഠത്തിൽ ജയശ്രീ വർമ്മയുടെയും മകൾ ഊർമ്മിള വർമ്മ (44) അമേരിക്കയിൽ ഡെട്രോയിറ്റിൽ നിര്യാതയായി. ഭർത്താവ്: തിരുവല്ല പാലിയേക്കര കൊട്ടാരത്തിൽ പ്രേംജിത് വർമ്മ. മക്കൾ: തേജസ്സ് വർമ്മ, ശ്രേയസ്സ് വർമ്മ.

### രാജരാജവർമ്മ




പന്തളം കൊച്ചു കൊട്ടാരത്തിൽ രാജരാജവർമ്മ (രാജേന്ദ്രൻ-73) നിര്യാതനായി. ഭാര്യ: മാങ്കാവ് കോവിലകത്ത് പ്രഭാവതി തമ്പുരാട്ടി. മക്കൾ: ശ്യാം (ഗുരുവായൂരപ്പൻ കോളേജ്), ഭദ്ര.

### സുനിതകുമാരി



പൂഞ്ഞാർ താഴത്തെ കൊട്ടാരത്തിൽ സുനിതകുമാരി (53) മഹാരാഷ്ട്രയിൽ ഔറംഗബാദിൽ അന്തരിച്ചു. ഭർത്താവ്: തൃശൂർ കുമരപുരം കൊട്ടാരത്തിൽ സുരേശൻ രാജ. മക്കൾ: ഋത്തിക് രാജ, പൃഥ്വി രാജ.

### ആർ. പ്രസന്നവർമ്മ



വൈക്കം ആനാപ്പറമ്പിൽ കോവിലകത്ത് ഡോ. എസ്. ആർ. പ്രസന്നവർമ്മ (66) നിര്യാതനായി.

ഭാര്യ: താരാ വർമ്മ, തുകല ശ്ശേരി കൊട്ടാരം, തിരുവല്ല.

**ചന്ദ്രമതി രാജ**



പഴയന്നൂർ വലവൂർ കിഴക്കേ പ്പാട്ട് കോവിലകത്ത് ചന്ദ്രമതി രാജ (72) നിര്യാതയായി. ഭർത്താവ്: പരേതനായ നന്ദന വർമ്മ രാജ (ചിറയ്ക്കൽ കോവിലകം കൊടു ങ്ങല്ലൂർ).

**എ. ഗിരിജാബായ്**



തിരുവനന്തപുരം ശ്രീകണ്ഠേ ശ്വരം പെരിങ്ങനാമഠം ലെയിൻ SWARA- 36 ൽ എ. ഗിരിജാബായി (65) നിര്യാതയായി. ചെന്നിത്തല നെടുവക്കാട്ടു കോവിലകം കുടും ബാംഗമാണ്. സരസ്വതിഭായി (കീഴ്വായ്പൂര്), പ്രൊഫ. ഈശ്വര വർമ്മ എന്നിവർ സഹോദരങ്ങളാണ്.

**സത്യഭാമ തമ്പുരാട്ടി**



പന്തളം വടക്കേകൊട്ടാരത്തിൽ പരേതനായ കേരളവർമ്മരാജ യുടെ പത്നി സത്യഭാമ തമ്പു രാട്ടി (84) (നട്ടാശ്ശേരി തെക്കുംകൂർ പാലസ്-മേടയിൽ) നിര്യാതയായി.

മക്കൾ : പരേതനായ സുധീർ, സുധർമ്മ (വടക്കേക്കോട്ട ലെയിൻ, മണക്കാട്), സുപ്രിയ, സുചിത്ര.

മരുമക്കൾ: രാമവർമ്മ (തിരു വനന്തപുരം), കൃഷ്ണകുമാർ (ഒറ്റ പ്പാലം), കൃഷ്ണദാസ് (ചെർപ്പുള ശ്ശേരി).

**പി.കെ.ഹരിദാസൻ രാജ**



തിരുവണ്ണൂർ പുതിയ കോവില കത്ത് മുകളിൽ താവഴി പത്തായ പ്പുരയിൽ പി.കെ. ഹരിദാസൻ രാജ (76) നിര്യാതനായി.

ഭാര്യ: ജാനകി കോൽപ്പാട് കെ.പി. (റിട്ട. അധ്യാപിക അനങ്ങ നടി ഹയർ സെക്കൻഡറി സ്കൂൾ)

മക്കൾ: ഉമ (അധ്യാപിക, പുളിയപ്പറമ്പ് ഹയർ സെക്കൻ ഡറി സ്ക്കൂൾ, പാലക്കാട്), ഹരി പ്രസാദ് (അധ്യാപകൻ, പറളി ഹയർ സെക്കൻഡറി സ്കൂൾ), ഗോകുൽദാസ് (ആക്സിസ് ബാങ്ക് പാലക്കാട്).

മരുമക്കൾ: അജിത് തമ്പാൻ (വേങ്ങശ്ശേരി ഹൈസ്കൂൾ), ശ്രീധന്യ (വണ്ടാഴി ഹയർ സെക്ക ൻഡറി സ്കൂൾ), വരദ പി.കെ

**സുഭദ്രക്കുട്ടി നമ്പിഷ്ടാതിരി**

തൃപ്പൂണിത്തുറ കണ്ണെഴുത്തു തെക്കേമഠത്തിൽ പരേതനായ കെ.സി.ആർ. വർമ്മ (വർമ്മാ സ്റ്റുഡിയോ) യുടെ ഭാര്യ വെള്ളാ




രപ്പള്ളി കളപ്പാട്ടു മഠത്തിൽ സുഭദ്ര ക്കുട്ടി നമ്പിഷ്ടാതിരി (87) നിര്യാ തയായി.

മക്കൾ: ശ്രീദേവി, സതീശൻ.

മരുമക്കൾ: എൻ.ആർ. കേരള വർമ്മ (ബാബു), സതി.

**ആർ. രാമവർമ്മ**



കാർത്തികപ്പള്ളി കൊട്ടാരത്തി ലെ ആർ. രാമവർമ്മ (വിജയൻ-66) അന്തരിച്ചു. ഭാര്യ: കൃഷ്ണകുമാരി (വെള്ളാരപ്പിള്ളി കോവിലകം). മക്കൾ: ശങ്കരിവർമ്മ, സായി. മരുമകൻ: സുജിത് വർമ്മ.

**നന്ദിനി നമ്പിഷ്ടാതിരി**



തൃപ്പൂണിത്തുറ കണ്ണൻകുളങ്ങര പാറക്കടത്ത് കോയിക്കൽ (കോത മംഗലത്ത് കിഴക്കേമഠം) നന്ദിനി നമ്പിഷ്ടാതിരി (90) നിര്യാതയായി.

തൃപ്പൂണിത്തുറ മംഗളമഠത്തിൽ പരേതനായ കൊച്ചനിയൻ തിരുമുൽപ്പാടിന്റെ സഹധർമ്മിണിയാണ്. തൃപ്പൂണിത്തുറ ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ മുൻ അദ്ധ്യാപികയും പാറക്കടത്ത് കോയിക്കൽ ട്രസ്റ്റ് രക്ഷാധികാരിയും ഭാഗവത ആചാര്യയുമായിരുന്നു.കേരളത്തിലും പുറത്തും ധാരാളം ഭാഗവത സപ്താഹവും പ്രഭാഷണവും നടത്തിയിട്ടുണ്ട്.

**ചന്ദ്രിക രാജ**



തൃശൂർ കുന്നംകുളം മണക്കുളം കോവിലകത്ത് ചന്ദ്രിക രാജ (92) തിരുവനന്തപുരം കോട്ടയ്ക്കകം പുന്നയ്ക്കൽ റോഡിൽ പി ആർ ആർ എ. 56 'തൃപ്പാദ' ത്തിൽ നിര്യാതയായി. കൊടുങ്ങല്ലൂർ പുത്തൻകോവിലകത്ത് പരേതനായ കുഞ്ഞൻരാജ (റിട്ട. LIC, തിരുവനന്തപുരം) യുടെ ഭാര്യയാണ്.

മക്കൾ: ജീവൻ ലത (റിട്ട. EPF), രേഖ രവീന്ദ്രനാഥ്, ബിന്ദു സനൽ കുമാർ.

മരുമക്കൾ: പരേതനായ കെ. രാമചന്ദ്രവർമ്മ (കിളിമാനൂർ കൊട്ടാരം), കെ സി രവീന്ദ്രനാഥ് (കടന്നമണ്ണ കോവിലകം), സനൽ കുമാർ (പിലാപ്പറ്റ).

**സരോജിനി അക്കമ്മ**


മാതമംഗലത്തെ സരോജിനി അക്കമ്മ (89) നിര്യാതയായി.

ഭർത്താവ്: പരേതനായ കെ.കെ. ഗണപതി നമ്പൂതിരി. മക്കൾ: ശാന്തകുമാരി. കെ. എൻ (കൈതപ്രം), രഘു കെ.എൻ. (പാലക്കാട്),



പത്മനാഭൻ കെ. എൻ. (Rtd.KSEB), പുരുഷോത്തമൻ കെ.എൻ. (Income Tax Ernakulam) ദ്രൗപതി. കെ.എൻ. (Rtd Teacher GHSS, മാതമംഗലം), പരേതയായ നിർമ്മലകുമാരി കെ.എൻ (Central Bank of India തിരുവനന്തപുരം). മരുമക്കൾ: പരേതനായ ബാലകൃഷ്ണൻ (KSEB), ഗീത (കയരളം) ഗിരിജ (KSFE എറണാകുളം), സൂര്യനാരായണൻ (WIPL വളപട്ടണം), സന്തോഷ് (AGS Office, തിരുവനന്തപുരം).

**പരമേശ്വരൻ നമ്പൂതിരി**




മംഗലപ്പിള്ളി പരമേശ്വരൻ നമ്പൂതിരി (91) നിര്യാതനായി.

ഭാര്യ: കൊരട്ടി സ്വരൂപം പൂലാനി കോവിലകത്ത് സതി തമ്പുരാട്ടി.

മക്കൾ: പ്രസന്ന, നിർമ്മല, സുജാത, ഹരിദാസ് (കണ്ണൻ, യു. എസ്.എ), രേണുക. മരുമക്കൾ: ദിവാകരൻ നെടുങ്ങാടി, പരേതനായ രാമവർമ്മ (രഘു-മലയാറ്റൂർ), മുരളീധരൻ (പ്ലാപ്പറ്റ), ഗീതാ വർമ്മ (ചെന്നിത്തല), രഘുവർമ്മ (കിളിമാനൂർ)

**ആർ. ഗോദവർമ്മ**



കുറ്റിയിൽ കോവിലകം കുടുംബാംഗവും, പരേതരായ അംബികക്കുട്ടി നമ്പിഷ്ടാതിരിയുടെയും വൈക്കം കൊട്ടാരത്തിൽ കോവിലകം കുടുംബാംഗം കൊച്ചനിയൻ തിരുമുൽപ്പാടിന്റെയും മകൻ ആർ. ഗോദ വർമ്മ (സോമൻ – 75) അന്തരിച്ചു.

**സബിത വർമ്മ**



തൃപ്പൂണിത്തുറ കോയിക്കൽ മഠം കുടുംബാംഗം സബിതാ വർമ്മ (58) ബോട്സ്വാനയിൽ നിര്യാതയായി. പരേതനായ ആനന്ദ് വർമ്മ (പഴയന്നൂർ) യുടെ ഭാര്യയാണ്. ഡോക്ടർ ശർമ്മിഷ്ഠാ വർമ്മയാണ് മകൾ.

**അംബികക്കുട്ടി കോവിലമ്മ**



വൈക്കം പനയ്ക്കാഴത്തിട ത്തിൽ അംബികക്കുട്ടി കോവിലമ്മ (82) ബേപ്പൂരിൽ അന്തരിച്ചു. ഭർ ത്താവ്: പരേതനായ വാഴയൂർ ഗോപാലകൃഷ്ണൻ ഏറാടി. മക്കൾ: പി. കൃഷ്ണദാസ് (റിട്ട. ഡെ. മാനേജർ, എസ്.ബി.ഐ.) ചന്ദ്രശേഖരവർമ്മ (എൽ.ഐ.സി.) പരേതയായ രമാദേവി. മരുമക്കൾ: ഉഷ വി.സി, ലളിതകുമാരി വി. സി.

### ഇന്ദിര തമ്പുരാട്ടി



പൂഞ്ഞാർ കൊട്ടാരത്തിൽ ഇന്ദിര തമ്പുരാട്ടി (91) അന്തരിച്ചു. തൃപ്പൂണിത്തുറ കോവിലകത്തെ പരേതനായ പി. ആർ. വർമ്മയുടെ ഭാര്യയാണ്. മക്കൾ: ശൈലജ വർമ്മ, ഹേമലത വർമ്മ, സുധീർ വർമ്മ. മരുമക്കൾ: ആർ.വി. രവീന്ദ്രൻ തമ്പുരാൻ (തൃപ്പൂണി ത്തുറ കോവിലകം), കേരള വർമ്മ (രഘു-കാർത്തികപ്പള്ളി കൊ ട്ടാരം), ജയശ്രീ വർമ്മ (കാർത്തിക പ്പള്ളി കൊട്ടാരം).

### ഗിരിജവർമ്മ



എഴുമറ്റൂർ വരിപ്പൻകോട്ടു കോയിക്കൽ കെ. കേരള വർമ്മ തമ്പുരാന്റെ (മണിയൻ ചേട്ടൻ) ഭാര്യ തൃപ്പൂണിത്തുറ കോത മംഗലത്തു മഠത്തിൽ ഗിരിജവർമ്മ (72) നിര്യാതയായി.

മക്കൾ: ശ്രീജ വർമ്മ (തിരുവല്ല), ലീജവർമ്മ (ദുബായ്), സലിജ വർമ്മ (ദുബായ്).

മരുമക്കൾ: പരേതനായ ദിനേശ് വർമ്മ, ഷാജി, പ്രഫുല്ലചന്ദ്രൻ.

### സിന്ധു




പ്രസിദ്ധ കവിയും ഗാനരചയി താവുമായ പരേതനായ വയലാർ രാമവർമ്മയുടെ ഇളയമകൾ സിന്ധു (54) ചാലക്കുടിയിൽ നിര്യാതയായി. ഭർത്താവ്: ചാല ക്കുടി ലായത്തിൽ മഠത്തിൽ കൃഷ്ണകുമാർ. മകൾ: മീനാക്ഷി (കേരള സർവകലാശാല പി.എച്ച്. ഡി. വിദ്യാർത്ഥി).

### കെ. രാമവർമ്മ



തൃപ്പൂണിത്തുറ കണ്ണെഴുത്ത് വടക്കെ മഠത്തിൽ കെ. രാമവർമ്മ (വല്ല്യുണ്ണി അപ്പൻ - 91) അന്തരി ച്ചു. കോതമംഗലത്തു മഠത്തിൽ പരേതയായ അമ്മിണിക്കുട്ടി നമ്പി ഷ്ടാതിരിയാണ് ഭാര്യ. കൊച്ചി ക്ഷത്രിയ സമാജം നിർവ്വാഹക സമിതി അംഗം തിലക് വർമ്മ (റിട്ട. LIC) ഏക മകനാണ്. മരുമകൾ: അഡ്വ. വൃന്ദാ വർമ്മ (ഇടപ്പള്ളി കോശ്ശേരി മഠം).

### ആർ. ഭാസ്ക്കര വർമ്മ



ചെങ്ങന്നൂർ പാങ്ങാട് കോയി ക്കലിൽ ആർ. ഭാസ്ക്കര വർമ്മ (81) അന്തരിച്ചു. കേരള സംഗീത നാടക അക്കാദമി (തൃശൂർ) റിട്ട. ഉദ്യോഗ സ്ഥനാണ്. ഭാര്യ: തൃശ്ശൂർ അഞ്ചേ രിയിൽ തെക്കൂട്ട് മഠത്തിൽ പരേത യായ നളിനിവർമ്മ.

മക്കൾ: നിർമ്മല വർമ്മ, ദർശന വർമ്മ (PWD, Building Division, Thrissur) മരുമക്കൾ: വിനോദ് വർമ്മ (Rtd. BSF ഉദ്യോഗസ്ഥൻ) ശ്രീരാജ് വർമ്മ (EPF Ernakulam).

### ലീലാബായി തമ്പുരാട്ടി



ഇരിങ്ങാലക്കുട അവിട്ടത്തൂർ കൊട്ടാരത്തു മഠത്തിൽ പരേത നായ കെ രാമവർമ്മയുടെ പത്നി നടക്കൽ കോവിലകത്ത് ലീലാ ബായി തമ്പുരാട്ടി (84) നിര്യാത യായി. മക്കൾ: പരേതനായ ശ്രീകുമാര വർമ്മ, വേണുകുമാർ വർമ്മ, രാജേന്ദ്രവർമ്മ. മരുമക്കൾ: ഉഷ ശ്രീകുമാര വർമ്മ, പ്രീതി വർമ്മ, അംബിക വർമ്മ

### ചന്ദ്രമതി അക്കമ്മ

വയത്തൂർ കാലിയാർ ശിവ ക്ഷേത്രത്തിന് സമീപത്തെ പരേത നായ ചാത്തപ്പൻനായനാരുടെ



ഭാര്യ കീഴൂരിടത്തിൽ ചന്ദ്രമതി അക്കമ്മ (89) അന്തരിച്ചു.

മക്കൾ: ജനാർദ്ദനൻ വാഴുന്നവർ, വല്ലീദേവി, രമാദേവി, ഉഷാദേവി, ശ്രീനിവാസൻ വാഴുന്നവർ, ത്രിവിക്രമൻ വാഴുന്നവർ.

മരുമക്കൾ: തങ്കമണി കെ പി, നാരായണൻ കെ പി, പരേതനായ ഹരിദാസ് വർമ്മ, രാമകൃഷ്ണൻ ടി, പ്രേംകുമാരി ടി ഇ, തങ്കമണി കെ.ഇ.

**കെ. ലീല**




കൊച്ചി ക്ഷത്രിയ സമാജാംഗവും കോയിക്കൽ മംഗളമഠം (ഉപാസന) കുടുംബാംഗവുമായ കെ. ലീല (82) അന്തരിച്ചു. തൃപ്പൂണിത്തുറ ഗവ. ഗേൾസ് ഹൈസ്കുളിൽ റിട്ട. സംഗീതാദ്ധ്യാപിക ആയിരുന്നു.

ഭർത്താവ്: ചേർത്തല പുത്തൻ കോവിലകം കുടുംബാംഗം ബാലരാമ വർമ്മ.

മക്കൾ: സന്തോഷ് വർമ്മ (പ്രസിദ്ധ ഗാനരചയിതാവ്), സൗമ്യാ വർമ്മ. മരുമക്കൾ: പ്രവിത സന്തോഷ് വർമ്മ, രജീഷ് വർമ്മ.

**റ്റി. വി. രാജവർമ്മൻ**

തൃശൂർ ക്ഷത്രിയക്ഷേമസഭയുടെ മുൻ വൈസ്പ്രസിഡന്റ്



തിരുത്തൂർ വടക്കെ മഠത്തിൽ റ്റി. വി. രാജവർമ്മൻ (87) നിര്യാതനായി. ഭാര്യ: രാധ വർമ്മ

മക്കൾ: രാജേശ്വരി, ചന്ദ്രമോഹൻ, രാജേന്ദ്രബാബു, രമേശ് വർമ്മ, രാജലക്ഷ്മി.


മരുമക്കൾ: രവി, ലതിക, പരേതയായ സ്വപ്ന, സുജയ, ഹരിദാസ് വി.പി

**ശ്യാമള വർമ്മ**



പന്തളം മംഗളവിലാസം കൊട്ടാരത്തിൽ ശ്യാമള വർമ്മ (79) മുംബൈയിൽ അന്തരിച്ചു. പരേതനായ രവിവർമ്മ (തൃപ്പൂണിത്തുറ കോതമംഗലത്തു മഠം) യുടെ സഹധർമിണിയാണ്. മക്കൾ: ബിന്ദു, വിനയ് വർമ്മ. മരുമക്കൾ: സഞ്ജയ്, തൃപ്തി.

**മുരളീധര വർമ്മ**




കൊച്ചി ക്ഷത്രിയ സമാജത്തിന്റെ മുതിർന്ന അംഗവും മുൻ ട്രഷററും മുൻ എൽ.ഐ. സി. ഉദ്യോഗസ്ഥനുമായ തെക്കേ മാളിയേക്കൽ മഠം കുടുംബാംഗം മുരളീധര വർമ്മ അന്തരിച്ചു. ഭാര്യ: തൃപ്പൂണിത്തുറ അകത്തേ മഠം കുടുംബാംഗം അമ്മുക്കുട്ടി നമ്പിഷ്ടാതിരി.

മക്കൾ: സന്തോഷ് വർമ്മ (ചെന്നെ), സന്ധ്യാ വർമ്മ.

മരുമക്കൾ: പ്രീതാ വർമ്മ, സതീഷ് വർമ്മ.

**ജി. കൃഷ്ണ വർമ്മ**



വയലാർ രാഘവപറമ്പ് മഠത്തിൽ ജി. കൃഷ്ണവർമ്മ (78) അന്തരിച്ചു.

ഭാര്യ: രമാഭായി. മകൻ: പ്രമോദ്, മരുമകൾ: പൌർണ്ണമി.

**വസുമതി അക്കമ്മ**



കരിവെള്ളൂർ കനകത്തിടത്തിൽ വസുമതി അക്കമ്മ (92) അന്തരിച്ചു. ഭർത്താവ്: ആറളത്തെ പരേതനായ ചാലിലിടത്തിൽ കൃഷ്ണൻ നായനാർ (വിമുക്ത ഭടൻ). മക്കൾ: ഭാനുമതി (അറത്തിൽ), ലീല (പാലക്കാട്), ചന്ദ്രശേഖരൻ (പെരളം), സുധാമണി (ചിറക്കൽ),

ഷീല, വിജയ (അധ്യാപിക, എ.യു. പി. സ്കൂൾ കൈതക്കാട്). മരുമക്കൾ: വട്ടപ്പറമ്പില്ലത്ത് കേശവൻ നമ്പൂതിരി (അറത്തിൽ), വി.ടി. ബാലചന്ദ്രൻ (പാലക്കാട്), ഉഷാകുമാരി (പെരളം), ചിറ്റോത്തിടത്തിൽ ശിവശങ്കരൻ (Medical Rep., ചിറക്കൽ), ടി.എം. രാജമോഹൻ (റിട്ട. നെഹ്റുകോളേജ്, മതിക്കോട്), എം.എം. വേണുഗോപാലൻ (റിട്ട. അധ്യാപകൻ, തെക്കെ മണക്കാട്).

**ലക്ഷ്മി വർമ്മ**



വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഉദ്യോഗസ്ഥൻ പിറവം കീഴൂർ ദേവീ നിലയത്തിൽ ജയകുമാറിന്റെ ഭാര്യ ജയലക്ഷ്മി വർമ്മ (55) അന്തരിച്ചു. പന്തളം മുളമ്പുഴ കോയിക്കൽകുഴി കൊട്ടാരം കുടുംബാംഗമാണ്. മക്കൾ: വിവേക് വർമ്മ (ദുബായ്), വീണ വർമ്മ.

**സരള ടീച്ചർ**



ക്ഷത്രിയ ക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് അംഗവും കരിവെള്ളൂർ മാന്യ ഗുരു യുപി സ്കൂൾ മുൻ പ്രധാന അധ്യാപികയും പരേതനായ സുബേദാർ മേജർ സി. കെ. രവിവർമ്മയുടെ സഹധർമ്മിണിയുമായ എൻ.എം. സരള ടീച്ചർ (65) നിര്യാതയായി.


മക്കൾ: സവിത (തിരൂർ), രജിത (കണ്ടക്കൈ), വിനീതാ വർമ്മ (ന്യൂഡൽഹി). മരുമക്കൾ: പ്രദീപ് വർമ്മ (തിരൂർ), ഭവദാസൻ (കണ്ടക്കൈ), ജയകൃഷ്ണൻ (ന്യൂഡൽഹി).

**സി. ആർ. മധുസൂദന വർമ്മ**



കരിവള്ളൂർ തോട്ടിച്ചാലിൽ വാങ്ങാട്ടു മഠത്തിൽ രാധാമണി ആർ. വർമ്മയുടെയും പരേതനായ സി.ആർ. രാഘവവർമ്മയുടെയും മകൻ സി.ആർ. മധുസൂദനവർമ്മ (39) നിര്യാതനായി. സഹോദരങ്ങൾ: സി. ആർ. അംബിക (ടീച്ചർ, ഗവ. ഹൈസ്കൂൾ, തലപ്പുഴ), സി.ആർ. ശ്രീവിദ്യ (പട്ടാനൂർ)

**നാരായണൻ നായനാർ**




അയ്യങ്കോലിലെ രയരോത്തിടത്തിലെ എസ്.പി. നാരായണൻ നായനാർ (86) നിര്യാതനായി. ഭാര്യ: പരേതയായ സാവിത്രി അക്കനമ്മ. മക്കൾ: വി.ടി. മഞ്ജുള (അധ്യാപിക ഗവ. എൽ.പി. സ്കൂൾ പടപ്പേങ്ങാട്), ഉണ്ണിക്കൃഷ്ണൻ (ഇലക്ട്രീഷ്യൻ). മരുമക്കൾ: കെ.പി. അനിൽകുമാർ (ഇലക്ട്രിക്കൽ കോൺട്രാക്ടർ, നടുവിൽ), പി.എം. നിഷ (ചൂളിയാട്)..

**മധുസൂദന വർമ്മ**



കുറ്റിലഞ്ഞി ചെറുവേലിൽ (ഐശ്വര്യ) രമണിക്കുട്ടി നമ്പിഷ്ടാതിരിയുടെയും ആറന്മുള കൊട്ടാരത്തിൽ പരേതനായ രാജരാജ വർമ്മയുടെയും മകൻ മധുസൂദന വർമ്മ (മധു-46) അന്തരിച്ചു. സഹോദരങ്ങൾ: സുജാ രമേഷ് വർമ്മ, ഹരീഷ് വർമ്മ

**കെ. രാമവർമ്മ**



തൃപ്പൂണിത്തുറ കോയിക്കൽ മംഗള മഠത്തിൽ (ശ്രേയസ്സ്) കെ. രാമവർമ്മ (വിക്രമൻ - 92) അന്തരിച്ചു. എക്കണോമിക്സ് & സ്റ്റാറ്റിറ്റിക്സ് ഡിപ്പാർട്ട്മെന്റ് മുൻ ഡയറക്ടറായിരുന്നു.

ഭാര്യ: തൃശ്ശൂർ നടുവിൽ വടക്കൂട്ടു മഠത്തിൽ സരസ്വതി നമ്പിഷ്ടാതിരി.

മക്കൾ: ഡോ. രമേഷ് വർമ്മ (കാനഡ), മംഗളാ വർമ്മ (കരൂർ വൈശ്യാ ബാങ്ക്, തൃപ്പൂണിത്തുറ).

മരുമക്കൾ: ഡോ. സ്മിത, പരേതനായ കിഷോർ രാജ

*ശേഷം പേജ് 79ൽ*

# വൈവാഹികം

## വധുവിനെ ആവശ്യമുണ്ട്

### BOX No. 2131

| | | | |
|---|---|---|---|
| ല മാ | സ | - | - |
| - | ഗ്രഹനില | | - |
| ഗു ച | | | - |
| - | ര മ ബു | ശു ശി | കു |

| | | | |
|---|---|---|---|
| ശു | - | - | ഗു കു |
| ശി | നവാംശം | | ര ച |
| ബു ല | | | മ സ |
| - | - | മാ | - |

star: Thiruvonam Balance Dasa : Chandra 1-11-25

Suitable alliance invited for Hindu/Kshatriya boy 35 Yrs. (18-11-1985 ), Thiruvonam star, Height 160 cm. Fair complexion. Qualification: B. Tech (Automobile). Working as Engineer, Continental, Bangalore.

Contact: 0484-2777540, 9846035410.

Mail id: mohananthampuran@yahoo.in.

### BOX No. 2132

| | | | |
|---|---|---|---|
| - | ര ച ബു | - | ശു കു ശി |
| - | ഗ്രഹനില | | ഗു |
| മ | | | - |
| സ | - | ല | മാ |

| | | | |
|---|---|---|---|
| മാ | ബു മ | - | കു ശി |
| - | നവാംശം | | - |
| ശു | | | - |
| ര സ | - | ല ഗു | ച |

ഗർഭശിഷ്ട ശുക്ര ദശ - 12 വർഷം 3 മാസം 9 ദിവസം.

Kshatriya boy 30 yrs. (13-5-1991), Bharani star, Height: 5ft.7in. Qualification: MS in Travel & Tourism (Royal Roads University - Victoria BC Canada, MBA (Marketing) & B Com from Mumbai . Currently working in a Private Limited Company at Vancouver, Canada. Seeks suitable alliance preferably from Kshatriya or other vegetarian communities, 100% vegetarian at home and outside, willing to move and work in Canada. Preferred age around 24-27 years. Contact: 8606168106, 8129100402 & 9967814220. Email id: dilipvarma1957 @gmail.com.

### BOX No. 2133

| | | | | | |
|---|---|---|---|---|---|
| | ച ര | സ | | ബു മ | |
| | - | - | - | കു ശി | |
| കു | - | ഗ്രഹനില നവാംശം | | - | ല മാ |
| ഗു | ല മ | | | - | |
| | സ | - | ശു | ചരബു ഗു മാ | |
| | ശു | | ശി | | |

ഗർഭശിഷ്ട ശുക്ര ദശ - 12 വർഷം 3 മാസം 9 ദിവസം.

Malayali Brahmin boy 28 years (26 September 1992, 10 Kanni 1168), Uthram star, 183 cms., B. Tech (Mech.), M.S. from USA, working as Project Manager - Level - II, AMAZON.com. USA. Seeks alliance from fair, good looking Kshatriya / Brahmin girls in the age group 22 - 26 years preferably B. Tech in Computer Science/Electronics from reputed college. Contact : 9446577245 / 9495376282

വൈവാഹികം തുടർച്ച.. പേജ് 57 ൽ







ക്ഷത്രിയ ക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് അംഗം ചെന്നൈ തെയ്നാംപേട്ട്
ശബരിനിവാസിൽ ശ്രീമതി പി.എം. മനോരമയുടെയും
ശ്രീ. എസ്. ഹരിഹര വർമ്മയുടെയും മകൻ **തേജസ് രാജും**
ശ്രീമതി ശിവകുമാരിയുടെയും ശ്രീ രമേഷ് ബാബുവിന്റെയും
മകൾ കുമാരി **ശ്വേതയും** തമ്മിലുള്ള വിവാഹം
25.01.2021 രാവിലെ 9.30 നും 10.30 നും ഇടയിലുള്ള
ശുഭമുഹൂർത്തത്തിൽ ശ്രീ അയ്യപ്പൻ ഗുരുവായൂരപ്പൻ
ക്ഷേത്രത്തിൽ വച്ച് സമംഗളം നടന്നു.



**KSHATRASPANDANAM**
Quarterly News Magazine of Kshatriya Kshema Sabha
RNI Reg. No. KERMAL/2014/60925

April-July 2021
Annual Subscription ₹150




Printed & Published by Admaja Varma Thampuran, General Secretary, on behalf of Kshatriya Kshema Sabha, Sundaravilasam Palace, Thiruvananthapuram - 695023. Phone : 0471 - 2467845, Editor : Dr. M. Lalithambika
Printed at Akshara Offset, Vanchiyoor, Thiruvananthapuram. Phone 0471 - 2471174
Website : www.kshathrajalakam.org